കേരളസാഹിത്യ
അക്കാദമി

സാംസ്കാരിക ഇന്ത്യ

എൻ.കെ.

സാംസ്കാരിക ഇന്ത്യാ

കേരള സാഹിത്യ
അക്കാദമി

Samskarika India

Author - N. K. Jose
Printing - Chalangady Industries, Alleppey.
Publishing - Hobby Publishers, Vechoor.
Distribution - Forward Book-stall,
Moovattupuzha.

Price Rs. 3.

സാംസ്കാരിക ഇന്ത്യാ

കേരള സാഹിത്യ അക്കാദമി

എൻ. കെ. ജോസ്

ഗ്രന്ഥകാരന്റെ ഇതരകൃതികൾ

മുതലാളിത്വം ഭാരതത്തിൽ

കോൺഗ്രസ് ഭരണം ഒററനോട്ടത്തിൽ

പി. എസ്. പി. അധികാരത്തിൽ

സോഷ്യലിസം മതവിരുദ്ധമോ ?

പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ ഉദയം

പാച്ച്‌മാറിക്കശേഷം സോഷ്യലിസം

Samskarika India

By

N. K. JOSE

All rights reserved

First Published on 1—12—1962.

കേരള സാഹിത്യ
അക്കാദമി

ലഡാക്കിലെയും, നേഫായിലെയും സമർ
രംഗത്തു് ചൈനാ പട്ടാളത്തിന്റെ
വെടിയുണ്ടയേററു് മരിച്ചു
വീണ രാജ്യസ്നേഹി
കളുടെ ശാശ്വത
സ്മരണയ്ക്കു്

സാംസ്കാരിക ഇന്ത്യാ

വില രൂ. 3

കേരള സാഹിത്യ അക്കാദമി

ആലപ്പുഴ ചാലങ്ങാടി ഇൻഡസ്ട്രീസിൽ അച്ചടിച്ച്
ഹോബി പബ്ലിഷേഴ്സ്, വെച്ചൂർ
പ്രസിദ്ധപ്പെടുത്തുന്നതു്.

വിതരണം
ഫോർവേഡ് ബുക്കസ്റ്റാൾ
മൂവാററുപുഴ.

കണ്ണോടിക്കുമ്പോൾ

സംസ്കാരം. ഒരു നിർവ്വചനം- സാമ്പത്തിക വ്യവസ്ഥയും സംസ്കാരവും – മതവും സംസ്കാരവും – ലക്ഷ്യവും മാർഗ്ഗവും – സംസ്കാരത്തിന്റെ ഉത്ഭവം.

ഒന്ന്. സാംസ്കാരിക ഇന്ത്യാ, പാരമ്പര്യത്തിന്റെ സ്തുതിഗീതം, ഇന്ത്യയുടെ നേതൃത്വം, ഇന്ത്യൻ സംസ്കാരത്തിന്റെ തുടർച്ചയായ നിലനില്പ്, ചരിത്രവും സംസ്കാരവും, നൂററാണ്ടുകളുടെ നേട്ടം, ഇന്ത്യൻ സംസ്കാരത്തിന്റെ അടിത്തറ, സാംസ്കാരിക ഐക്യം, സാംസ്കാരിക സഹിഷ്ണുത, ആധുനിക അനൈക്യം.

രണ്ട്. ജനാധിപത്യം, ഗ്രാമസ്വരാജ്, പ്രാചീന ഇന്ത്യയിലെ കൈത്തൊഴിലുകൾ, ജാതിസമ്പ്രദായം, കൂട്ടുകുടുംബം.

മൂന്ന്. പുരാണങ്ങൾ, ജനതയും തത്വശാസ്ത്രവും, ശ്രീ ശങ്കരാചാര്യർ, ഉപനിഷത്തുകൾ, കാഥികർ.

നാല്. ദ്രാവിഡമതം, വേദമതത്തിന്റെ വളർച്ച, ബുദ്ധമതം.

അഞ്ച്. ഇന്ത്യൻ ഭാഷകൾ, സംസ്കൃതഭാഷ, ദേശീയ ഭാഷ, ഉർദ്ദു, പ്രാചീന ഇന്ത്യൻ നാടകങ്ങൾ, സംസ്കൃത നാടകങ്ങൾ, ഇന്ത്യൻ കലകൾ, ശില്പ കല, ചിത്രകല, സംഗീതം, പ്രതിമാനിർമ്മാണം.

ആറ്. ഇന്ത്യയും പേർഷ്യയും, ഇസ്ലാമിന്റെ സംഭാവന, രജപുത്ര നേതൃത്വം, വൈഷ്ണവ കവിത, ഹിന്ദി സാഹിത്യം.

ഏഴ്. യൂറോപ്യൻ സംസ്കാരം, ഇന്ത്യൻ ദേശീയ ബോധം, ഇടത്തരക്കാർ.

എട്ട്. ഇന്ത്യൻ സംസ്കാരം, ആധുനിക ഇന്ത്യാ, സോഷ്യലിസം, സർവ്വോദയം, മാനവസംസ്കാരം.

പ്രിയസുഹൃത്തേ,

ഇന്ത്യയുടെ ഭൂതകാല സാംസ്കാരിക ചരിത്രത്തെപ്പററി ഒരു ഏകദേശജ്ഞാനം സമ്പാദിക്കുവാൻ ഞാൻ നടത്തിയ പരിശ്രമങ്ങളുടെ ഓർമ്മക്കുറിപ്പുകൾ അതേപടി താങ്കളുടെ മുന്നിൽ തുറന്നു വയ്ക്കുകയാണ്. താങ്കൾക്ക് സ്വീകരിക്കാവുന്നതും പാടില്ലാത്തതുമായ പലതും ഇതിൽ കണ്ടേക്കാം. എന്നാൽ ഇന്ത്യയുടെ വൈകാരിക ഐക്യത്തിന് ആധുനിക ഇന്ത്യയെപ്പററിയും അതിന്റെ സാംസ്കാരിക രൂപീകരണത്തിന്റെ പശ്ചാത്തലത്തെപ്പററിയും ഓരോ ഇന്ത്യാക്കാരനും സമഗ്രമായി ബോധവാനായിരിക്കണം എന്ന എന്റെ അഭിപ്രായത്തോട് താങ്കൾക്ക് എതിർപ്പു കാണുകയില്ല.

1950-ൽ ഞാൻ തേവര സേക്രട്ട്ഹാർട്ട് കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ അവിടെ ഇന്ത്യാചരിത്രം പഠിപ്പിച്ചുകൊണ്ടിരുന്ന പ്രൊഫ: എബ്രഹാം കയ്യന്റെ ക്ലാസുകളാണ് ഇന്ത്യയെപ്പററി കൂടുതൽ അറിയുവാനുള്ള ആഗ്രഹം എന്നിൽ അങ്കുരിപ്പിച്ചത്. പക്ഷെ പിന്നീട് രാഷ്ട്രീയത്തിന്റെ മാദകലഹരിയിൽപ്പെട്ട് സഞ്ചരിച്ച എനിക്ക് ആ ആഗ്രഹം നിറവേററുവാൻ കഴിഞ്ഞില്ല. 1954-ൽ അന്ന് തിരു-കൊച്ചിയിൽ ഭരണം നടത്തിക്കൊണ്ടിരുന്ന പി. എസ്സ്. പി. യുടെ ഗവണ്മെൻറ് തെക്കൻ തിരുവിതാംകൂറിൽ മാർത്താണ്ഡത്തും കുഴിത്തുറയിലുംനടത്തിയ ഹീനമായ വെടിവെയ്പിനെ പ്രതിഷേധിച്ച് അന്ന് ഞാൻ വഹിച്ചുകൊണ്ടിരുന്ന പ്രജാസോഷ്യലിസ്റ്റ് പാർട്ടി കോട്ടയം ജില്ലാ

കമ്മററി സെക്രട്ടറിസ്ഥാനവും പ്രാഥമിക അംഗത്വവും രാജിവച്ചതോടെ എന്റെ ചരിത്രാന്വേഷണ കൗതുകം വളർത്തുവാൻ സമയവും സൗകര്യവും ലഭിച്ചു.

പിന്നീടു് രണ്ടുവർഷം വെച്ചൂരുള്ള എന്റെ ഗ്രാമീണ ഭവനത്തിൽ ഇരുന്നുകൊണ്ടു് സമ്പാദിക്കാവുന്നത്ര ഇന്ത്യാ ചരിത്ര പുസ്തകങ്ങൾ പഠിച്ചപ്പോൾ എഴുതിവച്ച ഓർമ്മക്കുറിപ്പുകളാണു് ഈ ചെറുഗ്രന്ഥത്തിന്റെ ഉള്ളടക്കം.

അന്നു് മദ്രാസിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന “ലോകവാണി” എന്ന മാസികയിലേയ്ക്കു് അതിന്റെ അന്നത്തെ പത്രാധിപരായിരുന്ന ശ്രീമാൻ പോൾ വി. കുന്നിലിന്റെ അനുഗ്രഹാനുസരണം എഴുതിക്കൊടുത്ത ലേഖനങ്ങളെ അതേ രൂപത്തിൽ ഇവിടെ പകർത്തുകയാണു് ചെയ്തിരിക്കുന്നതു്.

എന്റെ സ്നേഹിതനായ ശ്രീമാൻ ജോസു് ജെ. ചാലങ്ങാടിയുടേയും മററും നിർബ്ബന്ധമാണു് ഇതു് പുസ്തകരൂപത്തിലാക്കുവാൻ എന്നെ പ്രേരിപ്പിച്ചതു്. രണ്ടാമതൊന്നു വായിച്ചു് തെററുതിരുത്തി പ്രസ്സിലേയ്ക്കു കൊടുക്കുവാനുള്ള സമയം ഇന്നത്തെ ജീവിതക്ലേശങ്ങൾക്കിടയിൽ ലഭിക്കാതിരുന്നതിനാൽ ഒരു വിദ്യാർത്ഥിയുടെ നോട്ടുബുക്കായി ഇതിനെ കരുതുക.

വെച്ചൂർ,
1—12—1962.

എന്നു്,
എൻ. കെ. ജോസു്

"മനുഷ്യൻ ഈച്ചകളെപ്പോലെ ചത്തൊടുങ്ങുന്ന ഒരു രാജ്യത്തു് അപൂർവ്വം നിറഞ്ഞ വയറുകളുടെ സംതൃപ്തിയെ സംസ്കാരം എന്നു വിളിക്കുന്നതു് ആത്മവഞ്ചനയാണു്."

(ഡോ: ലോഹ്യാ)

സംസ്കാരം

കേരള സാഹിത്യ അക്കാദമി

ശാസ്ത്രീയ ചർച്ചകളിൽ ഏററവും വിഷമമേറിയതു് നിർവ്വചനമാണു്. പ്രത്യേകമായ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന ഒരു പൊതുവായ ആശയം കണ്ടുപിടിക്കുക എന്നതു് സാധാരണ യുക്തികൊണ്ടുമാത്രം അത്ര എളുപ്പം സാദ്ധ്യമാകുന്നകാര്യമല്ല. നീതി, സഹിഷ്ണുത, സ്നേഹം തുടങ്ങിയ വാക്കുകളുടെ നിർവ്വചനം നല്കുവാൻ സോക്രട്ടീസ്സ് ഗ്രീസ്സിലെ പണ്ഡിതന്മാരെ ഒരു കാലത്തു് വെല്ലുവിളിച്ചു. അവർ നല്കിയ നിർവ്വചനത്തിൻെറ കുറവുകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം അവരുടെ പാണ്ഡിത്യത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടി. പക്ഷെ നിർവ്വചനം കൂടാതെ ശാസ്ത്രീയമായ ചർച്ചകൾ നടത്തുക അസാദ്ധ്യവുമാണു്.

ആദ്യമായി സംസ്കാരം എന്ന വാക്കിനു് എന്തു് അർത്ഥമാണു് ജനങ്ങൾ നല്കുന്നതു് എന്നു നോക്കാം. സംസ്കാരത്തെപ്പററി എൻെറയും നിങ്ങളുടെയും മനസ്സിൽ വ്യക്തമായ ഒരു രൂപമുണ്ടു്. സംസ്കാരത്തിന്റെ അഭാവത്തെ ചൂണ്ടിക്കാണിക്കുവാൻ നമുക്കെല്ലാംകഴിയും. ശരിയായ രീതിയും പരിഷ്കൃതമായ അഭിരുചികളും എന്ന അർത്ഥത്തിലാണു് സാധാരണ ആ വാക്കു് ഉപയോഗിക്കപ്പെടുന്നതു്. എന്നാൽ അതോടൊപ്പം ശരിയായ അഭിരുചികളുടേയും പരിഷ്കൃത രീതികളുടേയും ഭൗതിക ചുററുപാടുകളെക്കൂടി അതുകൊണ്ടു് അർത്ഥമാക്കുന്നുണ്ടു്. മുഗൾ കാലഘട്ടത്തിലെ കെട്ടിടങ്ങളെയും ചിത്രങ്ങളെയും തോട്ടങ്ങളെയും മുഗൾസംസ്കാരത്തിന്റെ അവശിഷ്ടങ്ങളായി നാം ഗണിക്കുന്നു. സംഘടനകൾ, നിയമങ്ങൾ, ആചാരങ്ങൾ മുതലായവയേയും സംസ്ക്കാരം എന്ന വാക്കുകൊണ്ടു് ഉദ്ദേശിക്കുന്നുണ്ടു്. ഗ്രീക്കുകാരുടെ രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ സ്ഥാപനങ്ങൾ, റോമാക്കാരുടെ സിവിൽ നിയമങ്ങൾ തുടങ്ങിയവ അവരവരുടെ സംസ്കാരത്തിൻെറ പ്രധാന വശങ്ങളായി നാം കണക്കാക്കുന്നു. ഇതിനെല്ലാം ഉപരിയായി സംസ്ക്കാരം എന്നവാക്കുകൊണ്ടു് പരമമായലക്ഷ്യത്തെയും ജീവിതോദ്ദേശത്തെയുംകൂടി അർത്ഥമാക്കുന്നുണ്ടു്. പൗരസ്ത്യസംസ്ക്കാരം പാശ്ചാത്യ സംസ്ക്കാരത്തെക്കാൾ ആത്മീയപ്രധാനമാണു് എന്നു നാം പറയുമ്പോൾ ഈ അർത്ഥമാണു് ഉപയോഗിക്കുന്നതു്. ഇതെല്ലാം ഒരു ജനതയുടെ സാംസ്ക്കാരിക നിലനില്പിൻെറ വിവിധ വശങ്ങളാണു്.

എന്താണീ സാംസ്കാരിക നിലനില്പിന്റെ വശങ്ങൾ? സംസ്കാരത്തിന്റെ ഭൗതികവും മാനസികവുമായ നിലനില്പിന്റെ രണ്ടുവശങ്ങളെപ്പററി നമുക്കറിയാം. നമുക്കും മററുള്ളവക്കും പഞ്ചേന്ദ്രിയങ്ങളെ ഉപയോഗിച്ച് നിലനില്പിനെപ്പററി മനസ്സിലാക്കാവുന്നതായ നമ്മുടെ ശരീരത്തിന് ഭൗതികമായ നിലനില്പ് ഉണ്ട്. നമ്മുടെ വികാരങ്ങൾക്കും വിചാരങ്ങൾക്കും മാനസികമായ നിലനില്പാണുള്ളത്. എന്നാൽ തത്വശാസ്ത്രകാരന്മാർ നമുക്കു സാധാരണയായി അറിഞ്ഞുകൂടാത്ത മററു നിലനില്പുകളെപ്പററിയും പറയാറുണ്ട്. ഒരു വ്യക്തിയിൽ മാത്രമല്ലാതെ പലരിലുംകൂടി നിലനില്ക്കുന്ന ആശയങ്ങൾ, വിശ്വാസങ്ങൾ, തത്വങ്ങൾ, തലമുറകളായി പകന്നുവരുന്ന മതം, സന്മാർഗ്ഗം, നിയമം, കല തുടങ്ങിയ സ്ഥാപനങ്ങൾക്ക് വ്യക്തിപരമായ നിലനില്പല്ല. സ്ഥിരമായ മാനസിക നിലനില്പാണുള്ളത്. എല്ലാ പ്രവത്തികളുടെയും എല്ലാ ജീവിത തത്വശാസ്ത്രങ്ങളുടെയും ജീവിതത്തിന്റെതന്നെയും മാനദണ്ഡമായി സ്വീകരിക്കുന്ന പരമമായ സാന്മാർഗ്ഗിക മൂല്യങ്ങൾ പരിപൂർണ്ണതയുടെ ആശയങ്ങൾ തുടങ്ങി ആദശ നിലനില്പ് എന്ന് നാലാമതൊന്നുണ്ട്. മതങ്ങളുടെ അന്തസത്ത അഥവാ ഈശ്വരൻ എന്ന് പരമമായ നിലനില്പാണ് അഞ്ചാമത്തേത്. ഇതിൽ സംസ്കാരത്തിന്റെ നിവ്വചനത്തിനു പ്രയോജനപ്പെടുന്നത് ആദശപരമായ നിലനില്പാണ്.

നിലനില്പിന്റെ വൈവിധ്യത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളാണ് വിവിധ തത്വശാസ്ത്രങ്ങൾ രൂപം

പ്രാപിക്കുന്നതിനു കാരണമായിട്ടുള്ളതു്. ചില തത്വ ശാസ്ത്രകാരന്മാർക്ക് പദാർത്ഥവും മററു ചിലർക്ക് ചൈതന്യവുമാണു് പ്രപഞ്ചത്തിന്റെ കാരണവും അടിസ്ഥാനവുമായിട്ടുള്ളതു്. എന്നാൽ ഒന്നിലധികം രീതിയിലുള്ള നിലനില്പിനെ എല്ലാവരും അംഗീകരിക്കുന്നുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ മൂല്യങ്ങളെപ്പററിയുള്ള ആശയത്തിനു് എല്ലാവരും ഒരു സാർവ്വലൗകികത്വം നല്കുന്നുമുണ്ടു്. പ്രസ്തുത മൂല്യങ്ങളെപ്പററിയുള്ള ആശയത്തിന്റെ യഥാർത്ഥ സ്വഭാവത്തെപ്പററിയും എണ്ണത്തെപ്പററിയും അഭിപ്രായവ്യത്യാസങ്ങളുണ്ടു് എന്നതിനു് സംശയമില്ല. പക്ഷെ അതു് ഇവിടെ ഒരു പ്രശ്നമല്ല. എല്ലാജനങ്ങളും ഏതെങ്കിലും വിധത്തിലുള്ള ഒരു ലക്ഷ്യത്തേയും അതിനനുരൂപമായിട്ടുള്ള മൂല്യങ്ങളേയും അംഗീകരിക്കുന്നുണ്ടു്. സാന്മാർഗ്ഗിക പ്രവർത്തികളുടെ ലക്ഷ്യവും സാന്മാർഗ്ഗിക നിയമങ്ങളുടെ അടിസ്ഥാനവും അതാണു്.

സംസ്കാരം എന്ന വാക്കിനു് മുമ്പു് സൂചിപ്പിച്ച നാലു് അർത്ഥങ്ങളിൽ സംസ്കാരപരമായ മൂല്യങ്ങളുമായി ബന്ധപ്പെട്ടതാണു് സംസ്ക്കാരത്തെ വിവരിക്കാവുന്ന ഏററവും പൊതുവായ വാചകം. "ഒരു സമൂഹത്തിനു് അതിന്റെ ജീവിതത്തെ ആഗ്രഹിക്കുന്ന വിധത്തിൽ രൂപപ്പെടുത്തുവാൻ സഹായിക്കുന്ന പരമമായ മൂല്യങ്ങളുടെ ആകെത്തുക" എന്നതാണു് ആ വാചകം.

ഈ വിവരണം സംസ്ക്കാരത്തിന്റെ ആദർശപരമായ നിലനില്പുമായി ബന്ധപ്പെട്ടതാണു്. സംഘടിത

സ്ഥാപനങ്ങളായ മതം, കല, ശാസ്ത്രം, സമുദായം തുടങ്ങിയവ മാനസീക നിലനില്പിന്റെ വശത്തിൽപെട്ടതാണ്. ഈ മൂല്യങ്ങളെ അംഗീകരിക്കുന്നതുകൊണ്ടുള്ള ഗുണങ്ങളും മനോഭാവവുമാണ് അതിന്റെ വ്യക്തിപരമായ വശം. ഈ മൂല്യങ്ങളുടെ പ്രകടനങ്ങളായ കെട്ടിടങ്ങളും ചിത്രങ്ങളും ഉദ്യാനങ്ങളുമെല്ലാം അതിന്റെ ഭൗതിക നിലനില്പിന്റെ വശവുമാണ്.

ഒരു പ്രത്യേക സമുദായം അതിന്റെ സംഘടിത സ്ഥാപനങ്ങളിലൂടെയും അതിലെ അംഗങ്ങളുടെ വികാര വിചാര മനോഭാവങ്ങളിലൂടെയും അവർ ഭൗതിക വസ്തുക്കൾക്കു നല്കുന്ന നിർദ്ദിഷ്ട രൂപങ്ങളിലൂടെയും പ്രകടമാക്കുന്ന പരമമായ മൂല്യങ്ങളെപ്പറ്റിയുള്ള ധാരണയാണ് സംസ്കാരം. ഈ നിർവ്വചനം സോക്രട്ടീസ്സിനെപ്പോലുള്ളവരുടെ വിമർശനത്തിന് അർഹമല്ല.

"ചിന്തയുടെ പ്രവർത്തനവും സൗന്ദര്യത്തിന്റെയും മനുഷ്യവികാരങ്ങളുടെയും സംഭാവനയുമാണ് സംസ്കാരം" എന്ന് ഒരു അമേരിക്കൻ ചിന്തകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ജ്ഞാനവും സംസ്കാരവുമായി വലിയ ബന്ധമൊന്നുമില്ല. ആഹാരം ദഹിച്ച് രക്തമായി ശരീരത്തെ പോഷിപ്പിക്കുന്നതുപോലെ വിജ്ഞാനം മനുഷ്യമനസ്സിൽവച്ച് ദഹിച്ച് സംസ്കാരമായി വീക്ഷണഗതിയെ പോഷിപ്പിക്കുന്നുവെന്നുള്ളതാണ് അവതമ്മിലുള്ള ബന്ധം. സംസ്കാരമില്ലാത്ത ജ്ഞാനസമ്പന്നരെ ദഹനക്കുറവുള്ള രോഗിയോട് ഉപമിക്കാവുന്നതാണ്.

സംസ്ക്കാരം മലകളിൽനിന്നും കീഴോട്ടൊഴുകുന്ന നദികൾപോലെയാണ്. ആദ്യം അതുവളരെ ചെറുതായിരിക്കും. ഒഴുകുംതോറും പലസ്ഥലത്തുനിന്നും പോഷകനദികൾചേന്ന് താഴ്വരയിൽ എത്തുമ്പോൾ വൻനദിയായി മാറുന്നു. അനേകായിരം നൂററാണ്ടുകളിൽ കൂടി പല നാട്ടുകളിലും പല സാംസ്കാരിക ദശകളിലുമുള്ള ജനവിഭാഗങ്ങളുടെ ശാരീരിക മാനസിക സാമൂഹ്യാനുഭവങ്ങൾ ക്രോഡീകൃതമായ രീതിയിൽ കടന്നുവന്ന് ചരിത്രപഥത്തിലെത്തുമ്പോഴേക്കും അതു് ഒരു ഉറച്ച സംസ്ക്കാരമായി മാറുന്നു. പിന്നെയും കൂടുതൽ കൂടുതൽ വികസിച്ച് വേണ്ടത്ര കെട്ടുറപ്പിന് വിധേയമായി ആധുനിക സംസ്ക്കാരങ്ങൾ നമ്മുടെ യുഗത്തിലേയ്ക്കു് എത്തിച്ചേന്നിരിക്കുകയാണ്. "സംസ്ക്കാരം ലോകത്തിൻെറ സമ്പത്താണ്." "ചിന്താശക്തിയുടേയും മനുഷ്യസ്നേഹത്തിൻെറയും സൗന്ദര്യബോധത്തിൻെറയും ക്രിയാത്മകമായ പ്രവർത്തനങ്ങളുടെ ആകെത്തുകയാണ് സംസ്കാരം" എന്നാണ് പ്രസിദ്ധ തത്വചിന്തകനായ ഏ. എൻ. വൈററ്ഹെഡിൻെറ നിവ്വചനം. ഏററവും അത്ഥവത്തായ, ബുദ്ധിപൂർവ്വമായ വളച്ച് അവനവനെ സംസ്കരിക്കുക എന്നതാണ്. വൈററ്ഹെഡ് പറയുന്നു:— "വിദഗ്ദ്ധ ജ്ഞാനത്തിൽ നിന്ന് തുടങ്ങണം വ്യക്തിയുടെ വളർച്ച. അതിനുശേഷം അവൻെറ സംസ്ക്കാരംതന്നെ അവനെ തത്വജ്ഞാനത്തിന്റെ അഗാധതയിലേയ്ക്കും കലകളുടെ കൊടുമുടികളിലേയ്ക്കും നയിച്ചുകൊള്ളും."

സാമ്പത്തിക വ്യവസ്ഥയും

സംസ്കാരവും

കഴിഞ്ഞകാലഘട്ടങ്ങളിൽ ജീവിക്കുവാനാഗ്രഹിച്ച ജനതയുടെ ജീവിതസമരത്തിലെ മുന്നേററത്തിന്റെ ഫലമാണ് സംസ്കാരം. പ്രസ്തുത മുന്നേററത്തിൽ അവൻ പലതും പ്രവർത്തിച്ചു. മഹാന്മാരായ തത്വചിന്തകന്മാരുടെ ദൃഷ്ടിയിൽ കൊള്ളരുതാത്തതും കൊള്ളാവുന്നതുമായി പലതും! അതിന്റെ ആകെത്തുകയിൽ നിന്നും കൊള്ളരുതാത്തവയെ അകററുകയും കൊള്ളാവുന്നവയെ ആകർഷിക്കുകയും ചെയ്യുക എന്നതാണ് സംസ്കാരത്തിന്റെ ലക്ഷ്യം. അതിനായി അവൻ സ്വീകരിച്ച ഉപാധികൾ വികാരവും വിചാരവുമാണ്. വികാരത്തിന്റെ ഫലമായി കലകളും വിചാരത്തിന്റെ ഫലമായി ശാസ്ത്രങ്ങളും ഉടലെടുത്തു. എന്നാൽ ഇവ രണ്ടിന്റെയും സങ്കലിതരൂപമാണ് പ്രായോഗിക ജീവിതത്തിൽ അധികമായി കാണപ്പെടുന്നത്. അപ്പോൾ സംസ്കാരത്തിന്റെ ഏററവും പ്രധാനമായ ഉപാധികൾ കലയും ശാസ്ത്രവും അവയുടെ സങ്കലിത രൂപങ്ങളുമാണ്. കല ജീവിതത്തിനു മാർഗ്ഗനിർദ്ദേശം നൽകുമ്പോൾ ശാസ്ത്രം പ്രസ്തുത നിർദ്ദേശങ്ങളനുസരിച്ചുള്ള ജീവിതത്തിന് ഏററവും പര്യാപ്തമായ കുറുക്കുവഴികൾ തെളിക്കുന്നു. മതം ആ വിധത്തിലുള്ള ഒരു സങ്കലിതരൂപമാണ്. മതത്തിൽ വികാരത്തിനും വിചാരത്തിനും സ്ഥാനമുണ്ട്.

സംസ്കാരം സാമ്പത്തികരംഗത്തെ ഉല്പാദകശക്തിക ളുടെ സംഘടിത രൂപത്തിന്റെ പ്രത്യേകത മൂലമാണു് നിശ്ചയിക്കപ്പെടുന്നതു് എന്നു് വാദിക്കുന്നവരുണ്ടു്. സാ മ്പത്തിക വ്യവസ്ഥിതി പുരോഹിതന്മാരുടെ നിയന്ത്രണ ത്തിനു് വിധേയമാകുന്ന സമുദായത്തിൽ മതമേധാവിത്വ മുള്ള ഒരു സംസ്കാരമായിരിക്കും നിലവിലുള്ളതു്. ഭൂപ്ര ഭുത്വസാമ്പത്തിക വ്യവസ്ഥിതിക്കു് അതിന്റേതായ ഒരു സംസ്കാരമുണ്ടായിരുന്നു. ചായകുടിക്കുക എന്നതു് ജപ്പാനിൽ ഒരു പ്രത്യേക പഠനത്തിനു് വിധേയമാ കേണ്ട വിഷയമായിരുന്നു. അത്യധികം വിശ്രമാവ സരം ഒരു കൂട്ടം ആളുകൾക്കു ലഭിക്കുന്ന സാമ്പത്തിക വ്യവസ്ഥിതി അവിടെ നിലനിന്നതുമൂലമാണു് അവി ടത്തെ സംസ്ക്കാരത്തിന്റെ ഭൗതിക പ്രകടനത്തിൽ ഇതുപോലുള്ള ആചാരങ്ങൾ ഉണ്ടായതു്.

ഭൂപ്രഭുത്വസാമ്പത്തിക വ്യവസ്ഥിതിയുടെ അടി സ്ഥാനഘടകംതന്നെ എന്താണു്? ജന്മി തന്റെ വിവിധ എസ്റ്റേറ്റുകളിൽ പണിതിട്ടിരിക്കുന്ന കൊട്ടാരങ്ങളിൽ കാലാകാലങ്ങളിൽ പരിവാരസമേതം ചെന്നു് താമ സിച്ചു് പാട്ടമായി ലഭിക്കുന്ന ധാന്യം ശേഖരിച്ചു് ഉപ യോഗിച്ചു് തിരിച്ചുപോരിക എന്നതായിരുന്നു അതി ന്റെ പ്രധാന പ്രത്യേകത. മദ്ധ്യശതകങ്ങളിൽ ഗതാ ഗതസൗകര്യം കുറവായിരുന്നതിനാൽ വിവിധ എസ്റ്റേ റ്റുകളിൽനിന്നും ലഭിക്കുന്ന ആദായം ഒരുമിച്ചു് ഒരി ടത്തു് ശേഖരിക്കുക സാദ്ധ്യമായിരുന്നില്ല. അതുപോ ലെതന്നെ കിട്ടുന്ന ആദായം പണമാക്കിമാററുവാനും

പ്രയാസമായിരുന്നു. ഒരു ജന്മി എത്രതന്നെ വലിയവനായാലും അയാൾക്ക് പരമാവധി കഴിക്കാവുന്ന ഭക്ഷണത്തിന് ഒരു പരിധിയുണ്ട്. അപ്പോൾ മിച്ചംവരുന്ന ഭക്ഷണസാധനങ്ങൾ തീർക്കുവാനാണ് അനുചരന്മാർ. അവരിൽ കലാപ്രേമികളും കവികളും നാടകകാരന്മാരും ഉണ്ടായിരിക്കും. ജന്മിയിൽനിന്നും കിട്ടുന്ന പ്രോത്സാഹനം സംസ്കാരത്തിന്റെ വികാസത്തിനായി തങ്ങളുടെ കഴിവുകളെ വിനിയോഗിക്കുവാൻ അവർക്ക് പ്രേരണാജനകമായിരുന്നു. അങ്ങനെയാണ് ഭൂപ്രഭുത്വവ്യവസ്ഥിതിയിൽ സംസ്കാരം വികസിച്ചത്. പക്ഷെ ആ വികാസം ജന്മിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതായിരുന്നു.

മുതലാളിത്വ വ്യവസ്ഥിതിയിൽ സംസ്കാരം ആകെ ഒരു പരിവർത്തനത്തിന് വിധേയമായി. അവിടെ എന്തും രൂപാ-അണ-പൈസയിൽ കണക്കുകൂട്ടുന്ന സ്വഭാവമുണ്ട്. ഭൂപ്രഭുത്വ വ്യവസ്ഥിതിയിൽ ഒരുവ്യക്തിയുടെ അഭിമാനത്തെ ചോദ്യംചെയ്യുന്ന പ്രശ്നമുണ്ടായാൽ ദ്വന്ദ്വയുദ്ധമായിരുന്നു ഫലം. മുതലാളിത്വ വ്യവസ്ഥിതിയിൽ അത് മാനനഷ്ടത്തിന് കേസ്സുകൊടുത്ത് പണം ഈടാക്കുക എന്നതായിമാറി. അങ്ങനെ എന്തും പണത്തിന്റെ അടിസ്ഥാനത്തിൽ കാണുക എന്നതാണ് മുതലാളിത്വ സംസ്കാരത്തിന്റെ പ്രത്യേകത.

സാമ്പത്തികവ്യവസ്ഥിതിയാകുന്ന അടിത്തറമേൽ കെട്ടിപ്പടുത്തിട്ടുള്ളതാണ് മറ്റെല്ലാം എന്നതത്വം അവ

സ്ഥാനം കാറൽമാർക്സ് തന്നെ രേഖപ്പെടുത്തി. സാമ്പത്തിക വ്യവസ്ഥിതിയാണ് മുഖ്യഘടകമെങ്കിലും അതു് ഏക ഘടകമാണു് എന്ന ധാരണ തെററാണു് എന്നു് മാർക്സ് തന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതായി മാർക്സ് എംഗൽസ് കത്തുകളിൽനിന്നും മനസിലാക്കാവുന്നതാണു്. സാമ്പത്തികരംഗത്തെ പരിവർത്തനം സാംസ്കാരികരംഗത്തെ സ്വാധീനപ്പെടുത്തുന്നതുപോലെ സാംസ്ക്കാരിക രംഗത്തെ പരിവർത്തനം സാമ്പത്തിക രംഗത്തിലും സ്വാധീനത ചെലുത്താറുണ്ടു്.

പാശ്ചാത്യ യൂറോപ്പിൽ മുതലാളിത്വ സാമ്പത്തിക വ്യവസ്ഥിതിയുടെ വളർച്ചയ്ക്കു് സഹായിച്ച അതി പ്രധാനമായ ഒരു ഘടകം പ്രോട്ടസ്റ്റൻറു് മതമാണു്. അതിൻെറ അടിസ്ഥാനതത്വം നല്ലതിനേയും ചീത്തയേയും വിവേചിക്കുന്നതു് വ്യക്തിയുടെ മനസ്സാക്ഷിയായിരിക്കണം എന്നതാണല്ലോ. കത്തോലിക്കാമതത്തിൽ പോപ്പിനുള്ള അധികാരമാണ് പ്രോട്ടസ്റ്റൻറു് മതത്തിൽ ഓരോ വ്യക്തിക്കുമുള്ളതു്. ഓരോവ്യക്തിയേയും അവനവന്റെ പരമാധികാരിയായി അംഗീകരിക്കുക എന്നതാണ് മുതലാളിത്വത്തിൻെറ തത്വശാസ്ത്രം. വാണിജ്യമുതലാളിത്വത്തിന്റെയും വ്യാവസായിക മുതലാളിത്വത്തിന്റെയും വളർച്ചയെ പ്രോട്ടസ്റ്റൻറു് മതം വളരെയധികം സഹായിച്ചിട്ടുണ്ടു്. അതിൽനിന്നാണ് ഇന്നത്തെ ധനികമുതലാളിത്വം വളന്നിട്ടുള്ളതു്.

ചാറൾസ് ബിയാഡും മേരിബിയാഡും ചേന്നെഴുതിയ "അമേരിക്കൻ സംസ്ക്കാരത്തിൻെറ വളർച്ച"

എന്ന പുസ്തകം ഇവിടെ സ്മരണീയമാണു്. "രാഷ്ട്രമീമാംസയുടെ സാമ്പത്തികാടിസ്ഥാനം" "അമേരിക്കൻ ഭരണഘടനയുടെ സാമ്പത്തികാടിസ്ഥാനങ്ങൾ" എന്നീ പുസ്തകങ്ങൾവഴി സാമ്പത്തിക സർവ്വാധിപത്യത്തെ സ്ഥാപിക്കുവാൻ ശ്രമിച്ച ബിയാഡ്സ് തന്നെയാണ് മൂന്നാമത്തെ പുസ്തകംവഴി അമേരിക്കൻ സംസ്ക്കാരത്തിന്റെ വളർച്ചയെ സഹായിച്ചതു് സാമ്പത്തികഘടകംമാത്രമല്ല എന്നു വ്യക്തമായി പറഞ്ഞിരിക്കുന്നതു്. മററു് അനേകം ഘടകങ്ങളുടെ പരസ്പരമുള്ള സ്വാധീനതയുടെ ഫലമാണ് അമേരിക്കൻ സംസ്കാരം. അമേരിക്കൻ ജീവിതരീതിയിൽ സ്ത്രീകൾക്കു താരതമ്യേന ലഭിച്ചിരിക്കുന്ന കൂടുതൽ പ്രാധാന്യത്തെ സാമ്പത്തിക സർവ്വാധിപത്യംകൊണ്ടു് വിശദീകരിക്കാവുന്നതല്ല.

അതോടൊപ്പം മറെറാരു പരമാർത്ഥംകൂടി സ്മരിക്കേണ്ടിയിരിക്കുന്നു. വിശക്കുന്ന മനുഷ്യനു് സംസ്കാരത്തെപ്പററി ചിന്തിക്കുവാൻ സമയം ലഭിക്കുകയില്ല. സംസ്കാരം പലപ്പോഴും അന്യരുടെ പ്രയത്നഫലത്തെ ചൂഷണംചെയ്തു് ജീവിക്കുന്ന അപൂർവ്വം ചില വ്യക്തികളുടെ പരിശ്രമഫലമാണ്. തന്മൂലം ഒരു രാജ്യത്തെ സംസ്ക്കാരത്തിനു് രൂപംകൊടുക്കുന്നതു് അവിടത്തെ ഉയർന്ന വർഗ്ഗത്തിന്റെ തലപ്പത്തിരിക്കുന്ന നേതാക്കന്മാരാണു്. ആസ്ഥിതി മാറണമെങ്കിൽ ജനതയുടെ പ്രാഥമികാവശ്യങ്ങളെല്ലാം സുനിശ്ചിതമാകുന്ന ഒരു ജീവിതനിലവാരത്തിലേയ്ക്കു് രാഷ്ട്രം ഉയരണം.

മതവും സംസ്കാരവും

മതം അതിന്റെ വിശാലമായ അർത്ഥത്തിൽ സംസ്കാരത്തേക്കാൾ വിപുലവും അതിന്റെ ചുരുങ്ങിയ അർത്ഥത്തിൽ സംസ്കാരത്തിന്റെ ഒരു ഭാഗവുമാണ്. ജീവിതത്തിന്റെ യഥാർത്ഥ അർത്ഥവും ലക്ഷ്യവും മനുഷ്യന് കാണിച്ചുകൊടുക്കുന്ന ഒന്ന് എന്ന അർത്ഥത്തിൽ മതം സംസ്കാരത്തിന്റെ സത്തയാണ്. എന്നാൽ ആന്തരീകമായ അനുഭവത്തിന്റെ ഭൗതികമായരൂപം എന്ന നിലയിൽ അതു് സംസ്കാരത്തിന്റെ വെറുമൊരുഘടകവും. പരമമായ സത്യത്തിന്റെ ആന്തരീകമായ യാഥാർത്ഥ്യം എന്ന നിലയിൽ മതം ഒരിക്കലും സംസ്കാരത്തിന് എതിരല്ല. എന്നാൽ സാധാരണ രീതിയിൽ മതം വെറും ആചാരമായി അധഃപതിക്കുമ്പോൾ അതു് സാംസ്കാരിക ജീവിതവുമായി പലപ്പോഴും പൊരുത്തപ്പെടാതെ വരുന്നു.

നാഗരീകത പലപ്പോഴും സംസ്കാരത്തിനു് പകരമുള്ള ഒരു വാക്കായി ഉപയോഗപ്പെടുന്നുണ്ട്. എന്നാൽ സംസ്കാരത്തിന്റെ ഉയന്ന മാനദണ്ഡത്തിനാണ് ആ വാക്കു് ഉപയോഗിക്കുന്നതു്. ഒരുജനത ഉയന്നജീവിതനിലവാരത്തോടുകൂടി നഗരങ്ങളിൽ താമസിക്കുവാൻ തുടങ്ങുന്ന ഘട്ടത്തിലെ സാംസ്കാരിക വികാസമാണ് നാഗരീകത. പക്ഷെ ഉയന്ന ജീവിതനിലവാരം പരമമായ സാന്മാർഗ്ഗിക മൂല്യത്തിലേയ്ക്കുള്ളവഴി എന്ന നിലയിൽ മാത്രമേ സാംസ്കാരിക വികാസമാകയുള്ളൂ. ഉയന്ന ജീവിതനിലവാരം ഏതെങ്കിലും സാംസ്കാരിക

മൂല്യത്തിന്റെ അംഗീകാരത്തിന് ബാധകമാകുകയാണെങ്കിൽ അതു സാംസ്കാരിക പുരോഗതിക്ക് വിഘാതമാണ്. അതിനാൽ നാഗരികത എന്നും സംസ്കാരത്തിന്റെ ബന്ധുവല്ല. ചിലപ്പോൾ ശത്രുവുമാണ്. ചരിത്രത്തിൽ സംസ്കാരത്തെ നശിപ്പിച്ച പല നാഗരികതകളുടേയും കഥകളുണ്ട്.

പ്രകൃതിശക്തികളുടെ നിയന്ത്രണം സംസ്കാരത്തിന് അപരിത്യാജ്യമായ ഒന്നാണ്. അതുമൂലം വികസിക്കുന്ന മനുഷ്യശക്തിയാണ് സംസ്കാരത്തെ പുരോഗമിപ്പിക്കുന്നത്. പരിമിതമായ മനുഷ്യശക്തിയുടെ ബോധം മനുഷ്യനെ പലപ്പോഴും സംഘടനയ്ക്ക് പ്രേരിപ്പിക്കുന്നു. സംഘടനകൂടാതെ മനുഷ്യന്റെ നിലനില്പു തന്നെ അസാദ്ധ്യമായ കാലഘട്ടങ്ങൾ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. അത് സംഘടനയുടെ ആവശ്യകതയെപ്പറ്റി അവനെ ബോധവാനാക്കി. അതിലേയ്ക്കുവേണ്ടി പലവിട്ടുവീഴ്ചകളും ചെയ്യുവാനും ഇന്നാളെവരെ ഉപയോഗിച്ചുകൊണ്ടിരുന്ന പല സ്വാതന്ത്ര്യങ്ങളും ഉപേക്ഷിക്കുവാനും അവൻ തയ്യാറായി. അതിന്റെ ഫലമായി സുരക്ഷിതമായ ഒരു ജീവിത പശ്ചാത്തലം അവന്നു ലഭിച്ചു. അതാണ് നാഗരികത ചെയ്ത സേവനം.

സംഘടനയിലൂടെ മനുഷ്യന്റെ നിലനില്പ് സുരക്ഷിതമായിക്കഴിഞ്ഞതിനുശേഷമാണ് സംസ്കാരം അതിന്റെ പ്രാകൃത രൂപത്തിൽ പ്രത്യക്ഷപ്പെട്ടത്. അതിനാൽ നിലനില്പിനുവേണ്ടിയുള്ള പരിശ്രമത്തിൽ നിന്നുമുള്ള മോചനത്തിന്റെ ഫലമാണ് സംസ്കാരം.

പ്രസ്തുത വിമോചനത്തിനാവശ്യമായ ഉപകരണം നാഗരീകതയും. തന്മൂലം സംസ്ക്കാരം എന്നും നാഗരീകതയേക്കാൾ ചുരുങ്ങിയ പരിധിയിലാണ് പ്രവർത്തിക്കുന്നതു്. എന്നാൽ അതിനൊരു വ്യത്യസ്തതയാണ് ഇന്ത്യൻ സംസ്ക്കാരം. ഇവിടെ സംസ്ക്കാരവും നാഗരീകതയും ഏതാണ്ടു് ഒരേപരിധിയിലാണു് വളർന്നതു്.

സംസ്ക്കാര രഹിതമായ നാഗരീകതയ്ക്കു് ഉദാഹരണം ആധുനീക യൂറോപ്യൻ രാജ്യങ്ങളാണു്. പ്രസ്തുത യൂറോപ്യൻ രാജ്യങ്ങളിൽ നാഗരീകതയ്ക്കൊത്ത ഒരു സംസ്ക്കാരം വളർത്തി എടുക്കുക എന്നതാണു് ഇന്നത്തെ അന്തർദ്ദേശീയമായ ഒരു പ്രധാന പ്രശ്നം. അതു് അനാവശ്യമായ എല്ലാ അന്തർദ്ദേശീയ സംഘട്ടനങ്ങളെയും ഒഴിവാക്കുവാൻ ശ്രമിക്കും. ക്രിസ്തുമതത്തിലധിഷ്ഠിതമായ അവിടത്തെ സംസ്ക്കാരം വ്യവസായവിപ്ലവത്തോടും പ്രോട്ടസ്റ്റൻറ്മതത്തിൻെറ ആവിർഭാവത്തോടുംകൂടി ക്രിസ്തുമതം പരാജയപ്പെട്ടപ്പോൾ അധഃപതിക്കുകയാണുണ്ടായതു്. തന്മൂലമുണ്ടായ ശൂന്യത ഇന്നും നികത്തപ്പെടാതെ കിടക്കുകയാണ്.

ലക്ഷ്യവും മാർഗ്ഗവും

ഒരു ജനതയുടെ ജീവിത ലക്ഷ്യത്തിനനുരൂപമായാണു് അവരുടെ സംസ്ക്കാരം രൂപം പ്രാപിക്കുന്നതു്. ലക്ഷ്യവും ലക്ഷ്യം നേടാൻ സ്വീകരിക്കുന്ന മാർഗ്ഗവും ചേർന്നതാണു് സംസ്കാരം. ലക്ഷ്യവും മാർഗ്ഗവുമെന്ന സംസ്കാരത്തിൻെറ അതിപ്രധാനമായ രണ്ടു ഘടകങ്ങൾ തമ്മിലുള്ള ബന്ധം പലപ്പോഴും ചർച്ചയ്ക്കു് വിധേയമായി

ട്ടുള്ളതാണ്. മാർഗ്ഗവും ലക്ഷ്യത്തെപ്പോലെതന്നെ പരിശുദ്ധമായിരിയ്ക്കണം എന്ന തത്വത്തെ ആധുനിക കാലത്തു് അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി മനസ്സിലാക്കിയതു് ഗാന്ധിജിയാണു്. എന്നാൽ ഇന്ത്യയിൽ ശ്രീ ബുദ്ധന്റെകാലംമുതൽതന്നെ സ്ഥിരപ്രതിഷ്ഠ ലഭിച്ചു ഒരു ആശയമാണതു്. ഇന്ത്യ ഇന്നു് സ്വീകരിച്ചിരിക്കുന്ന ലക്ഷ്യത്തെപ്പററിയും അതിനെ നേരിടുവാൻ കൈക്കൊണ്ടിരിക്കുന്ന മാർഗ്ഗത്തെപ്പററിയുമുള്ള പഠനം ആധുനിക ഇന്ത്യൻ സംസ്കാരത്തെപ്പററി മനസ്സിലാക്കുവാൻ സഹായിക്കും.

പുരാതന കാലംമുതൽതന്നെ മതം മനുഷ്യന്റെ ജീവിതലക്ഷ്യത്തെ വിശദീകരിക്കുവാൻ പരിശ്രമിച്ചു പോന്നിട്ടുണ്ടു്. അതാതു കാലഘട്ടങ്ങളിൽ ഉത്ഭവിച്ച മതങ്ങൾ നല്കിയ വിശദീകരണത്തെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. പക്ഷെ മനുഷ്യൻ പുരോഗമിക്കുംതോറും പ്രസ്തുത വിശദീകരണങ്ങളുടെ അപൂർണ്ണത കൂടുതൽ കൂടുതൽ പ്രകടമായിത്തുടങ്ങി. ലോകം സൃഷ്ടിക്കപ്പെട്ടതു് ബി. സി. 4004-ലാണ് എന്നു് ഒരു കാലത്തു് ക്രിസ്ത്യാനികൾ വിശ്വസിച്ചുപോന്നു. അതു് ക്രിസ്തുമതത്തിന്റെ തന്നെ ആശയത്തിനനുരൂപമായിരുന്നു. എന്നാൽ ശാസ്ത്രത്തിന്റെ പുരോഗതി ആമാതിരി ഊഹാപോഹങ്ങൾ തെററാണെന്നു തെളിയിച്ചു. പുതിയപുതിയ മതങ്ങൾ കൂടുതൽ പൂർണ്ണമായ വിശദീകരണത്തിനുവേണ്ടി പരിശ്രമിച്ചു. ശാസ്ത്രത്തിന്റെ വളർച്ച ആ പരിശ്രമങ്ങളെയെല്ലാം പരാജയപ്പെടുത്തി. വേദ

മതം പ്രാചീന ഇന്ത്യയ്ക്കു് നല്കിയ ജീവിതലക്ഷ്യത്തെപ്പററിയുള്ള അതൃപ്തിയാണു് ബുദ്ധമതത്തിന്റെ വളർച്ചയ്ക്കു് കാരണമായിത്തീന്നതു്. പക്ഷെ ഇന്ത്യൻ ജനത വീണ്ടും പുരോഗമിച്ചപ്പോൾ അതോടൊപ്പം നീങ്ങാൻ കഴിയാതിരുന്ന ബുദ്ധമതം പരാജയപ്പെട്ടു. മഹമ്മദുമതത്തിനു് കുറച്ചുകാലത്തേയ്ക്കു് ഇന്ത്യൻ ജനതയുടെ ജിജ്ഞാസയെ പിടിച്ചുനിത്തുവാൻ കഴിഞ്ഞു. പക്ഷെ അവസാനം അതും പരാജയം സമ്മതിക്കേണ്ടി വന്നു. ആധുനിക യുഗത്തിലെ വളരുന്ന തലമുറ മതത്തിന്റെതന്നെ പിടിയിൽനിന്നു് തലയൂരുന്ന പ്രവണതയാണു് കാണിക്കുന്നതു്. തന്മൂലം വ്യക്തമായ ഒരു ജീവിതലക്ഷ്യത്തിന്റെ അഭാവം ഇന്ത്യൻ സംസ്കാരത്തെ ഇന്നു് ബാധിച്ചിട്ടുണ്ടു്.

മതത്തിന്റെ പരാജയംമൂലമുണ്ടായ ശൂന്യത നികത്തുവാൻ യൂറോപ്യൻ സോഷ്യലിസം നടത്തിയ പരിശ്രമവും ഇന്ത്യയിൽ പരാജയപ്പെടുകയാണുണ്ടായതു്. പതിനെട്ടാം നൂററാണ്ടിൽ യൂറോപ്പിനു ലഭിച്ച പ്രസ്തുത ആശയങ്ങൾ യൂറോപ്പിന്റെ അന്നത്തെ പ്രത്യേക പരിതസ്ഥിതിയിൽ പുരോഗമനപരമായിരുന്നു. എന്നാൽ ഇന്നത്തെ മാറിയ പരിതസ്ഥിതിയിലെ പ്രശ്നങ്ങൾക്കു് പരിഹാരം കണ്ടുപിടിക്കുന്നതിനോ മനുഷ്യന്റെ അടങ്ങാത്ത ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതിനോ അതു് പ്രയോജനപ്രദമല്ലാ എന്നു് യൂറോപ്പിലെതന്നെ സമീപകാല സംഭവങ്ങൾ തെളിയിച്ചിട്ടുണ്ടു്. ഒരു തത്വശാസ്ത്രത്തിനു് എക്കാലവും മനുഷ്യനെ വ്യാമോഹിപ്പിച്ചു

കൊണ്ടു് നിലനില്ക്കുവാൻ സാദ്ധ്യമല്ല. പരിതസ്ഥിതിക ളുടെ മാററത്തിനനുസരിച്ചു് അതിൻെറ പുരോഗമന സ്വഭാവം നഷ്ടപ്പെടുകയും അതിനെ ഉപേക്ഷിക്കേണ്ടി വരികയും ചെയ്യും. തൽസ്ഥാനത്തു് ഒരുപുതിയ തത്വ ശാസ്ത്രത്തിനു് മനുഷ്യൻ ആഗ്രഹം പ്രകടിപ്പിക്കും. ഇന്നു് അന്തർദ്ദേശീയമായിത്തന്നെ ഒരു പുതിയ തത്വ ശാസ്ത്രം ആവശ്യമായിരിക്കുകയാണു്. ബി.സി. ആറാം നൂററാണ്ടിലും ഒന്നാം നൂററാണ്ടിലും എ. ഡി. ആറാം നൂററാണ്ടിലും പതിനെട്ടാംനൂററാണ്ടിലും ഇതുപോലുള്ള ഘട്ടങ്ങൾ ചരിത്രത്തിലുണ്ടായിട്ടുണ്ടു്. പതിനെട്ടാം നൂററാണ്ടിലെ തത്വശാസ്ത്രം ഇരുപതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിലും മനുഷ്യനെ പിടിച്ചുനിർത്തിക്കൊള്ളു മെന്നു് കരുതുന്നതു് അബദ്ധമാണു്.

ഇന്ത്യയിൽ ഇന്നലെവരെ ആദ്ധ്യാത്മികതയും മര ണാനന്തര ജീവിതവുമാണു് മനുഷ്യൻെറ ജിജ്ഞാസയ്ക്കു് കടിഞ്ഞാൺ ഇട്ടുകൊണ്ടിരുന്നതു്. എന്നാൽ ഇന്നു് മരണാനന്തരജീവിതത്തേക്കാൾ പ്രാധാന്യം ലോകജീവി തത്തിനു ലഭിച്ചുകഴിഞ്ഞു. സോഷ്യലിസ്റ്റ് ആശയങ്ങളു മായുണ്ടായ സമ്പർക്കത്തിൽനിന്നും ലഭിച്ച നേട്ടമാണതു്. പക്ഷെ അതോടൊപ്പം ഉത്തരം ലഭിക്കുവാൻവേണ്ടി വിഷമിക്കുന്ന അനേകം സങ്കീർണ്ണ പ്രശ്നങ്ങളും ഉത്ഭവി ച്ചിട്ടുണ്ടു്. ഗാന്ധിജിയും വിനോബാഭാവെയും പ്രസ്തുത പ്രശ്നങ്ങൾക്കു പരിഹാരം കാണുവാനാണു് പരിശ്രമി ച്ചതും പരിശ്രമിച്ചുകൊണ്ടിരിക്കുന്നതും. അവരുടെപരി

ശ്രമംമൂലം ഉപരിതലത്തിൽ ചിലമാററങ്ങൾ ഉണ്ടായി ട്ടുണ്ടു് എന്നതും വാസ്തവമാണു്. പക്ഷെ മെച്ചമായ ഒരു പരിഹാരം നിർദ്ദേശിക്കുവാൻ ഇതേവരെ അവക്കു കഴിഞ്ഞിട്ടില്ല. ആധുനിക ഇന്ത്യയിലെ ചിന്തകന്മാരുടെ മുന്നണിയിൽ നില്ക്കുന്ന ഡോ: റാംമനോഹർ ലോഹ്യാ, സി. ആർ. രാജഗോപാലാചാരി തുടങ്ങിയവരും ഇന്നു് ആവഴിക്കുള്ള പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

പ്രകൃതിയുടെ പ്രവത്തനക്രമം മനുഷ്യനെ സംബന്ധിച്ചിടത്തോളം രഹസ്യമായിരുന്ന ഒരു ഘട്ടത്തിൽ ഭാവനയ്ക്കു സ്ഥാനമുണ്ടായിരുന്നു. മതത്തിനു് ജനങ്ങളുടെ ഇടയിൽ അമിതമായ സ്വാധീനത ലഭിക്കുവാൻ സംഗതിയായതും അതുമൂലമാണ്. പക്ഷെ ശാസ്ത്രത്തിന്റെ വികാസത്തോടുകൂടി പ്രകൃതിശക്തിയുടെ നിഗൂഢതയിൽനിന്നും ചിലതെല്ലാം പുറത്തുവന്നു. അതു് ഇന്നലെവരെ നിലനിന്ന എല്ലാ സങ്കല്പങ്ങളുടെയും അടിത്തറമാന്തി. പക്ഷെ ശാസ്ത്രീയ സത്യങ്ങളെക്കൊണ്ടു മാത്രം ആ ശൂന്യത നികത്തുവാൻ പര്യാപ്തമാംവിധം ശാസ്ത്രം പുരോഗമിച്ചിട്ടില്ല. അങ്ങനെ അല്പ വിജ്ഞാനത്തിൻെറ അപകടത്തിലാണു് നാം ഇന്നു് നിലകൊള്ളുന്നതു്.

അണുശക്തിയുടെ വിപ്ലവകരമായ കഴിവിനെപ്പററിയുള്ള അറിവാണു് ആധുനികയുഗത്തിലെ ഏററവും വലിയ ശാസ്ത്രീയനേട്ടം. സുബദ്ധമെന്നു് വിശ്വസിക്കപ്പെട്ടിരുന്ന പലതും തന്മൂലം അബദ്ധമായി. ഈ

പുതിയ ശാസ്ത്രീയ കണ്ടുപിടുത്തത്തെ പഴയ തത്വശാസ്ത്രത്തിൻെറ വലയത്തിനുള്ളിൽ ഒതുക്കി നിർത്തുവാനുള്ള പരിശ്രമമാണ് ഇന്നു നടക്കുന്നത്. വില്ലും അമ്പുമായി മനുഷ്യൻ നടന്ന കാലത്ത് രൂപീകരിക്കപ്പെട്ട തത്വശാസ്ത്രത്തിൽ കാലക്രമേണ പലപുതിയ ഛായങ്ങളും തേച്ചു മെച്ചപ്പെടുത്തിയതാണ് ഇന്ന് നിലനിൽക്കുന്നത്. ആററം ബോംബിനെയും ഹൈഡ്രജൻ ബോംബിനേയും അതിൽ കുത്തിത്തിരുകുവാൻ കാണിക്കുന്ന വെമ്പലിൽ നിന്ന് തത്വശാസ്ത്രപരമായ പലപുതിയ പ്രശ്നങ്ങളും ആവിർഭവിച്ചിട്ടുണ്ട്. പഴയതിനെ കൈവെടിയുവാൻ ഇന്നും മനുഷ്യൻതയ്യാറില്ല. യാഥാസ്ഥിതികത്വമാണ് അടിസ്ഥാനപരമായി മനുഷ്യൻെറ ബലഹീനത.

സംസ്കാരത്തിൻെറ ഉത്ഭവം

സംസ്കാരത്തിൻ്റെ ഉത്ഭവത്തെപ്പററി രണ്ടുസിദ്ധാന്തങ്ങളുണ്ട്. ഒന്ന് ആശയപരവും മററത് ഭൗതികവും. തത്വശാസ്ത്രകാരന്മാരും ചരിത്രകാരന്മാരും ഇവയിൽ ഒന്നിൻെറയോ അഥവാ രണ്ടിൻെറയുംകൂടിയോ പ്രവാചകന്മാരാണ്. സാംസ്കാരിക വളർച്ചയുടെ ഒരു പ്രത്യേക ഘട്ടത്തിൽ വ്യക്തികൾക്കോ സമൂഹത്തിനോ ഉന്നത സാന്മാർഗ്ഗിക മൂല്യങ്ങളെപ്പററി ഏതോ പരാശക്തിയിൽനിന്ന് വെളിപാടോ പ്രചോദനമോ ആയി ലഭിക്കുന്നതാണ് "ആശയങ്ങൾ." ഈ പ്രചോദനം ഒരു പ്രത്യേക സാമൂഹ്യപരിതസ്ഥിതിയിൽ മൂർത്തമാകുകയും സമൂഹത്തിൻെറ ആദർശമായി ഉയരുകയും സംസ്കാ

ത്തെന്നുപറയുന്ന ഭൗതികവും മാനസികവുമായ ഘടക ങ്ങളിലേയ്ക്കു് പരിവർത്തനം ചെയ്യപ്പെടുകയും ചെയ്യുന്നു. ഉദാഹരണമായി വേദസംസ്കാരത്തിന്റെ കാലത്തു് മഹർഷിമാർക്കു് ഈശ്വരനിൽനിന്നും പ്രചോദനം ലഭിക്കു കയും ആശയം രൂപം പ്രാപിക്കുകയും അതു് ആര്യന്മാ രുടെ ആദർശമായി വളരുകയും ചെയ്തു എന്നു് ആശയ വാദികൾ സിദ്ധാന്തിക്കുന്നു. ഗംഗാനദീതടത്തിലെ അവരുടെ കുടിയേററക്കാലത്തു് ഈ ആദർശങ്ങൾ പ്രവ ത്തിയിലാക്കുവാൻ പരിശ്രമിക്കുകയും അതിന്റെ ഫല ത്തെ വേദ സംസ്കാരം എന്നു പറയുകയും ചെയ്യുന്നു. എന്നാൽ ഭൗതികവാദികളുടെ അഭിപ്രായമനുസരിച്ചു് സംസ്കാരം ഉത്ഭവിക്കുന്നതു് ഭൗതിക പരിതസ്ഥിതി കളിൽ നിന്നാണ്. കാലാവസ്ഥ, രാജ്യത്തിന്റെ ധന സമൃദ്ധി, ഉല്പാദനോപകരണങ്ങൾ തുടങ്ങിയവ മനുഷ്യ ന്റെ സാമൂഹ്യജീവിതത്തിൽ ഒരു പ്രത്യേക മുദ്രപതി ക്കുന്നു. പ്രസ്തുത പ്രത്യേക സാമൂഹ്യജീവിതത്തിന്റെ അനുഭവത്തിൽനിന്നും ലഭിച്ച പാഠങ്ങളുടെ വെളിച്ച ത്തിൽ തത്വങ്ങളും വിശ്വാസങ്ങളും ഉത്ഭവിക്കുന്നു. അവസാനം പ്രസ്തുത തത്വങ്ങളിലും വിശ്വാസങ്ങളിലും നിന്നു് ആദർശങ്ങൾ രൂപം പ്രാപിക്കുകയും അവയെ പ്രയോഗത്തിലാക്കുവാൻ സമൂഹം പരിശ്രമിക്കുകയും ചെയ്യുന്നു. ഉദാഹരണമായി വേദസംസ്കാരത്തിന്റെ ഉത്ഭവം ആര്യന്മാർ ഇന്ത്യയിൽ വന്നകാലത്തെ അവ രുടെ കാർഷികജീവിതരീതിയിൽ നിന്നുമാണു് എന്നു് ഭൗതികവാദികൾ സിദ്ധാന്തിക്കുന്നു.

ഒരു കാര്യം വളരെ വ്യക്തമാണ്. ആശയവാദികളും സംസ്കാരത്തിന്റെ രൂപീകരണത്തിൽ ഭൗതിക പരിതസ്ഥിതികൾ വഹിച്ച പങ്കിന്റെ പ്രാധാന്യത്തെ വിസ്മരിക്കുന്നില്ല. ഇന്ത്യയുടെ ദേശീയസംസ്കാരത്തിൽ പ്രധാനമായും രണ്ടുഘടകങ്ങളുണ്ട്. ഇന്ത്യയുടെ ഭൗതിക ചുററുപാടുകളുടെ പ്രേരണയിൽ സജ്ജമാക്കപ്പെട്ട ഇന്ത്യൻ ചിന്താഗതിയും കാലാകാലങ്ങളിൽ രൂപീകരിക്കപ്പെട്ട സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രയത്നഫലമായി ഉയിർക്കൊണ്ട ദേശീയ ചിന്താഗതിയുമാണവ. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ കിടപ്പും കാലാവസ്ഥയും ഇന്ത്യൻ സംസ്കാരത്തിന്റെ വളർച്ചയിൽ ചെലുത്തിയ സ്വാധീനശക്തി വലുതാണ്.

കേരള സാഹിത്യ അക്കാദമി

സാംസ്കാരിക ഇന്ത്യാ

കേരള സാഹിത്യ
അക്കാദമി

“സമൂഹത്തിലെ അപൂർവസിദ്ധിയുള്ള വ്യക്തികൾക്കു ലഭിക്കുന്ന വിദ്യാഭ്യാസം ജനസാമാന്യത്തിനു ലഭിക്കുവാൻ ശ്രമിക്കാത്ത സംസ്കാരത്തിന്റെ പതനം അതിൽതന്നെ അന്തർലീനമായിട്ടുണ്ടു്.”

(ഹോഗ്സെൻ)

ഒന്ന്

കേരള സാഹിത്യ അക്കാദമി

അയ്യായിരത്തിലധികം വർഷത്തെ പാരമ്പര്യമുള്ള ഒരു മഹത്തായ സംസ്കാരമാണ് ഇന്ത്യയുടേത്. ഇന്ന് അത് വിധിനിർണ്ണായകമായ ഒരു ഘട്ടത്തിൽ എത്തിയിരിക്കുകയാണ്. ഇത്രയധികം വിരുദ്ധശക്തികളെ ഒരുമിച്ച് അഭിമുഖീകരിക്കേണ്ടിവന്ന മറ്റൊരു കാലഘട്ടവും സിന്ധുനദീതട സംസ്കാരം മുതലിങ്ങോട്ടുള്ള ഇന്ത്യയുടെ സാംസ്കാരിക ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടില്ല. ഇത്രയധികം ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവന്ന മറ്റൊരു പരിതസ്ഥിതിയും ഇന്ത്യ ഇതിനുമുൻപ് നേരിട്ടിട്ടില്ല. ആര്യന്മാരുടേയും അലക്സാണ്ട

രുടെയും ആക്രമണങ്ങൾ തികച്ചും വ്യത്യസ്ഥങ്ങളായ രണ്ടു സംസ്കാരങ്ങളുമായി പൊരുത്തപ്പെടുവാൻ ഇന്ത്യയെ നിർബന്ധിച്ചു. മദ്ധ്യശതകങ്ങളിലെ അറബി, അഫ്ഗാൻ, തുർക്കി, മുഗൾ ആക്രമണങ്ങൾ പ്രാചീന ഇന്ത്യൻ സംസ്കാരത്തോടൊപ്പം വികസിച്ച മറെറാരു സംസ്കാരവുമായി ബന്ധപ്പെടുവാൻ ഇന്ത്യയെ പ്രേരിപ്പിച്ചു. ബ്രിട്ടീഷ് ആധിപത്യം അത്രത്തന്നെ വികസിക്കാത്തതെങ്കിലും തികച്ചും വ്യത്യസ്തമായ പുതിയ ഒരു സംസ്കാരത്തെ ഈ നാട്ടിൻെറമേൽ അടിച്ചേല്പിച്ചു. എന്നാൽ ഇവയെ എല്ലാം അഭിമുഖീകരിച്ച് ഇവയോടെല്ലാം പൊരുത്തപ്പെട്ട്, ഒന്നിനും പൂർണ്ണമായി കീഴടങ്ങാതെ സ്വന്തം വ്യക്തിത്വം നിലനിറുത്തിയും അഭികാമ്യങ്ങളായ ഘടകങ്ങളെ അവയിൽനിന്നും സ്വീകരിച്ചും മുന്നേറുവാനുള്ള കഴിവ് ഇന്ത്യൻ സംസ്കാരത്തിനുണ്ടായിരുന്നു. നൂററാണ്ടുകളായി ഭാരതം ചങ്ങലകൾക്കുള്ളിലാണ് കഴിഞ്ഞിരുന്നതെങ്കിലും അടിമത്വം സ്വീകരിക്കുകയോ സ്വന്തം വ്യക്തിത്വം നശിപ്പിക്കുകയോ ചെയ്യുവാൻ ഈ പുരാതന നാട് തയ്യാറായില്ല. വിദേശീയാധികാരത്തിന് കീഴടങ്ങാത്ത ഒരാത്മാവും ഇന്ത്യയ്ക്കുണ്ടായിരുന്നു. അതാണ് ഇന്ത്യയുടെ മഹത്തായ സംസ്കാരം. അനേകായിരം വർഷത്തെ അനേകം വിദേശീയ സ്വാധീനതകളുടെ ഏററുമുട്ടലുകളെ അതിജീവിച്ച പ്രസ്തുത സംസ്കാരത്തിൻെറ അത്ഭുതാവഹമായ ആ ഉറച്ചനിലപാടിനെ അതിശയിക്കുവാൻ ചരിത്രത്തിൽ തന്നെ വളരെ ഒന്നുമില്ലായെന്ന് പണ്ഡിററ് ജവഹർലാൽ തൻെറ "ഇന്ത്യയെ കണ്ടെത്തൽ" എന്ന പുസ്തകത്തിൻെറ ഒരു ഭാഗത്ത് പറഞ്ഞിട്ടുള്ളത് വാസ്തവമാണ്. എന്നാൽ

ഇന്നു് ഒരേസമയം വിരുദ്ധങ്ങളായ അനേകം സംസ്കാരങ്ങളുടെ സ്വാധീനതകൾ ഇന്ത്യയെപ്രലോഭിപ്പിക്കുകയാണു്. അമേരിക്കൻ മുതലാളിത്വത്തിന്റെ കണ്ണഞ്ചിയ്ക്കുന്ന ധനസമൃദ്ധിയും റഷ്യൻ കമ്യൂണിസത്തിന്റെ ഏകാധിപത്യനേട്ടങ്ങളും സ്വാതന്ത്ര്യലോകത്തിലേയ്ക്കു് പുതുതായി അടിവച്ചുട്ടുക്കുന്ന ഭാരതത്തെ മാടിവിളിക്കുകയാണു്.

ആധുനിക ശാസ്ത്രീയനേട്ടങ്ങൾ ദൂരസ്ഥിതരാഷ്ട്രങ്ങളെ സമീപസ്ഥങ്ങളാക്കി. കണ്ണടച്ചു് ഇരുട്ടാക്കുവാനുള്ള സാദ്ധ്യത അവസാനിച്ചു. വെളിച്ചം കൺപോളകളെ കുത്തിത്തുറന്നു് അകത്തെത്തി അനേകം അറകളായിതിരിച്ച ഇരിമ്പുചട്ടക്കൂട്ടിനകത്തു് ജനതകളെയും സംസ്കാരങ്ങളെയും വേർതിരിച്ചുസൂക്ഷിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു പരിതസ്ഥിതി ആവിർഭവിച്ചുകഴിഞ്ഞു. കിഴക്കൻ ജർമ്മനി,ഹംഗറി, പോളണ്ടു് ദക്ഷിണാഫ്രിക്കാ തുടങ്ങിയ പ്രദേശങ്ങളിലെ സമീപകാലസംഭവങ്ങൾ അതാണു് സൂചിപ്പിക്കുന്നതു്. ഇന്നലെവരെപരസ്പരസമ്പർക്കത്തിന്റെ അഭാവത്തിൽ മനുഷ്യൻ അന്യോന്യം അറിയാതെയും ആശയങ്ങൾ കൈമാറാതെയും കഴിഞ്ഞുകൂടി. അതിന്റെ ഫലമായി അനർഹങ്ങളായ പലതിനും നിലനിൽക്കുവാൻ സാധിച്ചു. ആ പഴയതിനെ ഇന്നുംഉപേക്ഷിക്കുവാനുള്ള മടിമൂലം കൃത്രിമമായ അതൃത്തികൾ മനുഷ്യർക്കിടയിൽ സൃഷ്ടിച്ചു് നിക്ഷിപ്ത താല്പര്യങ്ങളെ പരിരക്ഷിക്കുവാൻ ചില തല്പരകക്ഷികൾ പരിശ്രമിക്കുന്നുണ്ടു്. എന്നാൽ നിലനിൽക്കുവാൻ അർഹതയുള്ളവമാത്രം നിലനിൽക്കത്തക്കവണ്ണം ലയനവും സംഘട്ടനവും പൊരുത്തപ്പെടലുംഎങ്ങുംനടന്നുകൊണ്ടിരിക്കുകയാണു്.

പാരമ്പര്യത്തിന്റെ സ്തുതിഗീതം

സ്വന്തം സംസ്കാരത്തിന്റെ പഴയമഹത്വത്തെ പാടിപ്പുകഴ്ത്തിക്കൊണ്ട് സംതൃപ്തമായി കഴിയുന്ന ഭാരതത്തിന്റെ പാരമ്പര്യം ഇനിവിലപ്പോവുകയില്ല. ഇന്ത്യയ്ക്കുമാത്രമുള്ള ഒരു സവിശേഷതയല്ല. അത് ലോകത്തിൽ ഇന്നുവരെ രൂപംകൊണ്ടിട്ടുള്ള എല്ലാസംസ്കാരങ്ങളുടെ ചരിത്രവും പരിശോധിക്കുകയാണെങ്കിൽ ഏറ്റവുംവളർച്ച പ്രാപിച്ചസംസ്കാരം തങ്ങളുടേതാണെന്ന് അവകാശപ്പെടാത്ത ഒരു ജനതയും അക്കൂട്ടത്തിലില്ല. ഉദയസൂര്യന്റെ നാടായ ജപ്പാനിൽ രാജാവ് ഈശ്വരന്റെ സ്വന്തം അനന്തരാവകാശിയാണെന്ന് വിശ്വസിക്കുകയും ബാഹ്യലോകവുമായി സമ്പർക്കം പുലർത്തുവാൻ പാടില്ലാത്തവിധം ഉന്നതന്മാരാണ് തങ്ങളെന്ന് വാദിക്കുകയും ചെയ്തിരുന്നു. രാജാധിരാജന്റെ നാടായ ചൈനയും ഈ വിശ്വാസത്തിൽ ഒട്ടും പിന്നോക്കമായിരുന്നില്ല. അബ്രാഹമിന്റെ സന്തതികളായ യഹൂദർ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനതയായി സ്വയംകരുതുകയും മററുള്ളവരെ എല്ലാം പുറജാതിക്കാരായി പുറംതള്ളുകയും ചെയ്തിരുന്നു. റോമാക്കാർക്ക് വിദേശിയർ ബാർബേറിയന്മാരായിരുന്നു. ക്രിസ്തുമതം സത്യത്തിന്റെ ഏക മതമാണെന്ന്ക്രിസ്ത്യാനികൾ അവകാശപ്പെടുന്നു. ദൈവപ്രചോദിതമതം മഹമ്മദുമതം മാത്രമേയുള്ളൂ എന്നാണ് മുസ്ലീങ്ങൾ വാദിക്കുന്നത്. ഹിററ്ലർ പ്രചരിപ്പിച്ച ആര്യൻ മേധാവിത്വവും ഇന്നും അമേരിക്കയിലും ആസ്ട്രേലിയായിലും ദക്ഷിണാഫ്രിക്കയിലും കാണുന്ന വർണ്ണവിദ്വേഷവും മററും ഇതിനുള്ള ഉദാഹരണങ്ങൾ തന്നെ.

ഇന്ത്യയും ഇതിൽനിന്നും ഒട്ടും വ്യത്യസ്ഥമായിരുന്നില്ല. സൂര്യനിൽനിന്നും ചന്ദ്രനിൽനിന്നും നേരിട്ടു ജനിച്ച രാജാക്കന്മാർ നമുക്കുണ്ടായിരുന്നു. ഇവിടെ ആര്യന്മാരുടെ ദൃഷ്ടിയിൽ ദ്രാവിഡർ രാവണന്റെയും ഹനുമാന്റെയും വംശജരായിരുന്നു. ഇതേ അന്ധവിശ്വാസവും മുദ്രകുത്തലും തന്നെയാണ് മറെറാരു രീതിയിൽ ഇന്ന് റഷ്യൻജനതയേയും അമേരിക്കൻ ജനതയേയും ബാധിച്ചിരിക്കുന്നതു്. ലോകത്തിന് നേതൃത്വം കൊടുക്കുവാനുള്ള അവകാശത്തിന്റെ മത്സരത്തിൽ അവരിന്നു വ്യാപൃതരായിരിക്കുകയാണു്. സാമ്പത്തിക മെച്ചമാണ് അതിനവർ കാണിക്കുന്ന അവകാശപത്രം. പക്ഷേ ലോകത്തിലെ ഏതു ജനതയും പരിതസ്ഥിതികൾ അനുകൂലമായാൽ ഈ നേതൃമത്സരത്തിൽ പങ്കെടുക്കുവാൻ കഴിവുള്ളവരാണ് എന്ന പരമാത്ഥം അവർ വിസ്മരിക്കുന്നു. അതുപോലെതന്നെ സാമ്പത്തികമെച്ചമല്ല ലോകനേതൃത്വത്തിനുള്ള അവകാശപട്ടയം എന്ന വസ്തുത മനസ്സിലാക്കുവാൻ അവക്കിന്ന് കഴിവില്ലാതെയാണിരിക്കുന്നതു്.

എന്നാൽ ഈ അന്ധവിശ്വാസങ്ങളുടെ എല്ലാം അടിയിൽ അവയ്ക്കു് ഉപോൽബലകങ്ങളായ ചില പരമാത്ഥങ്ങളും ഇല്ലാതില്ല. ഓരോ ജനതയ്ക്കും ഓരോ സംസ്ക്കാരത്തിനും അതിന്റേതായ ചില പ്രത്യേകതകളുണ്ടു്. ഗ്രീക്കു ജനതയുടെ സൗന്ദര്യബോധവും ബുദ്ധമതത്തിന്റെ സമസൃഷ്ടിസ്നേഹവും റോമൻസംസ്ക്കാരത്തിന്റെ നീതിനിവ്വഹണ വ്യഗ്രതയും ആവിധ പ്രത്യേകതകളാണ്. പ്രസ്തുത പ്രത്യേകതകളിൽ ഒരു പക്ഷേ അഗ്രിമസ്ഥാനം വഹിക്കുന്നതും അവതന്നെയാ

യിരിക്കാം. ആ പ്രത്യേകതകളുടെ ചുരുങ്ങിയ വീക്ഷണകോണത്തിൽക്കൂടി നോക്കുമ്പോൾ തങ്ങളും തങ്ങളുടെ സംസ്ക്കാരവുമാണ് മനുഷ്യവർഗ്ഗത്തിന്റെ ഏററവും വലിയ നേട്ടം എന്നവർ ധരിക്കുന്നു. എന്നാൽ പ്രസ്തുത പ്രത്യേകതകളുടെ എല്ലാം ആകെത്തുകയായ മാനവസംസ്ക്കാരമാണ്, അതിന്റെ വികസനമാണ് അടിയന്തിരാവശ്യം എന്ന വസ്തുത അവർ മറന്നുപോകുന്നു. ഗ്രീക്ക ജനതയുടെ സൗന്ദര്യബോധവും ബുദ്ധമതത്തിന്റെ സമസ്തസൃഷ്ടിസ്നേഹവും റഷ്യൻ കമ്യൂണിസത്തിന്റെ അച്ചടക്കവും കെട്ടുറപ്പും മുതലാളിത്തത്തിന്റെ യാന്ത്രികനേട്ടവും എല്ലാം ചേർന്ന ഒരു സംസ്ക്കാരമാണ് ഇന്നു് ആവശ്യമായിട്ടുള്ളതു്. പ്രസ്തുത സാർവ്വലൗകികസംസ്ക്കാരത്തിന്റെ അഭാവമാണ് എല്ലാ ആധുനിക അന്തർദ്ദേശീയ പ്രശ്നങ്ങളുടെയും മൂലകാരണം.

ആ വിധത്തിലുള്ള ഒരു സംസ്ക്കാരം കെട്ടിപ്പടുക്കുവാനുള്ള പ്രവണത ഇന്നു് ലോകത്തിന്റെ ചില ഭാഗങ്ങളിലെങ്കിലും കാണുന്നുണ്ടു്. ഇതര ജനതയുടെ നേട്ടങ്ങളെ സഹിഷ്ണുതയോടെ വീക്ഷിക്കുവാനും അവയെ അംഗീകരിക്കുവാനുമുള്ള കഴിവു് പ്രസ്തുത മാനവ സംസ്ക്കാരത്തിനു് അടിത്തറപാകും. അതിലേയ്ക്കു് വലളും സംഭാവനചെയ്യുവാൻ കഴിയുന്ന വളർച്ച പ്രാപിച്ച ഒരു സംസ്ക്കാരം ഇന്ത്യയ്ക്കുണ്ടു്. അതോടൊപ്പം മററുള്ളവയിൽനിന്നും വളരെയേറെ ഇന്ത്യ സ്വീകരിക്കേണ്ടതായിട്ടുമുണ്ടു്. എന്നാൽ ഇന്നത്തെ ഇന്ത്യൻ ജനതയിൽ ഒരു വിഭാഗം നമ്മുടെ കഴിവുകളെ കാണുവാൻ മടിക്കുമ്പോൾ മറെറാരു വിഭാഗം വിദേശീയമായിട്ടുള്ളതിനെ എല്ലാം പുച്ഛിക്കാനും മറക്കുന്നില്ല.

ഇന്ത്യയുടെ നേതൃത്വം

മുതലാളിത്തം വളർച്ച മുററി അമേരിക്കയിലും പാശ്ചാത്യ യൂറോപ്പിലും സ്തംഭിച്ചുകഴിഞ്ഞു. മുതലാളിത്തത്തിൻേറതായ സംസ്കാരവും കൂമ്പടഞ്ഞു. കമ്യൂണിസം മുതലാളിത്തത്തിൻെറ തായ്തടിയിൽനിന്നും പിൽക്കാലത്തു് പൊട്ടിക്കിളുത്ത ഒരു ശിഖരം മാത്രമാണു്. തായ്തടിക്കു പററുന്ന കേടു് ശിഖരത്തെയും ബാധിക്കാതെ ഗത്യന്തരമില്ല. സമീപകാല സംഭവങ്ങൾ അതു് വിളിച്ചറിയിക്കുകയും ചെയ്യുന്നുണ്ടു്. അങ്ങനെ രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പുവരെ ലോകത്തിനു് നേതൃത്വം നല്കിക്കൊണ്ടിരുന്ന ആശയങ്ങളും സംസ്കാരങ്ങളും ഇന്നു് പുരോഗതിയ്ക്കു് കഴിവില്ലാതെ ശ്വാസംമുട്ടുകയാണു്. സ്വയം നിർമ്മിതങ്ങളായ അപകടങ്ങളുടെ മേഖലയിൽനിന്നും രക്ഷപ്പെടുവാൻ നിവൃത്തിയില്ലാതെ അവരിന്നു് ചുററും നോക്കുകയാണു്. മുതലാളിത്തത്തിനും കമ്യൂണിസത്തിനും ഇനിയും കീഴടങ്ങിയിട്ടില്ലാത്ത ഇന്ത്യ ഇത്തരുണത്തിൽ എല്ലാ ജനതയുടെയും സവിശേഷശ്രദ്ധയെ ആകർഷിക്കുന്നുവെങ്കിൽ അത്ഭുതത്തിനവകാശമില്ല. ആശയങ്ങളുടെയും സംസ്കാരങ്ങളുടെയും പുരാതന ഭൂമിയായ ഏഷ്യാഖണ്ഡത്തിലെ മൂന്നു പ്രധാന ജനവിഭാഗങ്ങളിൽ ചൈനാ കമ്യൂണിസത്തിൻെറ പിടിയിൽ അമന്നുകഴിഞ്ഞു. മദ്ധ്യപൂർവ്വദേശം ഇനിയും ഉണർന്നുകഴിഞ്ഞിട്ടില്ല. ഇന്ത്യ മാത്രം ഒരു നല്ല ഭാവിയുടെ പടിവാതിലിലേയ്ക്കു് വേണമെങ്കിൽ കാൽ വയ്ക്കാം എന്ന നിലയിൽ എത്തിയിരിക്കുകയാണു്. ഇംഗ്ലണ്ടും, ഫ്രാൻസും, ഇററലിയും, സ്പെ

ഷിനും, ജർമ്മനിയും ഉൾപ്പെടുന്ന പാശ്ചാത്യ യൂറോപ്പിൽനിന്നും ലോകത്തിന്റെ കേന്ദ്രം ന്യൂയോക്കിലും മോസ്കോയിലും തങ്ങാതെ വിദൂരപൂർവ്വദേശത്തേയ്ക്കു് മാറിയിരിക്കുന്നതും അതുകൊണ്ടുതന്നെയാണു്. ഏഷ്യയും ആഫ്രിക്കയും ഉൾക്കൊള്ളുന്ന വൻകരയിൽ ലോകത്തിലെ മൂന്നിൽ രണ്ടുഭാഗം ജനങ്ങൾ അധിവസിക്കുന്നുണ്ടു്. അതിന്റെ മദ്ധ്യത്തിൽ നേതൃത്വത്തിന്റെ എല്ലാ പരിതഃസ്ഥിതികളും അനുകൂലിക്കത്തക്കവിധത്തിൽ ഇന്ത്യ സ്വയം എത്തിയിരിക്കുകയാണു്. ആ വൻചുമതല ഏറെറടുക്കുവാനുള്ള കൈക്കരുത്തും കഴിവും ഈ നാടിനുണ്ടു്. ദൃഢനിശ്ചയം മാത്രമേ ഇനി ആവശ്യമുള്ളു.

കേരള സാഹിത്യ അക്കാദമി

ഇന്ത്യൻ സംസ്കാരത്തിന്റെ തുടർച്ചയായ നിലനില്പു്

ലോകത്തിൽ അനേകം സംസ്കാരങ്ങൾ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തിട്ടുണ്ടു്. ചിലതു് ഇടയ്ക്കു വച്ചു് കൂമ്പടഞ്ഞിട്ടു് വീണ്ടും പൊട്ടിക്കിളിർത്തു. ഈജിപ്തു്, ക്രീററു്, ബാബിലോൺ, റോമൻ തുടങ്ങിയ സംസ്ക്കാരങ്ങൾ അങ്ങനെ ഒരു കാലത്തു് പ്രതാപത്തോടെ നിലനിന്നിരുന്നതാണു്. പക്ഷെ അവയെല്ലാം ക്രമേണ നിലംപതിച്ചു ഈജിപ്തിൽ ഇന്നു ഏതാനും പിരമിഡുകളും, മമ്മികളും മാത്രമാണു് പുരാതന സംസ്ക്കാരത്തിന്റെ അവശിഷ്ടങ്ങളായി നിലകൊള്ളുന്നതു്. ഗ്രീക്കുകാർ ക്രീററിന്റെ സകല അവശിഷ്ടങ്ങളും നശിപ്പിച്ചു. ബാബിലോണിനെപ്പററി ബൈബിളിന്റെ പഴയ നിയമത്തിൽ ചില വിവരങ്ങൾ കാണാം. എന്നാൽ ഇന്ത്യയുടെ സംസ്ക്കാരം മാത്രം ഇതിനു്

വിപരീതമായി ഒരിക്കലും കെട്ടടങ്ങാതെ ഒരേനിലയിൽ പുരോഗമിച്ചുകൊണ്ടിരുന്നു. കടുത്ത മുഴകളോ തീരെ ഒട്ടിയ ചടവുകളോ അതിനുണ്ടായിട്ടില്ല. ചരിത്രത്തിൻെറ വിവിധഘട്ടങ്ങളിൽ വിദേശത്തുനിന്നും പല ഘടകങ്ങളും അതിൽ സ്വാധീനതചെലുത്തുകയും അതുമായി ലയിച്ചു ചേരുകയും അതിനോട് പൊരുത്തപ്പെട്ടുകയും ചെയ്തിട്ടുണ്ട്. ഈ ഇരുപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലും അതെല്ലാം തുടരുകയാണ്. അടിസ്ഥാനപരമായി ഇന്ത്യൻ സംസ്കാരം ഒരു ഉറച്ച നിലപാടാണ് സ്വീകരിച്ചിരുന്നതെങ്കിലും വിദേശീയ സ്വാധീനതകളുടെഫലമായി എന്നും ചെറിയ പരിവത്തനങ്ങളും അതിലൂടെയുള്ള വളർച്ചയും ഇന്ത്യയിൽ നടന്നുകൊണ്ടാണിരുന്നത്.

പ്രസ്തുത പരിവത്തനത്തിന് ഏററവുമധികം വേഗതയും, തീക്ഷ്ണതയും കൂടിയ കാലഘട്ടമാണിത്. പഴയതു് പലതും ഇന്ന് മണ്ണടിഞ്ഞുകൊണ്ടിരിക്കുകയാണ്. അവയുടെ സ്ഥാനത്ത് പുതിയ മൂല്യങ്ങളും ആദർശങ്ങളും സ്ഥലംപിടിക്കുന്നു. പഴയതിൻെറ പാരമ്പര്യത്തിൽ വളന്നവർ ഈ പുതിയതുമായി പൊരുത്തപ്പെടേണ്ടതു് വിപ്ലവകരമെങ്കിലും ശാന്തമായ പുരോഗതിക്കാവശ്യമാണ്. പഴയതിൻെറ സ്തുതി പാഠകന്മാരും പുതിയതിൻെറ പ്രവാചകന്മാരും തമ്മിൽ ഏററുമുട്ടുന്ന ഈ കാലഘട്ടത്തിൽ പഴയതിൻെറ രൂപീകരണത്തെപ്പററിയും പുതിയതിൻെറ ആവശ്യകതയെപ്പററിയുമുള്ള സമഗ്രമായ ബോധം പല അനാവശ്യ സംഘട്ടനങ്ങളെയും ഒഴിവാക്കുവാൻ ഉപകരിക്കും.

ചരിത്രവും സംസ്കാരവും.

ചരിത്രത്തിൻെറ വിവിധ കാലഘട്ടങ്ങളിൽ സംസ്കാരത്തിനു് വ്യത്യസ്തങ്ങളായ കടമകളാണുള്ളതു്. പ്രസ്തുത കടമകൾക്കനുസൃതമായി രൂപം മാറേണ്ട ചുമതലയും സംസ്കാരത്തിനുണ്ടു്. ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലായിരുന്നപ്പോൾ ഇന്ത്യയുടെ സംസ്കാരം സ്വീകരിക്കേണ്ടിയിരുന്ന നിലപാടല്ല സ്വതന്ത്രഭാരതത്തിൽ സംസ്ക്കാരം സ്വീകരിക്കേണ്ടിയിരിക്കുന്നതു്. ഈ കടമകളുടെ നിർവഹണത്തിൽ പരാജയപ്പെടുമ്പോഴാണു് സംസ്ക്കാരങ്ങൾ നാമാവശേഷമാകുന്നതു്. ഗ്രീക്കു, റോമൻ സംസ്ക്കാരങ്ങൾക്കതാണു് സംഭവിച്ചതു്. ഒരു സാമ്രാജ്യമായി വികസിച്ചുകഴിഞ്ഞ റോമിൻെറ പരിതസ്ഥിതികൾക്കനുസൃതമായി രൂപം മാറുവാനുള്ള കഴിവു് അന്നത്തെ റോമൻ സംസ്കാരം പ്രദർശിപ്പിച്ചില്ല. ആധുനിക ശാസ്ത്രീയ നേട്ടങ്ങളുടെ ഫലമായി ലോകത്തിൻെറ ഏതൊരു കോണിലും നടക്കുന്ന ഏററവും നിസ്സാരമായ സംഭവങ്ങൾക്കുപോലും ഇന്നു് അഖിലലോക പ്രത്യാഘാതങ്ങൾ ഉളവാകുന്നു. അമേരിക്കൻ ഐക്യനാട്ടിലെ തെക്കൻ പ്രദേശത്തെ ഒരു സ്കൂളിൽ നീഗ്രോയ്ക്കു് പ്രവേശനം അനുവദിക്കാതെയിരുന്ന സംഭവത്തിനു് ലഭിച്ച പ്രചരണം അതാണു് കുറിക്കുന്നതു്. ഈ പരിതസ്ഥിതിയിൽ പതിനെട്ടും പത്തൊൻപതും നൂററാണ്ടുകളിലെ സംസ്കാരത്തിൻെറ കടമയല്ല ഈ ഇരുപതാംനൂററാണ്ടിൽ നിർവ്വഹിക്കേണ്ടിയിരിക്കുന്നതു്. അതിനനുസരണമായി സംസ്കാരം രൂപം കൊള്ളുമ്പോൾ പാരമ്പര്യത്തിൻെറയും യാഥാസ്ഥിതികത്വത്തിൻെറയും പേരിൽ അതിൽ അമർഷം

കൊള്ളുന്നവർ ചരിത്രത്തിന്റെ ചുവരെഴുത്ത് മായിക്കുവാൻ കഴിവില്ലാത്തവരാണ്. കാലത്തിനനുസരണമായി പരിവർത്തനം ചെയ്തു എന്ന സവിശേഷത മൂലമാണ് ഇന്ത്യയുടെ സംസ്കാരം ഇന്ന് പുരോഗമിച്ചുകൊണ്ടിരിക്കുന്നത് എന്ന വസ്തുത അവർ മറന്നുപോകുന്നു.

പരിവർത്തനം എന്നും വളർച്ചയെ കുറിക്കുന്നതല്ല. എങ്കിലും പരിവർത്തനംകൂടാതെ വളർച്ച ഉണ്ടാകുന്നതല്ല. നിശ്ചലത നാശത്തിന്റെ മുന്നോടിയാണ്. പ്രത്യേകിച്ചും സാമൂഹ്യവും സാംസ്കാരികവുമായ രംഗങ്ങളിൽ ഒന്നിലധികം ആശയങ്ങൾ സമ്മേളിക്കുമ്പോൾ അഭിപ്രായങ്ങൾതമ്മിൽ ഏററുമുട്ടുന്നത് പുരോഗമനത്തിന്റെ ലക്ഷണമാണ്. അതിനിടയ്ക്ക് ഉണ്ടാകുന്ന സംഘട്ടനങ്ങളെ ഒരു പുതിയ ആശയത്തിന്റെ പേററുനോവായി കാണുവാനുള്ള മനഃസ്ഥിതിയും സഹിഷ്ണുതയും ആവശ്യമാണ്. ഒരു പ്രത്യേക സിദ്ധാന്തത്തിന്റെ തിരുക്കുററിയിൽ ബന്ധിക്കപ്പെട്ടുകൊണ്ട് പുരോഗമനത്തിനുവേണ്ടി നടത്തുന്ന എല്ലാപരിശ്രമങ്ങളും പരാജയപ്പെട്ടുകയേയുള്ളു എന്ന് ലോകമതങ്ങളും ആധുനിക ഇസങ്ങളും വ്യക്തമാക്കിക്കഴിഞ്ഞു. പുരോഗമനത്തിന്റെ അവസാനവാക്കായി ബുദ്ധനേയോ, ക്രിസ്തുവിനേയോ, ഗാന്ധിയേയോ, മാർക്സിനേയോ പ്രതിഷ്ഠിക്കുന്നത് ആത്മവഞ്ചനയാണ്. അവരെല്ലാം തങ്ങളുടെ കാലഘട്ടങ്ങളിലെ സംസ്കാരത്തിന്റെ പുരോഗതിയ്ക്ക് അനശ്വരമായ സംഭാവനകൾ നല്കിയിട്ടുള്ളവരാണ് എന്ന പരമാർത്ഥം വിസ്മരിക്കാതെതന്നെ അവരെക്കൊണ്ടുമാത്രം സംതൃപ്തമാകാതെ ലോകം ഇന്നും പുതിയനേതൃത്വത്തിനുവേണ്ടി വെമ്പുകയാണ്. വേദങ്ങളോ, പുരാണങ്ങളോ, ഗീത

യോ ഒന്നും ഇന്ത്യയിൽ പുരോഗതിയുടെ അവസാനത്തെ മൈൽക്കുററിയായി എണ്ണപ്പെട്ടിരുന്നില്ല. അവ വിരചിക്കപ്പെട്ട കാലഘട്ടത്തിലെ സംസ്കാരത്തിൻെറ പുരോഗതിക്ക് അനശ്വരമായ സംഭാവനകൾ നൽകിയിട്ടുള്ളവരാണ് എന്ന പരമാർത്ഥം വിസ്മരിക്കാതെ തന്നെ അവരെക്കൊണ്ടുമാത്രം സംതൃപ്തമാകാതെ ലോകം ഇന്നും പുതിയ നേതൃത്വത്തിനുവേണ്ടി വെമ്പുകയാണ്. വേദങ്ങളോ പുരാണങ്ങളോ ഗീതയോ ഒന്നും ഇന്ത്യയിൽ പുരോഗതിയുടെ അവസാനത്തെ മൈൽക്കുററിയായി എണ്ണപ്പെട്ടിരുന്നില്ല. അവ വിരചിക്കപ്പെട്ട കാലഘട്ടത്തിലെ സംസ്ക്കാരത്തിൻെറ നിദർശനങ്ങളാണ് അതെല്ലാം. ബൈബിളിനപ്പുറം നീങ്ങുവാൻ കരുത്തില്ലാത്തവരും പുരോഗമനത്തിൻെറ പേരിൽ ദാസ്ക്യാപിററലിനപ്പുറത്ത് ഒരു ലോകമുണ്ടെന്ന് വിശ്വസിക്കാത്തവരും ഇന്ത്യൻ സംസ്ക്കാരത്തിൻെറദൃഷ്ടിയിൽ യാഥാസ്ഥിതികരാണ്. ചലനാത്മകമായ ഈ ലോകത്തിൽ നിശ്ചലത മരണമാണ് എന്ന് സഹസ്രാബ്ദങ്ങൾക്കു മുൻപു തന്നെ മനസിലാക്കിയതിൻെറ ഫലമായിട്ടാണ് ഇവിടത്തെ സംസ്ക്കാരം ഇന്നും ജീവിക്കുന്നത്. പക്ഷെ പാശ്ചാത്യ സംസക്കാരങ്ങൾ ആ യാഥാർത്ഥ്യത്തിൻെറ നേരെ കണ്ണടയ്ക്കുകയാണ് ചെയ്യുന്നത്.

നൂററാണ്ടുകളുടെ നേട്ടം

ഇന്ത്യയുടെ സംസ്ക്കാരം ഒന്നോ രണ്ടോ ശതാബ്ദങ്ങളോ സഹസ്രാബ്ദങ്ങളോ കൊണ്ടുണ്ടായതല്ല. ലോകത്തിലെ ഏററവും പുരാതന സംസ്ക്കാരങ്ങളിലൊന്നാണത്. പാരമ്പര്യത്തിലും കാലദൈർഘ്യത്തിലും ഒരു പക്ഷെ അതിനോട്ട് അടുത്തു നിൽക്കുവാൻ ചൈന

യുടെ സംസ്ക്കാരം മാത്രമെയുള്ളൂ; ആര്യന്മാരായിരുന്നു ഈ സംസ്ക്കാരത്തിന്റെ കല്ലിടീൽ കർമ്മം നടത്തിയതെന്നു് ഇന്നലെവരെ പരക്കെ വിശ്വസിക്കപ്പെട്ടിരുന്നു. അപരിഷ്കൃതരായ ഈ ഭൂമിയിലെ കിരാത മനുഷ്യരുടെ ഇടയിൽ അവർ വന്നു സംസ്ക്കാരത്തിന്റെ വെള്ളി വെളിച്ചം വീശിയെന്നു ധരിച്ചിരുന്നു. എന്നാൽ അവരുടെ വരവിനുമുൻപും ഇന്ത്യയിൽ വളർച്ച പ്രാപിച്ച ഒരു സംസ്ക്കാരത്തിന്റെ അധിനായകർ ജീവിച്ചിരുന്നുവെന്നു് ആധുനികഗവേഷണങ്ങൾ തെളിയിക്കുന്നുണ്ടു. ഹാരപ്പായിലും മോഹൻജദാരോയിലും ജീവിച്ചിരുന്ന അക്കൂട്ടർക്കു് തെക്കെ ഇന്ത്യയിലെ ദ്രാവിഡരുമായി വർഗ്ഗബന്ധമുണ്ടു് എന്നു് പണ്ഡിതന്മാർ പലരും അഭിപ്രായപ്പെടുന്നു. അവരും ഈ പുരാതന ഭൂമിയിലെ ആദിമ നിവാസികളായിരുന്നില്ലാ എന്നതാണു് പരമാർത്ഥം. തുടർച്ചയായുള്ള ഒരു കുടിയേററ പ്രവാഹത്തിന്റെ മുന്നണി മാത്രമായിരുന്നു അവർ. ചില നരവംശ ശാസ്ത്രജ്ഞന്മാരുടെയും ഭൂഗർഭശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായത്തിൽ ആൻഡമാൻ ദ്വീപുകളിൽ ഇന്നു കാണുന്ന അപരിഷ്കൃതരാണു് ഇന്ത്യയിലെ ആദിമ നിവാസികളുടെവംശം. അവർക്കു് ആഫ്രിക്കയിലെ നീഗ്രോകളുമായി അടുത്ത ബന്ധം കാണാവുന്നതാണു്. ഒരു കാലത്തു് ഡക്കാൺ പ്രദേശവും ആഫ്രിക്കയും തമ്മിൽ കരമാർഗ്ഗം ബന്ധിക്കപ്പെട്ടിരുന്നുവെന്നു് ഊഹിക്കുന്നതിലും തെററില്ല. കന്യാകുമാരിയുടെ തുടർച്ചയായി "പാറൊലിനാടു്" എന്ന പേരിൽ ഒരു ഭൂവിഭാഗമുണ്ടായിരുന്നതായും ഏതോ ഭൂകമ്പകാലത്തു് അതു് താണുപോയതായും ഒരു ഐതിഹ്യം തമിഴർക്കുമുണ്ടു്. സിലോൺ

ഈ വൻകരയുടെ ഒരു ഭാഗമായിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെയും സിലോണിലെയും ഭൂമിയുടെ കിടപ്പും മനുഷ്യരുടെ ജീവിതരീതിയും ഭാഷാരൂപവും ഈ സംശയത്തിനടിസ്ഥാനമായുണ്ട്. ആ കാലഘട്ടത്തിൽ ഉത്തരേന്ത്യാ സമുദ്രത്തിന് അടിയിലായിരുന്നു എന്നു കരുതുന്നതിലും തെററില്ല.

ദ്രാവിഡരുടെ കുടിയേററത്തിനുശേഷം ഇന്ത്യ അനേകം വട്ടം വിദേശീയാക്രമണത്തിന് വിധേയമായിട്ടുണ്ട്. ഓരോ പ്രാവശ്യവും ഇന്ത്യയുടെ സംസ്കാരം നിർണ്ണായകമായ പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടിവന്നു. എന്നാൽ ആ അഗ്നിപരീക്ഷണങ്ങളിലൊന്നിലും ഇന്ത്യൻ സംസ്കാരം പരാജയപ്പെട്ടില്ല. വിദേശീയ സംസ്കാരങ്ങളുടെ സ്വാധീനതകൾ ഇന്ത്യൻ സംസ്ക്കാരത്തെ പോഷിപ്പിച്ചു. ഗ്രീക്കുകാരും, ശാകന്മാരും ഹൂണന്മാരും ഇങ്ങനെ ഇന്ത്യയെ ആക്രമിച്ചവരിൽ ചിലർമാത്രമാണ്. ഇന്ത്യയുടെ മണ്ണിൽ വിജയശ്രീലാളിതരായിട്ടാണ് അവരെല്ലാം പ്രത്യക്ഷപ്പെട്ടത്. പക്ഷെ അധികം താമസിയാതെ അവരുടെ സംസ്ക്കാരത്തിന്റെ വ്യക്തിത്വംപോലും ഇവിടെ നാമാവശേഷമായി.

ദ്രാവിഡർ ഇന്ത്യയിൽ എത്തിയത് വടക്കുപടിഞ്ഞാറൻ അതിർത്തികളിൽക്കൂടിയാണ്. ഒരു കാലത്ത് അവർ ഇവിടെ പരമാധികാരം സ്ഥാപിച്ചിരുന്നു എന്നതിന് തെളിവുകളുണ്ട്. അവക്കുശേഷം വന്ന ആര്യന്മാരുമായി ഏററുമുട്ടിയതിൽ അവർ പരാജയപ്പെടുകയും വനാന്തരങ്ങളിലേയ്ക്ക് പിൻവാങ്ങുകയും ചെയ്തിരുന്നു എന്ന് ഊഹിക്കുന്നതിൽ തെററില്ല. അങ്ങനെ

യാണ് ഫലഭൂയിഷ്ഠമായ ഗംഗാ, സിന്ധു നദീതടങ്ങളിൽ താമസിച്ചിരുന്ന ദ്രാവിഡർ വിന്ധ്യാ, സാത്പുറാ പർവ്വത നിരകൾ കടന്ന് തെക്കെ ഇന്ത്യയിലേയ്ക്കു നീങ്ങിയതു്. നൂററാണ്ടുകളായി ഇന്ത്യൻ സമതലങ്ങളിൽ ജീവിച്ച ദ്രാവിഡർ മദ്ധ്യ ഏഷ്യയിലെ പർവ്വത പ്രദേശത്തുനിന്നും വന്ന ആര്യന്മാരാൽ പരാജയപ്പെടുത്തപ്പെട്ടു എന്നതും സ്വാഭാവികം മാത്രമാണ്. കാലക്രമേണ അവർ ആര്യന്മാരുമായി സങ്കരം പ്രാപിച്ചു. ദ്രാവിഡരുടെ പല ആചാരങ്ങളും വിശ്വാസങ്ങളും അവരുടെ പ്രീതിയ്ക്കായി ആര്യന്മാർ സ്വീകരിച്ചു. ഇന്ന് ഹിന്ദുമതത്തിൽ സമുന്നതമായ സ്ഥാനം കരസ്ഥമാക്കിയിരിക്കുന്ന ശിവൻ ഒരു ദ്രാവിഡദേവനാണ്. സിന്ധു നദീതട സംസ്കാരത്തിൻെറ അവശിഷ്ടങ്ങളിൽ ശിവന്റെ ചിത്രങ്ങളുടെ നഷ്ടാവശിഷ്ടങ്ങൾ പലതും കണ്ടുകിട്ടിയിട്ടുണ്ടു്.

ഇന്ത്യൻ സംസ്കാരത്തിൻെറ അടിത്തറ.

ഓരോ വിദേശീയ വർഗ്ഗത്തിൻെറയും വരവ് ഇന്ത്യൻ സംസ്കാരത്തെ കൂടുതൽകൂടുതൽ വൈവിദ്ധ്യമുള്ളതാക്കിതീർത്തു. വിദേശീയ ജനതകളുടെ പ്രത്യേകതകൾ ഈ സംസ്കാരത്തിൽ ലയിച്ചുചേർന്നു. എന്നാൽ അതു് വെറും യാന്ത്രികസംയോജനമായിരുന്നില്ല. വിരുദ്ധ സംസ്കാരങ്ങളുടെ സ്വാധീനതകൾ പരസ്പരം ഏററുമുട്ടി ആഘാതപ്രത്യാഘാതങ്ങൾ സൃഷ്ടിച്ച് നിലനില്ക്കുവാൻ അർഹതയുള്ളവയെ മാത്രം നിലനിർത്തുന്ന രസതന്ത്രപ്രയോഗമായിരുന്നു അതു്. അങ്ങനെയുള്ള ആഘാതപ്രത്യാഘാതങ്ങളിലൊന്നിലുംപരാജയപ്പെട്ടു പിൻവാങ്ങാനിടയാകാത്ത ഒരു സംസ്കാ

രമാണ് ആദ്യമായിതന്നെ ഈ മണ്ണിൽ വളന്നതു്. അതു് ഇന്ത്യയിലെ ആദിമ ജനതയുടെയും മോഹൻജദാരോയിലും ഹാരപ്പായിലും കണ്ട സംസ്കാരത്തിൻെറ ഉടമാവകാശികളുടെയും അതിനുശേഷം ഇന്ത്യയെ ആക്രമിച്ച ആര്യന്മാരുടെയും സംസ്കാരങ്ങളുടെ പരസ്പര ലയനത്തിൻെറ ഫലമായി രൂപം പ്രാപിച്ചതാണു് ഈ അടുത്തകാലംവരെ അതിനെ ആര്യസംസ്കാരമായി തെററിദ്ധരിച്ചിരുന്നു എന്നുമാത്രം.

മദ്ധ്യ ഏഷ്യയിലെ ആര്യന്മാരിൽ ഒരു വിഭാഗം ഇന്ത്യയിൽ കുടിയേറിപാർത്തതോടൊപ്പം മററു വിഭാഗങ്ങൾ ലോകത്തിൻെറ ഇതര ഭാഗങ്ങളിലും കുടിയേററം നടത്തിയിരുന്നു. എന്നാൽ ഇന്ത്യയിൽ അവരുടെകൂടി സങ്കരഫലമായി രൂപംപ്രാപിച്ച സംസ്കാരത്തെപ്പോലെ വൈവിദ്ധ്യമുള്ളതും തുടർച്ചയായി നിലനില്ക്കുന്നതുമായ മറെറാരു സംസ്കാരം ആ പ്രദേശത്തെങ്ങും വളന്നിട്ടില്ല. അതിനാൽ ആര്യസംസ്കാരമല്ല ഇന്ത്യൻ സംസ്കാരം എന്നു് വ്യക്തമാണു്. ഇന്ത്യൻ സംസ്കാരത്തിൻെറ പ്രത്യേകതകൾക്കു് ആര്യസംസ്കാരത്തേക്കാൾ മററു ഘടകങ്ങളോടാണു് കൂടുതൽ കടപ്പാടുള്ളതു്. ആ നിലയിൽ സിന്ധുനദീതട സംസ്കാരവും ഇന്ത്യയിലെ ആദിമനിവാസികളുടെ സംസ്കാരവും ആര്യസംസ്കാരത്തെക്കാൾ പുരോഗമിച്ചതായിരുന്നു എന്നു് ഊഹിക്കുന്നതിൽ തെററില്ല. പക്ഷെ ആര്യന്മാരുടേയോ അവക്കു് മുമ്പു് ജീവിച്ചിരുന്നവരുടേയോ സംസ്കാരത്തെപ്പററി ഒരു വ്യക്തമായ ചരിത്രം ലഭിക്കുവാൻ ഇതേവരെ കഴിഞ്ഞിട്ടില്ല. ഹാരപ്പായിലും മൊഹൻജദാരോയിലും നടത്തിയ ഭൂഗർഭ ഗവേഷണങ്ങളിൽനിന്നും ലഭി

ച്ച അറിവുകൊണ്ടുവേണം അവരെപ്പററി മനസ്സിലാക്ക വാൻ. അതുപോലെ ആര്യസംസ്കാരത്തിന്റേതായി നമു ക്കലഭിച്ചിരിക്കുന്നതു് വേദങ്ങളും, ഉപനിഷത്തുകളും, പുരാണങ്ങളുമാണു്. അക്കൂട്ടത്തിൽ ചരിത്ര പുസ്തക മെന്നപേരിന് അർഹമായതു് കാശ്മീരിന്റെ ചരിത്ര മായ രാജതരംഗിണി മാത്രമാണു്. പക്ഷെ അതു് വളരെ പിൽക്കാലത്തു് എഴുതപ്പെട്ടതാണ്. പിന്നെയു ള്ളതു് ജാതക കഥകളെപ്പോലുള്ള ഏതാനും മിശ്രകഥ കളാണ്. അവയിൽ ചരിത്ര സത്യത്തിനോടൊപ്പം ഭാവനയും സ്ഥലം പിടിച്ചിട്ടുണ്ടു്. ആര്യ സംസ്കാരം തന്നെ ബുദ്ധമതത്തിന്റെ ആവിർഭാവം മൂലം രണ്ടായി വിഭജിക്കപ്പെട്ടു. ബുദ്ധന്റെ ജനനത്തിനു മുൻമ്പു് ഇന്ത്യ യിൽ പ്രചരിച്ചിരുന്ന വേദസംസ്കാരവും ബുദ്ധമത ത്തിന്റെ ഇന്ത്യയിലെ അധഃപതനത്തിനുശേഷം ഉയ ന്ന പൗരാണിക സംസ്കാരവും ഇവ രണ്ടിനോടും കൂടി ബുദ്ധമതവും അതിന്റേതായ സാംസ്കാരിക സംഭാ വനകളും കൂടി കണക്കിലെടുത്താൽ മാത്രമെ ആര്യസം സ്കാരത്തിന്റെ പൂർണ്ണമായ ചിത്രം നമുക്കു ലഭിക്കുക യുള്ളു. എന്നാൽ പ്രസ്തുത ആര്യസംസ്കാരം തന്നെ പലതിന്റെയും സ്വാധീനതകൾ ചേർന്നുണ്ടായതാണു്. ആര്യന്മാരുടെ ശുദ്ധമായ സംസ്കാരം അവർ ഇന്ത്യ യിൽ കുടിയേറി പാർത്ത ആദ്യ കാലഘട്ടത്തിൽ നിലനി ന്നിരുന്നതാണു്. അതേപ്പററി എന്തെങ്കിലും അറിവു് ലഭിക്കുവാൻ നമുക്കിന്നു് വേദങ്ങൾ മാത്രമെയുള്ളു.

ഓരോ വിദേശിയാക്രമണത്തോടും കൂടി ഇന്ത്യൻ സംസ്കാരത്തിന്റെ മാററു് വർദ്ധിക്കുകയാണുണ്ടായതു് എന്നു് മുൻപൊരിടത്തു് സൂചിപ്പിച്ചുവല്ലൊ. ഇന്നു്

ഇന്ത്യൻ സംസ്ക്കാരത്തിന്റേതെന്ന് അവകാശപ്പെടാവുന്ന എല്ലാം- ഒരു പദമോ, ആദർശമോ, കലാരൂപമോ, സിദ്ധാന്തമോ, സാമൂഹ്യാചാരമോ എല്ലാംതന്നെ വിരുദ്ധങ്ങളായ അനേകം സംസ്കാരങ്ങളുടെ സമ്മേളനഫലമായി രൂപം പൂണ്ടിട്ടുള്ളതാണ്. ആധുനിക ഇന്ത്യയുടെ സാമൂഹ്യവും സാംസ്ക്കാരികവുമായ മണ്ഡലങ്ങളിൽ ഉണ്ടാകുന്ന ഓരോ ചെറു ചലനവും ഇന്ത്യയുടെ ചരിത്രാതീത കാലം മുതലുള്ള പ്രത്യേക പരിതസ്ഥിതികളുടെ ഫലമാണ്. ഇന്ത്യൻ മതങ്ങളും സമുദായരൂപങ്ങളും സാമൂഹ്യാചാരങ്ങളും ഏതെങ്കിലും പ്രത്യേക വിദേശീയ വർഗ്ഗത്തിന്റെ ആക്രമണത്തിന്റെ സ്വാധീനതയുടെ ഫലമായി ഉണ്ടായതാണ് എന്ന് അഭിപ്രായപ്പെടുന്നവർ ഇന്ത്യൻ ചരിത്രത്തിന്റെ അഗാധ തലങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നവരല്ല.

സാംസ്കാരിക ഐക്യം

ഇങ്ങനെ വിവിധങ്ങളും വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ കേന്ദ്രങ്ങളിൽ നിന്നാണ് ഇന്ത്യൻ സംസ്ക്കാരത്തിന്റെ ഘടകങ്ങൾ രൂപം കൊണ്ടിട്ടുള്ളതെങ്കിലും പ്രാചീന കാലം മുതൽ തന്നെ ഒരു ഐക്യം അവയ്ക്കുണ്ടായിരുന്നു. ഒരുപക്ഷെ അതാണ് ഇന്ത്യൻ സംസ്ക്കാരത്തിന്റെ അടിസ്ഥാനപരമായ ഏററവും പ്രാധാന്യമേറിയ പ്രത്യേകത. വിരുദ്ധ ശക്തികൾ തമ്മിലുണ്ടായ ഐക്യവും ക്രമപ്രവൃദ്ധമായി അതിലൂടെയുള്ള വളർച്ചയും ഇന്ത്യയുടെ സാംസ്കാരിക ചരിത്രത്തിലുടനീളം കാണാം. വൈദേശിക സംസ്ക്കാരങ്ങളുടെ പുറംപൂച്ചുകൾകൊണ്ട് പരാജയപ്പെടാത്ത കെട്ടുറപ്പുള്ള ഒരു സംസ്ക്കാരത്തിന്റെ ഉടമയായിരുന്നു ഇന്ത്യ എന്ന

ത്തോടൊപ്പം വിദേശിയ സംസ്കാരങ്ങളിൽ നിന്നും സ്വീകാര്യവും അഭികാമ്യവുമായി എന്തെങ്കിലും കണ്ടാൽ അതിനെ സ്വീകരിക്കുവാനും സ്വന്തമാക്കുവാനുമുള്ള ദൂരവീക്ഷണശക്തിയും സഹിഷ്ണുതാ മനോഭാവവുമാണ് പ്രസ്തുത ഐക്യത്തിനു കാരണമായ ഘടകങ്ങൾ. ഇന്ത്യയുടെ ഭൂമിശാസ്ത്രവും അതിന്റെ സാംസ്ക്കാരികവും രാഷ്ട്രീയവുമായ ഐക്യത്തിന്റെ കാരണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ്. ഈ രാജ്യത്തെ വിഭജിക്കാനൊ പ്രകൃതിസിദ്ധമായ അതിരുകൾക്കതീതമായി അതിനെ വികസിപ്പിക്കുവാനോ ചരിത്രാതീതകാലം മുതൽ നടത്തിയ എല്ലാ പരിശ്രമങ്ങളും പരാജയപ്പെടുകയാണുണ്ടായത്. ഇന്ത്യയിലേക്കു വന്ന ആര്യന്മാർ വേഗത്തിൽ അവരുടെവിദേശബന്ധുക്കളുമായുള്ള സമ്പർക്കം അവസാനിപ്പിച്ച് ഈ രാജ്യത്തെ ജനതയുമായി ഐക്യപ്പെടേണ്ടിവന്നു. തന്മൂലം ഇന്ത്യയിലെ ആര്യന്മാരുടെ സംസ്കാരം മദ്ധ്യ ഏഷ്യയിലേയും യൂറോപ്പിലെയും ആര്യന്മാരുടേതിൽനിന്നും വ്യത്യസ്തമായി വളർന്നു. തുർക്കികളെയും, അഫ്ഗാൻമാരെയും, മംഗോളിയരെയും സംബന്ധിച്ചിടത്തോളം ഇതുതന്നെയാണ് ആവർത്തിക്കപ്പെട്ടതും. ഇന്ത്യൻ തുർക്കികൾ വിദേശ തുർക്കികളിൽനിന്നും സാംസ്കാരികമായി വ്യത്യസ്തമായ ഒരു ജന വിഭാഗമായി വേഗത്തിൽ മാറി. അവരുടെ ജന്മഭൂമിയായി ഇന്ത്യയെ അംഗീകരിക്കുവാനും ഈ രാജ്യത്തിന്റെ അഭ്യുദയത്തിനുവേണ്ടി പ്രവർത്തിക്കുവാനും അവർ തയ്യാറായി. ഇന്ത്യയിൽവന്ന യൂറോപ്യന്മാർ മാത്രമാണ് അക്കാര്യത്തിൽ ഒരു വ്യത്യസ്തത. അവർ യൂറോപ്പിൽ കാലുറപ്പിച്ചുകൊണ്ട് തങ്ങളുടെ മാതൃരാജ്യ

ത്തിൻവേണ്ടി ഇന്ത്യയെ ദൂഷണംചെയ്യുക എന്ന നയം സ്വീകരിച്ചു.

അതുപോലെതന്നെ ഈ രാജ്യത്തിൻെറ വൈകാരികമായ ഐക്യത്തെ കണക്കിലെടുക്കാതെ പ്രവത്തിച്ച എല്ലാ ശക്തികളും പരാജയപ്പെട്ടതായി ചരിത്രത്തിൽ കാണാം. പഞ്ചാബിനെ അഫ്ഗാനോടു ചേക്കുവാനുള്ള ഗ്രീക്ക പരിശ്രമവും കാൻഡഹാറിനെ മൗര്യസാമ്രാജ്യത്തോടു ചേക്കുവാനുള്ള ചന്ദ്രഗുപ്തൻെറയും അനുയായികളുടെയും പരിശ്രമവും ഒരുപോലെ പരാജയപ്പെട്ടു. കാബൂളിൽ തലസ്ഥാനം സ്ഥാപിച്ചുകൊണ്ടു് ഇന്ത്യ ഭരിക്കുവാൻ മഹമ്മദ് ഗസ്നി നടത്തിയ പരിശ്രമവും ഇന്ത്യയുടെ വടക്കേ അതിത്തിയ്ക്കപ്പുറമുള്ള ഭൂവിഭാഗത്തെക്കൂടി അടക്കിഭരിക്കുവാൻ അഫ്ഗാൻ സുൽത്താൻ നടത്തിയ ശ്രമവും പരാജയപ്പെടുകയാണുണ്ടായതു്. മുഗൾ ചക്രവത്തിമാരുടെ കാലത്തു് ഈ ചരിത്രം ഒന്നുകൂടി ആവത്തിക്കപ്പെട്ടു. സിൻഡ് ചരിത്രത്തിൽ അനേകം പ്രാവശ്യം പേർഷ്യയോടു ചേക്കപ്പെട്ടിട്ടുണ്ടു്. പ്രത്യേകിച്ചും മദ്ധ്യകാലശതകങ്ങളിൽ. പക്ഷെ ഒരു പ്രാവശ്യവും തുടർച്ചയായി ഏതാനും വഷത്തേയ്ക്കെങ്കിലും സിൻഡിനെ വച്ചുകൊണ്ടിരിക്കുവാൻ പേർഷ്യയ്ക്കു കഴിഞ്ഞിട്ടില്ല. പല്ലവ രാജാക്കന്മാർ ബംഗാൾ സമുദ്രത്തിനപ്പുറം കോളനികൾ സ്ഥാപിക്കുവാനു നടത്തിയ ശ്രമങ്ങളും അതുപോലെ പരാജയപ്പെട്ടു.

ബാഹ്യലോകത്തിൽനിന്നു് ഈ വിധത്തിൽ വേർതിരിക്കപ്പെട്ട ഇന്ത്യ അവിഭാജ്യമായ ഒരു ഘടകമായി നിലനിൽക്കുവാനുള്ള പരിശ്രമവും പ്രാചീനകാലം മുതൽതന്നെ നടന്നുപോന്നു. രാജാക്കന്മാരും ചക്രവത്തി

മാരും അതിനുവേണ്ടി ശ്രമിച്ചതിന്റെ കഥകൾ ഇന്ത്യയുടെ ചരിത്രത്തിലുണ്ടു്. രാമായണവും മഹാഭാരതവും രാഷ്ട്രീയമായി ഇന്ത്യയെ സംയോജിപ്പിക്കുവാൻ നടത്തിയ പരിശ്രമങ്ങളുടെ പുരാണങ്ങളാണു്. അതിലേയ്ക്കുവേണ്ടി പരിശ്രമിച്ച ആദ്യത്തെ ചരിത്രപുരുഷൻ ചന്ദ്രഗുപ്ത മൗര്യനാണു്. അശോകൻ ആ പാരമ്പര്യം തുടൎന്നുപോന്നു. അദ്ദേഹത്തിനു മുമ്പോ പിമ്പോ അത്രവളരെ ഭൂവിഭാഗം ഒരു ഭരണത്തിൻകീഴിലാക്കുവാൻ ഇന്ത്യയിലാൎക്കും കഴിഞ്ഞിട്ടില്ല. സ്വതന്ത്ര ഇന്ത്യപോലും പാക്കിസ്ഥാൻ എന്നും ഹിന്ദുസ്ഥാൻ എന്നും വിഭജിക്കപ്പെട്ടുപോയതിനാൽ അശോകന്റെ സാമ്രാജ്യത്തെക്കാളും ചെറുതാണു്. ഗുപ്തരാജാക്കന്മാരും ശ്രീഹൎഷനമെല്ലാം അതിനുശേഷവും ഇന്ത്യയെ സംയോജിപ്പിക്കുവാൻ ശ്രമിച്ചു. ഒട്ടൊക്കെ അതു വിജയിക്കുകയുംചെയ്തു. പക്ഷെ അവരിൽ ആരുംതന്നെ അക്കാൎയ്യത്തിൽ പൂൎണ്ണമായി വിജയിക്കയോ അവരുടെ സാമ്രാജ്യങ്ങൾ അധികകാലം നിലനിൽക്കുകയോ ചെയ്തില്ല. മദ്ധ്യശതകങ്ങളിൽ അഫ്ഗാൻ സുൽത്താന്മാരും അതിനുശേഷം മുഗൾ ചക്രവൎത്തിമാരും വീണ്ടും അതേലക്ഷ്യത്തിനുവേണ്ടിതന്നെ പരിശ്രമിച്ചു. ബാഹ്യലോകത്തിൽ നിന്നുംവേർതിരിഞ്ഞു് ഇന്ത്യ ഒരു ഭരണത്തിൻകീഴിലാകണമെന്നുള്ളതാണു് ചരിത്രാതീത കാലം മുതൽ ഇന്ത്യയുടെ ചരിത്രത്തിൽ പ്രകടമായി കണ്ട രാഷ്ട്രീയ ലക്ഷ്യം. ഭൂമിശാസ്ത്രപരമായ കിടപ്പു് ഇന്ത്യയ്ക്കു നൽകിയ ഐക്യഭാവം ചരിത്രത്തിൽ ഉടനീളം സ്വാധീനത ചെലുത്തിയതായി കാണാം.

എന്നാൽ ഈ ചരിത്ര യാഥാർത്ഥ്യത്തിനു വിപരീതമായി ഇന്ത്യ ഇന്ന് വിഭജിക്കപ്പെട്ടിരിക്കയാണ്. ചരിത്രത്തിനും ഭൂമിശാസ്ത്രത്തിനും സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിക്കുമെതിരായുള്ള ഈ വിഭജനം എത്രകാലം തുടരുമെന്ന് കണ്ടുതന്നെ അറിയണം. മതഭ്രാന്തരായ നേതാക്കൾ അഴിച്ചുവിട്ട വർഗ്ഗീയ വൈരം ഇന്നത്തെ തലമുറയെ വിഷംപോലെ ബാധിച്ചതിന്റെ ഫലമായിട്ടാണ് ഈ കൃത്രിമ വിഭജനം നടന്നത്. ഇതൊരു മായാമരീചികയാണെന്ന് താമസിയാതെതന്നെ ഇരു രാജ്യങ്ങളിലേയും ജനങ്ങൾക്ക് ബോദ്ധ്യമാകും. ഒന്നിലധികം തലമുറകൾ നീണ്ടുനിന്ന അനേകം വിഭജനങ്ങൾ ഇതിനു മുൻപും ഇന്ത്യയുടെ ചരിത്രത്തിലുണ്ടായിട്ടുണ്ട്.

കൂടുതൽ കൂലങ്കഷമായ ഒരു പഠനത്തിന് ഇന്ത്യാചരിത്രം വിധേയമാക്കുകയാണെങ്കിൽ ഈ ഐക്യത്തിനുള്ളിൽതന്നെ ഒരു ദ്വൈത ഭാവം കാണുവാൻ കഴിയും. വിന്ധ്യ, സാത്പുറാ പർവ്വതനിരകൾ കൊണ്ടു രണ്ടായി വിഭജിക്കപ്പെട്ട ഇന്ത്യ ചരിത്രത്തിന്റെ പ്രധാനപ്പെട്ട ഘട്ടങ്ങളിലും രണ്ടായി തന്നെ നിലകൊണ്ടു. ഗംഗാ നദീതടം കേന്ദ്രമാക്കിയുള്ള ആര്യാവർത്തവും കാവേരി നദീതടം കേന്ദ്രമാക്കിയുള്ള ഡക്കാൻ പ്രദേശവും സംസ്കാരവും മതവും സംസ്കൃതവുമാണ് ഇവയെതമ്മിൽ യോജിപ്പിച്ചത്. സിൻഡിലും കൈബർപാസ്സിലും നിന്നാരംഭിച്ച എല്ലാ വിദേശിയാക്രമണങ്ങളും പരാജയപ്പെട്ടപ്പോൾ മദ്രാസിലും ബംഗാളിലുമായി ഒരേസമയത്ത് ആരംഭിച്ച ബ്രിട്ടീഷ് സാമ്രാജ്യ സ്ഥാപനം ഇന്ത്യയിൽ വിജയിച്ചത് അതുകൊണ്ടാണ്. മൌര്യ രാജാക്കന്മാരും

ഗുപ്ത രാജാക്കന്മാരും അഫ്ഗാൻ സുൽത്താന്മാരും മുഗൾ ചക്രവർത്തിമാരും ഉത്തരേന്ത്യയുടെ സൈന്യം കൊണ്ടു് ദക്ഷിണേന്ത്യയെ പിടിച്ചടക്കുവാനാണ് പരിശ്രമിച്ചതു്. അതുപോലെ മഹാരാഷ്ട്രന്മാർ ദക്ഷിണേന്ത്യയുടെ സൈന്യമുപയോഗിച്ച് ഉത്തരേന്ത്യയെ കീഴടക്കുവാനും ശ്രമിച്ചു. അങ്ങിനെ ഇന്ത്യയെ വിഭജിച്ചുകൊണ്ടു നടത്തിയ എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടു. ഉത്തരേന്ത്യാ ഹൂണന്മാരുടെ തുടർച്ചയായുള്ള ആക്രമണത്തിനു് വിധേയമായപ്പോൾ ഇന്ത്യൻസംസ്കാരത്തിന്റെ കേന്ദ്രം ദക്ഷിണേന്ത്യയിലേയ്ക്കു് നീങ്ങി.

ഭൂമിശാസ്ത്രപരമായ ഇന്ത്യയുടെ ഐക്യത്തിനു് അതിന്റേതായ സാമ്പത്തിക പ്രതിഫലനങ്ങളുമുണ്ടു്. അതു് ഒരേസാമ്പത്തിക വ്യവസ്ഥയ്ക്കനുകൂലമായ പശ്ചാത്തലം ഇന്ത്യ ഒട്ടാകെ സൃഷ്ടിച്ചു. രാജ്യത്തിന്റെ വിസ്താരവും സമൃദ്ധിയും അതിനു് ഒന്നുകൂടി പ്രേരണാജനകമായിരുന്നു. അടിസ്ഥാനപരമായി കൃഷി ഇന്ത്യയുടെ മുഖ്യതൊഴിലായി. കാലാവസ്ഥയുടെ വ്യത്യാസങ്ങളനുസരിച്ച് കൃഷിയിലും മാററങ്ങളുണ്ടായിരുന്നുവെങ്കിലും കർഷകജനത എന്ന നിലയിൽ ഒരേ സാമ്പത്തികവും സാംസ്കാരികവുമായ വ്യവസ്ഥിതി ഇന്ത്യയിൽ വളർന്നു. കൂടുതൽ ഫലഭൂയിഷ്ഠമായ പ്രദേശങ്ങളിൽ താമസിച്ചിരുന്നവർ കൂടുതൽ പുരോഗമിച്ചു. അങ്ങിനെയാണ് ഗംഗയുടെയും കാവേരിയുടെയും തടങ്ങൾ ഇന്ത്യയുടെ സംസ്കാരത്തിനു് നേതൃത്വം നൽകുവാൻ കാരണമായതു്. ഉല്പാദനോപകരണങ്ങളും ഉല്പാദകരും തമ്മിലുള്ള ബന്ധമാണ് സമൂഹത്തിന്റെ ഗതിയെ നിയന്ത്രിക്കുന്നതു് എന്നു മുമ്പു പറഞ്ഞുവല്ലോ. കഴിഞ്ഞ അയ്യായിരത്തിൽ

പർം വർഷങ്ങളായി ഇന്ത്യ കാർഷിക പ്രധാനമായ ഒരു സാമ്പത്തിക വ്യവസ്ഥിതിയാണ് സ്വീകരിച്ചുപോന്നതു് എന്ന യാഥാർത്ഥ്യം ഇന്ത്യൻ സംസ്കാരത്തിൻെറ പ്രത്യേകതയ്ക്കുള്ള മറുപടിയാണ്. മോഹൻജദാരോയിലും ഹാരപ്പായിലും കണ്ടതു് നഗരത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ജീവിതക്രമമായിരുന്നുവെങ്കിലും വേദങ്ങളുടെ കാലംമുതൽ ഗ്രാമത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ജീവിത രീതിയാണു് നിലനിന്നുപോന്നതു്. ഗ്രീക്കുകാരുടെയും മംഗോളിയരുടെയും യൂറോപ്യന്മാരുടെയും സ്വാധീനതയ്ക്കു് അതിനെതിരായ ഒരു പ്രവണത ഇന്ത്യയിൽ ഉണ്ടാക്കുവാൻ കഴിഞ്ഞുവെങ്കിലും ഇന്നും ഇന്ത്യയിലെ എൺപത്തിമൂന്നുശതമാനം ജനങ്ങളും ഗ്രാമങ്ങളിലാണു് ജീവിക്കുന്നതു്. ഗ്രാമീണജനത പൊതുവെ സഹിഷ്ണുതയ്ക്കും യാഥാസ്ഥിതികത്വത്തിനും പേരെടുത്തവരുമാണു്.

ഒരേ പരിതസ്ഥിതിയിലുള്ള ജനത ഒരേ വിധത്തിൽ പുരോഗമിക്കും എന്നതു് ഒരു പരമാർത്ഥം മാത്രമാണു്. കാർഷിക പ്രധാനമായ സാമ്പത്തിക വ്യവസ്ഥിതി ഇന്ത്യയുടെ വിവിധഭാഗങ്ങളിലെ ജനങ്ങൾക്കു് ഒരു പൊതു വീക്ഷണഗതിയും ഐക്യബോധവും നൽകുവാൻ പര്യാപ്തമായി തീർന്നു. ലോകത്തിലെ കർഷകജനതകൾക്കെല്ലാം അവരുടേതായ പ്രത്യേക പാരമ്പര്യങ്ങളുണ്ടു്. ഗ്രാമങ്ങളാണു് അവരുടെ ജീവിതത്തിൻെറ കേന്ദ്രം. അവിടെ സാമൂഹ്യമായി കൂടുതൽ സഹകരണം വ്യക്തികൾ തമ്മിൽ ഉണ്ടായിരിക്കും. അവരുടെ ഗ്രാമങ്ങൾ സ്വയം പര്യാപ്തങ്ങളായിരിക്കും. യാഥാസ്ഥിതിക മനോഭാവമാണു് അടിസ്ഥാനപരമായി അവരിൽ

നിഴലിച്ചുകാണുന്നതു്. അന്ധവിശ്വാസങ്ങളും പ്രകൃതി പൂജയും അവരെ വിട്ടുമാറുകയില്ല. ഈ പരിതസ്ഥിതികൾ സമൂഹപ്രധാനമായ ഒരു വീക്ഷണഗതിയും കുടുംബത്തിനും ഗോത്രത്തിനുമതീതമായ ഒരു സാമൂഹ്യബോധവും ഉണ്ടാകുന്നതിന് സഹായിച്ചു. ഇന്ത്യയിൽ കുടുംബത്തോടും ഗ്രാമത്തോടും വ്യക്തിയ്ക്കുള്ളതുപോലെയുള്ള ബന്ധം രാഷ്ട്രത്തോടു് ഉണ്ടായി കാണുന്നില്ല. ഗ്രാമങ്ങളിലെ സാമ്പത്തിക വ്യവസ്ഥിതി ഒരു പരിധിവരെ മാത്രമേ ദേശീയ ബോധത്തിന്റെ വളർച്ചയ്ക്കു് സഹായകമാകുകയുള്ളു.

ഇന്ത്യയുടെ കാർഷിക പ്രധാനമായ സാമ്പത്തിക വ്യവസ്ഥിതി മറ്റൊരുപ്രകാരത്തിലും ഇന്ത്യയുടെദേശീയ സ്വഭാവത്തെ സ്വാധീനപ്പെടുത്തിയിട്ടുണ്ടു്. കർഷകൻ പ്രകൃതി ശക്തികളുടെ ഒരു ആശ്രിതനും അടിമയുമാണു്. വരൾച്ചയോ അതിവർഷമോ തടയുവാൻ അവനു സാദ്ധ്യമല്ല. അവശ്യഘട്ടങ്ങളിൽ മഴലഭിക്കുവാൻ അവൻ പ്രകൃതിദേവതയെ തൃപ്തിപ്പെടുത്തുന്നു. ജലസേചനമാർഗ്ഗവും ജലനിർഗ്ഗമനപദ്ധതികളും പ്രാചീനകാലങ്ങളിൽ കൂടുതൽ പ്രചരിച്ചിരുന്നില്ല. തന്മൂലം കൃഷിയുടെ എല്ലാഘട്ടങ്ങളിലും അവനു പ്രകൃതിയെ ആശ്രയിക്കേണ്ടിവന്നു. അവന്റെ സാമ്പത്തിക ജീവിതത്തിന്റെ നിയാമകശക്തി പ്രകൃതിയായിരുന്നു. ആ പരിതസ്ഥിതിയിൽ പ്രകൃതിയിൽനിന്നുണ്ടാകുന്ന എല്ലാം വിധിയാണെന്ന മനോഭാവത്തിൽ സ്വീകരിക്കുവാൻ അവൻ പ്രേരിപ്പിക്കപ്പെട്ടിരുന്നു. ഏതു പ്രതികൂല സാഹചര്യങ്ങളേയും യാതൊരു പ്രതിഷേധവും കൂടാതെ അംഗീകരിക്കുവാനുള്ള ക്ഷമ കർഷകനിലുണ്ടാക്കിയിരുന്നു. കൃഷി

വ്യക്തിയെക്കാളധികം പ്രകൃതിയെ ആശ്രയിക്കേണ്ട ഒരു തൊഴിലാണ്. എന്നാൽ വ്യവസായവും വാണിജ്യവും വ്യക്തികളുടെ കഴിവിനെ കൂടുതൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നവയാണ്. തന്മൂലം സാഹസിക സംരംഭങ്ങൾക്ക് അവ മനുഷ്യനെ പ്രേരിപ്പിക്കുന്നു. വ്യവസായത്തിലോ വാണിജ്യത്തിലോ അധിഷ്ഠിതമായ സമൂഹം കൂടുതൽ വ്യക്തി പരിഗണനയുള്ള ഒരു വീക്ഷണഗതി അംഗീകരിക്കുന്നു. ഇന്ത്യ പൊതുവെ കാർഷിക പ്രധാനമായ ഒരു സാമ്പത്തിക വ്യവസ്ഥിതി സ്വീകരിച്ചിരുന്നതിനാൽ വ്യക്തിത്വത്തിന് ഒരുപരിധിവരെ മാത്രം പരിഗണന നൽകിയ വീക്ഷണ ഗതിയാണംഗീകരിച്ചതു്.

കേരള സാഹിത്യ അക്കാദമി

സാംസ്കാരിക സഹിഷ്ണുത

ഇന്ത്യയുടെ സാംസ്കാരിക ചരിത്രത്തിൽ ഐക്യത്തെപ്പോലെതന്നെ പ്രധാനമായിക്കാണപ്പെടുന്ന മറെറാരു പ്രത്യേകതയാണ് സഹിഷ്ണുതാ മനോഭാവം. യൂറോപ്പ് മതത്തിൻെറ പേരിൽ കുരിശു യുദ്ധങ്ങൾ നടത്തി പരസ്പരം കഴുത്തറുത്തപ്പോൾ ഇന്ത്യയിൽ ഹിന്ദുമതവും മുഹമ്മദ് മതവും അവയുടെ അനേകം അവാന്തര വിഭാഗങ്ങളും പരിപൂർണ്ണമായ ഐക്യത്തോടും സഹകരണത്തോടും പരസ്പരം സഹിഷ്ണുതയോടും കൂടി കഴിഞ്ഞു. സാമ്പത്തികവും രാഷ്ട്രീയവുമായ താല്പര്യങ്ങളെ മുൻനിറുത്തി മദ്ധ്യശതകങ്ങളിൽ രജപുത്രന്മാരും മുഗൾ ചക്രവർത്തിമാരും തമ്മിൽ ഇന്ത്യയുടെ മണ്ണിൽവച്ചുനടത്തിയ യുദ്ധങ്ങൾ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് അംഗീകൃത നയത്തിൻെറ കിങ്കരന്മാർ മതയുദ്ധങ്ങളും സാംസ്കാരിക ഏററുമുട്ടലുകളുമായി ചിത്രീ

കപ്പള്

കരിക്കുവാൻ പരിശ്രമിച്ചിട്ടുണ്ട് എന്ന വസ്തുത മറക്കുന്നില്ല. മഹാനായ ടിപ്പുവിനെ ഒരു മതഭ്രാന്തനായി ചിത്രീകരിക്കുവാൻ ശ്രമിച്ചവരാണ് അവർ. എന്നാൽ സ്വതന്ത്ര ഇന്ത്യയിലെ നിഷ്പക്ഷമതികളായ ചരിത്ര ഗവേഷകരുടെ പരിശ്രമ ഫലമായി യാഥാർത്ഥ്യങ്ങൾ പുറത്തുവന്നു. സ്വയംജീവിക്കുക അന്യരെ ജീവിക്കുവാൻ അനുവദിക്കുക എന്നതായിരുന്നു എക്കാലവും ഇന്ത്യാക്കാരന്റെ മുദ്രാവാക്യം. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അവൻ അതിനെ പ്രായോഗികമായി സ്വീകരിച്ചിരുന്നു എന്നതിന് ചരിത്ര രേഖകൾതന്നെ തെളിവുകളായുണ്ട്. തന്മൂലം ഇന്ത്യൻ സംസ്കാരം ഇന്നും തല യുയർത്തിപ്പിടിച്ചുകൊണ്ടുതന്നെ നിലകൊള്ളുന്നു. അന്ന് മറ്റെല്ലാത്തിനേയും സംഹരിച്ചേയടങ്ങൂ എന്ന് നിശ്ചയിച്ചു പുറപ്പെട്ട പല സംസ്കാരങ്ങളും, ജനതകളും സ്വയം നശിക്കുകയും ചെയ്തു. ഈ സഹിഷ്ണുതമൂലം വിരുദ്ധ ആശയങ്ങൾ ഒരേ മണ്ഡലത്തിൽ ഒരേ കാലഘട്ടത്തിൽ വളരുവാൻ സംഗതിയായിട്ടുണ്ട്. അനീതിയോടുപോലും ഇന്ത്യാക്കാരൻ സഹിഷ്ണുത പ്രകടിപ്പിച്ചുവെന്നുപറയാം. എന്നാൽ അസഹിഷ്ണുതയിൽനിന്നും ഉണ്ടായ നാശത്തേക്കാൾ സഹിഷ്ണുതമൂലം അനീതിയ്ക്കു ലഭിച്ച മൗന അംഗീകരണമാണ് ഭേദം എന്ന് അനുഭവം അവനെ പഠിപ്പിച്ചു. "എല്ലാവരിലും ഒരേആത്മാവിന്റെ അംശങ്ങളെ കാണുകയും ഒരേ ആത്മാവിലൂടെ എല്ലാവരെയും കാണുകയും ചെയ്യുന്നവനു് ആരെയും നിസ്സാരനായിതള്ളുവാൻ സാദ്ധ്യമല്ല" എന്നാണ് ഉപനിഷത്തിൽ പറഞ്ഞിരിക്കുന്നതു്. അതു് ഇന്ത്യാക്കാരൻ അക്ഷരാർത്ഥത്തിൽ പാലിക്കുകയും ചെയ്തു. വിവിധ

കാലഘട്ടങ്ങളിൽ പരിതസ്ഥിതിയ്ക്കനുയോജ്യമായ വിധത്തിൽ പരിവത്തന വിധേയമാകുവാൻ അതു മൂലം ഇന്ത്യൻ സംസ്കാരത്തിനു കഴിഞ്ഞു.

സഹിഷ്ണുതാമനോഭാവം ഇന്ത്യൻ ജനതയിൽ വളത്തുവാൻ ഈ രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പു വളരെയധികം സഹായകമായിത്തീന്നിട്ടുണ്ട്. രാജ്യത്തിൻെറ വിസ്താരവും വ്യത്യസ്ഥങ്ങളായ കാലാവസ്ഥകളും അതിൻെറ പ്രത്യക്ഷ കാരണങ്ങളാണ്. ഒരു രാജ്യത്തിൻെറ വിസ്തൃതി അവിടത്തെ ജനതയുടെ മനസ്സിനെ രണ്ടു വിധത്തിൽ സ്വാധീനപ്പെടുത്തുന്നതാണ്. വിവിധങ്ങളായ ഭൂപ്രദേശങ്ങൾ വ്യത്യസ്ഥങ്ങളായ കാലാവസ്ഥ തുടങ്ങിയ വൈവിദ്ധ്യങ്ങൾ അംഗീകരിക്കുവാൻ ജനതയെ പ്രാപ്തരാക്കുന്നു. വിസ്തൃതമായ രാജ്യത്തിലെ വദ്ധിച്ച ജനങ്ങളുടെ ഇടയിലേയ്ക്കു വിദേശീയർ നടത്തുന്ന കുടിയേററം ഒരു വലിയ ചലനമുണ്ടാക്കുവാൻ ഒരിക്കലും പര്യാപ്തമാകുകയില്ല. വിദേശീയർ എത്രതന്നെ ഉറച്ചതും പ്രത്യേകവുമായ സംസ്കാരത്തോടുകൂടിയവരായിരുന്നാലും കാലാന്തരത്തിൽ ആ വിദേശീയസംസ്കാരവും ജനതയും ദേശീയസംസ്കാരത്തിലും ജനതയിലും ലയിച്ചുപോകുന്നു. അതുപോലെ രാജ്യം വിസ്തൃതമായിരുന്നാൽ രാജ്യത്തിൻെറ വിവിധഭാഗങ്ങൾ വ്യത്യസ്ഥരീതിയിൽ വികസിക്കുകയും പുരോഗമിക്കുകയുംചെയ്യുന്നു. പരസ്പരമുള്ളസമ്പക്കത്തിൻെറ മാഗ്ഗങ്ങൾ പ്രാചീനകാലത്തു കുറവായിരുന്നതിനാൽ ഈ വൈവിദ്ധ്യം വദ്ധമാനമായ രീതിയിൽ പ്രകടമാകുന്നു. മദ്ധ്യ ഏഷ്യൻ പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തിയാൽ കൂടുതൽ ഫലഭൂയിഷ്ഠവും അതിനാൽ ശ്രമരഹിതവുമായ

ജീവിതത്തിന് പശ്ചാത്തലവുമായിരുന്ന ഇന്ത്യ ഒരു അല സതാമനോഭാവം ജനങ്ങൾക്കിടയിൽ വളർത്തി. ഉഷ്ണമേഖലയിലെ ഇന്ത്യയുടെ സ്ഥാനം അതിനു പ്രേരകവുമായിരുന്നു. ഇന്ത്യയുടെ ചരിത്രത്തിലും ഈ സ്വഭാവത്തിന്റെ പ്രതിഫലനം കാണാം. പുതിയ ആദർശങ്ങളോടുള്ള നിഷ്പക്ഷതാമനോഭാവം അതാണു കുറിക്കുന്നത്. വിദേശീയ സംസ്കാരങ്ങളുടെ സ്വാധീനതയെ നശിപ്പിക്കണമെന്നുള്ള വൈരാഗ്യബുദ്ധി ഒരു കാലത്തും ഇന്ത്യാക്കാരനിൽ ഉണ്ടായിരുന്നില്ല. അതുപോലെ ആത്മീയ പ്രധാനമായ ഒരു സംസ്കാരം വളരുവാൻ അതു കാരണമായിത്തീർന്നു.

ഇന്ത്യയുടെ സഹിഷ്ണുതാമനോഭാവം വിവിധ സംസ്കാരങ്ങളുടെ വ്യത്യസ്ഥ ഘടകങ്ങൾ തമ്മിലുള്ള ഐക്യത്തിന് വിലയേറിയ പ്രചോദനമായിരുന്നു. ഈ ലേഖനത്തിൽ മുന്നൊരിടത്തു സൂചിപ്പിച്ചതുപോലെ ഇന്ത്യൻ സംസ്കാരത്തിൻെറ ഏററവും പ്രധാനമായ സ്വഭാവവിശേഷമാണത്. ചരിത്രത്തിലെ രാഷ്ട്രീയഗതിവിഗതികൾ ജീവിതത്തിലെ വ്യത്യസ്ഥഭാവങ്ങളുടെ വളർച്ചയ്ക്കു കാരണമായിത്തീർന്നു. പ്രാചീന കാലം മുതൽ ഇന്ത്യയിലേയ്ക്കു വന്ന വിദേശീയർ ഇന്ത്യയുടെ രാഷ്ട്രീയാധികാരത്തെ വിവിധഘട്ടങ്ങളിൽ വിവിധ ജനവിഭാഗങ്ങളുടെ കൈവശമെത്തിക്കുന്നതിന് കാരണമായി. വ്യത്യസ്ഥനിലകളിൽ പ്രാധാന്യം അർഹിക്കുന്ന അനേകം ചെറുരാഷ്ട്രങ്ങളായി ഇന്ത്യ വിഭജിക്കപ്പെട്ടു എന്നതു് ഇന്ത്യൻ ചരിത്രത്തിൻെറ മററൊരു സവിശേഷതയാണ്. വിവിധ രാഷ്ട്രങ്ങളുടെ നിലനില്പ് ആധിശത്വം അവയ്ക്കിടയിൽ അന്യോന്യം കൈമാറിക്കൊ

ന്നിരുന്നതും ജനതയെ കൂടുതൽ സഹിഷ്ണുതാ മനോഭാവമുള്ളവരാകുവാൻ പ്രേരിപ്പിച്ചു. പക്ഷെ അതോടൊപ്പം രാഷ്ട്രത്തിൻെറ തലപ്പത്തു് നടക്കുന്ന സംഭവവികാസങ്ങളെ നിർവ്വികാരരായി നോക്കിനില്ക്കുവാൻ അതു് അവരെ സഹായിച്ചു. രാഷ്ട്രീയരംഗത്തെ ആ നിർവ്വികാരത്വം ഇന്നും ഇന്ത്യൻ ജനതയെ വിട്ടുമാറിയിട്ടില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ സുഗമമായ വളർച്ചയ്ക്കു് പ്രസ്തുത പാരമ്പര്യം വളരെ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. നാല്പതുകോടി ജനങ്ങൾ അധിവസിച്ച ഭാരതത്തിൽനിന്നും വിദേശമേധാവിത്വത്തെ നിർമ്മാജ്ജനം ചെയ്യുവാൻ നടത്തിയ അന്തിമ സമരത്തിൽപോലും സജീവമായി രംഗത്തിറങ്ങിയവരുടെ സംഖ്യാബലം പ്രസ്തുത സംഖ്യയോടു് താരതമ്യപ്പെടുത്തുവാൻ പാടില്ലാത്തവിധം ദുർലഭമായിരുന്നു. സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷം രാഷ്ട്രീയപ്രവത്തനം ഏതാനും ചിലരുടെ സ്വകാര്യസ്വത്തായി മാറുവാനും അതു കാരണമായി. അധികാരത്തിലിരിക്കുന്നവർ കാണിക്കുന്ന അനീതികളെ മനസ്സിലാക്കുവാനും ബോധപൂർവ്വം അതിനെ ഇല്ലായ്മചെയ്യുവാനുമുള്ള ആവേശം ജനതയിൽ ഇന്നുമില്ല. തന്മൂലം രാഷ്ട്രീയാധികാരം ഇന്ത്യയിൽ അഴിമതിയ്ക്കും ചൂഷണത്തിനും കൊള്ളലാഭത്തിനുമുള്ള അവസരമായി മാറി. സജീവ രാഷ്ട്രീയപ്രവത്തനം ജനത ഒരുകാലത്തും ഇഷ്ടപ്പെടാത്ത ഈ പാരമ്പര്യം ഉടലെടുത്തതു് സഹിഷ്ണുതാ മനോഭാവത്തിൽനിന്നുമാണു്. ആധുനീക പാർലമെൻററി ജനാധിപത്യത്തെ കടപുഴക്കി എറിയുവാൻ പര്യാപ്തമാണു് പ്രസ്തുത പാരമ്പര്യം.

അനേകം വിദേശീയാക്രമണങ്ങളും രാഷ്ട്രീയ കൈമാററങ്ങളും ഇന്ത്യയുടെ ചരിത്രത്തിൽ നടന്നതിനാൽ ഇന്ത്യൻ ജനത തുടർച്ചയായി പരിവർത്തന വിധേയമായിക്കൊണ്ടിരുന്നു. മുമ്പു് സൂചിപ്പിച്ച സഹിഷ്ണുതാമനോഭാവം അധികാരത്തിൽവരുന്ന ശക്തിയെ അംഗീകരിക്കുവാൻ ജനതയെ പ്രേരിപ്പിച്ചു. കാഷികപ്രധാനമായ സാമ്പത്തിക വ്യവസ്ഥിതിയിൽ നിന്നും ഉണ്ടായ യാഥാസ്ഥിതിക മനോഭാവം ആ പ്രേരണയെ താലോലിച്ചു വളത്തി. സ്വയംപയ്യാപ്തങ്ങളായ ഗ്രാമങ്ങളിൽ വസിച്ചുകൊണ്ടിരുന്ന ഇന്ത്യൻ ജനതയുടെ സിംഹഭാഗത്തെയും തലസ്ഥാന നഗരങ്ങളിൽ നടന്നുകൊണ്ടിരുന്ന അധികാര കൈമാററത്തിൻെറ സ്വാധീനത സാമ്പത്തികമായി ബാധിച്ചിരുന്നില്ല. ഓരോ വിദേശശക്തിയും അധികാരത്തിൽ വന്നതോടൊപ്പം അവരുടെ സംസ്കാരത്തിൻെറ അലയടികൾ പ്രസ്തുത ഗ്രാമങ്ങളിൽ കൂടി എത്തിയിരുന്നു എന്നുമാത്രം. മോഹൻജദാരോ നശിച്ചശേഷമല്ല ആര്യന്മാർ തങ്ങളുടെ സംസ്കാരം കെട്ടിപ്പടുക്കുവാൻ ആരംഭിച്ചതു്. പില്ക്കാല ചരിത്രകാരന്മാർ മോഹൻജദാരോയെ അറിയാതിരിക്കുവാൻ അവർ അറിഞ്ഞോ അറിയാതെയോ പരിശ്രമിച്ചു എന്നുമാത്രം. മോഹൻജദാരോയിലും ഹാരപ്പായിലും വളന്ന സംസ്കാരത്തിൻെറ അടിത്തറയിന്മേലാണ് ആര്യന്മാർ തങ്ങളുടെ സംസ്കാരസൗധം കെട്ടിപ്പൊക്കിയതു്. ആധുനിക ഹിന്ദുമതത്തിലെ ശിവനും ശക്തിയും ആ ബന്ധമാണ് സൂചിപ്പിക്കുന്നതു്. അവർ രണ്ടും ആര്യന്മാർക്കു മുമ്പുള്ള ആരാധനാമൂർത്തികളാണ്.

മുപ്പത്തിയഞ്ചു്

പുരാതന ഗ്രീസ്സിനെപ്പോലെ രാഷ്ട്രീയത്തിൻെറ പരീക്ഷണശാലയാകുവാൻ പുരാതന ഭാരതത്തിന് കഴിയാതെപോയതും ഈ സഹിഷ്ണുതാമനോഭാവം മൂലമാണ്. ഗ്രീസ്സിലെ നഗരരാഷ്ട്രങ്ങളിൽ ഏകാധിപത്യവും പ്രഭുഭരണവും ജനാധിപത്യവും അവയുടെ എല്ലാ അവാന്തര വിഭാഗങ്ങളും പരീക്ഷിച്ച് പ്രയോഗിച്ചു നോക്കിയപ്പോൾ അതിലേറെ സ്വതന്ത്രരാഷ്ട്രങ്ങൾ വിവിധ കാലഘട്ടങ്ങളിലായി ഉടലെടുത്ത ഭാരതത്തിൽ പ്രധാനമായി ഏകാധിപത്യം മാത്രമാണ് നിലവിലിരുന്നത്. ഇവിടെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി ജനങ്ങളെ അണിനിരത്തുന്നത് വർഗ്ഗീയത കുത്തിവച്ചിട്ടാണ്. 'ഇന്ത്യൻ വിഭജനം, കേരളത്തിലെ വിമോചനസമരം തുടങ്ങിയ സംഭവങ്ങളും, ഹിന്ദുമഹാസഭ, മുസ്ലീംലീഗ് തുടങ്ങിയ പാർട്ടികളും ഈ നാട്ടിലെ ജനങ്ങളുടെ രാഷ്ട്രീയ പാപ്പരത്വത്തിൻെറ നിദർശനങ്ങളാണ്.

ഇന്ത്യൻ സംസ്കാരത്തിൻെറ ചരിത്രത്തിൻെറ പേജുകളിലുടനീളം ഈ ഐക്യവും സഹിഷ്ണുതയും അതിൻെറ വിവിധരീതിയിലുള്ള പ്രകടനങ്ങളും വ്യക്തമായി കാണാം. പ്രസ്തുത ഐക്യം ഒരിക്കലും യാന്ത്രികമോ, ചൈതന്യരഹിതമോ, കൃത്രിമമോ ആയിരുന്നില്ല. അതുപോലെ സഹിഷ്ണുത ഭീരുത്വത്തിൻെറയോ പരാജയത്തിൻെറയോ ഫലവുമായിരുന്നില്ല. പരമമായ സത്യം വിവിധ പരിതസ്ഥിതികളിൽ വ്യത്യസ്ഥരീതിയിൽ പ്രത്യക്ഷപ്പെട്ടു. ഒരു സംഭവംതന്നെ വിവിധ വ്യക്തികളിൽ വ്യത്യസ്ഥവികാരങ്ങളെ ഉളവാക്കുന്നു എന്നതാണ് ഈ ഐക്യത്തിൻം സഹിഷ്ണുതയ്ക്കും

ആധാരമായി ഇന്ത്യാക്കാരൻ സ്വീകരിച്ച തത്വശാസ്ത്രം പാൽ നിറയ്ക്കുന്ന പാത്രത്തിന്റെ ആകാരം അതു് കൈക്കൊള്ളും; സത്യം ഒന്നേയുള്ളു എന്ന ബോധം ശത്രുമിത്രഭേദമെന്യേ എല്ലാററിനേയും ഒന്നായി കാണുവാൻ പ്രേരിപ്പിക്കുന്നു. ഇന്ത്യൻ സംസ്കാരത്തിന്റെ ഐക്യവും സഹിഷ്ണുതയും സാർവ്വലൗകികത്വത്തിനു് വേണ്ടിയുള്ളതാണു്. വ്യത്യസ്ഥതകളും പ്രത്യേകതകളുമാണ് അതിന്റെ ലക്ഷണം. ബാഹ്യമായ എല്ലാ വ്യത്യസ്ഥതകളേയും സംയോജിപ്പിച്ചുകൊണ്ടുള്ള ആന്തരികമായ ഐക്യം അതിനുണ്ടു്.

ചൈതന്യപൂർണ്ണങ്ങളായ എല്ലാ സംസ്കാരങ്ങളും ഐക്യത്തിലും സാർവ്വലൗകികത്വത്തിലും അധിഷ്ഠിതമായിട്ടുള്ളതാണു്. വളൎന്നുകൊണ്ടിരിക്കുന്ന സംസ്കാരങ്ങൾ അവയുമായി സമ്പൎക്കം പുലൎത്തുന്ന വിദേശീയ സംസ്കാരങ്ങളുടെ സ്വീകാൎയ്യമായ ഘടകങ്ങളെ അംഗീകരിക്കുകയും അതിന്റെ സ്വാധീനതമൂലം സ്വയം പരിവൎത്തന വിധേയമാവുകയും ചെയ്യും. ലോകത്തിലുള്ള എല്ലാ ജനവിഭാഗങ്ങൾക്കും അങ്ങനെയുള്ള സംസ്കാരത്തിൽനിന്നും എന്തെങ്കിലും സ്വീകരിക്കുവാനുണ്ടായിരിക്കും. എന്നാൽ ഈ നൂററാണ്ടിന്റെ ആദ്യശതകങ്ങളിൽ ഇന്ത്യയിലെ യുവാക്കളിൽകണ്ട പാശ്ചാത്യ പരിഷ്കാരത്തിന്റെ അനുകരണ ഭ്രമത്തിൽനിന്നും അതു് തികച്ചും വ്യത്യസ്ഥമാണ്. സ്വീകാൎയ്യമെന്നു തോന്നുന്ന വൈദേശിക സ്വാധീനതകളെ സ്വീകരിച്ചു് പരിഷ്കരിച്ചു് അവ ഇന്ത്യയുടേതാക്കി ഉപയോഗിക്കുന്നതും പാശ്ചാത്യ പരിഷ്കാരത്തിൽ ഭ്രമിച്ചു് സ്വയം പാശ്ചാത്തീകരിക്കപ്പെടുന്നതും രണ്ടാണ്.

ആധുനിക അനൈക്യം.

ഇന്നു് അതൃപ്തികരമായപലതും ഇന്ത്യൻ ജീവിതത്തിൽ സംഭവിച്ചുകൊണ്ടാണിരിക്കുന്നതു്. പൌരാണികമായ ഐക്യത്തിന്റേയും സഹിഷ്ണുതയുടെയും അഭാവമാണു് അതിന്റെ പ്രധാനകാരണം. വിവിധഗ്രൂപ്പുകളായി ഇന്ത്യൻ ജനത വിഘടിച്ചു നില്ക്കുകയാണു്.

പുരാതന ഇന്ത്യൻരീതിയനുസരിച്ചുള്ള വിദ്യാഭ്യാസവും സാംസ്കാരിക പശ്ചാത്തലവും ലഭിച്ച ജനങ്ങളെ ഇന്നും ഇന്ത്യയിൽ കാണുവാൻ സാധിക്കും. നൂററാണ്ടുകൾക്കുമുമ്പേ ചരിത്രത്തിൽ മാത്രമായി സ്ഥാനം പിടിക്കേണ്ടതായിരുന്നു അവർ. അതുപോലെതന്നെ പേർഷ്യൻ–അറബി ഭാഷകളിൽ പ്രാവീണ്യം സമ്പാദിക്കുകയും മദ്ധ്യപൂർവ്വദേശത്തെ പുരാതന ജീവിത രീതി ഇന്ത്യൻ സംസ്കാരത്തിൽ സൃഷ്ടിച്ച സ്വാധീനതയുടെ പാരമ്പര്യത്തിൽ ജീവിക്കുകയും ചെയ്യുന്നവരേയും ഇവിടെ കാണാം. അവക്ക് പുരാതന ഭാരതീയസമ്പ്രദായങ്ങളോ ആധുനിക വ്യതിയാനങ്ങളോ തീരെസ്വീകാര്യമല്ല. ആധുനിക സർവ്വകലാശാലയുടെ സന്താനങ്ങൾ അതേസമയം അറബി–പേർഷ്യൻ സ്വാധീനതയുടെ മദ്ധ്യകാല രീതിയോ പുരാതന ഭാരതീയ മാർഗ്ഗങ്ങളോ തീരെ മനസ്സിലാകാത്തവരുമാണു്. ചരിത്രത്തിലുടനീളം സ്ഥലംപിടിച്ചിരിക്കുന്ന ഇന്ത്യൻ സാംസ്കാരിക നായകന്മാരുടെ വ്യത്യസ്ഥ നിലയിലുള്ള നേട്ടങ്ങളെ സംയോജിപ്പിച്ചു് ഒരു നവീന ഭാരതീയ ജീവിതസിദ്ധാന്തവും മാർഗ്ഗവും രൂപീകരിക്കുന്ന വിഷയത്തിൽ വേണ്ടത്ര പ്രേരണ നല്കുവാനും മാർഗ്ഗനിർദ്ദേശം ചെയ്യുവാനും ജനാധിപത്യഭാരതം ഇന്നു് പരാജയപ്പെട്ടിരിക്കുകയാണു്. അങ്ങനെയുള്ള ഒരു ഭാരതീയ ജീവിത സിദ്ധാന്തത്തിൽ

നിന്നുമാത്രമേ ആഗോള സംസ്കാരത്തിന്റെ രൂപീകരണത്തിനു് എന്തെങ്കിലും പ്രതീക്ഷിക്കാനാവൂ.

സാമൂഹ്യമണ്ഡലത്തിലെ ഈ അനൈക്യത്തിന്റെ പ്രതിഫലമായ ആധുനിക ഇന്ത്യൻ പൗരന്റെ മാനസികതലത്തിലും കാണാവുന്നതാണു്. രാഷ്ട്രീയമായും വൈകാരികമായും ഭാരതീയ ജനതയ്ക്കു് ഇന്നുണ്ടായിരിക്കുന്ന ഐക്യം സാമൂഹ്യമണ്ഡലത്തിലെ അനൈക്യത്തെ ഒന്നുകൂടി വികലമാക്കി. ഒരുമിച്ചു് ജീവിക്കുന്ന മനുഷ്യനു് വിഘടിച്ചു നില്ക്കുക സാദ്ധ്യമല്ല. അതിനാൽ ബുദ്ധിപരമായ ഏകാന്തത അനുഭവിക്കുന്ന ഗ്രൂപ്പുകൾ വികാരപരമായും പ്രവർത്തിപരമായും ബന്ധപ്പെടുവാൻ തുടങ്ങി. പൂർണ്ണമായും ആത്മാർത്ഥതയോടുകൂടിയുമുള്ള സഹകരണത്തിന്റെ അഭാവത്തിൽ വ്യക്തികളുടെ മനസ്സിൽതന്നെ വിഘടിതാവസ്ഥ രൂപംകൊണ്ടു. പൂർണ്ണമായ സംയോജനത്തിനു മുമ്പു് പരസ്പരം മനസ്സിലാക്കുക ആവശ്യമാണു്. അതിനു് കഴിവില്ലാത്തവരുടെ സഹകരണവും സംയോജനവും കൃത്രിമമാണു്.

ബുദ്ധിപരമായി ആധുനിക ശാസ്ത്രീയനേട്ടങ്ങളെ അംഗീകരിക്കുന്ന വ്യക്തികൾതന്നെ വികാരപരമായി മദ്ധ്യകാലഇന്ത്യൻ പാരമ്പര്യത്തിൽ തറഞ്ഞു നില്ക്കുവാനുള്ള കാരണം അതാണു്. ഏററവും പുരോഗമനപരമായ ചിന്താരീതിയും ഏററവും പൗരാണികമായ ആചാരങ്ങളും സമ്പർക്കരീതികളും ഒരുമിച്ചു നിലനില്ക്കുന്നു. ഭാരതത്തിലെ ഇന്നത്തെ ഉന്നതവിദ്യാഭ്യാസം ലഭിച്ചവരിൽ ബഹുഭൂരിപക്ഷവും ഈ മൂന്നു സാംസ്കാരിക ഘടകങ്ങളുടെ വിഘടിതമായ നിലപാടുമൂലം യഥാർത്ഥപ്രയോജനം ലഭിക്കാത്തവരാണു്.

ഇന്ന് പ്രാദേശികവും ഭാഷാപരവുമായ വികാരങ്ങൾ ദേശീയവും അന്തർദ്ദേശീയവുമായവയെ അടിമപ്പെടുത്തുന്നത് പ്രധാനമായും ഈ സാംസ്കാരിക വൈരുദ്ധ്യം മൂലമാണ്. മററു രാജ്യങ്ങളിൽ സർവ്വകലാശാലകൾ തുടങ്ങിയ ദേശീയ സ്ഥാപനങ്ങൾ അന്നന്നുണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെ ദേശീയജീവിതവുമായി യോജിപ്പിച്ചുകൊണ്ടുപോകുവാൻ ബോധപൂർവ്വം പണിയെടുക്കുന്നുണ്ട്. എന്നാൽ ഇന്ത്യയിൽ വളരെ നേരത്തെതന്നെയുണ്ടായ പ്രാദേശിക മനോഭാവത്തിന്റെ വളർച്ചമൂലം ഇവിടത്തെ സർവ്വകലാശാലകൾ ദേശീയ ഐക്യത്തിന് പകരം അനൈക്യത്തിന്റെ വിത്തുകളാണ് പാകിയത്. ഇന്ത്യയിൽ സർവ്വകലാശാല രാഷ്ട്രത്തിന് ആവശ്യമായ ക്ലാർക്കുകളെ സൃഷ്ടിക്കുന്ന വ്യവസായം നടത്തി മുതലെടുക്കുന്ന ഫാക്ടറികളാണ്.

സ്വതന്ത്രഭാരതത്തിലെ ഓരോ പൗരനും ജീവിതത്തിൽ ഒരു ഇന്ത്യൻ മനോഭാവം സ്വീകരിക്കുവാനും, വളർത്തുവാനും ശ്രമിക്കേണ്ടതു് വളരെ ആവശ്യമാണ്. ഇന്ത്യൻ സംസ്കാരത്തിന്റെയും ജീവിതരീതിയുടേയും പ്രാധാന്യവും പ്രത്യേകതയും ശക്തിയും മനസ്സിലാക്കുവാൻ ഇന്ത്യയുടെ സാംസ്കാരിക ചരിത്രം അറിഞ്ഞിരിക്കേണ്ടതും അതുപോലെതന്നെ ആവശ്യമായിട്ടുള്ള കാര്യമാണ്. പുരാതന ഭാരതത്തിലെ ജീവിത മൂല്യങ്ങളെ മദ്ധ്യശതകങ്ങളിലെ വളർച്ചയുടെ വെളിച്ചത്തിൽ ആധുനിക ശാസ്ത്രത്തിന്റെ വികസനത്തിലൂടെ ബന്ധപ്പെടുത്തി ഒരു പുതിയ ജീവിതസിദ്ധാന്തം സൃഷ്ടിക്കുക എന്നതാണ് ആധുനികസാംസ്കാരിക ഇന്ത്യയുടെ അടിയന്തിരാവശ്യം.

"മനുഷ്യൻ സ്വപ്നം കാണുവാൻ തുടങ്ങിയ കാലംമുതൽ അവന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടുന്ന ഒരു രാജ്യം ഭൂമുഖത്തുണ്ടെങ്കിൽ അതു് ഇന്ത്യയാണു്."

(റോമയിൻ റോളണ്ടു്)

രണ്ട്

ജനാധിപത്യം

പ്രാചീന ഇന്ത്യ ജനാധിപത്യപരമായ ഒരു ഭരണവും ജീവിതരീതിയുമാണ് സ്വീകരിച്ചുപോന്നത്. വേദങ്ങളിലും ഉപനിഷത്തുകളിലും വിവരിക്കുന്ന സമൂഹം തികച്ചും ജനാധിപത്യപരമായിരുന്നു. പൊതുജനാഭിപ്രായം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ മൂലവും ജനാധിപത്യപരമായ ഭരണത്തിലൂടെയും പ്രകടമായി തെരഞ്ഞെടുക്കപ്പെട്ട രാജാക്കന്മാരെപററി പോലും ആ ഗ്രന്ഥങ്ങളിൽ കാണാം. പത്താം നൂററാണ്ടിൽ ശുക്രാചാര്യനാൽ എഴുതപ്പെട്ട നീതിസാരമെന്ന പുസ്തകത്തിൽ അന്നത്തെ ഗ്രാമീണ ജീവിത വ്യവസ്ഥിതിയെ

പററി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. അന്നത്തെ ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണു് നിയന്ത്രിച്ചുപോന്നതു്. അവക്കു നീതിന്യായാധികാരത്തോടൊപ്പം നിയമനിമ്മാണാധികാരവുമുണ്ടായിരുന്നു. സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം എല്ലാ സ്ഥാനങ്ങളിലും പ്രവേശനമുണ്ടായിരുന്നു. അയോഗ്യരെന്നു കാണുന്നവരെ തിരികെ വിളിക്കുവാനുള്ള അധികാരം അവരെ തെരെഞ്ഞെടുത്തയച്ചവക്കുണ്ടായിരുന്നു.

ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന് എതിരായി നില്ക്കുവാൻ രാജാവിനുപോലും അധികാരമില്ല. പ്രാചീന ഇന്ത്യയിലെ രാജസ്ഥാനവും പ്രാചീന യൂറോപ്പിലെ രാജസ്ഥാനവും തമ്മിൽ അധികാരത്തിലും അവകാശങ്ങളിലും വലിയ വ്യത്യാസമുണ്ടു്. റോമാ സാമ്രാജ്യത്തിന്റെ പാരമ്പര്യത്തിൽനിന്നുത്ഭവിച്ചവയാണ് ആദ്യകാല യൂറോപ്യൻ രാജാധികാരം. സ്വന്തം സൈന്യത്തിന്റെ ബലംകൊണ്ടു് സൈന്യാധിപൻ സമരം ചെയ്തു സമ്പാദിച്ച അധികാരമാണതു്. അവിടെ പ്രജകൾ രാജാവിന്റെ അടിമകളായിരുന്നു. അതുപോലെ തന്നെ മദ്ധ്യശതകങ്ങളിലെ യൂറോപ്യൻ രാജാധികാരവും സർവ്വാധിപത്യപരമായിരുന്നു. വിദേശീയാക്രമണങ്ങളെ ഭയന്നു് പ്രഭുക്കന്മാരും ജന്മിമാരും സ്വന്തം അധികാരം രാജാവിനു സമർപ്പിച്ചിട്ടു് സംരക്ഷണം ആവശ്യപ്പെടുന്ന ഭൂപ്രഭുത്വവ്യവസ്ഥിതിയുടെ ഫലമായിരുന്നു അതു്. എന്നാൽ ഇന്ത്യയിൽ ഒരുകാലത്തും യൂറോപ്യൻരീതിയിലുള്ള ഭൂപ്രഭുത്വവ്യവസ്ഥിതി നിലനിന്നിരുന്നില്ല. അതിനാൽ ഇന്ത്യൻ ജനതയ്ക്കു് സ്വന്തം അവകാശങ്ങളെ രാജസ്ഥാനത്തിനു് അടിയറവയ്ക്കേണ്ട

ഫലട്ടവും ഉണ്ടായിട്ടില്ല. സമാധാനപൂർണ്ണമായ ഗ്രാമജീവിതമാണ് ഇന്ത്യയിൽ പൊതുവേ എന്നും ഉണ്ടായിരുന്നതു്. പലപ്പോഴും ഉണ്ടാകാറുള്ള വിദേശീയാക്രമണങ്ങൾതന്നെ നഗരങ്ങളെയാണ് ബാധിച്ചിരുന്നതു്. അതിനാൽ ഇന്ത്യൻ കർഷകൻ ഒരു മനുഷ്യന് ആവശ്യമായ സ്വാതന്ത്ര്യങ്ങളോടുകൂടി ആർക്കും അടിമവേല ചെയ്യാതെ ജീവിച്ചുപോന്നു. ഇവിടെ രാജാവു് കാണപ്പെട്ട ദൈവമായി മാറിയതു് വിദേശീയരുടെ വരവിനുശേഷമാണു്. പുരാതന കാലത്തു് രാജാവിനുണ്ടായിരുന്ന അധികാരം കരം പിരിക്കുകയും അതു ജനക്ഷേമത്തിനുതകിയവിധത്തിൽ ചെലവഴിക്കുകയും മാത്രമായിരുന്നു. അന്നു് നികുതി കർഷക ദത്താദായത്തിന്റെ പത്തിലൊന്നു് ആയിരുന്നുവെന്നു പുരാതന കഥകളിൽ കാണുന്നുണ്ടു്. ചൈനയിലെ തത്വശാസ്ത്രകാരനായ മെൻസിയൂസ്സ് ചൈനയിലെ രാജാക്കന്മാരെപ്പറ്റി പറഞ്ഞതു് പ്രാചീന ഇന്ത്യയ്ക്കു് ബാധകമായിരുന്നു. "ഒരു രാജാവു് തന്റെ ജനങ്ങളെ പുല്ലിനേയും പൊടിയേയും പോലെ ഞെരുക്കുമ്പോൾ ജനങ്ങൾ രാജാവിനെ രാജ്യഭ്രഷ്ടനെപ്പോലെ കണക്കാക്കേണ്ടതാണു്."

ഗ്രാമങ്ങളിലെ പൊതു സഭകളാണ് അന്നു് യഥാർത്ഥത്തിൽ ഭരണാധികാരം കൈകാര്യം ചെയ്തിരുന്നതു്. പല കാര്യങ്ങളിലും ഗ്രാമത്തലവന്മാർക്ക് രാജാവിനേക്കാൾ കവിഞ്ഞ അധികാരമുണ്ടായിരുന്നതായി കാണാം. അക്കാര്യത്തിൽ ഗ്രീസ്സിലെ പ്രാചീന നഗരരാഷ്ട്രങ്ങളും ഇന്ത്യൻ ഗ്രാമങ്ങളുമായി സാധർമ്മ്യമുണ്ടു്. ഒരുപക്ഷെ ആര്യൻ ജനതയുടെ സംഭാവനയായിരിക്കാം ഈ ജനാധിപത്യ വ്യവസ്ഥിതി.

പിന്നീട് സാമ്രാജ്യങ്ങളുടെ സ്ഥാപനത്തോടുകൂടി പ്രസ്തുത ബഹുജനസമിതികളുടെ അധികാരങ്ങൾ കുറഞ്ഞു. എന്നാൽ ഇന്നും നിലനിന്നുപോരുന്ന ഗ്രാമപഞ്ചായത്തുകളും അവയുടെ വ്യക്തമല്ലെങ്കിലും വ്യാപകമായ അധികാരങ്ങളും ഇന്ത്യയുടെ പ്രാചീന ഭരണസമ്പ്രദായം മണ്ണടിഞ്ഞുപോയിട്ടില്ല എന്നതിനു തെളിവാണു്. കാലാന്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു് അധികാരികളുടെ സ്ഥാനത്തു് പാരമ്പര്യത്തിലൂടെ അധികാരം ലഭിച്ചവർ പ്രത്യക്ഷപ്പെട്ടു. അതുമൂലം അവസര സമത്വം നിഷേധിക്കപ്പെടുകയും വ്യക്തികൾക്കു വികസിക്കുവാനുള്ള അവസരം നഷ്ടപ്പെടുകയും ചെയ്തു. ഇന്ത്യൻ ഗ്രാമങ്ങളുടെ പിന്നീടുണ്ടായ വളർച്ചയില്ലായ്മയുടെ പ്രധാന കാരണം അതാണു്. ഇന്ത്യ സ്വാതന്ത്ര്യയായതോടുകൂടി ആ പഴയ ജനാധിപത്യ സമ്പ്രദായത്തിലേയ്ക്കു വീണ്ടും തിരിഞ്ഞിരിക്കുകയാണു്. ഇന്ത്യയിൽ അതിനാൽ ജനാധിപത്യം ഒരു പുതിയ പരീക്ഷണമല്ല. ജനാധിപത്യത്തിന്റെ ഉറവിടമെന്നു വിശ്വസിക്കുന്ന ഗ്രീക്കു നഗരരാഷ്ട്രങ്ങൾക്കുമുമ്പും ഇന്ത്യയിൽ ജനാധിപത്യസമ്പ്രദായം അംഗീകരിക്കപ്പെട്ടിരുന്നു. അവിടത്തെ ജനാധിപത്യത്തിന്റെ വിജയത്തിനു് ഒരു വിഭാഗം മനുഷ്യരെ അടിമകളാക്കി സൂക്ഷിക്കേണ്ടതു് ആവശ്യമായിരുന്നു. ആധുനിക പാശ്ചാത്യ ജനാധിപത്യത്തിന്റെ ശക്തികേന്ദ്രമായി കരുതപ്പെടുന്ന അമേരിക്കയിൽ വർണ്ണവിവേചനം എന്ന ജനാധിപത്യ വിരോധാഭാസം കാണുവാൻ കഴിയും. എന്നാൽ പ്രാചീന ഇന്ത്യയിൽ ജനാധിപത്യം അതിന്റെ അക്ഷരാർത്ഥത്തിൽ പാലിക്കപ്പെട്ടുപോന്നു.

വ്യക്തിക്കും സമൂഹത്തിനും അർഹമായ സ്ഥാനങ്ങൾ നല്കുവാൻ ശ്രമിക്കുന്ന ഒരു വ്യവസ്ഥിതിയാണതു്. ന്യൂനപക്ഷങ്ങൾക്കു് പ്രത്യേക സംരക്ഷണ അവിടെ കാണുവാൻ കഴിയും. വ്യക്തിയുടെ വളർച്ചയാണു് സമൂഹത്തിന്റെ പുരോഗമനം എന്ന ജനാധിപത്യത്തിന്റെ അടിസ്ഥാനതത്വം പ്രാചീന ഇന്ത്യാ അംഗീകരിച്ചിരുന്നു. പരിതസ്ഥിതികളുടെ സന്താനമാണു് മനുഷ്യൻ എന്നോ വ്യക്തി സമൂഹത്തിനുപരിയാണു് എന്നോ ഉള്ള ചിന്താഗതികൾ ഒന്നും അന്നു് നിലനിന്നിരുന്നില്ല. മനുഷ്യസ്വഭാവത്തിന്റെ രൂപീകരണത്തിൽ വ്യക്തിത്വം, പരിതസ്ഥിതി, പാരമ്പര്യം എന്ന മൂന്നു ശക്തികൾക്കും ഏറക്കുറെ തുല്യമായ സ്ഥാനമാണുള്ളതു് എന്ന തത്വം അറിഞ്ഞുകൊണ്ടല്ലെങ്കിൽ തന്നെ പ്രാചീന ഇന്ത്യ സ്വീകരിച്ചിരുന്നു എന്നു് അന്നത്തെ ഗ്രാമ റിപ്പബ്ലിക്കുകളുടെ പ്രവത്തനങ്ങളിൽ നിന്നും മനസ്സിലാക്കാം.

ആധുനിക ജനാധിപത്യവും പ്രാചീന ഇന്ത്യയിൽ നിലവിലിരുന്ന ജനാധിപത്യവും തമ്മിൽ വ്യത്യാസമുണ്ടു്. വ്യക്തിത്വത്തിന്റെ വളച്ച്യിൽനിന്നും ഉടലെടുത്തതാണു് ആധുനിക ജനാധിപത്യം. എന്നാൽ പ്രാചീന ജനാധിപത്യം വ്യക്തിത്വത്തിന്റെ നാശത്തിൽനിന്നാണു് ഉടലെടുത്തിട്ടുള്ളതു്. ജനാധിപത്യത്തിന്റെ നിലനില്പിനുവേണ്ടിയാണു് ജാതിസമ്പ്രദായം ആദ്യം രൂപംകൊണ്ടതു്. തൊഴിലിനുപകരം ജനനം ജാതിയുടെ അടിസ്ഥാനമായി സ്വീകരിച്ചപ്പോഴാണു് അതു് നശിച്ചതു്. ഇസ്ലാംമതത്തിന്റെ പ്രചരണത്തിനു മുമ്പു് ബുദ്ധമതമാണു് ജാതിസമ്പ്രദായത്തിന്റെമേൽ

ഏറ്റവും വലിയ പ്രഹരമേല്പിച്ചതു്. അതുപോലെ ഇസ്ലാംമതത്തിൻെറ ജനാധിപത്യരീതി അതിനുമുമ്പു് മറെറാരു മതവും പ്രചരിപ്പിക്കാത്തതായിരുന്നു. ഇസ്ലാം ഇന്ത്യയിൽ പ്രചരിച്ചതോടു കൂടി പ്രസ്തുത ജനാധിപത്യവും ഇവിടെപ്രചരിച്ചു. ഉത്തരേന്ത്യയിലെ സാമൂഹ്യഘടനയെത്തന്നെ അതു് പരിഷ്കരിച്ചു. ജനാധിപത്യം ഇന്ത്യയുടെ രാഷ്ട്രീയരംഗത്തും സ്വാധീനതചെലുത്തുന്ന ഒരു അംശമായിരുന്നു. ബുദ്ധിജീവികൾ അവ്യക്തവും അപരിമേയവുമായതിനെസ്വീകരിച്ചു. വ്യക്തിപരമായി ജനാധിപത്യം ഒരു പ്രശ്നമേ ആയിരുന്നില്ല. പ്രത്യേകമായിട്ടുള്ളതിനെ പൊതുവായതിൽ ലയിപ്പിക്കുവാനുള്ള കഴിവാണു് ഇന്ത്യൻതത്വശാസ്ത്രത്തിന്റെയും കലകളുടെയും മതങ്ങളുടെയും പ്രത്യേകത. സാമൂഹ്യമായ അസമത്വത്തെ ഇന്ത്യൻ മതങ്ങൾ നീതീകരിച്ചു. വ്യക്തി ബ്രഹ്മത്തിൻെറ ഒരു ഭാഗമാണു് ബ്രഹ്മത്തിനു് തെററുപററാവുന്നതുമല്ല. അതിനാൽ വ്യക്തി എത്രതന്നെ വ്യത്യസ്ഥനായിരുന്നാലും അനന്തവും അനുപമവുമായ ബ്രഹ്മത്തിന്റെ ഒരു ഭാഗമെന്നനിലയിൽ എല്ലാ സാമൂഹ്യ അസമത്വങ്ങൾക്കുമപ്പുറം ശ്രേഷ്ഠമാണു്. പക്ഷെ അതു് വ്യക്തിയുടെ സവിശേഷതമൂലമല്ല. വ്യക്തി ബ്രഹ്മത്തിൻെറ ഒരു ഭാഗമെന്ന നിലയ്ക്കുള്ളതാണു്. ഇന്ത്യൻ ചിത്രകലയിൽ വൃക്ഷങ്ങളെ വരച്ചിരിക്കുന്നതു് ശ്രദ്ധിക്കുക. ഒരു പ്രത്യേകതരം വൃക്ഷത്തെ അവിടെ ഉദ്ദേശിക്കപ്പെട്ടിട്ടില്ല. മനുഷ്യ വ്യക്തികളെയും അതേരീതിയിലാണു് ഇന്ത്യൻ മതങ്ങളും തത്വശാസ്ത്രങ്ങളും കൈകാര്യംചെയ്യുന്നതു്. വ്യക്തിക്കു് സമൂഹത്തിൻെറ ഒരു ഘടകമെന്ന നിലയിൽ മാത്രമാണു് നിലനില്പുള്ളതു്.

ഇന്ത്യ ശാസ്ത്രീയരംഗത്തു് പിന്നോക്കം നില്ക്കുവാ നുള്ള കാരണവും അതുതന്നെയാണു്. മഹാന്മാരും ധിഷണാശാലികളുമായ പലരും ഇന്ത്യയിൽ ജനിച്ചി ട്ടുണ്ടു് അവർ പല പുതിയ തത്വങ്ങളും സിദ്ധാന്ത ങ്ങളും കണ്ടുപിടിച്ചിട്ടുമുണ്ടു്. രാവണന്റെ പുഷ്പകവി മാനംപോലെ ആധുനിക ശാസ്ത്രീയസിദ്ധാന്തങ്ങളുടെ പ്രവചനങ്ങൾ പലതും പ്രാചീന ഇന്ത്യയിൽ കാണു വാൻ കഴിയും. വ്യക്തിയ്ക്കു പ്രാധാന്യം നല്കുന്ന വ്യവ സ്ഥിതിയോടു കാണിച്ച വിദ്വേഷം മൂലമാണു് ഭൗതിക ശാസ്ത്രങ്ങൾ ഭാരതത്തിൽ വളരാതിരുന്നതു്. പുതിയ അർത്ഥത്തിൽ ജനാധിപത്യം വ്യക്തിത്വത്തിന്റെ അംഗീ കാരമാണു്. എങ്കിലും പഴയ പാരമ്പര്യത്തിന്റെ സമ്മർദ്ദ ത്തിൽപെട്ടു് ഇന്ത്യയിൽ ഇന്നും ജനാധിപത്യം ചില പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടാണു് വളരുന്നതു്.

രാജ്യത്തിന്റെ വിസ്തീർണ്ണം ആഭ്യന്തര ജനാധിപ ത്യമുള്ള ഗ്രാമ റിപ്പബ്ലിക്കും സാമ്രാജ്യത്വവും ഒരുമിച്ചു പോകുന്നതിനു് കാരണമായിത്തീന്നു. പ്രാദേശിക സ്വാതന്ത്ര്യം പ്രസ്തുത ഗ്രാമങ്ങളിൽ വളരെയുണ്ടായി രുന്നു. നിയമദ്രഷ്ടാവ്യാ അംഗീകരിക്കപ്പെട്ടിരുന്നവയല്ലെ ങ്കിലും പാരമ്പര്യത്തിന്റെ പിന്തുണമൂലം അനുവദിക്കാ തിരിക്കാൻ നിവൃത്തിയില്ലാത്തവയായിരുന്നു അവ. ഗ്രാമറിപ്പബ്ലിക്കും സാമ്രാജ്യത്വവും തമ്മിൽ പൊരുത്ത ക്കേടുണ്ടാകുമ്പോഴെല്ലാം അസംഘടിതമായ പൊതുജനാ ഭിപ്രായത്തെ സൈനികശക്തി അടിച്ചമർത്തി. യൂറോ പ്യൻ സംസ്കാരത്തിന്റെ സമ്പർക്കത്തിൽനിന്നും ഇന്ത്യ യ്ക്കുലഭിച്ച ഒരു പ്രധാന നേട്ടം പ്രകൃതിശക്തികളുടെ മേലുള്ള നിയന്ത്രണമാണു്. വാർത്താവിതരണ സമ്പ്ര

ദ്യത്തിലുള്ള പുരോഗമനമാണ് അതിന്റെ ഏററവും പ്രകടമായ ലക്ഷണം. പഴയ ഗ്രാമീണ ജനാധിപത്യം അതുമൂലം കൂടുതൽ അസ്വതന്ത്രമാകുകയാണുണ്ടായതു്. റയിൽവേയും മോട്ടോർ കാറും കമ്പിത്തപാലുമെല്ലാം ഒരു തരത്തിൽ സർവ്വാധിപത്യത്തിനനുകൂലമായ സാഹചര്യം സൃഷ്ടിച്ചു.

കാർഷികപ്രധാനമായ സാമ്പത്തിക വ്യവസ്ഥിതിയിൽ ഗ്രാമറിപ്പബ്ലിക്ക് ഏററവും ചെറുതും പ്രധാനവുമായ ഘടകമാണ്. അനേകം സാമ്രാജ്യങ്ങളുടെ ഉദയാസ്തമനങ്ങൾക്കുശേഷവും ഈ ഗ്രാമറിപ്പബ്ലിക്കുകൾക്ക് കോട്ടംതട്ടാതിരുന്നതിന്റെ പ്രധാനകാരണം കാർഷികപ്രധാനമായ സാമ്പത്തികവ്യവസ്ഥിതിയുടെ നിലനില്പായിരുന്നു. ഇന്ത്യയിൽ വന്ന വിദേശീയർ ആരുംതന്നെ ഇന്ത്യയിലെ പ്രസ്തുത സാമ്പത്തിക വ്യവസ്ഥിതിയെ വ്യത്യാസപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. ഇന്ത്യയുടെ കാർഷിക ധനസമൃദ്ധിയാണ് വിദേശീയരെ ഇവിടേയ്ക്കാകർഷിച്ചതു്. ഈ ഗ്രന്ഥത്തിൽതന്നെ മറെറാരിടത്തു സൂചിപ്പിച്ചിട്ടുള്ളതുപോലെ കർഷകജനത സ്വയം പര്യാപ്തമായ ഒരു സമൂഹമാണ്. അവരുടെ ആവശ്യങ്ങൾ പരിമിതവും ഉല്പാദനങ്ങൾ ഉപഭോഗ സാധനങ്ങളുമാണ്. അതിനാൽ നഗരങ്ങളെയോ മററു ഗ്രാമങ്ങളെയോ ആശ്രയിക്കേണ്ട പരിതസ്ഥിതി കർഷകജനതയ്ക്കില്ല. സ്വതന്ത്രങ്ങളായ ഗ്രാമറിപ്പബ്ലിക്കുകളുടെ ഉദയത്തിനു് അതു് കാരണമായിത്തീർന്നു. ഇന്നും പ്രസ്തുത സ്വാതന്ത്ര്യത്തിന്റെ അവശിഷ്ടങ്ങൾ കാണാം. പ്രാചീന ഇന്ത്യയിലെ സമൂഹജീവിതത്തിന്റെ അതിപ്രധാനമായ ഘടകമാണ് ഈ ഗ്രാമറിപ്പബ്ലിക്കുകൾ.

ഗ്രാമസ്വരാജ്

പ്രാചീന ഇന്ത്യയിൽ ഓരോ ഗ്രാമങ്ങൾക്കും അഥവാ ഗ്രാമക്കൂട്ടങ്ങൾക്കും അവയുടേതായ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ടായിരുന്നു. ഗ്രാമങ്ങളിലെ എല്ലാ അംഗങ്ങൾക്കും പരസ്യമായി രാഷ്ട്രീയവും സാമൂഹ്യവും മതപരവുമായ പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുന്നതിനും അഭിപ്രായങ്ങൾ വെളിപ്പെടുത്തുന്നതിനുമുള്ള സൗകര്യവുമുണ്ടായിരുന്നു. അന്നത്തെ ബുദ്ധമതാശ്രമങ്ങളും ജനായത്ത സിദ്ധാന്തങ്ങളിലധിഷ്ഠിതമായിരുന്നു. മൗര്യസാമ്രാജ്യത്തിന്റെ സ്ഥാപനംമൂലം ഈ സമ്പ്രദായം നശിക്കുകയുണ്ടായില്ല എന്നതിന് രേഖകളുണ്ട്. അശോകന്റെ സാമ്രാജ്യം സുശക്തമായ ഒരു ഭരണഘടകമെന്നതിനേക്കാൾ ഈ വിധത്തിലുള്ള അനേകം ഗ്രാമറിപ്പബ്ലിക്കുകളുടെ സംഘടിത രൂപമായിരുന്നു. അശോകന്റെ പിതാവായ ബിന്ദുസാരന്റെ കാലത്ത് സാമ്രാജ്യം ഹൈദ്രാബാദിലെ നൈസാമിന്റെ സ്റ്റേറ്റിനേക്കാൾ വിസ്തൃതമായിരുന്നില്ല. അശോകൻ പിടിച്ചടക്കിയ ഏക രാജ്യം കലിംഗയാണ്. എന്നാൽ അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽ കേരളം ഒഴിച്ചുള്ള എല്ലാ പ്രദേശങ്ങളും ഉൾപ്പെട്ടിരുന്നു എന്നത് വാസ്തവമാണ്. ഇതരഭാഗങ്ങളിലെ ഗ്രാമറിപ്പബ്ലിക്കുകൾ ആ സാമ്രാജ്യത്തോട് ചേർക്കപ്പെട്ടതുകൊണ്ടുണ്ടായതാണ് ആ വിസ്തൃതി എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

അന്നത്തെ ഗ്രാമങ്ങളും പട്ടണങ്ങളും പ്രത്യേക പ്ലാനോടുകൂടിയാണ് പണിയപ്പെട്ടിട്ടുള്ളത്. ഗണിതശാസ്ത്രത്തിനും പ്രത്യേകിച്ച് ക്ഷേത്രഗണിതത്തിനും ആര്യന്മാരുടെ ഇടയിൽ വളരെ പ്രാധാന്യമുണ്ടായിരുന്നു.

അവർ പൂജകൾ നടത്തിക്കൊണ്ടിരുന്നതു് ക്ഷേത്രഗണിതപ്രകാരം വരയ്ക്കപ്പെട്ട കളങ്ങളിലാണ്. ഇന്നും ആ പാരമ്പര്യം തുടരുന്നതായികാണാം. അതുപോലെതന്നെ ഗ്രാമങ്ങൾ പണിതിരുന്നതു് ക്ഷേത്രഗണിതത്തിൻെറ സഹായത്തോടുകൂടിയാണ്. ദീർഘചതുരത്തിൽ നാലു വശവും മതിലുകളാൽചുററപ്പെട്ടതായിരിക്കും അന്നത്തെ ഗ്രാമങ്ങൾ. മതിലിനുള്ളിൽ ഒരു പ്രത്യേക പ്ലാനനുസരിച്ചുള്ള റോഡുകളും അതിന്റെ ഇരു വശവും വീടുകളും സ്ഥിതിചെയ്യുന്നു. ഗ്രാമത്തിൻെറ മധ്യഭാഗത്തു് പഞ്ചായത്തുഭവനം ഉണ്ടായിരിക്കും. ചെറിയഗ്രാമങ്ങളിൽ പഞ്ചായത്തു് ഭവനത്തിനുപകരം ആളുകൾ സമ്മേളിക്കുവാൻ തണലുള്ള അരയാൽ വൃക്ഷമായിരിക്കും. സന്യാസികൾക്കും വിരക്തർക്കും ജീവിക്കുവാൻ ഗ്രാമത്തിനടുത്തു വനങ്ങളും സംരക്ഷിക്കപ്പെട്ടിരുന്നു. അവർക്ക് ശിഷ്യപ്പെടുവാനും അവരോടൊത്തു ജീവിക്കുവാനുമായി വിദ്യാർത്ഥികൾ ആ വനങ്ങളിലെത്തിയിരുന്നു. ഇന്നത്തെ സർവ്വകലാശാലയുടെ സ്ഥാനമാണ് പ്രസ്തുത വനങ്ങൾക്കും അവയിലെ ആശ്രമങ്ങൾക്കും ഉണ്ടായിരുന്നതു്. ഈ ആശ്രമങ്ങൾ വളന്നു് നളന്ദ, തക്ഷശില തുടങ്ങിയവയെപ്പോലെ വിദൂരദേശങ്ങളിൽ നിന്നുപോലും വിദ്യാർത്ഥികളെ ആകർഷിക്കുന്ന സ്ഥാപനങ്ങളായിത്തീന്നു.

അഴിമതിയും ദൂഷണവും ഇല്ലാതിരുന്ന ഒരു ഭരണവ്യവസ്ഥിതിയാണു് പ്രാചീന ഇന്ത്യൻ ഗ്രാമങ്ങളിൽ നിലനിന്നിരുന്നതു്. ഭരണാധികാരികളായ ഉദ്യോഗസ്ഥന്മാരെപ്പററി എന്തെങ്കിലും പരാതി പൊതുജനങ്ങളിൽ നിന്നുമുണ്ടായാൽ അവരെ വിസ്തരിക്കുകയും രാജാവു് ജനങ്ങളുടെ ഭാഗത്തുനിന്നുകൊണ്ടു് ഉദ്യോഗസ്ഥന്മാരെ കർ

നമായ പരിശോധനയ്ക്കു വിധേയമാക്കുകയും ചെയ്തിരുന്നു വെന്നു് നീതിസാരത്തിൽ കാണുവാൻ കഴിയും. അഴിമതിയും ദൂഷണവും ഇല്ലാതാക്കുവാൻ ഗ്രാമീണ ഭരണസമിതിയിലേയ്ക്കു് തെരഞ്ഞെടുക്കപ്പെടുന്നവരുടെ ബന്ധുക്കളെ ഉദ്യോഗസ്ഥന്മാരായി നിയമിക്കുവാൻ പാടില്ലായെന്നൊരു വ്യവസ്ഥ അന്നുണ്ടായിരുന്നു എന്നുകൂടി സ്മരിക്കുമ്പോൾ അന്നത്തെ ഭരണസമിതിയുടെ മഹത്വം ബോദ്ധ്യപ്പെടുത്തുവാൻ കഴിയും. ഔദ്യോഗിക സ്ഥാനങ്ങളിലേയ്ക്കുള്ള നിയമനങ്ങളിൽ പ്രധാനമായി നോക്കിയിരുന്നതു് സ്വഭാവശുദ്ധിയും ധീഷണാശക്തിയുമാണ്. ജാതിയോ കുടുംബമോ അക്കാര്യത്തിൽ പരിഗണനാർഹമായിരുന്നില്ല.

ജാതകകഥകളിൽ വിവരിക്കപ്പെടുന്ന വ്യവസ്ഥിതി നിലനിന്നതു് ശ്രീബുദ്ധൻെറ ജനനത്തിനുമുമ്പുള്ള കാലഘട്ടത്തിലായിരുന്നു. അന്നത്തെ ഇന്ത്യൻ ഗ്രാമം ഐശ്വര്യത്തിൻെറ സങ്കേതമായിരുന്നു. കൃഷിയായിരുന്നു പ്രധാന തൊഴിലെങ്കിലും മൃഗങ്ങളെ വളർത്തുന്നതിലും അവർ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. പഴത്തോട്ടങ്ങൾ അക്കാലത്തു് ഒരുസാധാരണകാഴ്ചയായിരുന്നു. തേന്മാവു്, മുന്തിരി, വാഴ, ഈന്തൽ തുടങ്ങിയവയുടെ ഫലങ്ങൾ സുലഭമായിരുന്നു. പട്ടണങ്ങളിൽ സാധനങ്ങളുടെ വില്പന ഒരു പ്രധാന തൊഴിലായിമാറി. ആഹാരത്തിനു വേണ്ടിയുള്ള വേട്ടയാടലും, മത്സ്യംപിടുത്തവും അക്കാലത്തുണ്ടായിരുന്നു എന്നു കാണുന്നതിൽനിന്നും പ്രാചീന ഇന്ത്യാക്കാർ മാംസഭുക്കുകളായിരുന്നു എന്നു് അനുമാനിക്കാവുന്നതാണു്. പക്ഷെ പ്രധാന ആഹാരം അരിയും ഗോതമ്പും ചോളവുമായിരുന്നു. ബി.സി. 6-ാം നൂററാ

ങ്ങളിൽതന്നെ ഇന്ത്യയിൽ കരിമ്പിൽനിന്നും പഞ്ചസാര ഉണ്ടാക്കിയിരുന്നു. അതുപോലെതന്നെ നെല്ലിൽനിന്നും പഴങ്ങളിൽനിന്നും മദ്യം വാററുന്ന സമ്പ്രദായവും അന്നു് പ്രചാരത്തിലായിരുന്നു.

പ്രാചീന ഇന്ത്യയിലെ കൈത്തൊഴിലുകൾ

ഖനനം ഇന്ത്യയിൽ അതിപുരാതനകാലം മുതൽ തന്നെ ആരംഭിച്ചിരുന്നു. സ്വർണ്ണം, വെള്ളി, ചെമ്പു്, ഇരുമ്പു്, ഈയം, പിത്തള തുടങ്ങിയ ലോഹങ്ങളുടെ പേരുകൾ പുരാതനകൃതികളിൽ കാണുന്നുണ്ടു്. സില്ക്കും പരുത്തിയും രോമവും കൊണ്ടുള്ള വസ്ത്രങ്ങൾക്കു് പ്രാചീന ഇന്ത്യ പ്രസിദ്ധമായിരുന്നു. അക്കാലങ്ങളിൽ വസ്ത്രങ്ങൾക്കു നീറംകൊടുക്കുക ഇവിടത്തെ ഒരു പ്രധാന തൊഴിലായിരുന്നു. ഇതിനെല്ലാമുപരിയായി യുദ്ധോപകരണങ്ങൾ നിർമ്മിക്കുന്നതിലും പ്രാചീന ഇന്ത്യ സമ്പാദിച്ചിരുന്ന അദ്വിതീയ സ്ഥാനം മദ്ധ്യശതകങ്ങളിൽപോലും നിലനിന്നു. അലക്സാണ്ടറുടെയും മററും ആക്രമണങ്ങളെ ഇന്ത്യാക്കാർക്ക് ധീരമായി ചെറുക്കുവാനും സെല്യൂക്കസ്സിനെ തോല്പിക്കുവാനും കഴിഞ്ഞതു് അതു മൂലമാണു്. ബാബർ വെടിമരുന്നുമായി ഇന്ത്യയിൽ പ്രവേശിച്ചപ്പോഴാണു് യുദ്ധോപകരണങ്ങളുടെ നിർമ്മാണത്തിൽ ഇന്ത്യ പരാജയപ്പെട്ടതു്.

കൊത്തുവേല മരപ്പണി തുടങ്ങിയവയ്ക്കു് ഭാരതം ഒരുകാലത്തും ദ്വിതീയസ്ഥാനത്തു് നിന്നിട്ടില്ല. ഇവിടെ വീട്ടിയിലും ആനക്കൊമ്പിലും മററും നിർമ്മിച്ച സാധനങ്ങൾക്കു് റോമിലും വെനിസ്സിലും വളരെയധികം പ്രിയം ലഭിച്ചിരുന്നു. അതുപോലെതന്നെ ചിത്രവേല സംഗീതം തുടങ്ങിയ കലകളിൽ പ്രാവീണ്യം സമ്പാദിച്ചവർ അന്നത്തെ ഗ്രാമങ്ങളിൽ ധാരാളമുണ്ടായിരുന്നു.

തൊഴിൽ സംഘടനകളാണ് പ്രാചീന ഇന്ത്യയിലെ മററൊരു പ്രത്യേകത. ആധുനിക കാലത്ത് തൊഴിൽ സംഘടനകൾക്കു ലഭിച്ചിരിക്കുന്ന പ്രാധാന്യം ബി.സി. 6-ാം നൂററാണ്ടിൽ ഇന്ത്യയിൽ ഉണ്ടായിരുന്നു. മദ്ധ്യശതകങ്ങളിൽ യൂറോപ്പിൽ രൂപമെടുത്ത ഗിൽഡു സമ്പ്രദായത്തിലുള്ള തൊഴിൽ സംഘടനകളോട് സാധർമ്മ്യമുള്ളവയായിരുന്നു അവ. ജാതകകഥകളിൽ ആ വിധത്തിലുള്ള തൊഴിൽ സംഘങ്ങളെപ്പററി പറയുന്നുണ്ട്. ചിത്രകാരന്മാർ, തുകൽവേലക്കാർ, കൊല്ലന്മാർ, ആശാരിമാർ തുടങ്ങിയവരുടെ സംഘങ്ങളും അതിൽ പെടും. മഹാഭാരതത്തിൽ കച്ചവടക്കാരുടെ ഗിൽഡുകളെപ്പററി പറയുന്നുണ്ട്. ഗിൽഡുകളുടെ നിയമങ്ങളെ ലംഘിക്കുവാൻ രാജാവിനുപോലും അധികാരമില്ലായിരുന്നുവെന്ന് അറിയുമ്പോൾ പ്രാചീന ഇന്ത്യൻ സമുദായത്തിൽ തൊഴിലാളികൾക്കും അവരുടെ സംഘടനകൾക്കും ഉണ്ടായിരുന്ന സ്ഥാനം ഊഹിക്കാവുന്നതാണ്.

അതുപോലെതന്നെ ഒരേതൊഴിൽ ചെയ്യുന്നവരുടേതായ പ്രത്യേകഗ്രാമങ്ങളും അന്നുണ്ടായിരുന്നു. ആശാരിമാരുടെ ഗ്രാമങ്ങൾ തുടങ്ങിയവ അതിനുദാഹരണങ്ങളാണ്. ആവിധത്തിലുള്ള മാതൃക ഗ്രാമങ്ങൾ പലപ്പോഴും പട്ടണങ്ങളുടെ സമീപത്താണ് വളർന്നത്. അതുകൊണ്ട് അവിടത്തെ ഉല്പാദനത്തിന് വിപണി ലഭിക്കുവാൻ അടുത്ത പട്ടണത്തെ ആശ്രയിക്കുകയും ചെയ്യാം. ഒരുപക്ഷെ ജാതി സമ്പ്രദായത്തിൻെറ ആരംഭം ഈ വിധത്തിലുള്ള ഗ്രാമങ്ങളിൽ നിന്നായിരിക്കും.

രാജ്യമൊട്ടാകെ നീണ്ടുകിടക്കുന്ന റോഡുകൾ, ഇടക്കിടെ യാത്രക്കാരുടെ വിശ്രമസങ്കേതങ്ങൾ, ആശുപ

ത്രികൾ തുടങ്ങി ആധുനിക ക്ഷേമരാഷ്ട്രത്തിന്റെ എല്ലാ സൗകര്യങ്ങളും പ്രാചീന ഇന്ത്യയിൽ ഉണ്ടായിരുന്നു. ബുദ്ധ-ജൈനമതങ്ങളുടെ വളർച്ചയോടുകൂടി മൃഗങ്ങൾക്കു പോലും നാടിന്റെ നാനാഭാഗങ്ങളിലും ചികിത്സാസങ്കേതങ്ങൾ ആരംഭിക്കപ്പെട്ടു. റോഡുകൾ വിദേശരാജ്യങ്ങളുമായും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളുമായുമുള്ള വ്യാപാരത്തെ പോഷിപ്പിച്ചു. വിദേശ രാജ്യങ്ങളുമായി പ്രാചീന ഇന്ത്യ നടത്തിയിരുന്ന വ്യാപാരത്തിന്റെ സിംഹഭാഗവും ദക്ഷിണേന്ത്യയും കേരളവുമാണ് വഹിച്ചതു്. ബി.സി. 5-ാം നൂററാണ്ടിൽ ഈജിപ്തിൽ ഒരു ഇന്ത്യൻ കോളനി ഉണ്ടായിരുന്നതിന്റെ ലക്ഷ്യങ്ങൾ കിട്ടിയിട്ടുണ്ടു്. അതുപോലെ തന്നെ തെക്കുകിഴക്കേ ഏഷ്യയിലെ ദ്വീപസമൂഹങ്ങളുമായും ഇന്ത്യ അന്നു് കച്ചവടബന്ധം പുലർത്തിപ്പോന്നു. ദക്ഷിണേന്ത്യയിലെ അന്നത്തെ പ്രധാന വാണിജ്യനഗരം കാവേരി നദീമുഖത്തെ കാവേരി പട്ടണമായിരുന്നു.

പ്രാചീന ഇന്ത്യയുടെ സാമ്പത്തിക വ്യവസ്ഥിതി കാർഷികപ്രധാനമായിരുന്നുവെങ്കിലും വാണിജ്യവും വ്യവസായവും ഇന്ത്യയിൽ ഒട്ടും കുറവല്ലായിരുന്നുവെന്നു മേൽ സൂചിപ്പിച്ച സംഗതികളിൽ നിന്നും വ്യക്തമാണ്. ഒരുജനതയ്ക്കും കൃഷിയെമാത്രം ആശ്രയിച്ചു് ഉപജീവനം നടത്തുക സാദ്ധ്യമല്ല. കൃഷി വർഷത്തിന്റെ ചില മാസങ്ങളിൽമാത്രം ജോലിനല്കുന്ന ഒരു തൊഴിലാണ്. അതുപോലെ കൃഷിയിൽനിന്നും ലഭിക്കുന്ന സാധനങ്ങൾ അസംസ്കൃതവുമാണ്. അവയെ ഉപയോഗയോഗ്യമാക്കുന്നതിനു് ചെറിയ വ്യവസായങ്ങൾ കൃഷിയോടൊത്തു തന്നെ നടത്തപ്പെടേണ്ടിവരും. കാലാവസ്ഥയുടെ വ്യ

ത്യാസമനുസരിച്ച് ഓരോ സ്ഥലത്തും ഓരോ കൃഷിക്ക് പ്രാധാന്യം ലഭിക്കുകയും കർഷകന്റെതന്നെ ഉപയോഗത്തിനായി അവയെ പരസ്പരം കൈമാറേണ്ടിവരികയും ചെയ്യുന്നു. അങ്ങനെ ആരംഭിക്കുന്ന വാണിജ്യവും വ്യവസായവുമാണ് ഒരു രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയെതന്നെ വ്യത്യാസപ്പെടുത്തുവാൻ പര്യാപ്തമായിത്തീരുന്നത്. കൃഷി പ്രധാനമായ സാമ്പത്തിക വ്യവസ്ഥിതി നിലനിൽക്കുന്ന ഗ്രാമങ്ങളിൽ വ്യവസായവും വാണിജ്യവും ഒരു വളർച്ചയാണ്. പ്രാചീന ഇന്ത്യയിലെ ഗ്രാമങ്ങളിൽ അവയുടെആരംഭത്തോടുകൂടിയാണ് ജാതിസമ്പ്രദായം ഉടലെടുത്തത്. അത് ഗ്രാമത്തെ ഒരു പരിവർത്തനത്തിന് വിധേയമാക്കി. അതിന്റെ രാഷ്ട്രീയപ്രകടനമാണ് ഗ്രാമറിപ്പബ്ലിക്കുകൾ ചേർന്നുള്ള രാജ്യങ്ങളും സാമ്രാജ്യങ്ങളും. പരിധി വിസ്തൃതമായതോടുകൂടി സാമ്രാജ്യങ്ങളുടെ കർത്തവ്യങ്ങൾ കൂടുതൽ സങ്കീർണ്ണങ്ങളായി. അത് കേന്ദ്രീകൃതമായ ഒരു ഭരണസമ്പ്രദായത്തിന് വഴിതെളിച്ചു. ഭരണം കൂടുതൽ കേന്ദ്രീകൃതമാകുമ്പോൾ കൂടുതൽ ജനാധിപത്യവിരുദ്ധമാകുകയാണു ചെയ്യുന്നത്. ഗ്രാമറിപ്പബ്ലിക്കുകളുടെ അധികാരങ്ങൾ അതോടെ ക്രമേണകുറഞ്ഞു. പലതും രാഷ്ട്രത്തിന്റെ കയ്യിലേയ്ക്ക് പകർന്നു. രാഷ്ട്രീയാധികാരം കൈകാര്യംചെയ്യുന്നവരുടെ വ്യക്തിത്വത്തിന് അതുമൂലം കൂടുതൽ വികസന സൗകര്യം ലഭിച്ചു. അത് പലരേയും ഏകാധിപതികളായി മാററുവാൻ ഉപകരിച്ചു. ഏകാധിപത്യം അധികാര ദുർമ്മോഹത്തിന് വഴിതെളിച്ചു. അധികാര ദുർമ്മോഹം സ്വയം നാശത്തിന്റെ പ്രഥമ പടിയാണ്. അങ്ങനെയാണ് ഇന്ത്യയിൽ സാമ്രാജ്യങ്ങൾ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തത്.

ഇന്ത്യൻ ഗ്രാമങ്ങളിലെ സാമ്പത്തികവും രാഷ്ട്രീയവുമായ ഈ വ്യവസ്ഥിതിയുടെ തുടർച്ചയായ നിലനില്പ് ഇന്ത്യൻ ജനതയുടെ സാമുദായിക ജീവിതത്തെ പലവിധത്തിലും സ്വാധീനപ്പെടുത്തിയിട്ടുണ്ട്. നിശ്ചലമായ സാമ്പത്തിക വ്യവസ്ഥിതി പുരോഗമനത്തിനും വളർച്ചയ്ക്കും വിഘാതമാണ്. മുമ്പു സൂചിപ്പിച്ചതുപോലെ ലോകത്തിൽ പൊതുവേ കർഷകജനത യാഥാസ്ഥിതികരും പുരോഗമനവിരുദ്ധ ചിന്താഗതിക്കാരുമാണ്. വ്യവസായവും വാണിജ്യവും പുതിയ പുതിയ ആദർശങ്ങളുടെ പ്രചരണത്തിനും പരിവർത്തനത്തിനും സന്ദർഭം നല്കുന്നു. പുതിയ ആശയങ്ങളെ സ്വാഗതംചെയ്യുന്നതിന് അതു് ജനതയെ പ്രാപ്തമാക്കുന്നു. ഇന്ത്യയിൽ കാർഷികപ്രധാനമായ സാമ്പത്തിക വ്യവസ്ഥിതിയും ഗ്രാമസമൂഹവും സാധാരണക്കാരനെ യാഥാസ്ഥിതികനാക്കിമാററി. ദേശീയബോധത്തെ അതു് ബലഹീനമാക്കുകയും ഇന്ത്യ ഏകഭരണത്തിൻ കീഴിലുള്ള ഒരു രാഷ്ട്രമായിത്തീരുവാനുള്ള സാഹചര്യത്തെ അതു് ഇല്ലാതാക്കുകയുംചെയ്തു. സാംസ്ക്കാരികമായി പ്രാചീന ഇന്ത്യയിൽ ഉറച്ച ഐക്യം ഉണ്ടായിരുന്നിട്ടും രാഷ്ട്രീയമായ ഐക്യം സാദ്ധ്യമാകാതിരുന്ന വിരോധാഭാസം അതുമൂലം ഇന്ത്യയിൽ ഉളവായി.

ജാതിസമ്പ്രദായം

സമൂഹ്യ രംഗത്തു് ഇന്ത്യൻ സംസ്കാരത്തിൻെറ ബലവും ബലഹീനതയും ജാതിസമ്പ്രദായത്തിലൂടെ കാൺവാൻ കഴിയും. ജാതി സമ്പ്രദായത്തെക്കുറിച്ചുള്ള ഇന്നത്തെ വിമർശനങ്ങൾ വ്യക്തവും യഥാർത്ഥവുമാണ്. അതു് ഇന്ത്യൻ ജീവിതത്തിൻെറ ഐക്യത്തെ നശി

പ്പിച്ചു. ജനാധിപത്യത്തിന്റെ വളർച്ചയെ തടഞ്ഞു. ജാതിശ്രേണിയുടെ ഉയന്ന സ്ഥാനങ്ങളിൽ അതു് കാട ത്തത്തെയും താഴ്ന്ന സ്ഥാനങ്ങളിൽ അപകഷ്താബോ ധത്തെയും ഉളവാക്കി. മനുഷ്യത്വത്തിന് അനുകൂലമ ല്ലാത്ത ഒരു പരിതസ്ഥിതി എല്ലാവിഭാഗങ്ങളിലും അതു സൃഷ്ടിച്ചു. ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പാര മ്പര്യത്തിൽ അതു കരിതേച്ചു.

ഇതു വ്യക്തമായ ദോഷങ്ങളെല്ലാം ഉണ്ടെങ്കിലും ജാതി സമ്പ്രദായം ഉടലെടുത്ത പരിതസ്ഥിതി കൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. സഹിഷ്ണുതാബോധവും കാർ ഷിക സാമ്പത്തിക വ്യവസ്ഥിതിയുടെ തുടച്ചയായ നില നില്പുമായിരുന്നു ജാതി സമ്പ്രദായത്തിന്റെ ജനനത്തിനു് കാരണമായ പരിതസ്ഥിതികൾ. സഹിഷ്ണുതാമനോ ഭാവത്തിൽനിന്നും അതു് രൂപമെടുത്തു എന്നതു് പ്രഥമ ദൃഷ്ടിയിൽ ഒരു വിരോധാഭാസമായി തോന്നാം. ഇത്ര യേറെ അസഹിഷ്ണുത പ്രകടിപ്പിക്കപ്പെട്ടിട്ടുള്ള മറെറാരു രംഗവും ഇന്ത്യൻ സംസ്കാരത്തിൽ ഉണ്ടായിട്ടില്ലെന്നു തോന്നുന്നു. ഇന്ത്യ വിദേശീയാക്രമണങ്ങൾക്കു് അനേക വട്ടം ഇരയായിത്തീന്ന ഒരു രാജ്യമാണ് എന്നു് മുമ്പു് പ്രസ്താവിച്ചുവല്ലോ. രക്തം, വണ്ണം, ഭാഷ, ആചാരം, വിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ വിവിധ രീതിയി ലുള്ള ജനങ്ങൾ അതുമൂലം ഇവിടെ സ്ഥലം പിടിച്ചു. ഇതേ പ്രശ്നമാണ് യൂറോപ്യന്മാക്കു് അമേരിക്കയിലും ആഫ്രിക്കയിലും ആസ്ത്രേലിയായിലും അഭിമുഖീകരിക്കേ ണ്ടിവന്നതു്. റെഡ്ഡു് ഇന്ത്യാക്കാരും, നീഗ്രോകളും, ഇംഗ്ലീഷുകാരും, ഫ്രഞ്ചുകാരും, സ്പെയിൻകാരും എല്ലാം ചേന്ന ഒരു ജനതയാണ് അമേരിക്കയിൽ ഉള്ളതു്.

ഇന്ത്യയിൽ അതു് കൂടുതൽ സങ്കീർണ്ണമായി അനുഭവപ്പെട്ടു എന്നുമാത്രം. അമേരിക്കയിലും, ആസ്ത്രേലിയായിലും ആദിമവർഗ്ഗങ്ങളെ നശിപ്പിച്ചു. ആഫ്രിക്കയിൽ അവരെ അടിമകളാക്കി വച്ചു. ഈ പ്രശ്നം പരിഹരിക്കുവാനാണു് യൂറോപ്യന്മാർ ശ്രമിച്ചതു്. അതിനാൽ അതു പരിഹരിക്കപ്പെടാതെ ഇന്നും ഐക്യ രാഷ്ട്രസഭയേയും ലോകജനതയേയും അലട്ടുകയാണു്. ഇന്ത്യൻ ജനത ആ പ്രശ്നത്തിനു് കണ്ടുപിടിച്ച പരിഹാരമാർഗ്ഗമാണു് ജാതി സമ്പ്രദായം. അനേക ലക്ഷം ജനങ്ങൾ അവർ ഒരു പ്രത്യേക ജാതിയിൽ ജനിച്ചതുകൊണ്ടുമാത്രം അധഃസ്ഥിതരായി പരിഗണിക്കപ്പെടുന്നുവെന്നതു് നീതിയല്ല. എന്നാൽ സംസ്കാരത്തിൻെറ വിവിധ തട്ടുകളിൽ എത്തിയിരിക്കുന്ന ഒരു ജനതയെ പരസ്പരം കോർത്തിണക്കി കൊണ്ടുപോകുവാൻ വേണ്ടി കണ്ടുപിടിക്കപ്പെട്ട ഈ മാർഗ്ഗം തീർച്ചയായും ഒരു നേട്ടമാണു്. ജനങ്ങളെ ജനാധിപത്യത്തിൻെറ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വളരെയധികം ഗ്രൂപ്പുകളായി വിഭജിച്ചു് പരസ്പരം മത്സരിക്കുന്നതിനും ഭിന്നിക്കുന്നതിനും ഇടം നല്കാത്ത ഒരു വ്യവസ്ഥിതി സൃഷ്ടിക്കുവാൻ അതുമൂലം സാദ്ധ്യമായിത്തീർന്നു. അടിസ്ഥാനപരമായ നാലു ജാതികളിൽതന്നെയുള്ള അനേകം അവാന്തര വിഭാഗങ്ങൾ ഈ വിധത്തിൽ രൂപപ്പെട്ടിട്ടുള്ളതാണു്. ഒരു ജാതിയിൽനിന്നും ആവശ്യമെങ്കിൽ വിമുക്തനാകുവാനും സ്വന്തമായി ഒരു പുതിയ ജാതിതന്നെ സൃഷ്ടിക്കുവാനും അന്നു് വ്യക്തിക്കു് സ്വാതന്ത്ര്യമുണ്ടായിരുന്നു. അന്നു് ജാതി മനുഷ്യൻെറ സൗകര്യത്തെ പരിഗണിച്ചുള്ളതായിരുന്നു.

പക്ഷെ പ്രവൃത്തിയിൽ വളരെയധികം പാകപ്പിഴ കരം അതിന വന്നുചേൻ. ആദ്യകാലങ്ങളിൽ ജാതി ജനനത്തെയല്ല തൊഴിലിനെയാണ് കേന്ദ്രീകരിച്ചിരു ന്നതു്. വ്യക്തികൾക്കും കുടുംബങ്ങൾക്കും അന്ന് ഒരു തൊഴിൽ ഉപേക്ഷിച്ചു് മററൊരു തൊഴിൽ സ്വീകരി ച്ചുകൊണ്ടു് ഒരു ജാതിയിൽനിന്നും മറെറാരു ജാതിയി ലേയ്ക്കു് മാറുവാൻ കഴിഞ്ഞിരുന്നു. അതു് ജീവിത സൗകര്യത്തിനുവേണ്ടി സ്വീകരിക്കുന്ന ഒരു വ്യതിയാനം എന്നതിൽകവിഞ്ഞ പ്രാധാന്യം അർഹിച്ചിരുന്നില്ല. ദ്രാവിഡരുടെ സംസ്കാരം ആര്യന്മാർ അംഗീകരിച്ച പ്പോൾ അവരുടെ പുരോഹിതരെ ബ്രാഹ്മണരായിമാറ്റി. ആര്യദ്രാവിഡ മത്സരത്തിന് ജാതിസമ്പ്രദായം ഒരു ഉപശാന്തിയായിരുന്നു. ആധുനിക കാലത്തു് സാമ്പ ത്തീകരംഗത്തു് രൂക്ഷമായിക്കാണുന്ന വർഗ്ഗസമരത്തിൽ നിന്നും രക്ഷനേടുവാനും ജാതിസമ്പ്രദായം മൂലം കഴിഞ്ഞു.

ജാതി സമ്പ്രദായം ഇന്ത്യയിൽ മാത്രമുള്ള ഒരു പ്രത്യേകതയല്ല. പക്ഷെ ഇന്ത്യയിലെ ജാതിസമ്പ്രദായം ഇവിടത്തെ പ്രത്യേക പരിതസ്ഥിതികൾക്കനുയോജ്യ മായ വിധത്തിൽ വളന്നതിനാൽ മററു രാജ്യങ്ങളിലേ തുമായി താരതമ്യപ്പെടുത്തുവാൻ നിർവ്വാഹമില്ലാത്ത വിധം വ്യത്യസ്ഥമായി എന്നതു് ഒരു പരമാത്ഥം മാത്ര മാണ്. ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ സംസ്കാര ത്തിൻെറ വിവിധ പടികളിലെത്തിയവരും വ്യത്യസ്ഥ തൊഴിലുകൾ ചെയ്യുന്നവരും പരസ്പരം മത്സരിക്കാതെ ഒരു സമൂഹത്തിൻെറ പൊതു ക്ഷേമത്തിനാവശ്യമായ കത്തവ്യം അനുഷ്ഠിച്ചു് യോജിച്ചു് കഴിഞ്ഞുപോകുന്ന

സമ്പ്രദായം എന്നനിലയിൽ ജാതിവ്യവസ്ഥ ഇതരരാജ്യങ്ങളിലും കാണുവാൻ കഴിയുന്നതാണ്. ആരിൽനിന്നും ജനിച്ചു എന്നു നോക്കി വ്യക്തികളെ വിവിധ ഗ്രൂപ്പുകളായി വിഭജിക്കുകയോ മതം അതിനെ അംഗീകരിക്കുകയോ ചെയ്യുന്നതല്ല ജാതിസമ്പ്രദായത്തിന്റെ അടിസ്ഥാനതത്വം. വർഗ്ഗവും ജാതിയും തമ്മിലുള്ള വ്യത്യാസം നിശ്ചലതയാണ്. വർഗ്ഗം ചലനാത്മകമായ ജാതിയാണ്. ജാതി ചലനമില്ലാത്ത വർഗ്ഗമാണ്.* എല്ലാ ജനതയുടേയും വളർച്ചയിൽ വർഗ്ഗത്തിൽനിന്നും ജാതിയിലേയ്ക്കും ജാതിയിൽനിന്ന് വർഗ്ഗത്തിലേയ്ക്കുമുള്ള പരിവർത്തനം കാണാം. സമൂഹത്തിന്റെ ആഭ്യന്തരവികാസത്തിന്റെയും പുരോഗതിയുടേയും അടിസ്ഥാനംതന്നെ ആ വിധത്തിലുള്ള പരിവർത്തനമാണ്. നീതിക്കും സമത്വത്തിനുംവേണ്ടിയുള്ള ആഗ്രഹമാണ് പ്രസ്തുത പരിവർത്തനത്തിന്റെ നിദാനം.

ഇന്ത്യയിൽ ജാതിക്കെതിരായുള്ള രണ്ടു പ്രസ്ഥാനങ്ങൾ രണ്ടു കാലഘട്ടങ്ങളിൽ രൂപമെടുക്കുകയുണ്ടായി. ആദ്യത്തേതു് ഉദ്ദേശം രണ്ടായിരത്തി അറുനൂറ് വർഷങ്ങൾക്ക് മുമ്പാണ്. വിമർശനവും പരിഷ്കാരവും ചേർന്ന ഒരു പ്രസ്ഥാനമായിരുന്നു അതെന്ന് അന്നത്തെ സാഹിത്യം സാക്ഷ്യംവഹിക്കുന്നു. ജാതിസമ്പ്രദായത്തിന്റെ രൂക്ഷത അതുമൂലം കുറഞ്ഞു് അതോടെ സാമ്പത്തികമായ സമൃദ്ധിയും രാഷ്ട്രീയമായ ശക്തിയും ഇന്ത്യയ്ക്കനുഭവപ്പെട്ടു. ജാതിയിൽനിന്നും വർഗ്ഗത്തിലേയ്ക്കുള്ള ആ വളർച്ച സമൂഹത്തിന്റെ പൊതുവായ കഴിവിനെ വികസിപ്പിച്ചു. രണ്ടാമത്തെ പ്രസ്ഥാനം നാനൂറുവർഷങ്ങൾക്കുശേഷമാണ് ഉണ്ടായതു്. ജാതിയെ ആവശ്യത്തി

ന്തകുന്ന വിധത്തിൽ പരിഷ്കരിച്ചെടുക്കുന്നതിന് പകരം അതിനെ നശിപ്പിക്കുന്നതിനാണ് ഇപ്രാവശ്യം ശ്രമിച്ചത്. എല്ലാവിധത്തിലും ജാതി സമ്പ്രദായം അവഹേളിക്കപ്പെട്ടു കഴിഞ്ഞതുപോലെ ഈ പ്രാവശ്യവും സമൂഹത്തിന്റെ കഴിവിന് ഒരു മുന്നേററമുണ്ടായി. മററു രാജ്യങ്ങളിൽ വർഗ്ഗസമരങ്ങൾ നടന്നപ്പോൾ ഇന്ത്യയിൽ ജാതി സമരമാണ് നടന്നത്. കാർഷിക പ്രധാനമായ സാമ്പത്തിക വ്യവസ്ഥിതിയും ശാസ്ത്രീയ പുരോഗതിയുടെ അഭാവവുമാണ് അതിനു കാരണം. ഭാവിയിലെ മോക്ഷത്തിനുവേണ്ടി ഇന്നത്തെ നരകത്തെ സ്വീകരിക്കുവാൻ ആ പരിതഃസ്ഥിതി മനുഷ്യനെ പ്രേരിപ്പിച്ചു. ജാതിസമ്പ്രദായം ആ പ്രേരണയിലൂടെ വളന്നു. സഹിഷ്ണുതാമനോഭാവമായിരുന്നു ജാതി സമ്പ്രദായത്തിന്റെ ഏക ഗുണം. അതു നശിച്ചപ്പോൾ ജാതി ദുഷ്യങ്ങളുടെ കൂമ്പാരമായി മാറി.

കൂട്ടുകുടുംബം.

ജാതി സമ്പ്രദായത്തെപ്പോലെതന്നെ ഇന്ത്യൻ ജീവിതക്രമത്തിന്റെ മറെറാരു അടിസ്ഥാന ഘടകമാണു കൂട്ടുകുടുംബം. വ്യക്തിയേക്കാൾ സമൂഹത്തിനു പ്രാധാന്യം നൽകുന്ന ഇന്ത്യൻ മനോഭാവത്തിന്റെ ഫലമാണത്. സാമൂഹ്യജീവിതത്തിന്റെ പ്രാഥമിക പാഠങ്ങൾ പരിചയിക്കുവാനുള്ള ഒരു കളരിയായി അത് പ്രവത്തിച്ചു. വ്യക്തിക്ക് കൂടുതൽ സുരക്ഷിതത്വം കൂട്ടുകുടുംബത്തിൽ ലഭിച്ചുപോന്നു. വ്യക്തിയുടെ കഴിവിനെ നോക്കാതെ ആവശ്യത്തെ അടിസ്ഥാനമാക്കിയുള്ള ഒരു വിതരണ ക്രമമാണ് കൂട്ടുകുടുംബത്തിൽ സ്വീകരിച്ചുപോന്നത്. സ്ഥിതിസമത്വത്തിന്റെ ആശയം

അങ്ങനെ പ്രാചീന ഇന്ത്യയിൽ അംഗീകരിക്കപ്പെട്ടിരുന്നു. കുടുംബത്തിന്റെ നായകസ്ഥാനം വഹിക്കുന്നആളും. ഒരു മാനേജരുടെ ജോലിയാണ് ചെയ്യുപോന്നതു്.

അങ്ങനെ ഗ്രാമസ്വരാജ്, കൂട്ടുകുടുംബം, ജാതി ഇവയായിരുന്നു പ്രാചീന ഇന്ത്യൻ ജീവിതക്രമത്തിന്റെ അടിസ്ഥാനഘടകങ്ങൾ. ഇവ മൂന്നും ഇന്ത്യൻ ജനതയുടെ സാമൂഹ്യബോധത്തെയാണ് വ്യക്തമാക്കുന്നതു്. ഇന്ത്യയിൽ എന്നും സമൂഹം വ്യക്തിയ്ക്കുപരിയായിരുന്നു. സമൂഹത്തിന്റെ താല്പര്യത്തിനുവേണ്ടി വ്യക്തിയുടെ താല്പര്യങ്ങളെ ഹനിക്കുവാൻ ഇവിടെ മടിച്ചിരുന്നില്ല. നരബലിയും സതിയുമെല്ലാം ആ തത്വശാസ്ത്രത്തിൽനിന്നും ഉടലെടുത്തതാണു്. അതുകൊണ്ടാണ് ആധുനികയുഗത്തിന്റെ തത്വശാസ്ത്രമായ സോഷ്യലിസം ഇന്ത്യയ്ക്കു് പുത്തരിയല്ലാ എന്നും ഇവിടെ പയററി പരാജയപ്പെട്ട ഒരു തത്വസംഹിത എന്ന നിലയിൽ അതു് അസ്വീകാര്യമാണെന്നും തികഞ്ഞ യുക്തിബോധത്തോടെ ഒരു വാദഗതി ഇന്ത്യയിൽ ഉത്ഭവിച്ചിരുന്നതു്. പാരമ്പര്യമായി ഇന്ത്യയ്ക്കു ലഭിച്ച സാമൂഹ്യബോധം കളഞ്ഞുകുളിക്കാതെ വ്യക്തിത്വത്തിന്റെ വളർച്ചയിലൂടെയുള്ള ശാസ്ത്രീയ പുരോഗതിയാണു് ഇവിടെ ഇന്നാവശ്യമായിട്ടുള്ളതു്.

അദ്ധ്യാത്മികവും ഭൗതികവുമായ രംഗങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തിക്കൊണ്ടുള്ള ഒരു ജീവിതക്രമമാണ് പ്രാചീന ഇന്ത്യ അംഗീകരിച്ചിരുന്നതു്. ബാല്യം, വിദ്യാഭ്യാസം, ഗൃഹസ്ഥം, വാനപ്രസ്ഥം എന്നിങ്ങനെ എല്ലാ രംഗങ്ങൾക്കും അർഹിക്കുന്ന പ്രാധാന്യം

അന്നു കൊടുത്തിരുന്നു. വ്യക്തിയും സമൂഹവും അതു മൂലം പരസ്പരം പൊരുത്തപ്പെട്ടുകൊണ്ടു് പുരോഗമിച്ചു. ജീവിതത്തിന്റെ ലക്ഷ്യം വെറും ഭൗതികവും തനി ആദ്ധ്യാത്മികവും ആയിരുന്നില്ല. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ ചതുർ ലക്ഷ്യങ്ങളായിരുന്നു അന്നു് ജീവിതത്തിനു് നൾകിയിരുന്നതു്. സാമ്പത്തികവും രാഷ്ട്രീയവും വ്യക്തിപരവുമായ ജീവിതലക്ഷ്യത്തോടൊപ്പംമാത്രമേ ആദ്ധ്യാത്മിക ലക്ഷ്യത്തിനും പ്രാധാന്യം നല്കിയിരുന്നുള്ളുവെന്നു് അതു വ്യക്തമാക്കുന്നു. ഇന്ത്യൻ സംസ്കാരം ജീവിതത്തിന്റെ ആദ്ധ്യാത്മിക വശത്തെ മാത്രം പരിഗണിക്കുന്ന ഒന്നാണു് എന്ന തെററായ ധാരണ ഇന്നും നിലവിലുണ്ടു്. അങ്ങനെ ഒരുകാലഘട്ടം ഇന്ത്യയിൽ ഉണ്ടായിരുന്നു എന്നതു് ശരിയാണു്. അതിന്റെ പ്രത്യാഘാതമാണു് ഇന്നലെവരെ നാം അനുഭവിച്ചുപോന്ന പാരതന്ത്ര്യം. എന്നാൽ പ്രസ്തുത മദ്ധ്യ ശതകങ്ങൾക്കു മുമ്പു് ആദ്ധ്യാത്മികവും, ഭൗതികവുമായ മണ്ഡലങ്ങൾക്കു് അവയർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു ജീവിതക്രമം ഇന്ത്യയിൽ നിലനിന്നിരുന്നു എന്ന വസ്തുത പലരും മറന്നുപോകുന്നു. ആ ജീവിതക്രമമാണു് ഇന്ത്യൻ സംസ്കാരത്തിന്റെ വളർച്ചയ്ക്കാവശ്യമായ ചൈതന്യം നൽകിയതു്.

നളന്ദ, തക്ഷശില, തുടങ്ങിയ പ്രാചീന ഇന്ത്യയിലെ വിദ്യാഭ്യാസകേന്ദ്രങ്ങൾതന്നെ അതിനു് ഉത്തമോദാഹരണങ്ങളാണു്. ശില്പകലകൾ ഉൾപ്പെടെയുള്ള എല്ലാ കലകൾക്കും, ആരോഗ്യത്തിനും, കൃഷിക്കും അവിടെ പ്രത്യേകം വകുപ്പുകളുണ്ടായിരുന്നു. ചർച്ചകളിലും, പ്രസംഗങ്ങളിലും മററുമുള്ള വിദ്യാഭ്യാസരീതിയാണു് അവിടെ

നിലനിന്നതു്. പ്രസ്തുത കേന്ദ്രങ്ങൾക്കൊപ്പം വികസിച്ചതല്ലെങ്കിലും ഇന്ത്യയിൽ പൊതുവേ അറിയപ്പെട്ടിരുന്ന വിദ്യാഭ്യാസകേന്ദ്രങ്ങൾ അന്നു് ഭഗൽപ്പൂരിലും, വളഭിയിലും, ഉജ്ജൈനിയിലും, അമരാവതിയിലും ഉണ്ടായിരുന്നു.

കേരള സാഹിത്യ അക്കാദമി

"ഗീഥേ, വേർഡ്സ്വത്തു്, എമേഴ്സൺ തോറോ തുടങ്ങിയ ആധുനിക ചിന്തകരിൽ ചൈതന്യത്തിന്റെയും വിജ്ഞാനത്തിന്റെയും സ്ഫുരണങ്ങൾ കാണാം. എന്നാൽ പൗരസ്ത്യ ദിക്കിലെ പാവന പുരാണങ്ങളിൽ അവരുടെ എല്ലാ ചിന്തകളുടെയും ആകത്തുകയും പരിപൂർണ്ണതയും ദർശിക്കാം."

(ജി. ഡബ്ല്യു. റസ്സൽ)

മൂന്ന്

കേരള സാഹിത്യ അക്കാദമി

പുരാണങ്ങൾ.

ഉത്തരപൂർവ്വേന്ത്യയും ദക്ഷിണേന്ത്യയും ആര്യന്മാർ കൈവശപ്പെടുത്തിയതു് സാംസ്കാരികമായിട്ടാണ്. രാഷ്ട്രീയമായി അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രമേ ആര്യൻമേധാവികൾക്ക് ഈ പ്രദേശങ്ങൾ കീഴടങ്ങിയിട്ടുള്ളു. എന്നാൽ ദ്രാവിഡസംസ്കാരം ആര്യസംസ്കാരത്തിനു് തലകുനിച്ചു. നേരത്തെതന്നെ സിന്ധുനദീതടത്തിലെ ദ്രാവിഡ സംസ്കാരത്തെ കീഴടക്കി അതിലെ മൂല്യങ്ങളെ സ്വന്തമാക്കിയ ആര്യൻ സംസ്കാരത്തിനു് അതൊരു പ്രശ്നമായിരുന്നില്ല. ആര്യസംസ്കാരത്തേക്കാൾ പുരാതനവും മഹത്തരവുമായ ഒരു സംസ്കാരത്തിന്റെ ഉടമയാണ് തങ്ങളെന്നു് ദ്രാവിഡർ പിന്നീടു് സ്മരിക്കാതിരിക്കത്തക്കവണ്ണം അത്രപൂർണ്ണമായിരുന്നു ആ കീഴടക്കം. ആര്യൻ മേധാവിത്വം ഇന്ത്യയിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രവർത്തനമായിരുന്നു അതു്.

ഇന്ന് ദക്ഷിണേന്ത്യയിൽ ആര്യവിദ്വേഷവും ദ്രാവിഡപ്രേമവും ഉയിരിടുന്നതു് ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ന്യായീകരിക്കാവുന്നതാണ്. ദ്രാവിഡസംസ്ക്കാരത്തോടു് ആര്യന്മാർക്കുണ്ടായിരുന്ന വെറുപ്പ് വിദ്വേഷമായി മാറി. അതിന്റെ ഫലമായുണ്ടായ വൈരാഗ്യബുദ്ധിയോടുകൂടി അതിനെ നശിപ്പിക്കുവാൻ നടത്തിയ പരിശ്രമമാണ് പുരാണങ്ങളിലും ഇതിഹാസങ്ങളിലും കാണുവാൻ കഴിയുന്നതു്. രാമായണം ആര്യദ്രാവിഡ സംഘട്ടനത്തിന്റെ കഥയാണ്. ഒരു ആര്യ കവിയായ വാത്മീകി അന്നത്തെ രാഷ്ട്രീയ പരിതഃസ്ഥിതികൾക്കും ആര്യമേധാവിത്വത്തിനും സ്വന്തം ഭാവനയിലൂടെ സംഭാവനചെയ്ത ശാശ്വത സ്മാരകമാണ് പ്രസ്തുത ഗ്രന്ഥം. ദ്രാവിഡ ചക്രവർത്തിയായിരുന്ന രാവണന്റെ ശക്തിയെ പരാജയപ്പെടുത്തുവാൻ ഒരു ധർമ്മയുദ്ധത്തിലൂടെ രാമന് സാദ്ധ്യമായിരുന്നില്ല എന്ന് വാത്മീകിയ്ക്കുപോലും സമ്മതിക്കേണ്ടിവന്നു. ആ പരാജയബോധം മൂലമാണ് ദ്രാവിഡരെ സംസ്ക്കാര ഹീനരായി ചിത്രീകരിക്കുവാൻ അന്നത്തെ ആര്യകവികൾ തയ്യാറായതു്.

മഹാഭാരതം രാമായണത്തിന് വളരെ കാലങ്ങൾക്കുശേഷമാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. ഒരു ദ്രാവിഡനേതാവായ ശ്രീകൃഷ്ണന്റെ കഴിവിനെ മാനിക്കുവാൻ അന്ന് ആര്യന്മാർ തയ്യാറായി എന്നു മാത്രമല്ല, ആര്യന്മാരുടെ തൊഴുത്തിൽകുത്തും അഭിപ്രായഭിന്നതയും അവസാനിപ്പിക്കുവാൻ ദ്രാവിഡ മാദ്ധ്യസ്ഥം വേണ്ടിവരികകൂടിചെയ്തു. എങ്കിലും കംസനെപ്പോലെയുള്ള കഥാപാത്രങ്ങളെ സൃഷ്ടിക്കാതിരിക്കുവാൻ അവരുടെ വൈരാഗ്യം അനുവദിച്ചില്ല. മഹാഭാരതത്തിന്റെ കാലമായപ്പോ

ഴയും ഇരുവർഗ്ഗങ്ങളും തമ്മിലുള്ള തീവ്രമായ മത്സരം മാറി അന്യോന്യം ബന്ധപ്പെടുവാൻ തുടങ്ങി. അതോടുകൂടി ദ്രാവിഡസംസ്കാരത്തിന്റെ ചിലഘടകങ്ങളെ ആര്യന്മാർ സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

രാമായണവും മഹാഭാരതവും പ്രാചീന ഇന്ത്യൻ സംസ്കാരത്തിന്റെ ഏററവും വലിയ പ്രതീകങ്ങളായിട്ടാണ് ഇന്നും നിലകൊള്ളുന്നതു് എന്ന പരമാർത്ഥം വിസ്മരിക്കാവുന്നതല്ല. പല നൂററാണ്ടുകൾകൊണ്ടാണ് അവ രൂപമെടുത്തതു്. അവയിൽ വിവരിക്കുന്ന സംഭവങ്ങൾ ചരിത്രപരമായ യാഥാർത്ഥ്യങ്ങൾ എന്നതിനേക്കാൾ അന്നത്തെ സാമൂഹ്യ പശ്ചാത്തലത്തിൽ ഭാവന നെയ്തെടുത്ത സുന്ദരങ്ങളായ ശില്പങ്ങൾ എന്ന നിലയിൽ വിലയിരുത്താവുന്നതാണ്. ലോകത്തിലെ മറെറാരു ജനതയേയും ഇത്രയധികം സ്വാധീനപ്പെടുത്തിയ ഗ്രന്ഥങ്ങൾ കാണുകയില്ല. ഇലിയഡ്, ഒഡിസ്സി, ബൈബിൾ തുടങ്ങിയവയാണ് ഈ വിഷയത്തിൽ രാമായണത്തോടും മഹാഭാരതത്തോടും താരതമ്യപ്പെടുത്താവുന്ന ഇതിഹാസങ്ങൾ. യൂറോപ്യൻ ജനതകളുടെ ജീവിതക്രമരൂപീകരണത്തിൽ മദ്ധ്യശതകങ്ങളിൽ ബൈബിൾ വഹിച്ച പങ്ക് വലുതാണ്. എന്നാൽ രാമായണവും മഹാഭാരതവും ഇന്ത്യൻ ജനതയുടെ സാമൂഹ്യജീവിതത്തിലെ എല്ലാമായിരുന്നു. ഇവയെ അടിസ്ഥാനമാക്കി വിവിധ ഇന്ത്യൻ ഭാഷകളിൽ രചിക്കപ്പെട്ട കൃതികളുടെ എണ്ണം വളരെയാണ്. തത്വശാസ്ത്ര പണ്ഡിതന്മാർ മുതൽ സാധാരണ കർഷകർവരെ എല്ലാ നിലകളിലുമുള്ളവർക്കും ആസ്വദിക്കുവാൻ അവ പര്യാപ്തങ്ങളായിരുന്നു എന്നതാണ് അവയുടെ പ്രത്യേകത.

സത്യത്തെ സംരക്ഷിക്കുന്നതിന്‍വേണ്ടി സഹിച്ച ത്യാഗങ്ങളുടെ വര്‍ണ്ണനകളാണ് അവയില്‍ പല കഥകളും. അന്നത്തെ കവികളുടെയും കഥാകാരന്മാരുടെയും ഭാവനാവിശേഷങ്ങളാണ് അവയില്‍ മിക്കതും. എന്നാല്‍ യാഥാര്‍ത്ഥ്യങ്ങളുമായി പലതിനും അടുത്ത ബന്ധമാണുള്ളതു്. തന്മൂലം ഒരു സാങ്കല്പിക ചരിത്രകഥയുടെ ഛായ അതിനു ലഭിച്ചു. യഥാര്‍ത്ഥ ചരിത്ര സത്യങ്ങളുടെ രേഖകളല്ല അവയെങ്കിലും അന്നത്തെ ജനത സംഭവിക്കണമെന്ന് ആഗ്രഹിച്ചവയുടെ ഒരു വിവരണമാണതു്. തന്മൂലം അവയിലൂടെ അന്നത്തെ ജനതയുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളുമാണ് ദര്‍ശിക്കുവാന്‍ സാധിക്കുന്നതു്. അങ്ങനെ പ്രാചീന ഇന്ത്യയ്ക്കു് ഇല്ലാതിരുന്ന ചരിത്രകാരന്മാരുടെ കടമയാണ് അവ നിര്‍വഹിക്കുന്നതു്. ഗ്രീസിലെ ഹെറോഡോട്ടസ്സിനും തുസിഡിഡസിനും പകരം ഇന്ത്യയ്ക്കു രാമായണവും മഹാഭാരതവുമാണുള്ളതു്.

രാമായണത്തില്‍ കാണുന്ന ഏകാഗ്രത മഹാഭാരതത്തില്‍ അത്രതന്നെ വ്യക്തമല്ല. എങ്കിലും മഹാഭാരതത്തിന്‍റെ അടിസ്ഥാന ചര്‍ച്ചാവിഷയം ഇന്ത്യയുടെ ഐക്യമാണ് എന്നു ഗ്രഹിക്കുവാന്‍ വിഷമമില്ല. ആര്യന്മാര്‍ക്കു ശേഷം ഇന്ത്യയിലുണ്ടായ വിദേശ കുടിയേററക്കാലത്തെ കഥകളാണ് അതിലുള്ളതു് എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. പാഞ്ചാലിയുടെ ബഹു ഭര്‍ത്തൃത്വം പോലെ ആര്യന്മാരില്‍ കാണാത്ത പല സാമൂഹ്യാചാരങ്ങളും മഹാഭാരതത്തില്‍ ഉണ്ടു്.

ഒരു പക്ഷെ ആ കാലഘട്ടത്തിലായിരിക്കാം വേദമതം ഹിന്ദുമതമായി പരിവര്‍ത്തനം ചെയ്തതു്. വേദമത

ത്തിൽ പരസ്പര വിരുദ്ധങ്ങളെന്നു തോന്നിയ്ക്കുന്ന ആശയങ്ങൾ കുറവാണു്. ഹിന്ദുമതത്തിൽ അതിനു വിപരീതമായും. അനേകം ആശയങ്ങളുടേയും തത്വങ്ങളുടെയും ഒരു സമാഹാരമാണ് ഹിന്ദുമതം. വേദങ്ങൾ അന്നു നിലവിലിരുന്ന വിജ്ഞാനത്തിന്റെ ഭണ്ഡാഗാരങ്ങളാണ്. പ്രാർത്ഥനകളും യാഗനിബന്ധനകളും തന്ത്രങ്ങളും പ്രകൃതിവർണ്ണനകളുമാണ് അവയിലുള്ളതു്. ഈശ്വരനും ക്ഷേത്രങ്ങൾക്കും അവയിൽ പ്രാധാന്യം കല്പിച്ചു കാണുന്നില്ല. എന്നാൽ ബഹു ദേവതാ വാദമാണ് ഹിന്ദുമതത്തിന്റെ പ്രത്യേകത. മഹാഭാരതത്തിലെ കഥകളുടെ കാലത്തു് ഇന്ത്യയിൽ കുടിയേറിപ്പാർത്ത വിദേശിയരുടെ ആചാരങ്ങളും വിശ്വാസങ്ങളും ആര്യന്മാരുടേതുമായി ലയിച്ചതിന്റെ ഫലമായുണ്ടായതാണു് ഹിന്ദുമതത്തിലേയ്ക്കുള്ള പരിവർത്തനം എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതിനു മുമ്പുതന്നെ ദ്രാവിഡരുടെ വിശ്വാസങ്ങളും ആചാരങ്ങളുമായി ആര്യന്മാർ താദാത്മ്യം പ്രാപിച്ചുകഴിഞ്ഞിരുന്നു. ഭാരതത്തിൽ തങ്ങളുടെ നില സുരക്ഷിതമായിക്കഴിഞ്ഞപ്പോഴാണ് ആര്യന്മാരുടെ ഇടയിൽ ആഭ്യന്തരക്കുഴപ്പം പൊട്ടിപ്പുറപ്പെട്ടതു്. മഹാഭാരതത്തിലെ പ്രധാന പ്രതിപാദ്യവിഷയം കുടുംബകലഹമാണല്ലോ. പ്രസ്തുത ആഭ്യന്തരക്കുഴപ്പങ്ങളെ ചൂഷണം ചെയ്തുകൊണ്ടാണ് വിദേശിയർ വീണ്ടും ഇവിടെ പ്രവേശിച്ചതു്.

ജനതയും തത്വശാസ്ത്രവും.

ഇന്ത്യയിലെ ജനങ്ങളുടെ തത്വശാസ്ത്ര വീക്ഷണഗതി അത്ഭുതാവഹമാണ്. പ്രകൃതിശക്തികളുടെ നിഗൂഢ രഹസ്യങ്ങളെ കണ്ടുപിടിക്കുവാനുള്ള കഴിവില്ലാ

സ്ഥമൂലം പ്രകൃതിയിൽ അതാതുകാലത്തുണ്ടാകുന്ന വ്യത്യസ്താനുഭവങ്ങളെ വിധിയായി സ്വീകരിക്കുന്ന ഒരു മനോഭാവമാണ് ബഹുജനങ്ങളിലുണ്ടായിരുന്നതു്. പക്ഷേ വിധിയുടെ പേരിലുള്ള ക്ഷമയ്ക്കും സഹനത്തിനും അതിരുണ്ടു്. അതിവർഷം വരൾച്ച തുടങ്ങിയ പ്രകൃതിയിലെ വ്യത്യാസംമൂലം ഇന്ത്യൻ കർഷകൻ ഇടയ്ക്കിടെ ഭക്ഷണക്ഷാമം അനുഭവിച്ചു. അന്ധവിശ്വാസങ്ങളിൽ നിന്നും ഉടലെടുത്ത കാരണങ്ങളാണ് അതിനവർ കണ്ടുകൊണ്ടിരുന്നതു്. പ്രസ്തുത അന്ധവിശ്വാസങ്ങൾക്കു പോലും തത്വശാസ്ത്രത്തിന്റെ ചായം കൊടുക്കുവാനുള്ള ഇന്ത്യാക്കാരന്റെ കഴിവ് വിദേശികളെ അത്ഭുതപ്പെടുത്തും. യൂറോപ്പ് സോക്രട്ടീസിൽനിന്നും തത്വശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ ഹൃദിസ്ഥമാക്കുമ്പോൾ ഇന്ത്യയിൽ ഒരു ഉറച്ച തത്വശാസ്ത്രമുണ്ടായിരുന്നു.

ഭൂമിശാസ്ത്രപരമായി ഇന്ത്യയുടെവിവിധഭാഗങ്ങൾ തമ്മിലുള്ള വൈവിദ്ധ്യം, വംശം, ഭാഷ, ആചാരം തുടങ്ങിയവയിലെ വൈരുദ്ധ്യം എന്നിവയ്ക്കതീതമായി ഐക്യത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ ഇന്ത്യൻ സംസ്കാരത്തിൽ ഉളവാക്കിയതിൽ ഇന്ത്യൻ തത്വശാസ്ത്രത്തിനും അതിന്റേതായ പങ്കുണ്ടു്. ആര്യന്മാരാണ് പ്രസ്തുത തത്വശാസ്ത്രത്തിന് ബീജാവാപം ചെയ്തതു്. വേദങ്ങളും ഉപനിഷത്തുകളും ഭഗവൽഗീതയുമാണ് അതിന്റെ പ്രാമാണിക ഗ്രന്ഥങ്ങൾ.

മതം സത്യത്തിന്റെ വളർച്ചയെ നിയന്ത്രിച്ച് യാഥാസ്ഥിതിക മനഃസ്ഥിതിയെ പ്രോത്സാഹിപ്പിച്ചു. സമുദായത്തിന്റെ വളർച്ചയ്ക്കു് വരുത്തിക്കൊണ്ടിരുന്ന പ്രതിബന്ധത്തെകുറച്ചെങ്കിലും നീക്കിയതു് തത്വശാസ്ത്ര

മാണ്. അതു് അന്വേഷണാസക്തിയെ എന്നും പ്രോത്സാഹിപ്പിച്ചു. പക്ഷെ തത്വശാസ്ത്രം സാധാരണക്കാരനിൽനിന്നും തുലോം ഉയന്ന നിലവാരമാണ് പുലർത്താറുള്ളതു്. അതുമൂലം അതിൻെറ പ്രയോജനം ജനസാമാന്യത്തിനു് ലഭിക്കാതെ പോകുന്നു. എന്നാൽ ഇന്ത്യൻ തത്വശാസ്ത്രം താരതമ്യേന ബുദ്ധിജീവികളുടെ കുത്തകയിൽനിന്നും രക്ഷപെട്ടിരുന്നു എന്നതു് അതിന്റെ ഒരു പ്രത്യേകതയാണ്. ജീവിതത്തിൻെറ എല്ലാ തുറകളിലും അതു് കടന്നുചെന്നു. ഇന്ത്യൻ പുരാണങ്ങളിലും ഇതിഹാസങ്ങളിലുമായി അതു് പരന്നു കിടക്കുന്നതു മൂലവും ഇന്ത്യൻ ഗ്രാമങ്ങളിലെ കാഥികർ പ്രസ്തുത പുരാണേതിഹാസങ്ങളുമായി ഗ്രാമീണരെ ബന്ധപ്പെടുത്തിയതുമൂലവുമാണു് മററു ജനതകളുടെ തത്വശാസ്ത്രങ്ങൾക്കു ലഭിക്കാതിരുന്ന അംഗീകാരം ഇന്ത്യൻ തത്വശാസ്ത്രത്തിനു് ലഭിച്ചതു്. നിഗമനങ്ങളും ഊഹങ്ങളും അതിൻെറ വളർച്ചയിൽ വളരെ പ്രധാനമായ ഒരു പങ്കു് വഹിച്ചെങ്കിലും അടിസ്ഥാനപരമായ ഏകസത്തയെ വിവിധരൂപത്തിൽ പ്രകടമാക്കി വൈവിദ്ധ്യങ്ങളെ അംഗീകരിക്കുവാൻ അതു് ജനങ്ങളെ പ്രാപ്തമാക്കി. അദ്ധ്യാത്മീകം മാത്രമോ ഭൗതികം മാത്രമോ ആകാതെ പകുത്തു വന്ന ജീവിതത്തിനനുയോജ്യമായി ഇരുമണ്ഡലങ്ങളിലും അർഹമായതു് ഇന്ത്യൻ തത്വശാസ്ത്രം അംഗീകരിച്ചു.

പ്രകൃതി ഒരു ശക്തിവിശേഷത്തിൻെറ ഭാവപ്രകടനമാണ്. മതം ആ ശക്തിവിശേഷത്തെ വിവിധരൂപത്തിൽ ആരാധിക്കുന്നതിനുള്ള ആചാരക്രമമാണ്. സത്യം ഏകമാണ്. സത്തയും ഏകമാണ്. എന്നാൽ പ്രത്യക്ഷത്തിൽ വിവിധവുമാണ്. ഈ ചിന്താഗതി

യാണ് ഇന്ത്യൻ സംസ്കാരത്തിനു് സഹിഷ്ണുതാമനോഭാവം നല്കിയതു്. എല്ലാ വിദേശീയാക്രമണങ്ങളിൽ നിന്നും അതിനെ രക്ഷിച്ചതും ഈ ചിന്താഗതിയാണു്.

ഇന്ത്യൻ തത്വശാസ്ത്രം രൂപം പ്രാപിച്ചതു് ബുദ്ധമതത്തിന്റെ ആവിർഭാവത്തിനു മുമ്പുള്ള കാലഘട്ടത്തിലാണ്. പിന്നീടുണ്ടായ ബുദ്ധമതവും അതിനെ സ്വാധീനപ്പെടുത്തിയിട്ടുണ്ടു്. എങ്കിലും ബി. സി. ഒന്നാം നൂററാണ്ടിൽതന്നെ ന്യായം, വൈശേഷികം, സാംഖ്യം, യോഗം, മീമാംസ, വേദാന്തം എന്നിങ്ങനെ ആറുവ്യക്തമായ തത്വശാസ്ത്ര ശാഖകൾ അഥവാ ദർശനങ്ങൾ ഉണ്ടായി. ന്യായം എന്ന പദത്തിന്റെ അർത്ഥംതന്നെ യുക്തി എന്നാണ്. പ്രാചീനകാലത്തു് വിദ്യാഭ്യാസത്തിന്റെ ഒരു അനിവാര്യ ഘടകമായി ന്യായ ദർശനത്തെ വീക്ഷിച്ചുപോന്നു. പ്രകൃതിയും ജീവിതവും തമ്മിലുള്ള ഐക്യം പുരുഷാത്മകനായ ഒരു ഈശ്വരൻ പ്രസ്തുത ഈശ്വരനിൽനിന്നും ഭിന്നമായ മനുഷ്യാത്മാവു്, അണുക്കളെക്കൊണ്ടു് സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം തുടങ്ങി ഏതാനും അടിസ്ഥാന സങ്കല്പങ്ങളിലാണ് അതു കെട്ടിപ്പടുത്തിരിക്കുന്നതു്. പ്രപഞ്ചം ധർമ്മത്താൽ ഭരിക്കപ്പെടുന്നു എന്ന സിദ്ധാന്തത്തിലാണു് വൈശേഷിക ദർശനം അധിഷ്ഠിതമായിരിക്കുന്നതു്. അതിനു് ന്യായ ദർശനവുമായി വളരെയധികം സാധർമ്മ്യങ്ങളുണ്ടു്. ആദ്യകാല ബുദ്ധമതസിദ്ധാന്തങ്ങളുമായി ഇവയ്ക്കുരണ്ടിനും ബന്ധങ്ങൾ കാണുവാൻ കഴിയും. എന്നാൽ ബി. സി. ഏഴാം നൂററാണ്ടിൽ ജീവിച്ചിരുന്ന കപിലനാണു് സാംഖ്യദർശനത്തിന്റെ ജനയിതാവു്. യുക്തിയ്ക്കും മനസ്സിനും സ്വാതന്ത്ര്യം ആദ്യമായി പ്രഖ്യാപിച്ചതു്

കപിലനാണ് എന്നാത്രേ റിച്ചാർഡ് ഗാർബിൻെറ അഭിപ്രായം. സാംഖ്യ ദർശനത്തിൽ പുരുഷാത്മകനോ അല്ലാത്തതോ ആയ ഒരു ഈശ്വരനെ വിഭാവനം ചെയ്യുന്നില്ല. പ്രപഞ്ചം ഒരു ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതല്ല. പ്രത്യുത തുടർച്ചയായുള്ള പരിണാമത്തിൻെറ ഫലമായി രൂപംകൊണ്ടിട്ടുള്ളതാണ് എന്ന് സാംഖ്യ ദർശനം സിദ്ധാന്തിക്കുന്നു. ദ്വൈത സിദ്ധാന്തമെന്നും സാംഖ്യ ദർശനത്തെ പറയാറുണ്ട്. പ്രകൃതിയും പുരുഷനുമെന്ന അടിസ്ഥാനപരമായ രണ്ടു ശക്തികളിന്മേലാണ് പ്രസ്തുത സിദ്ധാന്തം കെട്ടിപ്പടുത്തിരിക്കുന്നതു്. പ്രകൃതി പരിവർത്തന വിധേയമായിക്കൊണ്ടിരിക്കുന്നതും പുരുഷൻ പരിവർത്തനവിധേയമാകാത്തതും. പ്രസ്തുത ദ്വൈതസിദ്ധാന്തത്തിനെതിരായിട്ടാണ് അദ്വൈതസിദ്ധാന്തം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതു്.

പതഞ്ജലിയുടെ യോഗദർശനം മനസിനെ നിയന്ത്രണാധീനമാക്കുവാൻവേണ്ടി ശരീരത്തെ അച്ചടക്കവിധേയമാക്കുന്ന ഒരു സിദ്ധാന്തമാണ്. മഹാഭാഷ്യം എഴുതിയ പതഞ്ജലിയും യോഗ ദർശനത്തിൻെറ കർത്താവും രണ്ടു വ്യക്തികളാണ് എന്ന് അഭിപ്രായമുണ്ടു്. മഹാഭാഷ്യത്തിൻെറ കർത്താവു് ബി. സി. 2-ാം നൂററാണ്ടിലാണ് ജീവിച്ചിരുന്നതു് എന്നതിനു് തെളിവുകളുണ്ടു്. എന്നാൽ യോഗദർശനത്തിൻെറ കർത്താവു് അതിനു് മൂന്നു നൂററാണ്ടുകൾക്കുശേഷമാണ് ജീവിച്ചിരുന്നതു് എന്ന് അഭിപ്രായപ്പെടുന്നു. ധ്യാനത്തിനും ചിന്തയ്ക്കും അനുകൂലമായ ഒരു പശ്ചാത്തലം സൃഷ്ടിച്ച് സ്വയം സത്യത്തെ ദർശിക്കുക എന്നതാണ് യോഗദർശനത്തിൻെറ അടിസ്ഥാനം. ആധുനികകാ

ലത്തു് യോഗദർശനത്തിൻെറയും വേദാന്തത്തിൻെറയും ഏററവും വലിയ പ്രചാരകനായ വിവേകാനന്ദൻ പാശ്ചാത്യരാജ്യങ്ങളിൽ അതിനു് വളരെയധികം പ്രചാരം നൽകി. ശരീരത്തെയും മനസ്സിനെയും നിയന്ത്രണാധീനമാക്കി ചിന്തയിൽ ലയിക്കുമ്പോൾ ലഭിക്കുന്ന പ്രചോദനമാണു് പുരോഹിതന്മാരുടെ വാക്കുകളേക്കാൾ പ്രാധാന്യമർഹിക്കുന്നതും സത്യമായിട്ടുള്ളതും എന്നാണു് അദ്ദേഹം വിവക്ഷിക്കുന്നതു്. "ആരുടെ എങ്കിലും ഉറപ്പിനെ അടിസ്ഥാനമാക്കി ഇരുപത്തുകോടി ദൈവങ്ങളിൽ അന്ധമായി വിശ്വസിക്കുന്നതിനേക്കാൾ യുക്തിയെ അടിസ്ഥാനമാക്കി നാസ്തികരായി മനുഷ്യവർഗ്ഗം മാറുന്നതാണു് മെച്ചം." എന്നാണു് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു്. എന്നാൽ മീമാംസാദർശനം ആചാരങ്ങളെ അടിസ്ഥാനമാക്കിയുള്ളതും ഇന്നു് സാധാരണക്കാരൻെറ ഇടയിൽ പ്രചാരത്തിലിരിക്കുന്ന ഹിന്ദുമതത്തെയും മത നിയമങ്ങളെയും വളരെയധികം സ്വാധീനപ്പെടുത്തിയിട്ടുള്ളതുമാകുന്നു. പ്രസ്തുത സിദ്ധാന്തമനുസരിച്ചുള്ള നല്ല ജീവിതത്തെ ധർമ്മമെന്നുപറയുന്നു. മനുഷ്യനാണു് സൃഷ്ടിയിൽ ഏററവും ഉയർന്നതു് എന്നും ദേവന്മാർപോലും മനുഷ്യരായി ജനിച്ചാൽ മാത്രമേ പുനർജന്മത്തിൻെറ ചങ്ങലയിൽനിന്നും രക്ഷനേടുകയുള്ളുവെന്നും അതു് സിദ്ധാന്തിക്കുന്നു.

അവസാനത്തേതും ഏററവും പ്രധാനപ്പെട്ടതുമായ ദർശനമാണു് വേദാന്തം. ഉപനിഷത്തുകളെ അടിസ്ഥാനമാക്കിയുള്ള പ്രസ്തുത ദർശനത്തിനു് പല രൂപങ്ങളുണ്ടു്. ശ്രീ ശങ്കരാചാര്യരുടെ അദ്വൈത വേദാന്തമാണു് അതിൽ പ്രാധാന്യമർഹിക്കുന്നതു്. സാംഖ്യ

ദർശനത്തിൽ പറയുന്ന പുരുഷനും പ്രകൃതിക്കും പകരം പരമമായ ഏകസത്തയെ അടിസ്ഥാനമാക്കിയുള്ളതാണ് അദ്വൈത വേദാന്തം.

ശ്രീ ശങ്കരാചാര്യർ.

ചരിത്രാതീത കാലംമുതൽ ഇന്ത്യയിൽ ഉത്ഭവിച്ച എല്ലാ തത്വശാസ്ത്രങ്ങൾക്കും മതങ്ങൾക്കും ജന്മം കൊടുത്തതു് ഉത്തരേന്ത്യയാണ്. 8-ാം നൂററാണ്ടിലാണു് ഉത്തരേന്ത്യയുടെ ഈ നേതൃത്വത്തിന് ആദ്യമായി ഉടവുതട്ടുന്നതു്. ശ്രീ ശങ്കരാചാര്യരും രാമാനുജനും നിംബാദിത്യനും ദക്ഷിണേന്ത്യാക്കാരാണ്. വൈഷ്ണവമതവും ശൈവമതവും ആരംഭിച്ചതും വളന്നതും ദക്ഷിണേന്ത്യയിലാണ്. ഈ പുതിയ വികാസത്തിനും വ്യത്യാസത്തിനുമുണ്ടായ കാരണങ്ങൾ രാഷ്ട്രീയവും സാമൂഹ്യവുമായ രംഗങ്ങളിലുണ്ടായ നവോത്ഥാനം മാത്രമാണെന്നു് കരുതുന്നതു് ശരിയല്ല. 7-ാം നൂററാണ്ടിന്റെ മദ്ധ്യത്തോടുകൂടി ഇസ്ലാംമത സിദ്ധാന്തങ്ങളും അറബി സംസ്കാരവും ദക്ഷിണേന്ത്യയിൽ പ്രചരിക്കുവാൻ തുടങ്ങി.

ഇന്ത്യയിൽ ദക്ഷിണേന്ത്യയിലാണ് ആദ്യം ഇസ്ലാംമതസിദ്ധാന്തം പ്രചരിച്ചുതുടങ്ങിയതു്. മുഹമ്മദുബിൻ-കാസിം സിൻഡ് ആക്രമിക്കുന്നതിനു് വളരെ മുമ്പുതന്നെ കേരളവും അറബികളുമായി വാണിജ്യബന്ധമുണ്ടായിരുന്നു. ചേരമാൻപെരുമാൾ എന്ന കേരള ചക്രവത്തി അവസാനം കേരളം പലതായി വിഭജിച്ചശേഷം മതംമാറി മെക്കയിലേയ്ക്കു പോയി എന്ന കഥ ഈ ചരിത്രസത്യത്തിൽനിന്നുമുണ്ടായതാണ്. കോഴിക്കോട്ടു സാമൂതിരി എന്ന പേരുതന്നെ പ്രസ്തുത പാരമ്പര്യത്തിനുഅനുയോജ്യമാണ്. സാമൂതിരിമാരുടെ

കിരീടധാരണാവസരത്തിൽ അഭിഷേകം നടത്തിക്കൊണ്ടിരുന്നതു മാപ്പിളമാരാണ്. ഇതെല്ലാം കേരളത്തിന് ഇസ്ലാം മത സിദ്ധാന്തങ്ങളോടുള്ള ബന്ധത്തെയാണ് സൂചിപ്പിക്കുന്നതു്. ശ്രീ ശങ്കരാചാര്യർ ജനിച്ച കാലടി തന്നെ അവസാനം ഇസ്ലാംമതം സ്വീകരിച്ച ഒരു രാജാവിന്റെ ആസ്ഥാനമായിരുന്നു എന്നു് ഐതീഹ്യമുണ്ടു്. പക്ഷെ ഇതൊന്നും സൈനീക വിജയത്തിന്റെ ഫലമായുണ്ടായ ഇസ്ലാം മേധാവിത്വമല്ല.

രണ്ടു വിരുദ്ധ ചിന്താഗതികൾ തമ്മിൽ സമ്പർക്കം പുലർത്തുമ്പോൾ പുതിയ പ്രശ്നങ്ങൾ ചിന്തകന്മാരെ അലട്ടുക സാധാരണമാണു്. ശ്രീശങ്കരാചാര്യരെപ്പോലുള്ള ധിഷണാശാലികൾ ഈ പരിതസ്ഥിതിയിൽ വിദേശതത്വശാസ്ത്രങ്ങളിൽനിന്നും സ്വീകാര്യമായവയെ അംഗീകരിച്ച് സ്വന്തം സിദ്ധാന്തത്തിന് കഴിവും മിഴിവും വരുത്തി എന്നു ചിന്തിക്കുന്നതിൽ തെററില്ല. ഉത്തരേന്ത്യയിൽ ഉത്ഭവിച്ച മതങ്ങളും തത്വശാസ്ത്രങ്ങളും വിദേശീയ സംസ്കാരങ്ങളുടെ സ്വാധീനതയുടെ നിദർശനങ്ങളാണു്. എന്നാൽ ദക്ഷിണേന്ത്യയ്ക്കു് അത്രയധികം വിദേശസമ്പർക്കം പുലർത്തുവാൻ കഴിഞ്ഞിരുന്നില്ല. തന്മൂലം അപ്രധാനമായ ചില വ്യത്യാസങ്ങൾ ഉത്തരദക്ഷിണേന്ത്യകൾ തമ്മിലുണ്ടാകുവാനിടയായി. ഉത്തരേന്ത്യൻ സിദ്ധാന്തങ്ങൾ താരതമ്യേന വ്യക്തിയെ കേന്ദ്രീകരിച്ചുള്ളതും പ്രധാനമായും ബുദ്ധിപരവുമായിരുന്നു. മറിച്ച് ദക്ഷിണേന്ത്യൻ സിദ്ധാന്തങ്ങൾ വികാരപരമായിരുന്നു. അവ വിദേശീയ സ്വാധീനതയെ ആദ്യം കൂടുതൽ ശക്തിയായി ചെറുക്കുമെങ്കിലും താമസിയാതെ അവയ്ക്കു കൂടുതൽ വിധേയമാകുന്നു. അങ്ങനെ ശ്രീ

ശങ്കരാചാര്യരുടെ അദ്വൈത വേദാന്തത്തിന്റെ വളർച്ച യിൽ ഇസ്ലാമിന്റെ വിപ്ലവസന്ദേശത്തിന്റെ സ്വാധീ നതകൂടി നിഴലിച്ചിരുന്നു എന്നു കരുതുന്നതിൽ തെ റ്റില്ല. അടിസ്ഥാനപരമായി ഉപനിഷത്തുകളെയാ ണ് അദ്ദേഹം സ്വീകരിച്ചിരുന്നതെങ്കിലും ഇസ്ലാമി ന്റെ ഏകദൈവവാദം അതിൽ സ്വാധീനത ചെലു ത്തിയിരുന്നതായി കാണാം.

ഇന്ത്യയുടെ സാംസ്കാരിക ചരിത്രത്തിൽ പലതു കൊണ്ടും വളരെ പ്രാധാന്യമർഹിക്കുന്ന വ്യക്തിയാണ് ശ്രീ ശങ്കരാചാര്യർ. അദ്ദേഹം തികച്ചും ഇന്ത്യൻ ചി ന്താഗതിയുടെ സന്താനമാണ് എന്ന വിശ്വാസമാണ് പരമ്പരാഗതമായിട്ടുണ്ടായിരുന്നത്. കൂടുതൽ കാലാനു സൃതവും പരിവർത്തനോന്മുഖവുമായ ബുദ്ധമത സിദ്ധാ ന്തങ്ങൾക്കെതിരായി പഴയ ബ്രാഹ്മണ ചിന്താഗതിയെ പുതിയ വാദമുഖങ്ങൾകൊണ്ട് സമർത്ഥിച്ച് പഴയ സ്വാധീനത വീണ്ടെടുത്തത് അദ്ദേഹമാണ്. ബുദ്ധ മതസിദ്ധാന്തങ്ങളിലൂടെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്ക് ഹിന്ദുമതത്തിന്റെ നിലപാടിൽ നിന്നുകൊണ്ടുതന്നെ ഒരു ഉത്തരം കണ്ടുപിടിക്കുവാൻ ശ്രമിച്ചു എന്നതാണ് ശ്രീ ശങ്കരാചാര്യക്ക് ഇന്ത്യയുടെ സാംസ്കാരിക ചരിത്ര ത്തിൽ ലഭിച്ച പ്രാധാന്യത്തിനു കാരണം. ഭൗതിക വാദത്തെ അതിന്റെതന്നെ പരസ്പര വൈരുദ്ധ്യത്തി ലൂടെ അദ്ദേഹം നിഷേധിച്ചു. സാധാരണ ജീവിതാനു ഭവങ്ങളുടെ വൈരുദ്ധ്യത്തിൽനിന്നും ജീവിതാനുഭവ ങ്ങൾതന്നെ യഥാർത്ഥങ്ങളല്ലാ എന്ന് ബുദ്ധമതം സിദ്ധാ ന്തിച്ചപ്പോൾ യഥാർത്ഥങ്ങളല്ലാ എന്നു പറയുന്ന ജീവി താനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതല്ലേ പ്രസ്തുത

നിഗമനം എന്ന് ശങ്കരാചാര്യർ വാദിച്ചു. അയഥാർത്ഥങ്ങളുടെ സ്ഥാനത്ത് അദ്ദേഹം അജ്ഞതയെ പ്രതിഷ്ഠിച്ചു. പരസ്പര വിരുദ്ധങ്ങളായി തോന്നുന്ന ജീവിതാനുഭവങ്ങളുടെ സ്വഭാവം നമ്മുടെ അജ്ഞതമൂലം വ്യാഖ്യാനിക്കുവാൻ കഴിയുന്നില്ലാ എന്ന് അദ്ദേഹം സിദ്ധാന്തിച്ചു.

തത്വശാസ്ത്രത്തിന്റെ രംഗത്ത് ബുദ്ധൻ ജീവിതത്തിനുകൊടുത്ത വില ശങ്കരാചാര്യർ അംഗീകരിച്ചു. ബുദ്ധമതം സാധാരണക്കാരന്റെ സാന്മാർഗ്ഗീക ജീവിതത്തിന്റെ അടിസ്ഥാനത്തെപ്പോലും തകർത്തു എന്ന് അദ്ദേഹം മനസ്സിലാക്കി. യഥാർത്ഥമായിട്ടുള്ളത് ആശയമാണ് എന്ന ബുദ്ധമത സിദ്ധാന്തത്തിന്റെ ഭാഗം അദ്ദേഹം അംഗീകരിച്ചു. എന്നാൽ ആശയത്തിൽ പരമവും നിത്യവുമായ ഏകത്വമുണ്ട് എന്ന് ബുദ്ധമത സിദ്ധാന്തങ്ങൾക്കെതിരായി അദ്ദേഹം വാദിച്ചു. പ്രസ്തുത ആശയത്തിന്റെ പ്രകടനമാണ് പ്രപഞ്ചമെന്നതിനാൽ ആശയത്തെപ്പോലെതന്നെ അതും സജീവവും യഥാർത്ഥവുമാണ് എന്ന് അദ്ദേഹം സിദ്ധാന്തിച്ചു. പരമമായ വിജ്ഞാനസമ്പാദനത്തിൽ കൂടി മാത്രമേ ബ്രഹ്മം ഒന്നും യഥാർത്ഥവുമാണ് എന്ന സത്യം വെളിപ്പെടുകയുള്ളൂ. ബുദ്ധമതത്തിലെ ഭൗതിക വാദത്തിന്റെ പ്രധാന ഘടകങ്ങളെ അംഗീകരിച്ചതോടൊപ്പം വേദങ്ങളിലെ ആചാരക്രമവും ദൈവശാസ്ത്രവും ശ്രീ ശങ്കരാചാര്യർ അംഗീകരിച്ചു. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ആചാരങ്ങൾക്കുള്ള പ്രാധാന്യം അദ്ദേഹം മനസ്സിലാക്കിയിരുന്നു. ആചാരക്രമങ്ങളുടെയും ആരാധനാരീതികളുടെയും ആവശ്യത്തെപ്പററി അദ്ദേഹം വാദിച്ചു.

ഒരു പ്രത്യക്ഷവസ്തുവിനെ ആധാരമാക്കികൊണ്ടുമാത്രമേ സാധാരണക്കാരന് ആരാധനയും ധ്യാനവും നടത്തുവാൻ സാധിക്കുകയുള്ളു എന്ന് അദ്ദേഹം സിദ്ധാന്തിച്ചതു് ഏററവും വലിയ ഒരു ആശയക്കുഴപ്പത്തിൽനിന്നും ഇന്ത്യയിലെ സാമാന്യജനങ്ങളെ രക്ഷിക്കുവാൻ പര്യാപ്തമായി.

ശ്രീശങ്കരാചാര്യരുടെ തത്വശാസ്ത്രത്തിലെ അടുത്ത ഘടകം അദ്ദേഹം പ്രചരിപ്പിക്കുകയും പ്രവൃത്തിയിൽ കൊണ്ടുവരികയുംചെയ്ത ജീവിതക്രമമാണു്. വേദങ്ങളിൽ പ്രതിപാദിച്ചിരുന്ന ആചാരങ്ങൾ ഏതൊരു വ്യക്തിയേയും മതത്തിൽപിടിച്ചുനിത്തുവാൻ വളരെ ആവശ്യമാണു്. കഴിയുന്നിടത്തോളം ലോകവ്യാപാരങ്ങളിൽ നിന്നും പ്രവൃത്തികളിൽനിന്നും വിമുക്തമാവുക എന്ന ആശയമാണു് അദ്ദേഹത്തിൻെറ ജനനകാലത്തു് ബുദ്ധമതവും ഹിന്ദുമതവും പ്രചരിപ്പിച്ചുകൊണ്ടിരുന്നതു്. ഭഗവൽഗീത ഉദ്ധരിച്ചുകൊണ്ടുതന്നെയാണു് അദ്ദേഹം അതിനെതിരായി ശബ്ദമുയർത്തിയതു്. ഇസ്ലാം മതം അദ്ദേഹത്തിൽ ചെലുത്തിയ സ്വാധീനതയായിരുന്നു ആചാരങ്ങൾക്കു പ്രാധാന്യം നൽകുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. ബ്രഹ്മത്തിൻെറ ഏകത്വത്തോടൊപ്പം പ്രവർത്തിക്കു് ശ്രീശങ്കരാചാര്യർകൊടുത്ത പ്രാധാന്യം മറെറാരുവിധത്തിലും വ്യാഖ്യാനിക്കുവാൻ കഴിയുന്നില്ല.

ശ്രീ ശങ്കരാചാര്യരുടെ ജീവിതവും പഠനവും ഇന്ത്യൻ സംസ്കാരത്തിൽ ഇസ്ലാംമതം നടത്തിയ സ്വാധീനതയുടെ ഫലമാണു്. അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളിൽ ഹിന്ദുമതത്തിൻെറയും ബുദ്ധമതത്തിൻെറയും സ്വീകാര്യങ്ങളായ തത്വങ്ങൾ ഉണ്ടു്. അന്നു് നാട്ടിൽ

പ്രചരിച്ചിരുന്ന മൂന്ന് പ്രധാന മതങ്ങളുടെയും ഗുണവശങ്ങളെ അദ്ദേഹം സ്വീകരിക്കുകയും ഹിന്ദു-ബുദ്ധമതങ്ങൾ തമ്മിൽ നടന്നുകൊണ്ടിരുന്ന സമരം അവസാനിപ്പിക്കുകയും ചെയ്തു.

ഉപനിഷത്തുകൾ

ഇന്ത്യൻ തത്വശാസ്ത്രത്തിൽ ഉപനിഷത്തുകൾക്കുള്ള സ്ഥാനം ഒന്നുവേറെതന്നെയാണ്. ബി. സി. എട്ടാം നൂററാണ്ടിലാണ് അവ എഴുതപ്പെട്ടത് എന്ന് കണക്കാക്കപ്പെടുന്നു. വേദങ്ങൾ ആത്മമനസ്സിനെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമല്ലാതെവന്നപ്പോഴാണ് ഉപനിഷത്തുകൾ എഴുതപ്പെട്ടത്. വേദങ്ങൾ പ്രകൃതിവർണ്ണനകൾ മാത്രമായിരുന്നു. ഉപനിഷത്തുകൾ പ്രധാനമായും മനുഷ്യന്റെ ആന്തരീകശക്തിയെക്കുറിച്ചുള്ള ചിന്തകളാണ്. അതിൽ വ്യക്തിയ്ക്കു് അമിതപ്രാധാന്യമാണു ലഭിച്ചിരിക്കുന്നത്. "വ്യക്തികളെക്കാൾ പ്രധാനമായി മറെറാന്നില്ല." സത്യത്തിന്റെ അന്വേഷണമാണത്. "എന്നെ മായയിൽനിന്നും യഥാർത്ഥത്തിലേയ്ക്കു് നയിച്ചാലും. എന്നെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേയ്ക്കു നയിച്ചാലും." മനുഷ്യന്റെ വിജ്ഞാനതൃഷ്ണ വളർന്നതിന്റെ ചരിത്രമാണ് വേദങ്ങളിൽനിന്നും ഉപനിഷത്തുകളിലേയ്ക്കുള്ള മാററം. ഈ പ്രപഞ്ചം എന്താണ്? ഈ പ്രപഞ്ചം എന്തിൽനിന്നാണ് രൂപം കൊണ്ടത്? ഈ പ്രപഞ്ചം എന്തിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്? തുടങ്ങിയവയാണ് ഉപനിഷത്തുകളിലെ പ്രതിപാദ്യവിഷയങ്ങൾ. "ഈ പ്രപഞ്ചം സ്വാതന്ത്ര്യത്തിൽനിന്നും രൂപംകൊണ്ടു. സ്വാതന്ത്ര്യത്തിൽ ജീവിക്കുന്നു. സ്വാതന്ത്ര്യത്തിൽ അലിഞ്ഞുചേരുന്നു."

തത്വശാസ്ത്രപണ്ഡിതന്മാർ ഗ്രീക്കതത്വശാസ്ത്രത്തിക്കാൾ പ്രാചീനത ഇന്ത്യൻ തത്വശാസ്ത്രത്തിനാണ് നൽകുന്നതു്. അപ്പോൾ ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ സ്വാധീനത ഗ്രീക്ക തത്വശാസ്ത്രത്തിൽ ഉണ്ടായിട്ടുണ്ടു് എന്നു് അനുമാനിക്കാവുന്നതാണു്. ബുദ്ധമതത്തിന്റെയും ക്രിസ്തുമതത്തിന്റെയും ആദർശങ്ങൾ തമ്മിലുള്ള ഐകരൂപ്യം അതാണ് തെളിയിക്കുന്നതു്. മുപ്പതുവയസ്സുവരെ ക്രിസ്തു പൗരസ്ത്യദേശത്തുവന്നു് തത്വശാസ്ത്രം പഠിച്ചുവെന്നു് ചിലർ അതുകാരണമായി പറയുന്നുണ്ടു്. പ്രാചീന ഗ്രീസ്സിലെ ഓർഫിക് ആചാരങ്ങൾ തുടങ്ങിയവ അതിനു് മററു തെളിവുകളാണു്. ആത്മാവിനു് ശരീരത്തിൽനിന്നും മോചനം കിട്ടുന്നതാണ് മോക്ഷം എന്നതു് ഓർഫിക് തത്വസംഹിതയുടെ ഒരു പ്രധാന ഭാഗമാണു്. സെല്ലർ എന്ന ചരിത്രകാരന്റെ അഭിപ്രായത്തിൽ ഇന്ത്യയിൽനിന്നും പേർഷ്യയിലൂടെ ഗ്രീസ്സിനു് ലഭിച്ചതാണു് ഈ മോക്ഷസിദ്ധാന്തം. പ്ലോട്ടിനസ് എന്ന ഗ്രീക്ക ചിന്തകൻ ഇന്ത്യയിലെത്തി ഉപനിഷത്തുകളെ പഠിക്കുകയും അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽനിന്നും അതു് സെന്റു് അഗസ്റ്റിന്റെ പഠനത്തിനു് വിധേയമാകുകയും ചെയ്തതായി റോമയിൻ റോളൻറു് തന്റെ "വിവേകാനന്ദൻ" എന്ന പുസ്തകത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ടു്.

പൗരസ്ത്യ ദിക്കിലേയ്ക്കുള്ള യാത്ര അറിവിനെ വർദ്ധിപ്പിക്കുന്നു എന്ന വിശ്വാസം പ്രാചീന ഗ്രീസ്സിൽ ഉണ്ടായിരുന്നു. ഡെമോക്രീററസ്സും പിത്തഗോററസ്സും അങ്ങനെ വിജ്ഞാന സമ്പാദനാർത്ഥം യാത്രചെയ്തവരാണ്. പിത്തഗോററസിന്റെ തത്വശാസ്ത്രത്തിൽ

തികച്ചും ഇന്ത്യൻ പാരമ്പര്യത്തിലുള്ള സിദ്ധാന്തങ്ങൾ കാണുന്നുണ്ടു്. അലക്സാണ്ഡറുടെയും അദ്ദേഹത്തിന്റെ ഗുരുവായ അരിസ്റ്റോട്ടിലിന്റെയും ചരിത്രം അതിന് മറെറാരു ഉദാഹരണമാണ്.

അതുപോലെതന്നെ ഗ്രീക്ക തത്വശാസ്ത്രം ഇന്ത്യൻ തത്വശാസ്ത്രത്തെയും സ്വാധീനപ്പെടുത്തിയിട്ടുണ്ടു് എന്നതും പരമാർത്ഥമാണ്. എന്നാൽ ഇന്ത്യൻ സ്വാധീനത പാശ്ചാത്യദേശങ്ങളിൽ പ്രത്യക്ഷപ്പെട്ടതു് ബി. സി. ആദ്യ നൂററാണ്ടുകളിലായിരുന്നുവെങ്കിൽ ഗ്രീക്ക സ്വാധീനത ഇന്ത്യൻ തത്വശാസ്ത്രത്തിൽ കാണുന്നതു് ഏ. ഡി. ആദ്യ നൂററാണ്ടുകാലങ്ങളിലാണ്. ഏ. ഡി. 587-നടുത്തു ചരമമടഞ്ഞ ഇന്ത്യയിലെ പ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞനായ വരാഹമിഹിരന്റെ "ബൃഹത് സംഹിത" എന്ന പുസ്തകത്തിൽ അനേകം ഗ്രീക്ക ജ്യോതിശാസ്ത്രജ്ഞന്മാരെപ്പററി പരാമർശനമുണ്ടു്. അൽബെരൂണിയുടെ "ഇൻഡിക്കാ" എന്ന പുസ്തകത്തിലും ഗ്രീക്ക ശാസ്ത്രകാരന്മാരെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്.

ഇന്ത്യയെപ്പോലെ ഇതിഹാസസമ്പത്തിനു പേരെടുത്ത വേറൊരു രാജ്യവും ലോകത്തിലില്ല. പ്രാചീനഗ്രീക്ക സംസ്കാരം മാത്രമാണ് അക്കാര്യത്തിൽ ഇന്ത്യൻ സംസ്കാരത്തോടു് താരതമ്യപ്പെടുത്താവുന്നതു്. ചൈനയ്ക്കും ജപ്പാനും സ്വന്തമായ ഓരോ ഇതിഹാസശേഖരമുണ്ടു്. പ്രാദേശിക നിറം പിടിച്ചിട്ടുള്ള വിശാല കഥകളാണ് ഇതിഹാസങ്ങൾ. ഇന്ത്യയിലെ ഗംഗാമാതാവും ജർമ്മനിയിലെ റൈൻ പിതാവും തെക്കേ അമേരിക്കയിലെ മഹാനായ ആമസോണും അതിന്റെ പ്രതീകങ്ങളാണ്. ഇന്ത്യൻ ചരിത്രത്തിൽ തക്ക ലിപിക

ളാൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന. ബുദ്ധൻെറയും അശോകൻെറയും അക്ബറുടെയും പേരുകൾ കേട്ടിട്ടില്ലാത്ത ഇന്ത്യാക്കാർപോലും ഇവിടത്തെ ഇതിഹാസങ്ങളുടെ കേന്ദ്രങ്ങളായ ശിവൻെറയും രാമൻെറയും കൃഷ്ണൻെറയും പരാക്രമ കഥകളെപ്പററി നല്ല നിശ്ചയമുള്ളവരാണ്. അത്രയധികം ജനങ്ങളോട് ബന്ധപ്പെടുവാൻ ഇതിഹാസങ്ങൾക്കു ശക്തിയുണ്ട്. ഇതിഹാസങ്ങൾക്കു പ്രസ്തുത ശക്തി പ്രദാനം ചെയ്യുന്നതിൽ പ്രധാനമായ പങ്കു വഹിച്ചതു് പ്രാചീന ഇന്ത്യയിലെ കാഥികരാണ്.

പ്രസ്തുത കാഥികർ പ്രചരിപ്പിച്ച ഇതിഹാസം ഇന്ത്യൻ സംസ്കാരത്തിൻെറ ഏററവും വലിയ നേട്ടമാണ്. ഒരു ജനതയുടെ ആഗ്രഹങ്ങളും സങ്കല്പങ്ങളും സ്വപ്നങ്ങളും ചേർന്നതാണവ. അനേകം കഥകൾ കോർത്തിണക്കിയ മാലകളാണതു്. അവയിൽ പുരാണങ്ങളും നീതികഥകളും ചെറുകഥകളും നാടകങ്ങളുമെല്ലാം കാണുവാൻ കഴിയും. അക്ഷരാഭ്യാസമില്ലാത്ത ജനതയ്ക്കു് സംസ്കാരമദ്യത്തിൻെറ പൊന്നിൻ ചഷകങ്ങളാണവ. ചരിത്രപരമായി ഒരുപക്ഷെ അവയിലെ കഥകൾക്കു വലിയ നിലനില്പു ഉണ്ടായിരിക്കുകയില്ല. എന്നാൽ സഹസ്രാബ്ദങ്ങളായി ഇന്ത്യൻ ജനതയുടെ വികാരങ്ങളെയും വിചാരങ്ങളെയും നിയന്ത്രിച്ചുപോന്നതു് പ്രസ്തുത ഇതിഹാസങ്ങളാണ്.

ഇതിഹാസങ്ങൾ മനുഷ്യൻ വിശ്വസിക്കേണ്ട പ്രമാണങ്ങളായി കരുതപ്പെടുമ്പോൾ അവയിലെ എല്ലാ ഭംഗിയും നശിക്കുന്നു. എന്നാൽ അവ പുരാതന കാലങ്ങളിലെ ഭാവനാസമ്പന്നരായ കവികളുടെ

സൃഷ്ടികളെന്ന നിലയിൽ വീക്ഷിക്കുമ്പോഴേ മാത്രമേ അതിന്റെ ഭംഗിയും പ്രാധാന്യവും വ്യക്തമാകുകയുള്ളൂ. മനുഷ്യ പ്രശ്നങ്ങളിൽ പലതും നിത്യങ്ങളാണ്. ചരിത്രാതീതകാലംമുതൽ ആ പ്രശ്നങ്ങളെ മനുഷ്യൻ ചർച്ചചെയ്തുപോന്നു. പ്രാചീനകാലത്തിൽ ഏതു വിധത്തിൽ മനുഷ്യൻ അവയെ വീക്ഷിച്ചിരുന്നു എന്നു പരിശോധിക്കുന്നതുമൂലം പല പുതിയ അറിവുകളും പുരാതനകാല മനുഷ്യന്റെ സംസ്കാരത്തെപ്പററി നമുക്കുലഭിക്കുന്നു. അതാണ് ആധുനികകാലത്ത് പ്രസ്തുത ഇതിഹാസങ്ങൾക്കു ലഭിച്ചിരിക്കുന്ന പ്രാധാന്യത്തിനു കാരണം.

കാഥികർ

പ്രാചീന ഇന്ത്യയിലെ ഗ്രാമ പ്രദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്ന കാഥികരാണ് പ്രസ്തുത ഇതിഹാസങ്ങളിൽ പലതിന്റെയും വിശദാംശങ്ങൾക്കു രൂപം കൊടുത്തത്. അവയെ സാധാരണക്കാരന്റെ ഇടയിലേയ്ക്കു് കൊണ്ടുവന്നതും മതത്തിന്റെയും സന്മാർഗ്ഗത്തിന്റെയും തത്വശാസ്ത്രം പ്രസ്തുത ഇതിഹാസങ്ങളിലൂടെ പ്രചരിപ്പിച്ചതും അവരാണ്. വിദ്യാഭ്യാസത്തിന്റെയും സാഹിത്യത്തിന്റെയും കുറവുകൾ അവർ അതുമൂലം പരിഹരിച്ചു. തത്വശാസ്ത്രത്തെ കഥകളാക്കി അവർ രൂപാന്തരപ്പെടുത്തി. മതത്തെ ആചാരമാക്കി അവർ മാററി. സന്മാർഗ്ഗം പുരാണങ്ങളിലൂടെ പ്രചരിപ്പിച്ചു. അങ്ങനെ ഇന്ത്യയിലെ സാധാരണക്കാരൻ അറിയാതെതന്നെ ഒരു മഹത്തായ സംസ്കാരത്തിന്റെ ഉടമയായി മാറുന്നതിന് അവർ കാരണമായി.

.. ഇന്നത്തെ ഗ്രാമത്തിൽ അതുപോലുള്ള കാഥികരെ കണ്ടുകിട്ടുക സാദ്ധ്യമല്ല. പുരാണങ്ങളിലെ വീരസാഹസിക കഥകൾ അവർ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചു. അതിലെ കഥാനായകന്മാർ ജനങ്ങളുടെ ആദർശപുരുഷന്മാരായി. അവരുടെ കഥകൾ ഒരു ഉന്നത സാന്മാർഗ്ഗിക നിലവാരം പുലർത്തുന്നവയായിരുന്നു. തന്മൂലം ബഹുജനങ്ങളുടെ സാന്മാർഗ്ഗിക നിലവാരത്തിന്റെ അടിസ്ഥാനം പ്രസ്തുത കഥകളായിരുന്നു. ഇന്നത്തെ ഗ്രാമങ്ങളുടെ സാന്മാർഗ്ഗിക വളർച്ചയിൽ അമ്മാതിരി കാഥികരുടെ അഭാവം ഒരു വിടവു് സൃഷ്ടിച്ചിട്ടുണ്ടു്. രാഷ്ട്രീയ പ്രവർത്തകരെ കൊണ്ടു് നികത്താനാവാത്ത ഒരു കുറവാണതു്. സാമ്പത്തികവും രാഷ്ട്രീയവുമെന്നതിനേക്കാൾ സാംസ്കാരിക രംഗത്താണ് ആ വിടവു് വ്യക്തമായി കാണുന്നതു്. പ്രാചീന ഇന്ത്യയുടെ സാംസ്കാരിക സംരക്ഷകരായിരുന്നു പ്രസ്തുത കഥാകാരന്മാർ. അവരുടെ നേതൃത്വത്തിലാണ് അന്നു് ഇന്ത്യൻ സംസ്കാരം വളർന്നുകൊണ്ടിരുന്നതു്. അവരുടെ അഭാവംമൂലം ഇന്നു് സമൂഹത്തിലെ അപൂർവ്വ പുരുഷന്മാരുടെ നേട്ടങ്ങളെ സാധാരണക്കാരുടെ ഇടയിലേയ്ക്കു് കൊണ്ടുവരുവാനുള്ള ഇടനിലക്കാരൻ ഇല്ലാതെപോയി. തന്മൂലം സാധാരണക്കാരും ചിന്തകരും തമ്മിൽ പ്രാചീന ഇന്ത്യയിൽ ഉണ്ടായിരുന്ന ബന്ധം ഇന്നു് ഇല്ലാതെയായി. പ്രസ്തുത കഥാകാരന്മാർ പ്രാചീന ഗ്രാമീണരുടെ മനഃസാക്ഷിയും ചരിത്രത്തിൻെറ സംരക്ഷകരുമായിരുന്നു. രേഖപ്പെടുത്തേണ്ട സംഭവങ്ങളുടെ സ്മരണകൾ നശിക്കാതെ നിലനിർത്തിക്കൊണ്ടുപോന്നതു് അവരാണ്.

കാഥികൻ ഒരു നടൻകൂടിയാണ്. ഇന്ന് സാധാരണക്കാരന് ചിന്തിക്കുവാനും വിനോദിക്കുവാനും പണം വിനിയോഗിക്കുവാനും നഗരങ്ങളിൽമാത്രമല്ല ഗ്രാമങ്ങളിലും അനേകം സൗകര്യങ്ങളുണ്ട്. എന്നാൽ പ്രാചീന ഇന്ത്യയിലെ ഗ്രാമീണരുടെ വിനോദവും വിദ്യാഭ്യാസവും ചിന്തയും ആരാധനയും കാഥികരിലൂടെയാണ് നടന്നത്. കേരളത്തിലെ അവരുടെ പ്രതിനിധികളാണ് ചാക്യാരും തുള്ളൽക്കാരും പാഠകരും മററും. കാഥികൻ ഒരു വ്യക്തിയല്ല. ഒരു പ്രസ്ഥാനമായിരുന്നു. ഗ്രാമജീവിതം സംഘടിപ്പിക്കപ്പെട്ടിരുന്നത് ആ കേന്ദ്രബിന്ദുവിലായിരുന്നു. അവരുടെ കഥകൾ കേൾക്കുവാൻ ഗ്രാമീണർ രാത്രികാലങ്ങളിൽ കൂട്ടംകൂടിയിരുന്നു. അവിടെവച്ച് തങ്ങൾക്കിഷ്ടമുള്ള വിഷയത്തെപ്പററി പരസ്പരം ചർച്ചചെയ്യുന്നതിനും ആശയങ്ങൾ കൈമാറുന്നതിനും ഗ്രാമീണർക്ക് അവസരം ലഭിക്കുന്നു. ക്രമേണ തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള സന്ദർഭം കൂടിയായി പ്രസ്തുത രാത്രികാല സമ്മേളനങ്ങൾ. ചർച്ചാസമ്മേളനങ്ങളും പഠനക്കളരികളും ഇല്ലാതിരുന്നതിന്റെ കുറവ് അതു നികത്തി. ഒരു വിധത്തിൽ അതു് ഒളിമ്പിക് മത്സരങ്ങളോട് താരതമ്യപ്പെടുത്താം. സാമൂഹ്യജീവിതത്തിന് അതു് കെട്ടുറപ്പു വരുത്തി.

"മനുഷ്യൻ കടഞ്ഞെടുത്ത ഏററവും സുന്ദരമായ ശില്പം ദൈവമല്ല-ദൈവത്തെ ഗ്രഹിക്കുന്നതിന് സഹായകമായ രൂപമാണ്. അതിനാൽ അവൻ ഗ്രഹിച്ചിരിക്കുന്നതു് യാഥാർത്ഥ്യത്തെയല്ല. യാഥാർത്ഥ്യത്തെ ഗ്രഹിക്കുന്നതിനു സഹായകമായ രൂപത്തെയാണ്."

(ഗിൽബർട്ട് മുറെ)

നാലു്.

ദ്രാവിഡ മതം

കേരള സാഹിത്യ അക്കാദമി

ഇന്ത്യയിലെ മതങ്ങൾക്കും ഇന്ത്യൻ സംസ്കാരത്തിന്റെ ഐക്യത്തിന്റെയും ക്രമപ്രവൃദ്ധമായ വളർച്ചയുടെയും കഥയാണു് പറയുവാനുള്ളതു്. "ഇന്ത്യയിൽ മതം ഒരു സിദ്ധാന്തമല്ല. പ്രത്യുത ജീവിതപരിതസ്ഥിതികളുടെയും ആദ്ധ്യാത്മിക വികാസത്തിന്റെയും വിവിധ ദശകളിൽ സ്വീകരിക്കേണ്ട മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാന പ്രവർത്തനക്രമമാണു്" ദേശീയ മതങ്ങളുടെ കൂട്ടത്തിൽ ഇന്നു നിലനില്ക്കുന്ന ഏറ്റവും വളർച്ച പ്രാപിച്ച മതമാണു് ഹിന്ദുധർമ്മം. അതു് ഏതെങ്കിലും ഒരു വ്യക്തിയുടെ സൃഷ്ടിയല്ല. ഒരു ജനതയുടെ വളർച്ചയുടെ ഫലമാണതു്. അതിനാൽതന്നെ അതു് അവ്യക്തവും പരസ്പര വിരുദ്ധങ്ങളെന്നു തോന്നിക്കുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്നതുമാണു്. ഹിന്ദുമത

ത്തെ നിർവചിക്കുക അസാദ്ധ്യമാണ്. ഒരിക്കൽ മഹാത്മജി അതിനുവേണ്ടി പരിശ്രമിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "ഹിന്ദുമതത്തെ നിർവചിക്കുവാൻ എന്നോട് ആവശ്യപ്പെട്ടാൽ ഞാൻ പറയും സത്യത്തെ അഹിംസയുടെ മാർഗ്ഗത്തിലൂടെ അന്വേഷിക്കുക. ഒരു മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കുന്നില്ലായിരിക്കാം. എങ്കിലും അയാൾ ഒരു ഹിന്ദുവായിരിക്കും. ഹിന്ദുമതം സത്യത്തിന്റെ പുറകെയുള്ള നിരന്തര പ്രയാണമാണ്... ഹിന്ദുമതം സത്യത്തിന്റെ മതമാകുന്നു. സത്യം ദൈവമാകുന്നു. ദൈവാസ്തികൃത്തെ നിഷേധിക്കുന്നത് നാം കേട്ടിട്ടുണ്ട്. എന്നാൽ സത്യത്തെ നിഷേധിക്കുന്നത് നാം കേട്ടിട്ടില്ല."

ഹിന്ദുമതം ഓരോ വിദേശീയാക്രമണത്തോടുംകൂടി പുതിയ പുതിയ വിശ്വാസങ്ങളുമായി ചേർന്നു നൂതന രൂപങ്ങൾ പ്രാപിച്ചു. മററെല്ലാ സംസ്കാരങ്ങളെയും പോലെ ഇന്ത്യൻ സംസ്കാരവും ആദ്യകാലത്ത് പ്രകൃതിയെ ആരാധിക്കുന്നതിൽ സംതൃപ്തികൊണ്ടു. പിന്നീട് പ്രകൃതിശക്തികൾക്കു മൂർത്തഭാവം കൊടുത്തുകൊണ്ട് ആരാധിക്കുകയും അവരെ പുരാണ കഥകളുടെ നായകന്മാരാക്കുകയും ചെയ്തു. അതിനുശേഷമാണ് വേദങ്ങളും അവയിലെ ദൈവങ്ങളും ഉണ്ടായത്. അത് ക്രമേണ ത്രിശക്തികൾക്കു സ്ഥാനം നൽകി.

മോഹൻജദാരോഗവേഷണത്തിൽ ശൂലവുമായി നില്ക്കുന്ന ശിവന്റെ ഒരു വിഗ്രഹം കണ്ടുകിട്ടുകയുണ്ടായി. ശിവൻ ആര്യന്മാർക്കുമുമ്പുള്ള ദ്രാവിഡ സംസ്കാരത്തിന്റെ ദേവനാണ് എന്ന് അനുമാനിക്കുന്നതിൽ തെററില്ല. വേദമതം പിന്നീടു ശിവനെ അംഗീകരി

ക്കുകയുണ്ടായി എന്നു് പണ്ഡിതന്മാർ പറയുന്നു. ദക്ഷയാഗത്തിൽ ശിവനെ സംബന്ധിപ്പിക്കാതിരുന്ന കഥയും അതിനുപോൽബലകമാണ്. ശിവനു ശേഷമുണ്ടായ ശ്രീരാമനുമായി പ്രസ്തുത ഇതിഹാസ കഥാപാത്രത്തെ താരതമ്യപ്പെടുത്തുമ്പോഴാണ് അതിന്റെ മെച്ചം പ്രത്യക്ഷപ്പെടുന്നതു്. കാർമേഘവർണ്ണനായ കൃഷ്ണനെ ആര്യന്മാർ ദൈവത്തിന്റെ അവതാരമായി സ്വീകരിച്ചതു് ദ്രാവിഡരെ തങ്ങളുടെ സംസ്കാരത്തിലേയ്ക്കു് ആകർഷിക്കുവാൻ വേണ്ടിയാണ് എന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ദ്രാവിഡരുടെ മറെറാരു പ്രധാനദേവതയായ ശക്തി സത്യങ്ങളുടെ ദൈവവും ശീതകാലം കഴിഞ്ഞു് ആരാധന നടത്തപ്പെടേണ്ടവളുമാണ്. വളരെ താമസിച്ചാണ് അവൾക്കു് ആര്യദേവന്മാരുടെ ഇടയിൽ സ്ഥാനം ലഭിച്ചതു്.

ആര്യന്മാർ ദ്രാവിഡരുടെയും ആദിമ വർഗ്ഗങ്ങളുടെയും ദേവന്മാരെ തങ്ങളുടെ വിശ്വാസത്തിലേയ്ക്കു് സ്വീകരിച്ചപ്പോൾ അവരുടെ ആരാധനാക്രമങ്ങളെ പരിഷ്കരിക്കുകകൂടി ചെയ്തു. ഈ പരിഷ്കരിച്ച രീതി എല്ലാ ജന വിഭാഗങ്ങളെയും അങ്ങോട്ടു ആകർഷിക്കുന്നതിനു് പര്യാപ്തമായി. ഈ വിധത്തിൽ വിവിധ വിശ്വാസങ്ങളെയും ജാതികളെയും അവരുടെ ദേവന്മാരെയും ഒരു മതത്തിൽ സംഘടിപ്പിക്കുക എന്ന രീതി അതിനു ശേഷം മററു പല സംസ്കാരങ്ങളിലും ആവർത്തിച്ചിട്ടുണ്ടെങ്കിലും ഇത്ര കെട്ടുറപ്പോടുകൂടി ആ കൃത്യം നിർവ്വഹിക്കപ്പെട്ടിട്ടുള്ളതു് ഇന്ത്യയിൽ മാത്രമാണ്.

മനുഷ്യൻ ചിന്തിക്കാൻ തുടങ്ങിയ കാലംമുതൽ അവനെ അത്ഭുത സ്തബ്ധനാക്കിയ പ്രകൃതിയുടെ രഹസ്യ

കേരളസാഹിത്യ അക്കാദമി

ങ്ങളെപ്പററി അന്നന്നുള്ള അറിവിൻെറ വെളിച്ചത്തിൽ അവൻ കൊടുത്ത ഉത്തരമാണ് മതം. ആദ്യകാലങ്ങളിൽ പ്രസ്തുത ഉത്തരത്തിൻെറ കേന്ദ്രബിന്ദു പ്രകൃതിയായിരുന്നു. പിന്നീട് പ്രകൃതിയെസ്സൃഷ്ടിച്ച ഒരു പ്രകൃതിനായകനെ അവർ കണ്ടെത്തി. എന്നാൽ അന്നും ബൃഹസ്പതിയും ബുദ്ധനും അതിനെ വെല്ലുവിളിച്ചിരുന്നു. ശാസ്ത്രത്തിൻെറ അഭിനവ നേട്ടങ്ങൾക്കുശേഷം പ്രസ്തുത വെല്ലുവിളിക്ക് ഒരു ശാസ്ത്രീയ ഛായ വന്നിട്ടുണ്ട്. ഇന്ന് ഈശ്വരനെ മാററിനിർത്തിക്കൊണ്ട് പ്രകൃതിരഹസ്യങ്ങളുടെ ഉള്ളറകളിലേയ്ക്ക് ഇറങ്ങിച്ചെല്ലാമെന്ന വ്യാമോഹം മനുഷ്യനുണ്ട്. ഏതു സത്യത്തെയും യുക്തിയുടെ വെളിച്ചത്തിലൂടെ പരിശോധിച്ച തൃപ്തിയടയുന്നതിൽ പ്രാചീന ഇന്ത്യാക്കാരൻ വിരുതനായിരുന്നു.

പരമമായ യാഥാർത്ഥ്യം എന്ന നിലയിൽ സത്യം പരിവർത്തനാതീതവും നിത്യവുമാണ്. പക്ഷെ പ്രസ്തുത സത്യത്തെ അതിൻെറ എല്ലാ വിശദാംശങ്ങളോടും കൂടി ഗ്രഹിക്കുവാൻ സമയത്താലും സ്ഥലത്താലും പരിമിതപ്പെടുത്തപ്പെട്ട മനുഷ്യമനസ്സിനു സാദ്ധ്യമല്ല. മനസ്സ് വികസിക്കുന്നതോടൊപ്പം ആ സത്യത്തിൻെറ വിപുലമായ വശങ്ങളുടെ കൂടുതൽ കൂടുതൽ ഭാഗങ്ങൾ ഗ്രഹിച്ചു എന്നു വരാം. അതിനാൽ സത്യം എന്നും പുതിയ വീക്ഷണത്തിനു് വിധേയമാകേണ്ടതും പുരോഗമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിനു് അനുസൃതമായ വിധത്തിൽ പരിവർത്തനപ്പെടുത്തേണ്ടതുമാണ്. എങ്കിൽ മാത്രമേ അതു് മനുഷ്യരാശിയുടെ ജീവിക്കുന്ന സത്യമാകയുള്ളു. ആ സത്യം മാത്രമേ പുരോഗമിച്ചുകൊണ്ടി

രിക്കുന്ന മനുഷ്യന്റെ ജീവിതാവശ്യത്തിനുതകുകയുള്ളൂ. എന്നാൽ സത്യത്തിന്റെ ഏതെങ്കിലുമൊരുവശം ഒരു സിദ്ധാന്തമായി പുരാതനകാലത്തു് പരിണമിച്ചിട്ടുണ്ടെങ്കിൽ അതു് പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യന്റെ ആവശ്യത്തിനനുസൃതമായി വികസിക്കാതെ മുരണ്ടുപോയിട്ടുണ്ടു്. എന്നു തന്നെയുമല്ല പ്രസ്തുത സിദ്ധാന്തം രൂപവല്ക്കരിക്കപ്പെട്ട കാലഘട്ടത്തിൽ അതു് നിർവഹിച്ച ചരിത്രപരമായ കടമ അവസാനിക്കുകയും ഇന്നു് ഒരു അനാവശ്യമായി മനുഷ്യരാശിയുടെ വളർച്ചയ്ക്കു് പ്രതിബന്ധമാകുകയുംകൂടി ചെയ്യുന്നുണ്ടു്. പുരാതന മഹർഷിമാരുടെയും പ്രവാചകന്മാരുടേയും ഉപദേശങ്ങളെയും പ്രസംഗങ്ങളെയും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഇന്നു മനസിലാക്കുവാൻ സാധിക്കാത്തതിന്റെ കാരണം അതാണു്. ഇന്നത്തേതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു കാലഘട്ടത്തിൽ അവർ നൽകിയ ഉപദേശത്തെ അതിന്റെ അക്ഷരാർത്ഥത്തിലല്ല ഇന്നു സ്വീകരിക്കേണ്ടതെന്ന പരമാർത്ഥം പല മതപണ്ഡിതന്മാരും മറന്നുപോകുന്നു. എന്നാൽ പ്രാചീന ഇന്ത്യയിലെ ഹിന്ദുധർമ്മത്തിനു് ആ ഒരു സവിശേഷത ഉണ്ടായിരുന്നു. അതുകൊണ്ടാണു് ഇന്ത്യയിൽ കാലാകാലത്തിൽ വന്ന വിദേശീയരുടെ വിശ്വാസങ്ങളുമായി പൊരുത്തപ്പെട്ടുപോകുവാൻ അതിനു കഴിഞ്ഞതു്.

മതം മനുഷ്യരാശിയുടെ പുരോഗമനത്തിൽ വളരെ പ്രധാനമായ ഒരു ഭാഗം വഹിച്ചിട്ടുണ്ടു് എന്ന ചരിത്രസത്യം വിസ്മരിക്കാവുന്നതല്ല. പല മതങ്ങളും ആരംഭകാലത്തെ ആദർശങ്ങൾക്കനുസരണമായിട്ടല്ല വളർന്നതെങ്കിലും സമൂഹത്തിനു് താരതമ്യേന ഗുണപ്രദമായിട്ടാ

ന്ന് കലാശിച്ചതു്. കർത്തവ്യാനുഷ്ഠാനത്തിനു് സ്നേഹവും ചുമതലാബോധവും പ്രേരണ നൽകുമെന്ന പ്രത്യാശയോടെ ആരംഭിച്ച മതം ഭീതിയെ ഉപയോഗിച്ചു് ആ കൃത്യം നിർവഹിച്ചു. അവ വ ള ർ ത്തി ക്കൊ ണ്ടു വ ന്ന ധാർമ്മികചിന്താ സംസ്കാരത്തെ കുറച്ചൊക്കെ പോഷിപ്പിച്ചു. മനുഷ്യൻെറ സമൂഹ ജീവിതത്തെ സുസാദ്ധ്യമാക്കിത്തീർക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന മൂല്യങ്ങളെയും നിയമങ്ങളെയും സൃഷ്ടിക്കുന്നതിൽ മുൻകൈ മതത്തിനായിരുന്നു. അതോടൊപ്പം സത്യത്തെ ആചാരത്തിൻെറ ചട്ടക്കൂട്ടിലാക്കി ഞെരുക്കിക്കൊല്ലുവാൻ മതം പരിശ്രമിക്കുകകൂടി ചെയ്തിട്ടുണ്ടു്. അറിയപ്പെടാത്തതിനെ കണ്ടുപിടിക്കുവാൻ മനുഷ്യനു സ്വതസിദ്ധമായി ഉണ്ടാകുന്ന ജിജ്ഞാസയെ വളർത്തുകയും സഹായിക്കുകയും ചെയ്യുന്നതിനു പകരം കണ്ടുപിടിക്കപ്പെട്ടതിനെക്കൊണ്ടു തൃപ്തിയാവാൻ പ്രേരണ നൽകി ജിജ്ഞാസയെ തണുപ്പിക്കുവാനാണു് മതം ശ്ര മി ച്ചി ട്ടു ള്ള തു്. അവിടെയാണു് ശാസ്ത്രവും മതവും തമ്മിലുള്ള വ്യത്യാസം വ്യക്തമാകുന്നതു്. അന്നന്നു നിലനില്ക്കുന്ന വ്യവസ്ഥിതിയെയും സിദ്ധാന്തങ്ങളെയും ചോദ്യംചെയ്യാതെ അംഗീകരിച്ചു കഴിയുവാനുള്ള യഥാസ്ഥിതിക മനോഭാവത്തെ പ്രോത്സാഹിപ്പിക്കുകയാണു് മതം ചെയ്തതു്. പ്രകൃതിയെ നിയന്ത്രിക്കുന്ന ഒരു പരമാധികാര ശക്തി എന്ന നിലയിൽ ഈശ്വരനെ സ്ഥാനത്തും അസ്ഥാനത്തും ചൂണ്ടിക്കാണിച്ചുകൊണ്ടു് എല്ലാവിധ ജിജ്ഞാസയേയും ശമിപ്പിക്കുവാനും സംശയങ്ങളെ കെടുത്തുവാനും കഴിയും എന്ന പ്രതീക്ഷയാണു് പ്രസ്തുത മാർഗ്ഗത്തിലൂടെ വളരുവാൻ മതത്തെ സഹായിച്ചതു്. മതംമൂലം ഒരു

കാലത്തു് മനുഷ്യന് ആശ്വാസവും സമാധാനവും കിട്ടിയിട്ടുണ്ടെങ്കിൽ പലപ്പോഴും യുദ്ധവും അസമാധാനവും സൃഷ്ടിക്കുവാനും മനുഷ്യന്റെ പുരോഗതിയെ വളരെക്കാലത്തേയ്ക്കു് പിടിച്ചുനിർത്തുവാനും മതത്തിനു കഴിഞ്ഞിട്ടുണ്ടു്. തന്മൂലം മതം വളർത്തിക്കൊണ്ടുവന്ന ധാർമ്മികചിന്തയുടെ സ്വാധീനതയിൽനിന്നും മോചനം പ്രാപിക്കുവാൻ ഇന്നൊരു സംഘടിത പരിശ്രമം നടക്കുന്നുണ്ടു്. മതത്തിന്റെ ദൂഷ്യങ്ങളെ ഇല്ലാതാക്കി അതിനെ ശുദ്ധീകരിച്ചു് മനുഷ്യന് പ്രയോജനപ്രദമാക്കിത്തീർക്കുന്നതിനു പകരം മതത്തെത്തന്നെ ഇല്ലായ്മ ചെയ്യുവാനുള്ള ഇന്നത്തെ അഭിവാഞ്ഛ അനഭിലഷണീയമാണു്. സ്വാതന്ത്ര്യം, സ്നേഹം, അടിമത്വത്തോടുള്ള വിദ്വേഷം, സമാധാനത്തിനു വേണ്ടിയുള്ള അഭിലാഷം തുടങ്ങിയ പല നല്ലചിന്തകളെയും ഒരുകാലത്തു് മനുഷ്യവർഗ്ഗത്തിനു നൽകുവാൻ കഴിഞ്ഞ മതത്തെ സ്വേച്ഛാധിപത്യംകൊണ്ടു് അകററുവാനുള്ള പരിശ്രമം എത്രകണ്ടു വിജയിക്കുമെന്നു് കണ്ടറിയേണ്ടിയിരിക്കുന്നു.

"ദൈവം ഇല്ലെങ്കിൽത്തന്നെയും അദ്ദേഹത്തെ കണ്ടുപിടിക്കേണ്ടതു് ഒരു ആവശ്യമാണു്" എന്നു് പ്രസിദ്ധ ഫ്രഞ്ചുചിന്തകനായ വോൾട്ടയർ എഴുതിയിട്ടുണ്ടു്. ദൈവം എന്ന ആശയം മനുഷ്യജീവിതത്തിന്റെ ക്രമീകരണത്തിനു് അത്യധികം സഹായകമായ ഒരുപങ്കുവഹിച്ചിട്ടുണ്ടു്. അതുപോലെതന്നെ "ദൈവം എന്നൊരാൾ ഉണ്ടെങ്കിൽത്തന്നെയും അദ്ദേഹത്തെ ആശ്രയിക്കാതെ കഴിയുക ഇന്നത്തെ ആവശ്യമാണു്" എന്നു് പണ്ഡിററ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളും ശ്രദ്ധേയമാണു്. അമിതമായ ദൈവാശ്രയംമൂലം പല തടസ്സ

ങ്ങളും മനുഷ്യന്റെ പുരോഗതിയ്ക്കു് ഉണ്ടായി എന്നതും ഒരു വാസ്തവമാണു്. മനുഷ്യന്റെ സ്വന്തം കഴിവിലുള്ള വിശ്വാസത്തെ അതു് നശിപ്പിച്ചു. ആ നാശത്തിൽനിന്നും ഇന്നു് മനുഷ്യൻ ദൈവാസ്തിക്യത്തെ നിഷേധിച്ചുകൊണ്ടു് മോചനം പ്രാപിക്കുവാൻ ശ്രമിക്കുകയാണു്. ഈശ്വരാസ്തിക്യത്തെ നിഷേധിക്കുന്നതോടൊപ്പം ജീവിതത്തിൽ അതു വഹിച്ചിരുന്ന ആവശ്യമായ നിയന്ത്രണം നഷ്ടപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണു്. ഏതെങ്കിലും ഒരു അപരിമേയ ശക്തിയിൽ അഥവാ പൂർണ്ണതയിൽ വിശ്വസിച്ചുകൊണ്ടു് ജീവിക്കുക എന്നതു് സഹസ്രാബ്ദങ്ങളിലെ പാരമ്പര്യംമൂലം മനുഷ്യമനസ്സിൽ രൂഢമൂലമായിത്തീർന്നിരിക്കുന്ന ഒരു സ്വഭാവവിശേഷമാണു്. തന്മൂലം അതിൽനിന്നും അപ്രതീക്ഷിതമായി മോചനം നേടുന്നതിന്റെ ഫലം ഗുരുതരമായ നിയന്ത്രണരാഹിത്യമായിരിക്കും. അതുകൊണ്ടാണു് ദൈവാസ്തിക്യത്തെ നിഷേധിക്കുന്നതോടൊപ്പം ആ സ്ഥാനത്തു് മററു് എന്തിനെയെങ്കിലും പ്രതിഷ്ഠിക്കുവാൻ മനുഷ്യൻ വെമ്പൽകൊള്ളുന്നതു്. പക്ഷെ പുരാതനവും നമുക്കു് കൂടുതൽ പരിചിതവുമായ ഒന്നിനെ മാററി തൽസ്ഥാനത്തു് തത്തുല്യമായ മറെറാന്നിനെ പ്രതിഷ്ഠിക്കുന്നതിനേക്കാൾ പുരാതന പ്രതിഷ്ഠയുടെ ദൂഷ്യവശങ്ങളെ ദൂരീകരിക്കുകയാണു് ഉത്തമം. ഈശ്വരാസ്തിക്യത്തെ നിഷേധിക്കാതെ അമിതമായ ദൈവാശ്രയത്തെ ഉപേക്ഷിച്ചു് മനുഷ്യന്റെ കഴിവിൽകൂടുതൽ വിശ്വാസം അർപ്പിക്കുന്ന രീതിയായിരിക്കും കാലോചിതവും പ്രയോജനപ്രദവും അബദ്ധരഹിതവുമായിട്ടുള്ളതു്.

തൊണ്ണൂററിനാലു്

ജൈവാസ്തിക്യം ഉത്ഭവിച്ച പരിതഃസ്ഥിതിയെപ്പററിയുള്ള വിശദമായപഠനം ഈ നിഗമനത്തെ കൂടുതൽ ബലപ്പെടുത്തുന്നതാണ്. മനുഷ്യന്റെ ചരിത്രപരമായ വളർച്ചയുടെ ഫലമായുണ്ടായ ഹിന്ദുമതത്തിന്റെ പ്രാരംഭകാലചരിത്രമാണ് ഈ കാര്യത്തിൽ ഏററവും പഠനയോഗ്യമായിട്ടുള്ളതു്.

വേദധർമ്മത്തിന്റെ വളർച്ച.

ആര്യന്മാർ നടത്തിയ തത്വശാസ്ത്രപരമായ അന്വേഷണത്തിന്റെ ആദ്യകാല അനുഭവങ്ങളാണ് വേദങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതു്. പരമമായ യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമായ പ്രകൃതിശക്തികളുമായുള്ള സായൂജ്യംമൂലം മനുഷ്യന്റെ ആന്തരീകപ്രചോദനങ്ങൾ തൃപ്തമാകുന്നു. ആര്യന്മാർ ഇന്ത്യയിൽ വന്നപ്പോൾ അവരുടെ ഇടയിൽ ജാതിസമ്പ്രദായം ഉണ്ടായിരുന്നില്ല. ആദ്യമായി ഉത്ഭവിച്ച ജാതി പുരോഹിതന്മാർ അഥവാ ബ്രാഹ്മണരാണ് എന്നതിനു സംശയമില്ല. ഋക് വേദം എഴുതിയകാലത്തു് ഈ പുരോഹിതവർഗ്ഗം മററുള്ളവരിൽനിന്നു വേർതിരിക്കപ്പെട്ടിരുന്നു. പ്രകൃതിയിൽ അന്നന്നുണ്ടാകുന്ന പരിവർത്തനത്തിനു വിശദീകരണങ്ങൾ നല്കുക, ബലികളും യാഗങ്ങളും ഹോമങ്ങളും നടത്തുക തുടങ്ങിയവയായിരുന്നു മററുള്ളവരിൽനിന്നു ബ്രാഹ്മണരെ വേർതിരിച്ചതു്. ആദ്യകാലത്തു് ചിന്തയിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിച്ചവരും ധിഷണശാലികളുമായിരുന്നു പുരോഹിതന്മാർ. പിന്നീടു് അതു് പാരമ്പര്യമായ ഒരു അവകാശമായിമാറി. അതുമൂലം പ്രതിഭാശാലികളല്ലാത്ത പലരും പുരോഹിതന്മാരായിവന്നപ്പോൾ അവർക്കു് ആവശ്യത്തിലധികം വിശ്ര

മസമയം ലഭിച്ചു. ഒരു പ്രത്യേക ആചാരക്രമവും ആരാധനാരീതിയും സൃഷ്ടിക്കുവാൻ പ്രസ്തുത വിശ്രമാവസരം പ്രയോജനപ്പെട്ടു. അതുപോലെ പുരോഹിതന്മാർ കണ്ടുപിടിച്ച നൂതനസത്യങ്ങൾ സാധാരണക്കാക്ക് ദുർഗ്രഹങ്ങളായപ്പോൾ അവരെ അതുമായി ബന്ധപ്പെടുത്തുവാൻ പ്രസ്തുത ആചാരരീതി ഉപകരിക്കപ്പെട്ടു. ആചാരരീതിക്കു ലഭിച്ച ഈ പ്രാധാന്യം മതത്തിന് ഭൗതികരംഗത്തു് കൂടുതൽ സ്ഥാനം ലഭിക്കുന്നതിന് കാരണമായി.

ഇക്കാലത്താണു് വേദങ്ങൾ നാലും എഴുതപ്പെട്ടതു്. "ആദ്യമനുഷ്യൻെറ ഉച്ചരിക്കപ്പെട്ട ആദ്യത്തെ വാക്കുകൾ" എന്നാണു് മാർക്സ് മുള്ളർ വേദങ്ങളെപ്പററി പറഞ്ഞിരിക്കുന്നതു്. അവയ്ക്കു് ഗ്രീസ്സിലേയും ഇസ്രായലിലേയും പുരാതന സാഹിത്യങ്ങളെക്കാൾ പ്രാചീനതയുണ്ടു്. വേദങ്ങളുടെ കൂലംകഷമായ പഠനം പുരോഹിതന്മാരുടെ ആധിപത്യസ്ഥാപനത്തെയും മതത്തിനു് ഭൗതികരംഗത്തു് ലഭിച്ച പ്രാധാന്യത്തെയും വെളിവാക്കുന്നതാണു്. പിന്നീടുണ്ടായ തൊഴിൽവിഭജനം ജാതി സമ്പ്രദായമായി മാറിയതോടുകൂടി മതം അധഃപതിച്ചു. എല്ലാക്കാര്യങ്ങളിലും അതു് ഒരു പ്രത്യേക വിഭാഗത്തിൻെറ കുത്തകയായിത്തീൻ. അവക്ക് മതം ഒരു തൊഴിലും ജീവിതമാർഗ്ഗവുമായിമാറി. അതോടുകൂടി അത്ഥമില്ലാത്ത ആചാരക്രമങ്ങളും ഉണ്ടായി. പ്രസ്തുത ആചാരരീതികളിലൂടെ ഭൗതികമായി മതം വളന്നതോടൊപ്പം അതിൻെറ ആദ്ധ്യാത്മീകരംഗം വളരാതിരുന്നതിനാൽ ഒരു പന്തികേടു് അനുഭവപ്പെട്ടു. പുരോഹിത വഗ്ഗത്തിൻെറപുറത്തുനില്ക്കുന്ന പലരെയും ചിന്തിപ്പിക്കുവാൻ

അതു് പര്യാപ്തമായി. പലരും പല പരിഷ്കാരനിർദ്ദേശങ്ങളും മുന്നോട്ടുവച്ചു. ശ്രീബുദ്ധനും മഹാവീരനുമായിരുന്നു അക്കൂട്ടത്തിൽ പ്രധാനികൾ. അവരുടെ കാലത്തു് ഹിന്ദുധർമ്മത്തിന്റെ ആദ്ധ്യാത്മീകവും ചിന്താപരവുമായ വശം തീരെ ശുഷ്കിച്ചു. പകരം ഭൗതികമായ ആചാരക്രമങ്ങൾ വളരെയധികം വളർന്നു. തന്മൂലം അവരുടെ പരിഷ്കാര നിർദ്ദേശങ്ങൾ ഭൗതികാചാരങ്ങളെ തീരെ അവഗണിച്ചുകൊണ്ടുള്ളതും ചിന്തയേയും തത്വശാസ്ത്രത്തേയും മാത്രം അടിസ്ഥാനമാക്കിയുള്ളതും ആയിരുന്നു. ജീവിതത്തിൽ സന്മാർഗ്ഗവും ക്രമവും ധർമ്മവും അവർ ആവശ്യപ്പെട്ടു. ഹിന്ദുധർമ്മത്തിലെ പുരോഹിതമേധാവിത്വവും അവരുടെ ആചാരക്രമങ്ങളും അന്നത്തെ ജനങ്ങൾ തീരെ ഇഷ്ടപ്പെട്ടിരുന്നില്ല എന്നു് ബുദ്ധമതത്തിനും ജൈനമതത്തിനും ലഭിച്ച പ്രചാരം വ്യക്തമാക്കുന്നുണ്ടു്. ജനങ്ങൾ ഒരു പരിവർത്തനം ആഗ്രഹിച്ചു. അതു് നന്മയിലേയ്ക്കോ തിന്മയിലേയ്ക്കോ എന്നവർ ചിന്തിച്ചില്ല; നിലവിലിരിക്കുന്ന വ്യവസ്ഥിതിയുടെ സമ്മർദ്ദത്തിൽനിന്നും രക്ഷപെടണം എന്നതുമാത്രമായിരുന്നു അവരുടെ ആഗ്രഹം. ജനങ്ങളുടെ പ്രസ്തുത പരിവർത്തനാസക്തിയെ നേർവ്വഴിക്കുതിരിക്കുന്നതിനു് ചുമതലപ്പെട്ടവർ നേതാക്കന്മാരും ചിന്തകന്മാരുമാണു്.

ചരിത്രത്തിൽ പലപ്പോഴും അനുഭവപ്പെട്ടു കണ്ടിട്ടുള്ള ഒരു സ്ഥിതിവിശേഷമാണിതു്. സ്വതേ യാഥാസ്ഥിതികനായ സാധാരണക്കാരൻ നിലവിലിരിക്കുന്ന വ്യവസ്ഥിതിയുടെ ദൂഷ്യവശങ്ങൾ അതിന്റെ പാരമ്യത്തിലെത്തുമ്പോൾ പരിവർത്തനം ആഗ്രഹിക്കുന്നു. ബുദ്ധിജീവികളും നേതാക്കന്മാരും എത്രതന്നെ പരിശ്രമി

ച്ചാലും സൃഷ്ടിക്കപ്പെടുവാൻ സാദ്ധ്യമാകാത്ത ഒരു മനോഭാവമാണ് അന്ന് ജനങ്ങളിൽ സ്വയം ഉളവാകുന്നത്. ആ സന്ദർഭത്തെ വേണ്ടവിധത്തിൽ ഗ്രഹിച്ച് ഉപയോഗപ്പെടുത്തുന്നതിലാണ് നേതാക്കന്മാരുടേയും ബുദ്ധിജീവികളുടേയും വിജയം സ്ഥിതിചെയ്യുന്നത്. മഹാത്മാ ഗാന്ധിയുടെ വിജയം അങ്ങനെയാണുണ്ടായത്. ഫ്രഞ്ചു റഷ്യൻ വിപ്ലവങ്ങളുടെ വിജയവും മറെറാന്നായിരുന്നില്ല. ശ്രീബുദ്ധനും മഹാവീരനും അതുപോലെ സന്ദർഭം നോക്കി പ്രവർത്തിച്ച മഹാന്മാരാണ്. കത്തോലിക്കാ മതത്തിനെതിരായി യൂറോപ്പിൽ ലൂഥറിനു ലഭിച്ച പശ്ചാത്തലം ഇന്ത്യയിൽ ഹിന്ദുധർമ്മത്തിനെതിരായി ശ്രീബുദ്ധന് ലഭിച്ചു.

ഹിന്ദുധർമ്മം ക്രമേണ ഏതാനും കർമ്മങ്ങളിലും ആചാരങ്ങളിലുമായി ഒതുങ്ങി. അവ എല്ലാംതന്നെ സമൂഹത്തിൽ ബ്രാഹ്മണരുടെ ആധിപത്യം നിലനിർത്തുവാൻ വേണ്ടിയുള്ളതായിരുന്നു. മനുഷ്യനും ഈശ്വരനുമായി നേരിട്ടുള്ള ബന്ധം അവസാനിക്കപ്പെട്ടു. പുരോഹിതൻ അവരുടെ മദ്ധ്യേ പ്രത്യക്ഷപ്പെട്ടു. ഇതിൻെറ പ്രത്യാഘാതമാണ് എല്ലാ ആചാരങ്ങളേയും കർമ്മങ്ങളേയും നിഷേധിക്കുന്ന ഉപനിഷത്തുകളുടെ ജനനം. പക്ഷെ അവ സാധാരണക്കാരനെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമായിരുന്നില്ല. കൂടാതെ അതിൻെറ പ്രായോഗികവശം അത്ര വ്യക്തവുമായിരുന്നില്ല. കർമ്മത്തോടുള്ള അതിൻെറ മനോഭാവം പലവിധത്തിൽ വ്യാഖ്യാനിച്ചു. ജന്മവും പുനർജന്മവും എന്ന ചങ്ങലയിൽ മനുഷ്യനെ ബന്ധിക്കുന്ന കർമ്മം നിരാകരിക്കേണ്ടതാണെന്ന് പലരും വ്യാഖ്യാനിച്ചു. യോഗം ഒരു തത്വശാസ്ത്രമായി രൂപാന്തരപ്പെടുന്നതിനുമുമ്പ് പലരും എല്ലാവിധ പ്രവ

ത്തികളേയും നിഷേധിച്ചു കൊണ്ടുള്ള ജീവിത രീതി സ്വീകരിച്ചു. മതത്തിന്റെ ജീവനായ സ്നേഹം, ത്യാഗം, സേവനം തുടങ്ങിയ വികാരങ്ങളെപ്പോലും ഉപേക്ഷിക്കുവാൻ അതു കാരണമായി.

വേദമതത്തിന്റെ അധഃപതനത്തിന് മറെറാരു കാരണം ജാതിചിന്തയായിരുന്നു. ഈ പുസ്തകത്തിൽ മുന്നൊരിടത്തു സൂചിപ്പിച്ചതുപോലെ അതിന്റെ ആരാധകർ എന്നുതന്നെ പറഞ്ഞിരുന്നാലും അതു് സൃഷ്ടിച്ച അസമത്വം സാധാരണക്കാരനെ വളരെയധികം കഷ്ടപ്പെടുത്തുകയും ബ്രാഹ്മണരുടെ മതസിദ്ധാന്തങ്ങളെ സംശയത്തോടെ വീക്ഷിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. ശൂദ്രരെപ്പോലുള്ള താഴ്ന്ന ജാതിക്കാർ വേദങ്ങൾ വായിക്കുകയോ ബ്രാഹ്മണരുമായി ഇടപെടുകയോ ചെയ്തുകൂടാ എന്ന അലിഖിതമായ നിയമം സാധാരണക്കാരുടെ കഠിനമായ പ്രതിഷേധത്തിന് കാരണമായി.

ബുദ്ധമതം.

ഈ ഘട്ടത്തിലാണ് എല്ലാ ജീവജാലങ്ങളേയും ഒരുപോലെ സ്നേഹിക്കുവാൻ പഠിപ്പിക്കുന്ന സിദ്ധാന്തവുമായി ശ്രീബുദ്ധൻ രംഗപ്രവേശം ചെയ്തതു്. തത്വചിന്തകരുടെ ഉന്നത സിദ്ധാന്തമണ്ഡലങ്ങളിൽ നിന്നും താഴെ ഇറങ്ങി, പുരോഹിതരുടെ അന്ധവിശ്വാസജടിലമായ കർമ്മങ്ങളെയും ആചാരങ്ങളെയും ഉപേക്ഷിച്ചു എല്ലാ സാമൂഹ്യ അസമത്വങ്ങളെയും ദൂരെ ത്യജിച്ച് സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും അഹിംസയുടെയും സിദ്ധാന്തങ്ങളെ യോജിപ്പിച്ചു് അദ്ദേഹം തയ്യാറാക്കിയ ജീവിതചര്യ അന്നത്തെ സാധാരണക്കാരനെ തൃപ്തിപ്പെടുത്തുവാൻ തികച്ചും പര്യാപ്തമായിരുന്നു.

അന്നു് അദ്ദേഹം ആരംഭിച്ച മതപരിഷ്കരണമാണു് പിന്നീടു് മറെറാരു ലോകമതമായി രൂപാന്തരപ്പെട്ടതു്.

പക്ഷെ ബി. സി. മൂന്നാം നൂററാണ്ടുവരെ ബുദ്ധമതം ഇന്ത്യയിലെ ഒരു സഹസിദ്ധാന്തമായിരുന്നു. അന്നും പ്രധാനമതം വേദമതമായിരുന്നു. അതുവരെ ബുദ്ധമതം പ്രചരിച്ചതു് വേദമതത്തിനു കെട്ടുറപ്പില്ലാതിരുന്ന പ്രദേശങ്ങളിൽ മാത്രമായിരുന്നു. ബുദ്ധന്റെ ആദർശങ്ങൾക്കു് അദ്ദേഹം ചെന്നെത്തിയ സ്ഥലങ്ങളിലെല്ലാം സ്വീകരണം ലഭിച്ചിരുന്നുവെങ്കിലും അന്നത്തെ പ്രത്യേക രാഷ്ട്രീയ പരിതസ്ഥിതികൾമൂലവും രാജാക്കന്മാർ തമ്മിലുണ്ടായിരുന്ന പരസ്പരമത്സരങ്ങൾ മൂലവും പല സ്ഥലത്തും ബുദ്ധസന്ദേശം എത്തിയിരുന്നില്ല. അതു് രാജ്യമൊട്ടാകെ പ്രചരിക്കുവാൻ ഒന്നിലധികം നൂററാണ്ടുകൾതന്നെ വേണ്ടിവന്നു. എന്നാൽ അശോകന്റെ മതപരിവർത്തനവും അതേത്തുടർന്നുണ്ടായ പ്രചരണവുമാണു് ബുദ്ധമതത്തെ ഒരു ലോകമതമാക്കി മാററിയതു്. എന്നാൽ വേദമതത്തെ അടിച്ചമർത്തിക്കൊണ്ടു് ബുദ്ധസന്ദേശം പ്രചരിപ്പിക്കത്തക്ക മതഭ്രാന്തു് അദ്ദേഹത്തിനില്ലായിരുന്നു. മതസഹിഷ്ണുത അന്നും ഇന്ത്യയുടെ ഒരു നേട്ടമായിരുന്നു. അതിനാൽ വേദധർമ്മം നാമാവശേഷമാകുകയുണ്ടായില്ല. വടക്കുപടിഞ്ഞാറൻ ഇന്ത്യ അതിന്റെ കേന്ദ്രമായിത്തന്നെ നിലനിന്നു.

അശോകന്റെയും അനന്തരാവകാശികളുടെയും ഭരണകാലത്തു് രാജകീയമതമെന്നനിലയിൽ ബുദ്ധസന്ദേശം ഇന്ത്യൻ ജനതയുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളെയും സമൂലമായ ഒരു പരിവർത്തനത്തിനു് വിധേയമാക്കി. പ്രാചീന ബുദ്ധമതത്തെപ്പററിയും അതിന്റെ

സംസ്കാരത്തെപ്പററിയും ശരിയായജ്ഞാനം അശോകന്റെ കാലത്തെ സാമാന്യ ജനങ്ങളുടെ ജീവിത രീതിയിൽനിന്നും ലഭിക്കുന്നതാണ്. അശോകൻ ഒരു മതരാഷ്ട്രത്തിന്റെ അധിപനായിരുന്നു. എല്ലാ മതങ്ങൾക്കും തന്റെ രാജ്യത്തു് അദ്ദേഹം സ്വാതന്ത്ര്യം നല്കിയിരുന്നു എങ്കിലും രാജ്യത്തിലെ നിയമങ്ങളും ഭരണകർത്താവിന്റെ നയവും ബുദ്ധമത തത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. പക്ഷെ പുരോഹിതനു് മതത്തിന്റെപേരിൽ നാട്ടിൽ മുമ്പു ലഭിച്ചിരുന്ന പരമാധികാരം നഷ്ടപ്പെട്ടു. ബുദ്ധഭിക്ഷുക്കൾ രാജാവിന്റെ ഉപദേശകരായിരുന്നില്ല.

ബുദ്ധ സന്ദേശത്തിന്റെ പ്രചാരംമൂലം ബ്രാഹ്മണരുടെ സർവ്വാധിപത്യം രാഷ്ട്രീയ രംഗത്തു മാത്രമല്ല സാമൂഹ്യരംഗത്തും നഷ്ടപ്പെട്ടു. സാമൂഹ്യ ഉച്ചനീചത്വങ്ങളെ നിർമ്മാജ്ജനംചെയ്തു എന്നതാണ് ബുദ്ധമതം ചെയ്ത ഏററവും വലിയ സേവനം. എല്ലാ ജാതികളിലും പെട്ടവരെ ഒരേ രീതിയിൽ സ്വീകരിച്ച ബുദ്ധമതാശ്രമങ്ങൾ നാടിന്റെ നാനാഭാഗത്തും സ്ഥാപിക്കപ്പെട്ടു. അതു് ജാതി വ്യത്യാസത്തെ നശിപ്പിക്കുന്ന ഏററവും വലിയ സ്ഥാപനങ്ങളായി മാറി. ആശ്രമത്തിനുപുറത്തു് ക്ഷത്രിയർക്കും വൈശ്യർക്കും സമൂഹത്തിൽ കൂടുതൽ പ്രാധാന്യം ലഭിച്ചു. പക്ഷെ ബുദ്ധമതത്തിന്റെ സാമൂഹ്യസ്വാധീനത കൂടുതലായി പ്രവർത്തിച്ചതു് ഗംഗാനദീതടത്തിലാണ്.

അശോകന്റെ ബുദ്ധസന്ദേശപ്രേമം സൃഷ്ടിച്ച മറെറാരു പരിഷ്കാരം മൃഗബലി നിർത്തലാക്കി എന്നതാണ്. അതിനുമുമ്പു് വേദമതത്തിന്റെ ആരാധനാ

സമ്പ്രദായത്തിൽ എല്ലാ പ്രാചീന മതങ്ങളിലുമെന്ന പോലെ മൃഗബലി വളരെ പ്രധാനമായ ഒരു ഭാഗം വഹിച്ചിരുന്നു. അശോകൻ അതു നിയമം മൂലം നിൎത്തലാക്കി. ഇന്ത്യയിലെ ബുദ്ധമത കാലഘട്ടത്തിനുശേഷവും ഹിന്ദുധൎമ്മത്തിൽ ആ നിരോധനം സ്വയം നിലനിന്നു. ജൈനമതവും ഇക്കാൎയ്യത്തിൽ ബുദ്ധമതത്തെപ്പോലെതന്നെയുള്ള സേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

ബുദ്ധ സന്ദേശത്തിന്റെ കാലത്തിനു മുമ്പു് മതഭാഷയും പണ്ഡിത ഭാഷയും സംസ്കൃതമായിരുന്നു. എല്ലാ വേദമത ഗ്രന്ഥങ്ങളും സംസ്കൃതത്തിലായിരുന്നു. ബ്രാഹ്മണൎക്കും ക്ഷത്രിയൎക്കും മാത്രമേ അന്നു് സംസ്കൃതം പഠിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ. അതിനാൽ വിദ്യാഭ്യാസം ഉയൎന്നജാതിയ്ക്കുമാത്രം നേടാവുന്ന ഒന്നായിരുന്നു അക്കാലത്തു്. ബുദ്ധൻ അദ്ദേഹത്തിന്റെ മാതൃ ഭാഷയിലാണു് മതപ്രചരണം നടത്തിയതു്. അശോകന്റെ കാലത്തു് ആ ഭാഷ മതപ്രചരണത്തിലൂടെ തന്നെ രാജ്യമൊട്ടാകെ വ്യാപിച്ചു. അശോകന്റെ ശിലാശാസനങ്ങളിലും ആ ഭാഷയാണു് ഉപയോഗിക്കപ്പെട്ടിരുന്നതു്. ആധുനിക ദേവനാഗരലിപിയുടെ ഉത്ഭവം ആ ഭാഷയുടെ ലിപിയിൽ നിന്നാണു്. എന്നാൽ പിന്നീടു് ബുദ്ധമതഗ്രന്ഥങ്ങൾ എഴുതപ്പെട്ടതു് ഗംഗാനദീതടത്തിൽ കൂടുതൽ പ്രചരിച്ചിരുന്ന പാലി ഭാഷയിലാണു്. അങ്ങനെ മത ഗ്രന്ഥങ്ങൾ സാധാരണക്കാരന്റെ ഭാഷയിൽ രചിക്കപ്പെട്ടതോടുകൂടി ബുദ്ധമതം ബഹുജനങ്ങളുടെ മതമായി മാറി.

എങ്കിലും ബുദ്ധമത തത്വങ്ങൾ പലതും സാധാരണക്കാരനു് സുഗ്രാഹ്യങ്ങളായിരുന്നില്ല. അതിനാൽ

പിന്നീട് ബുദ്ധമതത്തിൽതന്നെ ഒരു ആരാധനാരീതിയും ആചാരക്രമവും ഉണ്ടായി. നശിക്കണമെന്നു ശ്രീബുദ്ധൻ ആഗ്രഹിച്ച ഭൗതികാചാരങ്ങൾതന്നെ അദ്ദേഹത്തിന്റെ കാലശേഷം അതിനകത്ത് കടന്നുപററി. പുരോഹിത മേധാവിത്വത്തിൽനിന്നും രക്ഷപ്പെടുന്ന ഒരു പരിവർത്തനത്തിനു സാധാരണക്കാരൻ തയ്യാറായിരുന്നെങ്കിലും പ്രസ്തുത മേധാവിത്വം സൃഷ്ടിച്ച സ്വാധീന വലയത്തിൽനിന്നും അവൻ വിമുക്തനായിരുന്നില്ല. വേദമതത്തിന്റെ ഭൗതികാചാരക്രമത്തിന്റെ സ്ഥാനത്ത് മറെറാന്നു പ്രതിഷ്ഠിക്കുവാൻ മാത്രമേ അവൻ സന്നദ്ധനായുള്ളു. ഭൗതികാചാരങ്ങളില്ലാത്ത ഒരു വിശ്വാസത്തെ വിഭാവനം ചെയ്യുവാൻ തക്കവിധം അവൻ പുരോഗമിച്ചിരുന്നില്ല. തന്മൂലം ബുദ്ധന്റെ തത്വശാസ്ത്രവും തെററിദ്ധാരണയ്ക്കു് വിധേയമായി.

ബുദ്ധസന്ദേശത്തിന്റെ ആവിർഭാവം ഹിന്ദുധർമ്മത്തിൽ ഒരു ഷോക്ക ചികിത്സ നടത്തുവാൻ കാരണമായി. ശ്രീ ശങ്കരാചാര്യരായിരുന്നു ആ ചികിത്സാവിദഗ്ദ്ധൻ. പക്ഷെ അതു് അധികനാൾ നിലനിന്നില്ല. പുരോഹിത മേധാവിത്വം വീണ്ടുംതലപൊക്കി. അക്കാലത്താണ് മഹമ്മദ്ദമതത്തിന്റെ ആശയങ്ങളെയുംക്കൂടി സ്വീകരിച്ചുകൊണ്ടു് ഗുരുനാനാക്കും കബീർദാസും മററും പ്രസ്തുത മേധാവിത്വത്തിനെതിരായി പൊരുതിയതു്. പില്ക്കാലത്തു് ആര്യസമാജം, ബ്രഹ്മസമാജം തുടങ്ങിയവയും അതേലക്ഷ്യത്തിൽ ഉത്ഭവിച്ചവയാണ്. പക്ഷെ അതെല്ലാം പിന്നീടുള്ള കഥകളാണ്.

ബുദ്ധമതമാണ് ഇന്ത്യയെ പ്രാചീന ലോകത്തിലെ ഏററവും പ്രധാന സംസ്കാരങ്ങളിലൊന്നായ

ചീന സംസ്കാരവുമായി ബന്ധപ്പെട്ടത്തിയതു്. അശോകന്റെ കാലത്തിനുമുമ്പു് ഈ രണ്ടു രാജ്യങ്ങളുമായി സമ്പർക്കമുണ്ടായിരുന്നതായി ചരിത്രംമൂലം മനസിലാക്കുവാൻ സാദ്ധ്യമല്ല. അശോകന്റെ ബുദ്ധമത മിഷനറിമാർ ചൈനയിൽ മതപ്രചരണം നടത്തിയശേഷം അനേകം ബുദ്ധസന്യാസികൾ ചൈനയിൽനിന്നും ഇന്ത്യയിലേയ്ക്കും ഇന്ത്യയിൽനിന്നും ചൈനയിലേക്കും യാത്രചെയ്യുകയുണ്ടായിട്ടുണ്ടു്. അങ്ങനെ ഇന്ത്യ സന്ദർശിച്ച രണ്ടു പ്രധാന ചൈനാക്കാരാണു് ഫാ-ഹിയാനും ഹ്യൂ-യാൻസാങ്ങും. അവരുടെ യാത്രാവിവരണങ്ങൾ ആ കാലഘട്ടത്തിന്റെ ചരിത്രത്തിലേക്കു് വെളിച്ചം വീശുന്നവയാണു്. അതുപോലെതന്നെ ഏ. ഡി. ആറാം നൂററാണ്ടിൽ മുന്നൂറു് ഇന്ത്യൻ സന്യാസികളും പതിനായിരം ഇന്ത്യൻ കുടുംബങ്ങളും ലോയാങ്ങ് പ്രോവിൻസിൽതന്നെ ഉണ്ടായിരുന്നതായി രേഖകളുണ്ടു്.

ബുദ്ധമതം ഒരുകാലത്തു് ഈജിപ്റ്റ്വരെ പ്രചരിച്ചിരുന്നു എന്നതിനു് ചരിത്രലക്ഷ്യങ്ങൾ ഉണ്ടു്. ക്രിസ്തുവിന്റെ മലയിലെ പ്രസംഗത്തിനും ബുദ്ധമത തത്വങ്ങളുമായുള്ള സാധർമ്മ്യം പ്രകടമാണു്. ഏഷ്യാമൈനറിലെ എസ്സനസ്സ് എന്ന പട്ടണം ഒരുകാലത്തു് ഒരു വലിയ ബുദ്ധമതകേന്ദ്രമായിരുന്നു. ഇസ്ലാംമതത്തിന്റെ രൂപീകരണത്തിൽ ക്രിസ്തുമതത്തിനും പ്ലേറേറായുടെ തത്വങ്ങൾക്കും സൊറാഷ്ട്രിയാനിസത്തിനും ഉള്ളതോടൊപ്പം പങ്കു് ബുദ്ധമതത്തിനുമുണ്ടു്. അതിൽക്കൂടി ഇന്ത്യൻ സംസ്കാരത്തിനുമുണ്ടു്. അറേബ്യൻ മണലാരണ്യത്തിൽ സെമിററിക് വിശ്വാസങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഇസ്ലാംമതം രൂപമെടുക്കുവാനുണ്ടായ കാരണം അതാണു്.

ഓരോ പുതിയ മതങ്ങളുടേയും അധികാരാരോഹണം പുതിയ സാമ്രാജ്യങ്ങളുടെ സ്ഥാപനത്തോടുകൂടിയാണ് ഇന്ത്യയിൽ ഉണ്ടായത്. ബ്രാഹ്മണമതത്തിന്റെയും ബുദ്ധമതത്തിന്റെയും ഉദയങ്ങളും അസ്തമനങ്ങളും ഓരോ രാജകുടുംബത്തിന്റെ ഉദയാസ്തമനങ്ങൾക്കൊപ്പമാണ് നടന്നത്. ഇന്ത്യയിൽ ബുദ്ധമതം വികസിച്ച കാലഘട്ടത്തിൽ മൗര്യവംശമായിരുന്നു അധികാരത്തിൽ ഇരുന്നതെങ്കിൽ ഗുപ്ത രാജാക്കന്മാരുടെ കാലത്താണ് ബ്രാഹ്മണമതം പുനജ്ജീവിച്ചത്. ഇസ്ലാമിന്റെ പ്രചരണം അഫ്ഗാൻ മുഗൾ ചക്രവത്തിമാരുടെ കാലത്താണു നടന്നത്. ക്രിസ്തുമതം യൂറോപ്യന്മാരുടെ ആധിപത്യകാലത്ത് ഇന്ത്യയിൽ പ്രചരിച്ചു. പക്ഷെ ബുദ്ധമതമോ വേദമതമോ ബ്രാഹ്മണ മതമോ മഹമ്മദ്ദമതമോ ക്രിസ്തുമതമോ ഈ നാട്ടിൽ പ്രചരിച്ചത് സൈനീക ശക്തിയും രാജകുടുംബങ്ങളും മൂലമല്ല. എന്നാൽ യാഥാർത്ഥ്യം ഇന്ത്യൻ ജനതയോടൊപ്പം ഇന്ത്യൻ ചരിത്രകാരന്മാരും മറക്കുന്നു. വളച്ച് പ്രാപിച്ച മതത്തിന്റെയും അതിന്റെ അനുയായികളുടെയും പിന്തുണ ലഭിക്കുവാൻവേണ്ടി രാജവംശങ്ങൾ പ്രസ്തുത മതങ്ങളുടെ സംരക്ഷകരായി അഭിനയിക്കുകയാണുണ്ടായത്. എന്നാൽ അവരുടെ ഈ സംരക്ഷക പ്രഖ്യാപനത്തിനുശേഷം പ്രസ്തുത മതങ്ങളുടെ ധാമ്മികനിലവാരം നാട്ടിൽ അധ:പതിച്ചു. കോൺസ്റ്റൻറൈൻ ചക്രവർത്തിയും ക്രിസ്തുമതവും ഇന്ത്യയിലും പല പ്രാവശ്യം ആവത്തിക്കപ്പെട്ടു. ക്രിസ്ത്യൻ ധമ്മശാസ്ത്രമല്ല പോർട്ടുഗീസ്സുകാരും ഇംഗ്ലീഷുകാരും ഇന്ത്യയെ ഭരിക്കുന്നതിനായി സ്വീകരിച്ചത്. അതുപോ

ലെത്തന്നെ ഇസ്ലാം ആദർശങ്ങൾ മുഗൾ ചക്രവർത്തിമാരെയും ഒട്ടുംതന്നെ ആകർഷിച്ചില്ല. എന്നാൽ സ്വയം പ്രസ്ഥുത സാമ്രാജ്യാധിപന്മാർ മതത്തെ തങ്ങളുടെ കുത്തകയാക്കിമാററി.

കേരള സാഹിത്യ അക്കാദമി

"ഭവഭൂതിയുടെയും, കാളിദാസന്റെയും കവിതകളേക്കാൾ സുന്ദരവും സംഗീതാത്മകവും മഹത്തരവുമായി ഭാഷയെ വിഭാവന ചെയ്യുവാൻ സാദ്ധ്യമല്ല."

(വിൽസൺ)

അഞ്ച്

കേരളസാഹിത്യ അക്കാദമി

ഇന്ത്യൻ ഭാഷകൾ

ഇന്ത്യൻ ഭാഷ എന്ന ഒരു പൊതു ഭാഷ സംസാരിക്കുന്ന നാടാണ് ഇന്ത്യ എന്നു വിശ്വസിക്കുന്ന പല വിദേശികളും ഇന്നും ഉണ്ട്. എന്നാൽ അഞ്ഞൂറിലധികം ഭാഷകളുടെ നാടാണ് ഇന്ത്യ എന്ന് തല്പരകക്ഷികൾ കഴിഞ്ഞകാലത്ത് ഈ നാടിനെപ്പററി പ്രചരണം നടത്തിക്കൊണ്ടിരുന്നു. ഈ രാജ്യത്തെ ഭിന്നിപ്പ് മതത്തിൻെറയും ജാതിയുടെയും ഭാഷയുടെയും അടിസ്ഥാനത്തിൽ സൃഷ്ടിച്ച് സ്വന്തം മേധാവിത്വം നിലനിത്തണമെന്ന് ആഗ്രഹിച്ചവരാണ് ആ തല്പരകക്ഷികൾ. വാസ്തവത്തിൽ ഇന്ത്യയുടെ ഐക്യത്തിനു ഇവിടത്തെ ഭാഷകൾ വിലയേറിയ സംഭാവനയാണ് നൽകിയിട്ടുള്ളതു്. ഇന്ത്യൻ ഭാഷകളുടെ മൊത്തം പദ സമൂഹ

ത്തിന്റെ അൻപതു ശതമാനവും ഇന്ത്യയിലൊട്ടാകെ യുള്ള സാധാരണക്കാരനു് മനസിലാകുന്നവയാണ്. പ്രധാനമായും പതിനാറു ഭാഷകളാണ് ഇന്നു് ഇന്ത്യ യിൽ സംസാരിച്ചുവരുന്നതു്. ആര്യവർഗ്ഗത്തിൽപ്പെട്ട ഹിന്ദി, ബംഗാളി, മറാത്തി, ഗുജറാത്തി, ഒറിയാ, ആസ്സാമി, രാജസ്ഥാനി, പഞ്ചാബി, സിന്ധി, പെഷ്ട്ടോ കാശ്മീരി, എന്നിവയും ദ്രാവിഡവർഗ്ഗത്തിൽപ്പെട്ട തമിഴ് തെലുങ്ക്, കർണ്ണാടകം, മലയാളം എന്നിവയും സംസ്കൃതത്തോടൊപ്പം പ്രത്യേക സ്വാധീനതയുള്ള ഉറുദുവുമാണ് പ്രസ്തുത പതിനാറു ഭാഷകൾ. ഈ ഭാഷ കളുടെ പല സങ്കര സന്താനങ്ങളും പ്രാദേശികമായി നിലനില്ക്കുന്നുണ്ടു്. അവ കൂടാതെ അതിർത്തി പ്രദേശ ങ്ങളിലെ ഗിരിവർഗ്ഗക്കാർ ഇവയിൽനിന്നും തികച്ചും വ്യത്യസ്തമായ ഭാഷകളും ഉപയോഗിക്കുന്നുണ്ടു്.

ഇന്ത്യൻ ഭാഷകളുടെ സാധർമ്മ്യങ്ങളും ബന്ധങ്ങളും ഏതൊരു നിഷ്പക്ഷ നിരീക്ഷകന്റെയും ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതാണ്. ഒരു കാലത്തു് പണ്ഡിത ന്മാർ പോലും എല്ലാ ഇന്ത്യൻ ഭാഷകളും സംസ്കൃത ത്തിൽനിന്നും ഉത്ഭവിച്ചവയാണ് എന്നു് പ്രസ്തുത സാധർമ്മ്യങ്ങളെ അടിസ്ഥാനമാക്കി വിശ്വസിച്ചു പോന്നു. ഈ ഭാഷകളുടെ പദസമൂഹത്തിനു് മാത്ര മല്ല വ്യാകരണക്രമത്തിനുപോലും ഒരു ഐകരൂപ്യ മുണ്ടു്. തന്മൂലം ഒരുകാലത്തു് ഇന്ത്യ ഒട്ടാകെ പ്രചരി ച്ചിരുന്ന സംസ്കൃതം കാലാന്തരത്തിൽ രാഷ്ട്രീയ സാമൂഹ്യ സമ്മർദ്ദംമൂലം പലതായി പിരിഞ്ഞു വളർന്നതാണ് ആധുനിക ഇന്ത്യൻ ഭാഷകൾ എന്ന നിഗമനത്തിൽ എത്തിച്ചേർന്നു. ആര്യഭാഷകളും ദ്രാവിഡ ഭാഷകളും

ഭിന്ന ഗോത്രത്തിൽ പെട്ടവയാണ് എന്നു് സകാരണം ആദ്യമായി സ്ഥാപിച്ചതു് കാൾഡ്വൽ ആണ്. ആര്യന്മാരുടെ വരവിനു മുമ്പുതന്നെ സാമാന്യം നല്ലൊരു സാഹിത്യ ശേഖരമുണ്ടായിരുന്ന തമിഴിനുപോലും സംസ്കൃതത്തിന്റെ സ്വാധീനശക്തി ഗണ്യമായ വിധത്തിൽ ഉണ്ടായിട്ടുണ്ടു്.

ഇന്ത്യയിൽ ആധിപത്യത്തിനുവേണ്ടി ഓരോകാലഘട്ടത്തിലും ഓരോ ഭാഷകൾ മത്സരിച്ചിരുന്നു എന്നു് ചരിത്രം സാക്ഷിക്കുന്നു. എ. ഡി. പതിമൂന്നാം നൂററാണ്ടിലെ അഫ്ഗാൻ ചക്രവർത്തിമാരുടെ കാലംവരെ സംസ്കൃതത്തിന്റെ പ്രാമാണ്യത്തെ ചോദ്യം ചെയ്യുവാൻ ഒരു ഭാഷയ്ക്കും കഴിഞ്ഞിരുന്നില്ല. അന്നത്തെ രാജകീയ ഭാഷ എന്ന നിലയിൽ സംസ്കൃതത്തിന്റെ സർവ്വാധിപത്യം പല അമൂല്യ കൃതികളെയും ലോകത്തിനു് സംഭാവനചെയ്യുവാൻ കാരണമായി. വിക്രമാദിത്യ ചക്രവർത്തിയെപ്പോലുള്ളവരുടെ രാജകൊട്ടാരങ്ങൾ അന്നു കവികളുടെ സങ്കേതങ്ങളായിരുന്നു. അതിനുശേഷം അഫ്ഗാൻ ചക്രവർത്തിമാരുടെ കാലമായപ്പോൾ സംസ്കൃതത്തിന്റെ സ്ഥാനം കൈയേറുവാൻ പേർഷ്യൻ ഭാഷ ഒരു പരിശ്രമം നടത്തി. മുഗൾ ഭരണകാലത്തു് അതു ഒട്ടൊക്കെ വിജയിക്കുകയുംചെയ്തു. പക്ഷെ സംസ്കൃതത്തിന്റെ നീണ്ട ആധിപത്യകാലവുമായി താരതമ്യപ്പെടുത്തുമ്പോൾ പേർഷ്യൻ ഭാഷയുടെ സർവ്വാധിപത്യം വളരെ ചുരുങ്ങിയ ഒരു കാലഘട്ടത്തിലേതു മാത്രമായിരുന്നു. തന്മൂലം അടിസ്ഥാനപരമായ ഒരു സ്വാധീനത പേർഷ്യൻ ഭാഷയ്ക്കു് ഇന്ത്യയിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിരുന്നില്ല. അതിനുശേഷം

ഇംഗ്ലീഷ് ഇവിടെ രാജകീയ ഭാഷയായി പ്രത്യക്ഷപ്പെട്ടു. കൃത്രിമമായ എല്ലാ സൗകര്യങ്ങളും രണ്ടു നൂററാണ്ടു കാലത്തേയ്ക്കു് അധികാരിവർഗ്ഗം ആ ഭാഷയുടെ പ്രചരണത്തിനായി സൃഷ്ടിച്ചുവെങ്കിലും സാധാരണക്കാരന്റെ ഇടയിലേയ്ക്കു് ഇംഗ്ലീഷിനു് ഇന്നും ഇറങ്ങിച്ചെല്ലുവാൻ കഴിഞ്ഞിട്ടില്ല.

സംസ്കൃതഭാഷ

ഇന്ത്യൻ സംസ്കാരത്തിന്റെ ചരിത്രത്തിൽ സംസ്കൃതത്തിനുള്ള സ്ഥാനം ഒന്നു വേറെയാണ്. അതിന്റെ പേരിൽനിന്നും അനുമാനിക്കാവുന്നതുപോലെ അന്നു് പ്രചാരത്തിലിരുന്ന മറേറതോ ഭാഷ സംസ്കരിച്ചു് ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ് അതു്. വളരെയധികം സമ്പന്നവും വികസിതവുമായ ഒരു ഭാഷയായിരുന്നു സംസ്കൃതം. എങ്കിലും 2600 വർഷങ്ങൾക്കു മുമ്പു് പാണിനി രചിച്ച വ്യാകരണത്തിന്റെ നാലതിർത്തിയ്ക്കുള്ളിലാണ് ഇന്നു് അതു് നിലനില്ക്കുന്നതു്. അതിന്റെ അധഃപതനകാലത്തു് അതിനുണ്ടായിരുന്ന ലാളിത്യം നഷ്ടപ്പെടുകയും സാധാരണക്കാരനു് കൈകാര്യം ചെയ്യുവാൻ കഴിവില്ലാത്തവിധം അതു് സങ്കീർണ്ണമാകുകയും ചെയ്തു. അങ്ങനെയാണ് സംസ്കൃതം ഒരു മൃതഭാഷയായിത്തീർന്നതു്.

ഒരുജനതയുടെയും അതിന്റെ സംസ്കാരത്തിന്റെയും വളർച്ച ആ ജനത സംസാരിച്ചുപോരുന്ന ഭാഷയുടെ വികാസത്തിലൂടെ മനസിലാക്കാവുന്നതാണ്. പദങ്ങളുടെ അർത്ഥങ്ങൾ കാലത്തിന്റെ പരിവർത്തനത്തോടൊപ്പം വ്യത്യാസപ്പെടും. പുതിയ പുതിയ വാചകങ്ങൾ ഉത്ഭവിക്കും. അതിന്റെ എല്ലാ ഗ്രന്ഥാ

ത്ഥങ്ങളും പിന്നീടൊരിക്കൽ മനസ്സിലാക്കുക അത്ര എളുപ്പമല്ല. പുരാതന കാലത്തു് ഓരോ പദങ്ങളും വാചകങ്ങളും കൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരുന്നതു് എന്താണ് എന്നു മനസ്സിലാക്കുന്നതിനു് റൊമാൻറിക് മനോഭാവവും കവിഹൃദയവും ആവശ്യമാണ്. ഭാഷ എത്രയധികം സമ്പന്നമാകുന്നുവോ അതനുസരിച്ചു അതു് കൈകാര്യം ചെയ്യുന്നതിനും മനസിലാക്കുന്നതിനും വിഷമം നേരിടുകയും ചെയ്യും. മറെറല്ലാ ക്ലാസിക്കൽ ഭാഷകളെയുംപോലെ സംസ്കൃതത്തിലും ഗൂഢാത്ഥവും പ്രത്യേകം ബന്ധിതമായ ആശയങ്ങളുമുള്ള അനേകം പദങ്ങളുണ്ടു്. വിദേശ ഭാഷകളിലേയ്ക്കു് അവയെ തർജ്ജിമ ചെയ്യുക സാദ്ധ്യമല്ല. സംസ്കൃതത്തിൻെറ വ്യാകരണവും നിഘണ്ടുവുംതന്നെ കവിതയിലാണ്. ആധുനിക ഇന്ത്യൻ ഭാഷകളിൽ പലതും പദാവലിക്ക സംസ്കൃതത്തോടു് കടപ്പെട്ടവയാണ്. വിദേശ ഭാഷകളിലേയ്ക്കു് തർജ്ജിമ ചെയ്യുവാൻ സാദ്ധ്യമല്ലാത്ത കവിതാപദങ്ങളും തത്വശാസ്ത്ര പദങ്ങളും ഇന്ത്യയിലെ സാധാരണക്കാരനു് സുഗ്രാഹ്യമാണ് "നിർവാണം" എന്ന പദംകൊണ്ടു് നാം ഉദ്ദേശിക്കുന്ന അത്ഥം ഒരു ഇംഗ്ലീഷുകാരനെ പറഞ്ഞു മനസിലാക്കുവാൻ മണിക്കൂറുകൾതന്നെ വേണ്ടിവരും. ആ പദങ്ങളെ ഇംഗ്ലീഷിലേയ്ക്കു് കൃത്യമായി തർജ്ജിമ ചെയ്യുകയും സാദ്ധ്യമല്ല. ഓരോ ഭാരതീയനും മാതൃ ഭാഷ കഴിഞ്ഞാൽ ഏററവും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നതു് സംസ്കൃതത്തോടാണ്.

സംസ്കൃത ഭാഷയിലെ മഹത്തായ കൃതികളുടെ അർഹിക്കുന്ന തർജ്ജിമകൾ വിദേശ ഭാഷകളിലേയ്ക്കു്

സാദ്ധ്യമല്ലാതിരിക്കുന്നതു് ലോകത്തിനു് വലിയൊരു നഷ്ടമാണ്. ബൈബിൾ ഇംഗ്ലീഷ് ഭാഷയിലേയ്ക്കു തർജ്ജിമ ചെയ്തതുമൂലം ആ ഭാഷ വികസിക്കുകയും അതു സംസാരിക്കുന്ന ജനത ബൈബിളിലെ പല ആശയങ്ങളുമായി ബന്ധപ്പെടുകയും ചെയ്തു. അതുപോലെ ജനതയ്ക്കും സംസ്കാരത്തിനും അമൂല്യമായ പലതും സംഭാവന ചെയ്യുവാൻ കഴിവുള്ള അനേകം കൃതികൾ സംസ്കൃതത്തിലുണ്ടു്.

സംസ്കൃതം ഒരു മൃത ഭാഷയായിത്തീർന്നതു് എന്നു മുതല്ക്കാണ് എന്നു നിർണ്ണയിക്കുക സാദ്ധ്യമല്ല. കാളിദാസന്റെ കാലത്തു് ഇന്ത്യയിലൊട്ടാകെ വിദ്യാസമ്പന്നരുടെ ഭാഷ സംസ്കൃതമായിരുന്നെങ്കിലും അന്നും സാധാരണക്കാരന്റെ സംസാരഭാഷ അതായിരുന്നില്ല എന്നു വ്യക്തമാണ്. കാളിദാസ നാടകങ്ങളിലെ നീചപാത്രങ്ങളുടെ സംഭാഷണം ശ്രദ്ധിച്ചാൽ അതു് മനസ്സിലാകുന്നതാണു്. പുരാതന ഇന്ത്യയുടെ കോളനികളായിരുന്ന ദക്ഷിണപൂർവ്വേഷ്യയിലും മദ്ധ്യ ഏഷ്യയിലും സംസ്കൃതം പ്രചരിച്ചിരുന്നു എന്നതിനു് മതിയായ തെളിവുകളുണ്ടു്. കംബോഡിയായിൽ ഏ.ഡി. ഏഴാം നൂററാണ്ടിൽ സംസ്കൃത നാടകങ്ങളും കീർത്തനങ്ങളും ഉണ്ടായിരുന്നു. പതിമൂന്നാം നൂററാണ്ടിലെ അഫ്ഗാൻ ചക്രവർത്തിമാരുടെ ആധിപത്യകാലത്തു് പേർഷ്യൻ ഭാഷയ്ക്കു് പ്രാമാണ്യംലഭിച്ചതിനുശേഷം പല സംസ്കൃത കൃതികളും ഉണ്ടായിട്ടുണ്ടെങ്കിലും അവ ഒന്നും ഭാഷയെ സമ്പന്നമാക്കുവാൻ പര്യാപ്തമായിരുന്നില്ല.

ഇന്ത്യയിൽ വരമൊഴി ഉത്ഭവിച്ചതു് നൂതന ശിലായുഗത്തിലാണ് എന്നു് പണ്ഡിതന്മാർ ആ കാല

ത്തിൻെറ അവശിഷ്ടങ്ങളായി ലഭിച്ച മൺപാത്രങ്ങൾ തുടങ്ങിയവ പരിശോധിച്ചശേഷം അഭിപ്രായപ്പെടുന്നു. സിന്ധു നദീതട സംസ്കാരത്തിൻെറ കാലത്ത് ഇന്ത്യയ്ക്കും എഴുതി ഫലിപ്പിക്കാനാവുന്ന ഒരു ഭാഷയുണ്ടായിരുന്നു. ഇന്ന് ഇന്ത്യയിൽ ഏററവുമധികം പ്രചാരമുള്ള ദേവനാഗരലിപി ബി. സി. ആറാം നൂററാണ്ടിനു മുമ്പ് നിലവിലിരുന്ന ബ്രഹ്മിലിപിയിൽനിന്നും രൂപം പൂണ്ടിട്ടുള്ളതാണ്. അശോകന്റെ ശിലാസ്തംഭങ്ങളിൽ ബ്രഹ്മിലിപിയിലും ഖരോഷ്ഠിലിപിയിലുമുള്ള ശാസനങ്ങളാണ് കാണുന്നത്.

ദേശീയഭാഷ

ഒരു രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ പരസ്പര സമ്പർക്കത്തിനും ആശയകൈമാററത്തിനും ഉപകരിക്കുന്ന ഒരു ഉപാധിമാത്രമല്ല ദേശീയ ഭാഷ. ഒരു സമൂഹത്തിൽപെട്ട വിവിധ ഗ്രൂപ്പുകളിലെ ജനങ്ങളുടെ ആചാരങ്ങളും, പാരമ്പര്യങ്ങളും, ആശയങ്ങളും, അഭിലാഷങ്ങളും ഒന്നായിത്തീരുന്നതിനും വ്യക്തിയ്ക്ക് സമൂഹത്തോടും സമൂഹത്തിന് വ്യക്തിയോടും താദാത്മ്യം പ്രാപിക്കുന്നതിനുമുള്ള മാർഗ്ഗംകൂടിയാണത്. ഒരുദേശീയ ഭാഷയോ വിവിധ ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾക്ക് ഒരു പൊതു ഭാഷയോ ഇല്ലാതെ ദേശീയ ഐക്യം നിലനില്ക്കുകയില്ലാ എന്നതിന് ചരിത്രത്തിൽ പലഉദാഹരണങ്ങളും കാണുവാൻ കഴിയും. പ്രസ്തുത പൊതുഭാഷ ഒരുപ്രദേശത്തിൻെറയോ ഒരു പ്രത്യേക വർഗ്ഗത്തിൻെറയോ മാത്രം കൈകാര്യഭാഷയായാൽ ദേശീയബോധവും ആ വിഭാഗത്തിൻെറമാത്രം സമ്പത്തായിത്തീരും. ഇന്ത്യാചരിത്രത്തിൻെറ പ്രധാന

പ്പെട്ട നാലുഘട്ടങ്ങളായ വേദമതത്തിന്റെ കാലം, ബുദ്ധ മതത്തിന്റെ കാലം, പൗരാണികഹിന്ദുകാലം, ഹിന്ദുസ്ഥാനി കാലം എന്നീ ഘട്ടങ്ങളിൽ പൊതുഭാഷ സമുദായത്തിലെ ഉയർന്ന വർഗ്ഗങ്ങളുടെമാത്രം സംസാരഭാഷയായിരുന്നതിനാൽ അവർ മാത്രമായിരുന്നു അന്നു ദേശീയബോധത്തിന്റെ പങ്കാളികൾ. അക്കാലത്തെ മററു വർഗ്ഗങ്ങൾ നമ്മുടെ ദേശീയപാരമ്പര്യത്തിനു് വളരെ തുച്ഛമായ സംഭാവനയാണു് ചെയ്തിരിക്കുന്നതു്. പ്രാദേശിക സംസ്കാരത്തിന്റെ ചട്ടക്കൂട്ടിലാണു് അവരുടെ ജീവിതം വളർന്നു വികസിച്ചതു്. അവക്കുപൊതുവായുണ്ടായിരുന്നതു് മതപരമായ സിദ്ധാന്തങ്ങളും ആചാരങ്ങളും മാത്രമായിരുന്നു. മുഗൾ ചക്രവർത്തിമാരുടെ ഭരണകാലത്തെ ഹിന്ദുസ്ഥാനീസംസ്കാരമാണു് അതിനു് വ്യക്തമായ ഉദാഹരണം. അന്നു് സംസ്കാരം മതത്തിനുപകരം രാഷ്ട്രത്തെ കേന്ദ്രീകരിച്ചാണു് നിലനിന്നതു്.

മുഗൾ കാലഘട്ടത്തിന്റെ അവസാനത്തോടുകൂടിയും ബ്രിട്ടീഷ് ഭരണകാലത്തിന്റെ ആരംഭത്തിലുമായി മദ്ധ്യകാലഹിന്ദുസ്ഥാനീ സംസ്കാരവും അതിന്റേതായ ദേശീയ ഐക്യവും നാശമടഞ്ഞിരുന്ന കാലത്തു് പിൽക്കാല ഇന്ത്യയുടെ സാംസ്കാരിക ചരിത്രത്തിൽ മറെറന്തിനേക്കാളും പ്രാധാന്യമേറിയ ഭാഗം വഹിച്ച ഒരു സംഭവമുണ്ടായി. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഭൂരിപക്ഷം ജനങ്ങളും കൈകാര്യംചെയ്യുന്ന ഒരുദേശീയ ഭാഷയുടെ രൂപംകൊള്ളലായിരുന്നു അതു്. പ്രസ്തുത പൊതുഭാഷയ്ക്കു് അടിസ്ഥാനമായിരുന്നതു് പതിമൂന്നാം നൂററാണ്ടിലെ മുഹമ്മദീയ ഭരണാധികാരികൾ ഡൽഹിക്കുചുററുപാടും താമസിച്ചിരുന്ന ബഹുജനങ്ങളുമായി

ഇടപെടുവാൻവേണ്ടി സൃഷ്ടിച്ച സംസാരഭാഷയായിരുന്നു. ഡൽഹി സിംഹാസനവുമായി അതിനുണ്ടായിരുന്ന ബന്ധം അഭിമാനാർഹമായ ഒരു നില അതിനു സമ്പാദിച്ചുകൊടുക്കുകയും ഖരീബോലി അഥവാ നിലനില്ക്കുന്നഭാഷ എന്നപേരുനേടുകയുംചെയ്തു. പതിനേഴ്-പതിനെട്ട് നൂറ്റാണ്ടുകളിൽ പേഷ്യൻലിപിയും പദസമ്പത്തുംസ്വീകരിക്കുകയും പേഷ്യൻ ഭാഷയിൽനിന്ന് ചൈതന്യംനേടി ഉർദു എന്ന പേരിൽ അതൊരു സാഹിത്യഭാഷയാകുകയും ചെയ്തു. എന്നാൽ പശ്ചിമ ഹിന്ദി പ്രദേശങ്ങളിൽ താമസിച്ചിരുന്ന ഹിന്ദുക്കൾ ഖരീബോലിയ്ക്ക് സ്വതേ സംസ്കൃതത്തോടുണ്ടായിരുന്ന ചായ്വിനെ വളർത്തി ദേവനാഗരലിപി സ്വീകരിച്ച് ഹിന്ദി എന്ന പേരിൽ ഒരുഭാഷ വളർത്തിക്കൊണ്ടുവന്നു. അങ്ങനെ ഒരേ സംസാരഭാഷയിൽ നിന്നും രണ്ടു ലിപികളിൽ തികച്ചും വ്യത്യസ്തമായ രണ്ടുസാഹിത്യഭാഷകൾ രൂപംകൊണ്ടു.

ഉർദു

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരു സംസാരഭാഷ എന്ന നിലയിലും സാഹിത്യ ഭാഷ എന്ന നിലയിലും ഉർദു വടക്കെഇന്ത്യയിൽ വളരെ പ്രചാരത്തിലായി. ഖുറാൻ ഉറുദുവിലേയ്ക്ക് തർജ്ജിമ ചെയ്യുകയും ഹിന്ദുക്കളുടെയും മുഹമ്മദീയരുടെയും പല മത ഗ്രന്ഥങ്ങളും പ്രസ്തുത ഭാഷയിൽ രചിക്കുകയും ചെയ്തു. പക്ഷെ അന്നും പല നാട്ടുരാജ്യങ്ങളിലും മുഗൾ രാജധാനിയിലും രാജകീയഭാഷ പേഷ്യൻ ആയിരുന്നു. ക്രമേണ ഉത്തരേന്ത്യയുടെ ഭരണാധികാരികളായ ബ്രിട്ടീഷുകാർ പ്രായോഗികാവശ്യത്തിന് പേഷ്യൻ ഭാഷയ്ക്കുപകരം ഏതെങ്കിലും ഒരു പ്രാദേശിക ഭാഷയെ ഔദ്യോഗിക

ഭാഷയായി സ്വീകരിക്കണമെന്ന തീരുമാനിച്ചു. ഉറദു ആയിരിക്കും അതിന് ഏററവും പര്യാപ്തമെന്ന് അവർ കാണുകയും അതിന് പേർഷ്യൻ ഭാഷയോടുള്ള മമത കുറച്ച് സംസാരഭാഷയോട് കൂടുതൽ ബന്ധപ്പെടുത്തു വാൻ അവർ ആഗ്രഹിക്കുകയും ചെയ്തു. അതിനുവേണ്ടി ആയിരത്തി എണ്ണൂറിൽ കല്ക്കട്ടായിൽ സ്ഥാപിച്ച ഫോർട്ടുവില്യം കോളേജിൽ പേർഷ്യൻ സ്വാധീനത യിൽനിന്നും വ്യത്യസ്തപ്പെട്ട ഹിന്ദുസ്ഥാനി ഉറദുവിൽ പുസ്തകങ്ങൾ രചിക്കുന്നതിനും മററുമായി ഒരു സാഹി ത്യവിഡിപ്പാർട്ടുമെൻറ് രൂപീകരിച്ചു. അതേ ഉദ്ദേശ ത്തോടുകൂടിത്തന്നെ ദേവനാഗര ലിപിയിൽ രചിക്ക പ്പെട്ട ഏതാനും ഹിന്ദുസ്ഥാനി പുസ്തകങ്ങൾ പ്രസ്തുത കോളേജിൽനിന്നും പ്രസിദ്ധംചെയ്യുകയും ഹിന്ദു സ്ഥാനി പ്രചാരത്തിൽകൊണ്ടുവരുവാൻ വേണ്ടി ചില ഹിന്ദു സ്ഥാനി പണ്ഡിതന്മാരെ പ്രസ്തുത കോളേജിൽ നിയമി ക്കുകയും ചെയ്തു.

എന്നാൽ ആയിരത്തി എണ്ണൂററി ഇരുപത്തി ഒൻ പതിൽ ഇംഗ്ലീഷുകാർ അവരുടെ ഭാഷാനയം മാററി ഇംഗ്ലീഷ് ഇന്ത്യയുടെ ഔദ്യോഗിക ഭാഷയാക്കുവാൻ തീരുമാനിച്ചു.

ഈ ഘട്ടത്തിൽ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും വ്യത്യസ്ഥ സാംസ്കാരിക വാസനകൾ ഭാഷയുടെ രംഗ ത്തിൽ പ്രകടമായിത്തുടങ്ങി. രാജകീയ പിന്തുണയോ ടുകൂടി ഇന്ത്യയിൽ നട്ടുവളത്തുവാൻ ശ്രമിച്ച പേർഷ്യൻ ഭാഷ രാജകീയ പിന്തുണ നഷ്ടപ്പെട്ടപ്പോൾ ഇവിടെ വളരുവാൻ സാദ്ധ്യതയില്ലെന്ന് മനസ്സിലാക്കി പകരം ഉറദു ഭാഷയെ സ്വീകരിക്കുവാൻ മുസ്ലീങ്ങൾ തീരുമാ

നിച്ചു. ഹിന്ദുദേശീയബോധത്തിൻെറ പ്രേരണയിൽ ഹിന്ദി ഹിന്ദുക്കളുടെ സാഹിത്യഭാഷയായിമാറി. അങ്ങനെ പുതുതായി പ്രത്യക്ഷപ്പെട്ട രണ്ടു് സാഹിത്യഭാഷകളാണു് ഉറുദുവും ഹിന്ദിയും. അതാതിൻെറ ആവശ്യാനുസരണം പേഷ്യൻ ഭാഷയിൽനിന്നും സംസ്കൃതത്തിൽനിന്നും വേണ്ട പദങ്ങളെ സ്വീകരിക്കുവാൻ തുടങ്ങിയതോടുകൂടി അവ തമ്മിൽ കൂടുതൽ അകന്നു. പത്തൊൻപതാംനൂററാണ്ടിന്റെ അവസാനത്തിൽ ഉത്തരപ്രദേശത്തിലെ ചില ഹിന്ദിപ്രേമികൾ അവിടത്തെ രണ്ടാമത്തെ ഔദ്യോഗിക ഭാഷയായി (ഒന്നാമത്തേതു് ഇംഗ്ലീഷ്) ഹിന്ദിയെ പ്രതിഷ്ഠിക്കുവാൻ ഒരു പ്രക്ഷോഭണം നടത്തി. പില്ക്കാലത്തു് ഇന്ത്യൻ ജനത കോൺഗ്രസിൻെറയും മുസ്ലീംലീഗിൻെറയും നേതൃത്വത്തിൽ ഭിന്നിക്കുവാനുള്ള പല കാരണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നു് ഹിന്ദി ഉദു മത്സരമായിരുന്നു.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ ഈ ഭാഷാമത്സരം അവസാനിപ്പിക്കുവാൻവേണ്ടി ഇന്ത്യയിലെ മൂന്നിലൊന്നു് ജനങ്ങളുടെ സംസാരഭാഷയായിരുന്ന ഹിന്ദുസ്ഥാനിയെ ദേശീയഭാഷയാക്കുവാൻ ഒരു ശ്രമം നടന്നു. പേഷ്യൻ ലിപിയും ദേവനാഗരി ലിപിയും ഒരുപോലെ ഉപയോഗിക്കുവാനായിരുന്നു അന്നത്തെ തീരുമാനം. ആവശ്യമുള്ള പുതിയ വാക്കുകൾക്കു് പേർഷ്യൻ ഭാഷയിലേയ്ക്കോ സംസ്കൃതത്തിലേയ്ക്കോ പോകാതെ പുതുതായി സൃഷ്ടിക്കുവാൻ തീരുമാനിച്ചു. ഈ പ്രസ്ഥാനത്തിനു് ഇന്ത്യൻ നാഷണൽ കോൺഗ്രസിൻെറ അംഗീകാരവും സിദ്ധിച്ചു. അലഹബാദിലെ ഹിന്ദുസ്ഥാനി അക്കാഡ

മീയും വാർദ്ധായിലെ ഹിന്ദുസ്ഥാനി പ്രചാരസഭയും അതിന്റെ ഫലമാണ്. ആയിരത്തി തൊള്ളായിരത്തി മുപ്പത്തിയഞ്ചിലെ ഇന്ത്യാ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ആദ്യത്തെ കോൺഗ്രസ് മന്ത്രിസഭ ബീഹാറിൽ ഹിന്ദുസ്ഥാനി പ്രചരണത്തിനായി പലതും ആരംഭിച്ചു. എന്നാൽ ഇംഗ്ലീഷ് ഭാഷാ പ്രേമികളും ലീഗ്‌വിരോധം മൂലം തനി ഹിന്ദിതന്നെ ഔദ്യോഗിക ഭാഷയായി സ്വീകരിക്കണമെന്നു വാദിച്ചവരും മുസ്ലീം ലീഗും ഹിന്ദുസ്ഥാനിയെ വെറുത്തു. ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭരണഘടനാ നിർമ്മാണ സമിതിയിലും ഹിന്ദിയും ഹിന്ദുസ്ഥാനിയും തമ്മിൽ ഒരു വടംവലി നടന്നു. ഹിന്ദുസ്ഥാനിയുടെ ഏററവും വലിയ പ്രചാരകനായിരുന്ന മഹാത്മാഗാന്ധിയുടെ ചരമത്തോടുകൂടി ഹിന്ദുസ്ഥാനി എല്ലാവരാലും പരിത്യജിക്കപ്പെട്ടു.

പ്രാചീന ഇന്ത്യൻ നാടകങ്ങൾ

ഭാരതത്തിനു വളരെ പുരാതനമായ ഒരു നാടകസമ്പത്തു് ഉണ്ടു്. പാശ്ചാത്യർ ഒരു കാലത്തു് അതു് ഗ്രീക്കു നാടകങ്ങളുടെ അനുകരണങ്ങളാണ് എന്നു് വിമർശിച്ചു. നാടക കലയിൽ ഇന്ത്യയെ മാററി നിറുത്തിയാൽ പ്രാചീനകാലത്തു് ഗ്രീക്കു സംസ്കാരം മാത്രമേ ഉന്നതമായ ഒരു മാനദണ്ഡം പുലർത്തിയിരുന്നുള്ളു എന്നതു് വാസ്തവമാണ്. ഗ്രീസും ഇന്ത്യയും തമ്മിൽ പുരാതനകാലംമുതൽതന്നെ ബന്ധമുണ്ടായിരുന്നു എന്നു് തത്വശാസ്ത്രങ്ങളുടെയും മററും വളർച്ചയിൽനിന്നും വ്യക്തമായിട്ടുണ്ടല്ലോ. പ്രസ്തുത ബന്ധം അലക്സാണ്ടറുടെ ആക്രമണത്തോടുകൂടി പൂർവ്വാധികം ദൃഢമായി.

അദ്ദേഹത്തിൻെറ മരണശേഷം ഏതാനും ഗ്രീക്ക രാഷ്ട്രങ്ങൾതന്നെ ഇന്ത്യനതിർത്തിക്കുള്ളിൽ രൂപമെടുക്കുകയുംചെയ്തു. ഈ പരമാർത്ഥങ്ങളെല്ലാം ആദ്യത്തെ പ്രസ്താവനയ്ക്കുപോൽബലകമായി ചൂണ്ടിക്കാണിക്കുവാൻ പാശ്ചാത്യവിമർശകർക്കുണ്ടായിരുന്നു. എന്നാൽ പത്തൊൻപതാം നൂററാണ്ടിലെ ചരിത്ര ഗവേഷണങ്ങളുടെ ഫലമായി അതു് നിശ്ശേഷം അടിസ്ഥാനരഹിതമാണെന്നു് തെളിയുകയും ഇന്ത്യൻ നാടക കല ഇവിടെത്തന്നെ ആരംഭിച്ചു് പല പ്രത്യേകതകളോടുകൂടി വികസിച്ചതാണെന്നു സമ്മതിക്കുകയുംചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഋക്‌വേദത്തിൽ നാടകീയ സ്വഭാവത്തോടു കൂടിയ പല ആത്മഗതങ്ങളും കവിതകളും കാണാം. നാടകങ്ങളെപ്പററിയുള്ള പല പരാമർശനങ്ങളും രാമായണത്തിലും മഹാഭാരതത്തിലുമുണ്ടു്. ബി.സി. ആറാംനൂററാണ്ടിൽ ജീവിച്ചിരുന്ന പാണിനി എന്ന പ്രസിദ്ധ വൈയ്യാകരണൻ നാട്യകലയുടെയും നാടകത്തിൻെറയും നിയമത്തെ വിവരിച്ചിട്ടുണ്ടു്. എന്നാൽ ശരിയായ ഒരു നാടകശാസ്ത്രമുണ്ടായതു് എ. ഡി. മൂന്നാം നൂററാണ്ടിലാണ്. അതു് അതിനുമുമ്പുണ്ടായിരുന്ന പല കൃതികളെയും ആസ്പദമാക്കി രചിച്ചതായിരുന്നു എന്നു കാണുവാൻ കഴിയും. ആ കൃതിയുടെ പ്രസിദ്ധീകരണത്തിൽനിന്നുതന്നെ നാടകത്തിനു് അന്നുണ്ടായിരുന്ന പ്രാധാന്യം വ്യക്തമാണ്. ചോട്ടാനാഗ്പൂരിലെ "മാംഗാഹ്" കുന്നുകളിൽനിന്നും ബി. സി. രണ്ടാം നൂററാണ്ടിലെ ഒരു നാടകശാല ഈയിടെ ചരിത്രാന്വേഷകന്മാർ കണ്ടെടുക്കുകയുണ്ടായി. നാട്യശാസ്ത്രത്തിലെ നിയമം അനുസരിച്ചാണ് പ്രസ്തുത നാടകശാല പണികഴിച്ചിരുന്നതു്.

സംസ്കൃത നാടകങ്ങൾ

സംസ്കൃത നാടകങ്ങൾ പ്രചാരത്തിലായതു് ബി. സി. മൂന്നാം നൂററാണ്ടിലാണ്. സംസ്കൃതത്തിൽ ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന നാടക കൃതികളിൽ അതിനു മുമ്പുണ്ടായിരുന്ന നാടകങ്ങളെപ്പററിയുള്ള സൂചനകൾ കാണുന്നുണ്ടെങ്കിലും അവയിൽ ഒന്നുപോലും ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. ശ്രീ ഭാസൻെറ കൃതികൾ ആ വിധത്തിലുള്ളവയാണ്. ഈ നൂററാണ്ടിൻെറ ആദ്യഘട്ടത്തിൽ അദ്ദേഹത്തിൻെറ പതിമൂന്നു കൃതികൾ ഒരുമിച്ചു കണ്ടുകിട്ടുകയുണ്ടായി. ഇന്നു പ്രചാരത്തിലിരിക്കുന്ന സംസ്കൃതനാടക കൃതികളിൽ ഏററവും പുരാതനമായവ ശ്രീ അശ്വഘോഷിൻെറ കൃതികളാണ്. അദ്ദേഹം ബുദ്ധചരിതം എന്ന ഒരു നാടകം രചിച്ചിട്ടുണ്ടു്.

സംസ്കൃതത്തിലെ ഏററവും വലിയ കവിയും നാടകകൃത്തും കാളിദാസനാണ്. അദ്ദേഹത്തിൻെറ ജീവിതകാലം ഇന്നും നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും ചന്ദ്രഗുപ്ത വിക്രമാദിത്യൻെറ കാലത്തു് എ. ഡി. നാലാം നൂററാണ്ടിൽ ഉജ്ജയിനിയിൽജീവിച്ചിരുന്നു എന്നു് വിശ്വസിക്കപ്പെട്ടുവരുന്നു. കാളിദാസൻ വിക്രമാദിത്യ സദസ്സിലെ നവ രത്നങ്ങളിൽ ഒരാളായിരുന്നു. ശാകുന്തളം ആണ് അദ്ദേഹത്തിൻെറ ഏററവും പ്രമുഖ കൃതി.

"മൃച്ഛകടിക" എന്ന കൃതി കാളിദാസനു് മുമ്പു് രചിക്കപ്പെട്ടതാണെന്നു് വിശ്വസിച്ചുവരുന്നു. ചന്ദ്രഗുപ്ത വിക്രമാദിത്യൻെറ കാലത്തു് വിരചിക്കപ്പെട്ട മറെറാരു നാടകമാണ് "മുദ്രരാക്ഷസ്സ്" അതു് തികച്ചും ഒരു രാഷ്ട്രീയ നാടകമാണ്. അർത്ഥശാസ്ത്രത്തിൻെറ കർത്താ

വായ കൗടില്യനാണ് അതിലെ കഥാപാത്രം. ഏഴാം നൂററാണ്ടിലെ ഇന്ത്യൻ ചക്രവർത്തിയായിരുന്ന ഹർഷവർദ്ധനൻതന്നെ ഒരു നാടക കർത്താവായിരുന്നു. അദ്ദേഹത്തിന്റേതായ മൂന്നു കൃതികൾ ഇന്നുമുണ്ട്. ഏതാണ്ട് അതേ കാലഘട്ടത്തിലാണ് സംസ്കൃതത്തിലെ മറെറാരു നാടക കർത്താവായ ഭവഭൂതി ജീവിച്ചിരുന്നത്. ഏഴാം നൂററാണ്ടിൽ ജീവിച്ചിരുന്ന മുരാരിയാണ് ആ നീണ്ട പട്ടികയിലെ അവസാനത്തെ പ്രമുഖ നാടക കർത്താവ് എന്നു കരുതുന്നതിൽ തെററില്ല. ഒൻപതാം നൂററാണ്ടിനുശേഷം സംസ്കൃത നാടക രംഗം ക്രമേണ നാശമടയുകയാണുണ്ടായത്. പടിഞ്ഞാറുനിന്നുമുണ്ടായ തുർക്കി അഫ്ഗാൻ അറബി ആക്രമണങ്ങളാണ് അതിന്റെ കാരണം എന്നു ചിലർ ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നാൽ മുസ്ലീം ഭരണകർത്താക്കളിൽ മുഗൾ ചക്രവർത്തിമാരുടെ കാലത്ത് നാടകങ്ങളെപ്പോലെയുള്ള കലകൾക്ക് വളരെയധികം പ്രോത്സാഹനം ലഭിച്ചു എന്നതു് പരമാർത്ഥമാണ്. അതിൽ പേർഷ്യൻ ഭാഷയ്ക്കു് അനർഹമായ പ്രാധാന്യം നല്കിയിരുന്നു എങ്കിൽതന്നെയും കലാമൂല്യത്തിൽ പേർഷ്യൻ ഭാഷയിലെ നാടകങ്ങളെ അതിജീവിക്കുന്ന സംസ്കൃതം പിൻതള്ളപ്പെടുക സാദ്ധ്യമല്ല. അപ്പോൾ സംസ്കൃത നാടകങ്ങളുടെ തളർച്ചയ്ക്കു് മററു പല കാരണങ്ങളുമുണ്ടായിരുന്നു എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. ഏ. ഡി. ഒൻപതാം നൂററാണ്ടിനുശേഷമുള്ള ശതാബ്ദങ്ങൾ ഇന്ത്യയ്ക്കു സ്വന്തമായുണ്ടായിരുന്ന പലതും നശിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമാണ്. മുഗൾ ഭരണകാലത്തും അതിനു മുമ്പും പേർഷ്യൻ ഭാഷയ്ക്കു ലഭിച്ച

ൽമീത് പ്രാധാന്യം അതിനൊരു കാരണം മാത്രമാണ്. ആധുനിക ഇന്ത്യൻ ഭാഷകൾ ഉരുത്തിരിഞ്ഞതു് പ്രസ്തുത കാലഘട്ടത്തിലാണ് എന്നു് മുമ്പു പ്രസ്താവിച്ചതും ഒരു കാരണമാണ്.

എങ്കിലും സംസ്കൃത നാടകങ്ങളുടെ പ്രചാരം ഇന്നും നശിച്ചിട്ടില്ല. പുതിയ കൃതികൾ രചിക്കപ്പെടുന്നില്ലെങ്കിലും സംസ്കൃതത്തിലെ പ്രമുഖനാടകകൃതികൾ ഇന്നു് ലോകത്തിലെ എല്ലാ പ്രധാന ഭാഷകളിലേയ്ക്കും തർജ്ജിമ ചെയ്യപ്പെട്ടുകഴിഞ്ഞു. ആയിരത്തിഎണ്ണൂററിതൊണ്ണൂററിൽ പ്രൊഫ: സിൽവിയൽലവി പ്രസ്തുത നാടകങ്ങളുടെ ഒരു സർവ്വേ എടുക്കുകയുണ്ടായി. അതനുസരിച്ചു നൂററിഎൺപത്തിയൊൻപതു് നാടകകൃത്തുക്കളുടേതായി മൂന്നൂററിഎഴുപത്തിയേഴ കൃതികൾ സംസ്കൃതത്തിലുണ്ടു്. ഒന്നുകൂടി ആധുനികമായ മറെറാരു സർവ്വേ പ്രകാരം അറുനൂററിഅൻപതു നാടക കൃതികൾ സംസ്കൃതത്തിൽ കണ്ടെത്തുവാൻ കഴിഞ്ഞു.

പ്രസ്തുത നാടകങ്ങളുടെ എല്ലാം ഭാഷ സംസ്കൃതവും അന്നു് സാധാരണക്കാരുടേയും താഴ്ന്ന വർഗ്ഗങ്ങളുടെയും ഇടയിൽ പ്രചാരത്തിലിരുന്ന മററു പല പ്രാകൃതഭാഷകളുംകൂടി ചേർന്നതാണ്. ചില കൃതികളിൽ ഉയന്ന ജാതിയിൽപ്പെട്ട കഥാപാത്രങ്ങൾ സംസ്കൃതവും അധ:കൃതരും സ്ത്രീകളും പ്രാകൃതഭാഷയും സംസാരിക്കുന്നതായി കാണുന്നുണ്ടു്. ഈ സങ്കലിതരൂപംമൂലം അവയ്ക്കു സാധാരണക്കാരൻെറ ഇടയിൽ കൂടുതൽ പ്രചാരം സിദ്ധിച്ചിരുന്നതായി അനുമാനിക്കുന്നതിൽ തെററില്ല. ഗ്രാമീണരുടെ കലാഭിരുചിയും സാഹിത്യഭാഷയും തമ്മിലുള്ള ഒരു ഒത്തുതീർപ്പായിരുന്നു സംസ്കൃതനാട

കങ്ങൾ. അവയിൽ പലതും രാജകീയ സദസ്സുകളെ ഉദ്ദേശിച്ചു് രചിച്ചിരുന്നതാണെങ്കിലും സാധാരണക്കാരനെ തീരെ അവഗണിച്ചിരുന്നില്ല.

സംസ്കൃത നാടകങ്ങളോടൊപ്പം പ്രാദേശിക ഭാഷയിലെ നാടകങ്ങളും പ്രാചീന ഭാരതത്തിൽ പ്രചാരത്തിലിരുന്നു എന്നതിനു് മതിയായ തെളിവുകളുണ്ടു്. അവ അധികവും ഗ്രാമങ്ങളിൽ പ്രചാരം ലഭിച്ച കഥകളെ അടിസ്ഥാനപ്പെടുത്തി ഉള്ളവയും സാഹിത്യഭംഗിയെക്കാളധികം അഭിനയഭംഗിക്കു് വില കല്പിക്കുന്നവയുമായിരുന്നു. സംസ്കൃതനാടകങ്ങൾ അഭിനയിക്കുന്നതിനു് അതിന്റേതായ നിയമങ്ങളുണ്ടു്. കാണികളുടെ ഇരിപ്പിടങ്ങൾക്കുപോലും ആ നിയമസംഹിതയിൽ സ്ഥാനമുണ്ടു്. നാടകാഭിനയത്തിൽ അക്കാലത്തു് സ്ത്രീകളും പങ്കെടുത്തിരുന്നു എന്നതു് പ്രാചീന ഗ്രീസിലെ നാടകങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സവിശേഷതയാണു്. എന്നാൽ ദുഃഖപര്യവസാനിയായ കഥകൾ നാടകത്തിനായി സ്വീകരിക്കുന്ന രീതി ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. അക്കാര്യത്തിൽ ഗ്രീക്കു നാടകങ്ങളുടെ മേന്മയുമായി തുലനംചെയ്യുവാൻ സംസ്കൃതത്തിൽ ഒന്നുമില്ല. നാടകത്തിലൂടെ പുതിയ സിദ്ധാന്തങ്ങളെ ആവിഷ്കരിക്കുവാനോ പ്രചരിപ്പിക്കുവാനോ അവയുടെ കർത്താക്കൾ ഉദ്ദേശിച്ചിരുന്നില്ല എന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. സുഖജീവിതം നയിക്കുന്ന രാജാക്കന്മാരും സമൂഹത്തിലെ ഉന്നതന്മാരും ഉൾപ്പെടുന്ന കാണികളെ ഉദ്ദേശിച്ചു് രചിക്കപ്പെടുന്നതും ശൃംഗാരം തുടങ്ങിയ രസങ്ങൾക്കു് പ്രാധാന്യം നല്കിയിട്ടുള്ളവയുമാണു് സംസ്കൃത

നാടകങ്ങൾ. അതിനാൽ ഒരു കൃത്രിമത്വം അവയിൽ തെളിഞ്ഞുകാണാം. പല നാടകങ്ങളിലും മനുഷ്യരും ദേവന്മാരും ഒരുപോലെ കഥാപാത്രങ്ങളാണെങ്കിലും ആവിഷ്കരണഭംഗിമൂലം ആ അസംഭവ്യത കാണികൾ വിസ്മരിക്കുന്നു.

ഇന്ത്യൻ കലകൾ

ഇന്ത്യൻ കലകളുടെ വളർച്ചയെപ്പററി പഠിക്കുന്നതിനു് ഇന്ത്യയെപ്പോലെതന്നെ വിദേശങ്ങളെയും ഉപയോഗിക്കേണ്ടതാണു്. നിർഭാഗ്യവശാൽ ഇന്ത്യൻ കലകളുടെ നേട്ടങ്ങളിൽ പലതും കാലാന്തരത്തിൽ ഇന്ത്യയിൽ നശിച്ചപ്പോൾ ഇന്ത്യയിൽനിന്നും ബുദ്ധമതംവഴി അവ പ്രചരിച്ച ടിബററു്, ചൈനാ, ജപ്പാൻ, ബർമ്മാ, ജാവാ തുടങ്ങിയ പ്രദേശങ്ങളിൽ ഇന്ത്യൻ കലകൾ ഇന്നും ജീവിക്കുന്നുണ്ടു്. ഇന്ത്യയിൽ കലയും മതവും തത്വശാസ്ത്രവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. അതിനാൽ ഇവിടത്തെ മതങ്ങളെയും തത്വശാസ്ത്രങ്ങളെയുംപററി ജ്ഞാനമില്ലാത്തവർക്കു് ഇവിടത്തെ കലകളെ ആസ്വദിക്കുവാനും സാദ്ധ്യമല്ല. മദ്ധ്യശതകങ്ങളിലെ യൂറോപ്യൻ കലകളുടെ വളർച്ചയും ഇന്ത്യയിലെ കലകളുടെ വളർച്ചയും തമ്മിൽ ഇക്കാര്യത്തിൽ സാധർമ്മ്യമുണ്ടു്. ആധുനിക യൂറോപ്യൻ കലകളുടെ വളർച്ചയ്ക്കു് അടിസ്ഥാനമില്ല. സാംസ്കാരിക നവോത്ഥാനമാണു് പ്രസ്തുത സാധർമ്മ്യത്തെ ഹനിച്ചതു്. പുരാതന ഗ്രീക്കുകാർ സൗന്ദര്യത്തെ സൗന്ദര്യത്തിനുവേണ്ടി ആരാധിച്ചു. അവർ അതിൽ സത്യം കണ്ടെത്തി. എന്നാൽ പുരാതന ഇന്ത്യ ഒരു പടികൂടി കടന്നു സൗന്ദര്യത്തെ ദേവതയാക്കി.

കലാരംഗത്തു് ഗ്രീക്കപാരമ്പര്യത്തിൽ വളന്ന യൂറോപ്പ് ഗ്രീക്ക് ബുദ്ധ സങ്കലിത കലാരൂപമായ ഗാന്ധാര രീതിയെ ഇന്ത്യയുടെ ആദിമ കലാരീതിയായും മററുള്ളവയെ അതിന്റെ അധഃപതിച്ച പകർപ്പായും ആദ്യകാലത്തു് ധരിച്ചു. എന്നാൽ പ്രാചീന ഇന്ത്യയെപ്പററി വിശദമായ പഠനം നടത്തിയപ്പോൾ ഗ്രീക്ക കലകളുടെ ആവിർഭാവത്തിന മുമ്പു തന്നെ ഇന്ത്യയിൽ കൂടുതൽ വികസിച്ച കലകൾ നിലനിന്നിരുന്ന എന്നും ഗാന്ധാരരീതി അതിന്റെ അധഃപതിച്ച പകർപ്പുമാത്രമാണെന്നും വെളിവായി.

പ്രപഞ്ചവും മനുഷ്യനുമായുള്ള ബന്ധത്തിന്റെ പ്രകടനമാണ് കല, എന്ന തത്വമാണ് പ്രാചീന ഇന്ത്യയിൽ ആവിഷ്കരിക്കപ്പെട്ടിരുന്നതു്. ഈ തത്വം പൗരസ്ത്യദേശത്തിന്റെ പൊതുമുതലാണ്. ചൈനയ്ക്കും ജപ്പാനും പ്രസ്തുത തത്വത്തിന്റെ വളർച്ചയിൽ ഇന്ത്യയോടൊപ്പം പങ്കുണ്ടു്. പ്രാചീന ഇന്ത്യയുടേതായ ആശയവാദം അതിൽ ഇന്ത്യയുടെ വ്യക്തിമുദ്രപതിച്ചു. ഇന്ത്യൻ കലകളുടെ വളർച്ചയിലും ഇന്ത്യൻ സംസ്കാരത്തിന്റെ അടിസ്ഥാന സ്വഭാവമായ പരസ്പര ലയനവും തുടർച്ചയായ വളർച്ചയും കാണാവുന്നതാണു്. ശില്പകലയാണ് അതിന്റെ വ്യക്തമായ ഉദാഹരണം. മദ്ധ്യശതകങ്ങളിൽ ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട ദേവാലയങ്ങളുടെയും ആരാധന സ്ഥലങ്ങളുടെയും ഭിത്തികളുടെ ഒരിഞ്ചുപോലും വൃഥാ നഷ്ടപ്പെടുത്തുവാൻ അന്നത്തെ കലാബോധം അനുവദിച്ചില്ല. ചിത്രകലയുടെയും ശില്പകലയുടെയും വളർച്ചയുടെ എല്ലാ ഘട്ടങ്ങളും അവിടെ കാണുവാൻ കഴിയും.

ശില്പകല

ദക്ഷിണേന്ത്യയിലാണ് കലർപ്പില്ലാത്ത ഇന്ത്യൻ ശില്പകലാരീതി കാണുവാൻ കഴിയുന്നതു്. പക്ഷെ അതുകൊണ്ടു് അതിനെ ദക്ഷിണേന്ത്യൻ രീതി എന്നു വ്യവഹരിക്കുക സാദ്ധ്യമല്ല. വളരെയധികം വിദേശ സ്വാധീനതകളുടെ പ്രതിഫലനങ്ങളും വ്യതിയാനങ്ങളുമുണ്ടെങ്കിലും ദക്ഷിണേന്ത്യൻ രീതിയിൽ അടിസ്ഥാന പരമായ ഒരു ഏകത്വം കാണുവാൻ കഴിയും. ഒരു പരിധിവരെ ഉത്തരേന്ത്യയെ സംബന്ധിച്ചും ഇതു് വാസ്തവമാണ്. മററു രാജ്യങ്ങളിലെ ശില്പകലയുമായി താരതമ്യപ്പെടുത്തുമ്പോൾ ഉത്തരേന്ത്യയിലെ വിവിധ രീതിയിലുള്ള ശില്പകലയിൽ അതിന്റേതായ ഒരു പ്രത്യേകതയുണ്ടു്. മദ്ധ്യശതകങ്ങളിൽ ഉത്തരേന്ത്യയിൽ നിർമ്മിച്ച കൊട്ടാരങ്ങളും കോട്ടകളും സ്മാരക മന്ദിരങ്ങളും ദേവാലയങ്ങളും പേർഷ്യൻ ശില്പകല ഇന്ത്യയിൽ നടത്തിയ സ്വാധീനതയെ അനുസ്മരിപ്പിക്കുന്നുണ്ടു്. പക്ഷെ പേർഷ്യൻ രീതിയിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു വ്യക്തിത്വം അവയ്ക്കുണ്ടു്. പേർഷ്യൻ കലാരീതിയുടെ സ്വാധീനത വളരെയധികം പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി ഇന്ത്യയുടെ പാരമ്പര്യത്തിൽ അവ അധിഷ്ഠിതമാണ്.

ദക്ഷിണേന്ത്യൻ ദേവാലയങ്ങളിലെ ഭിത്തികളിലെ ചിത്രങ്ങളിൽ നേർവരകൾക്കാണ് പ്രാധാന്യം. നേർവരകളും നേർവരകൾകൊണ്ടുണ്ടാക്കിയ കോണുകളുമാണ് പ്രസ്തുത ചിത്രനിർമ്മാണത്തിനാധാരം. അതുപോലെ ഉത്തരേന്ത്യൻ ദേവാലയങ്ങളുമായി തുലനം ചെയ്യുമ്പോൾ താരതമ്യേന കൂടുതൽ പ്രതിമകൾ ദക്ഷി

ണേന്ത്യൻ ദേവാലയങ്ങളിൽ കാണാം. ദക്ഷിണേന്ത്യയിലെ ദേവാലയങ്ങളുടെ ഓരോ തൂണും അനേകം പ്രതിമകൾ ചേർത്തു് നിർമ്മിച്ചിരിക്കുന്നതായി തോന്നത്തക്ക വിധത്തിൽ അത്യധികം പ്രതിമകളെ കാണാം. എങ്കിൽതന്നെയും ഒന്നു് മറെറാന്നിൻെറ ആവർത്തനമായിരിക്കുകയില്ല. കാഞ്ചീപുരത്തെ സുപ്രസിദ്ധ ക്ഷേത്രത്തിനു് ഉദ്ദേശം ആയിരം തൂണുകളുണ്ടു്. അവയിൽ ഒന്നുപോലും മറെറാന്നിൻെറ ശരിപ്പകർപ്പല്ല. ഈ ശില്പകലാരീതിയുടെ ഉദ്ദേശംതന്നെ വൈവിദ്ധ്യം കൊണ്ടു കാണികളുടെ ഹൃദയത്തെ സ്തംഭിപ്പിക്കുകയാണെന്നു തോന്നും.

ഇതിൽനിന്നും വളരെയധികം വ്യത്യസ്തപ്പെട്ടതാണു് ഉത്തരേന്ത്യൻ രീതി. നേർവരയുടെ ആധിപത്യത്തിൽനിന്നു് മോചനം പ്രാപിച്ചതാണു് അവിടത്തെ ദേവാലയങ്ങളുടെ ചുവർ ചിത്രങ്ങൾ. തൽസ്ഥാനം വൃത്തങ്ങളും അർദ്ധവൃത്തങ്ങളുമാണു് അവിടെ കയ്യടക്കിയിരിക്കുന്നതു്. സ്മാരക മന്ദിരങ്ങളിലും ഈ വ്യത്യാസം കാണാം. ഉത്തരേന്ത്യയിലെയോ ദക്ഷിണേന്ത്യയിലെയോ ഏതെങ്കിലും ഒരു ഭാഗത്തെ ദേവാലയങ്ങളെ മാത്രം പരിചയമുള്ളവർക്കും ഈ പ്രകടമായ വ്യത്യാസം ഒരുപക്ഷേ മനസ്സിലാക്കുവാൻ സാധിച്ചു എന്നു വരുന്നതല്ല. അവരുടെ മുമ്പിൽ മുഴച്ചു കാണുന്നതു് ഹിന്ദു ക്ഷേത്രങ്ങളുടെയും മുസ്ലീം പള്ളികളുടെയും നിർമ്മാണത്തിലുള്ള ആകൃതിവ്യത്യാസങ്ങളായിരിക്കും. അതുപോലെതന്നെ ദക്ഷിണേന്ത്യയ്ക്കു് ഉത്തരേന്ത്യൻ ദേവാലയങ്ങളിലെ ശില്പകലാരീതി മുസ്ലീം ശില്പകലയുടെ സ്വാധീനതയിൽ നിന്നും ഉണ്ടായതാണു് എന്നു

ത്തോന്നുന്നുവെങ്കിൽ അത്ഭുതപ്പെടുവാനില്ല. ഉത്തരേന്ത്യയിലെ മെച്ചപ്പെട്ട എല്ലാ ശില്പകലാ നേട്ടങ്ങളും ഈ രണ്ടു രീതിയുടേയും സംയോജനഫലമാണ്.

പ്രതിമകളും മററ് അലങ്കാരങ്ങളും ഉത്തരേന്ത്യയിൽ കുറഞ്ഞതു് അവിചാരിതമായിട്ടല്ല. വൈവിദ്ധ്യത്തേക്കാൾ ഏകത്വമാണ് അവർ അംഗീകരിച്ചിരുന്നതു്. പ്രത്യേക ഭാഗങ്ങളുടെ മനോഹാരിതയേക്കാൾ ആകെക്കൂടിയുള്ള ചന്തമാണ് അവർ പ്രധാനമായി കണക്കാക്കിയതു്. ക്ഷേത്രങ്ങളും പള്ളികളും ഈ പൊതു തത്വത്തെ അടിസ്ഥാനമാക്കിയാണ് അവിടെ നിർമ്മിച്ചതു്. പേർഷ്യൻ ശില്പകാലാരീതിയെ ഇന്ത്യൻ ആദർശങ്ങൾക്കനുയോജ്യമായ വിധത്തിൽ അവിടെ അംഗീകരിച്ചു.

പേർഷ്യൻ സ്വാധീനതയുടെ ഫലമായി ഇന്ത്യൻ ശില്പകലാരീതി പരിവർത്തന വിധേയമായതുപോലെ തന്നെ ഇന്ത്യൻ സ്വാധീനത പേർഷ്യൻ രീതിയേയും പരിവർത്തനപ്പെടുത്തുകയുണ്ടായി. പേർഷ്യൻ ശില്പരീതിയുടെ പ്രത്യേകത അതിൻെറ ലാഘവത്വമാണ്. വലിയ അലങ്കാരവിശേഷങ്ങൾ ഒന്നും കൂടാതെ ഒരു ആകർഷണീയത അതിനുണ്ടായിരിക്കും. ഈ രണ്ടു ശില്പകലാരീതികളും ചേർന്ന് ഒരു പുതിയ സങ്കര രീതി ഉത്തരേന്ത്യയിൽ ഉടലെടുത്തു. പേർഷ്യൻ ശില്പരീതിയുടെ ലാഘവത്വവും ആകെക്കൂടിയുള്ള ചന്തവും ഇന്ത്യൻ രീതിയുടെ അലങ്കാരപ്രിയത്വവും തമ്മിലാണ് ആ യോജിപ്പുണ്ടായതു്. പ്രസ്തുത സംയോജനത്തിൻെറ ഏററവും ഉയർന്ന ഉദാഹരണമാണ് ആഗ്രായിലെ ടാജ്മഹാൾ. പക്ഷെ പലപ്പോഴും

ടാജ്മഹലിനെപ്പോലെ ഈ രണ്ടുരീതികളും തമ്മിൽ ഇഴുകിച്ചേരാതെ ഏതെങ്കിലും ഒന്നിന്റെ ആധിപത്യം നിലനില്ക്കുന്ന അനേകം സൗധങ്ങൾ ഉത്തരേന്ത്യയിൽ ഉണ്ട്.

ഒരു ജനത അതിന്റെ ശില്പകലയിലൂടെയാണ് പില്ക്കാലത്തേയ്ക്കു് അതിന്റെ സന്ദേശം കുറിച്ചു വയ്ക്കുന്നതു്. കലകളിൽവച്ചു് ഏററവും കൂടുതൽകാലം നിലനില്ക്കുന്നതും ശില്പകലയുടെ നേട്ടങ്ങളാണ്. രാഷ്ട്രീയ മേധാവിത്വവും അധികാരാതിർത്തികളും ദിനംപ്രതി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. തത്വശാസ്ത്രങ്ങൾ കാലക്രമേണ പരിവർത്തന വിധേയങ്ങളാകുന്നു. എന്നാൽ കലയിൽ പരിവർത്തനം ഉണ്ടാകുന്നതോടൊപ്പം പഴയതിന്റെ അവശിഷ്ടങ്ങൾ നിലനില്ക്കുകയും ചെയ്യും. അതിനാൽ കല രാഷ്ട്രത്തിന്റെയും ജനതയുടെയും അതിന്റെ സംസ്കാരത്തിന്റെയും ആന്തരിക സ്വഭാവത്തിന്റെ തെളിവും ഭാവിയുടെ അടയാളവുമായി കരുതപ്പെടുന്നു.

ചിത്രകല

ചിത്രകലയും ശില്പകലയെപ്പോലെ താരതമ്യേന കൂടുതൽ സ്ഥിരമായിട്ടുള്ള ഒരു കലാരൂപമാണ്. സാഹിത്യം മനുഷ്യന്റെ പരസ്പരബന്ധത്തിനുള്ള ഉപകരണമാണ്. സാമൂഹ്യവ്യവസ്ഥിതിയുടെ പരിവർത്തനത്തോടൊപ്പം അതു് വ്യത്യാസപ്പെടും. സംഗീതം അടിസ്ഥാനപരമായ ഒരു കലയാണെങ്കിലും സ്ഥിരത കുറവാണ്. അതു് ജനിപ്പിക്കുന്ന വികാരം രൂപാതീതമാകയാൽ ആന്തരിക പ്രചോദനത്തിനുമപ്പുറം സ്വാധീനത ചെലുത്തുവാൻ അതിനു കഴിവില്ല. ഒരു ജനതയുടെ പ്രത്യേക സ്വഭാവങ്ങളെ പ്രകടമാക്കുന്നതിനും പില്ക്കാലത്തേ

സ്ഥായി അതിനെ സംരക്ഷിക്കുന്നതിനും അനിശ്ചിതത്വംമൂലം സംഗീതത്തിന് സാദ്ധ്യമല്ല. എന്നാൽ ചിത്രകലയ്ക്ക് ആ കഴിവുണ്ട്. പേർഷ്യൻ ചിത്രകലാരീതിയിൽ വരച്ച ഒരു ചിത്രത്തിലെ ഓരോ രേഖയ്ക്കും വളരെയധികം അർത്ഥവ്യാപ്തിയും പ്രാധാന്യവുമുണ്ട്. അത് ആ ജനതയുടെ സ്വഭാവവിശേഷത്തെക്കൂടി പ്രകടമാക്കുന്നുണ്ട്. ചൈനയുടേതായ രീതിയിൽ ഒരു ചിത്രത്തിൽ അനാവശ്യമായ ഒരു രേഖപോലും കടന്നുകൂടുകയില്ല.

ഇന്ത്യൻ ചിത്രകലയുടെ വളർച്ചയുടെ ചരിത്രമല്ല ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിന്റെ വളർച്ചയിൽ വിദേശീയ സ്വാധീനതകൾ പലതും സംഭാവന ചെയ്തിട്ടുണ്ട്. പക്ഷെ പില്ക്കാലത്ത് അവയിൽ പലതും തേഞ്ഞുമാഞ്ഞുപോയി. ഇന്ത്യയുടെ സുവർണ്ണകാലമായ ഗുപ്തരാജാക്കന്മാരുടെ ഭരണകാലത്ത് വരയ്ക്കപ്പെട്ട അജന്താ ഗുഹയിലെയും ഏഴാം നൂററാണ്ടിൽ ചിത്രീകരിക്കപ്പെട്ട എല്ലോറാ ഗുഹയിലെയും ചിത്രങ്ങൾ ഇന്നും സംരക്ഷിക്കപ്പെട്ടുപോരുന്നുണ്ടെങ്കിലും അവയുടെ വളരെ ഭാഗം നഷ്ടപ്പെട്ടിട്ടുണ്ട്. പ്രസ്തുത ചിത്രങ്ങൾ ഇന്ത്യയുടെ ആധുനിക ചിത്രകലാരംഗത്ത് അപ്രതീക്ഷിതമായ സ്വാധീനത ചെലുത്തിയിട്ടുണ്ട്. അജന്താസ്മൃതികൾ പേരെടുത്തുകഴിഞ്ഞു. ബുദ്ധസന്യാസികളാണ് അവ വരച്ചതെന്ന കരുതപ്പെടുന്നതെങ്കിലും സാധാരണക്കാരനുമായി ഇടപഴകിയ കലാകാരന്റെ തൂലികാവിലാസങ്ങളാണവ. അന്ന് ചിത്രകല പരിഷ്കരണോന്മുഖമായിരുന്നു. അധികാരത്തേയും ശക്തിയേയും, യുവത്വത്തിന്റെ പ്രേമവും സന്തോഷവും നിറഞ്ഞ ജീവിതത്തേയും

കാണിക്കുന്ന ചിത്രങ്ങളാണവയിൽ പലതും. ധ്യാനവും ഭക്തിയും ചിന്തയും കാണിക്കുന്ന മറെറാരുക്കൂട്ടം ചിത്രങ്ങളും അതിലുണ്ടു്. പക്ഷെ ഈ രണ്ടു് ഗ്രൂപ്പുകളേയും പ്രത്യേകമായും വ്യത്യസ്തമായുമല്ല കൈകാര്യംചെയ്തിരിക്കുന്നതു്. ആദ്ധ്യാത്മികവും ഭൗതികവുമായ ജീവിതത്തിൻെറ മണ്ഡലങ്ങൾ പ്രസ്തുത ചിത്രങ്ങളുടെ നിർമ്മാണകാലത്തു് അത്ര ഇണങ്ങിച്ചേർന്നിരുന്നു. പേഷ്യൻ സ്വാധീനതയ്ക്കുമുമ്പു് ഇന്ത്യൻ ചിത്രകലയ്ക്കുണ്ടായിരുന്ന എല്ലാസവിശേഷതകളും അതിൽ വ്യക്തമായികാണാം. സ്ത്രീയും പുരുഷനും കുട്ടികളും എല്ലാ വേഷത്തിലും ഭാവത്തിലും അവിടെ സ്ഥലംപിടിച്ചിട്ടുണ്ടു്. ചിത്രകാരന്റെ ഭാവന അനർഗ്ഗളം ഒഴുകിക്കൊണ്ടിരുന്നു. തൻെറ ചിത്രങ്ങളുമായി ചിത്രകാരൻ താദാത്മ്യം പ്രാപിച്ചതായി തോന്നുന്നു. അജന്താ ഗുഹകളിലെ ചിത്രങ്ങളുടെ നിർമ്മാണകാലത്തും ജീവിതത്തിൻെറ പ്രതിഫലനമാണു് കല എന്ന തത്വം ഇന്ത്യാക്കാരനു് സുപരിചിതമായിരുന്നു എന്നു് അവ നമ്മെഅനുസ്മരിപ്പിക്കുന്നു. പക്ഷെ വർദ്ധിച്ച ചൂടും വെളിച്ചവുമുള്ള ഉത്തരേന്ത്യൻ വേനൽക്കാലം പഴയ ചിത്രങ്ങളിൽ പലതിന്റെയുംവ്യക്തിത്വം നശിപ്പിച്ചു.

അവിടെ നിന്നും രജപുത്രന്മാരുടെ പ്രാബല്യകാലത്തു് ചിത്രകലയ്ക്കുണ്ടായ ഉണർവ്വിലേയ്ക്കും മുഗൾ കലാരീതിയിലേയ്ക്കുമുള്ള വളർച്ച വൈരുദ്ധ്യാധിഷ്ഠിതമാണു്. ബാബറിൻെറയും അനുയായികളുടെയും കാലത്തെ ഇന്ത്യൻ ചിത്രകല കൂടുതൽ വ്യക്തിപ്രധാനമാണു്. രാജാക്കന്മാരെയും പ്രഭുക്കന്മാരെയും ഉദ്ദേശിച്ചുള്ള കലാപ്രവർത്തനമായിരുന്നു അന്നു് നടന്നുവന്നതു്. എന്നാൽ അവിടെയും ജീവിതത്തിൻെറ ഏടുകളിൽനിന്നുലഭിച്ച

പാഠങ്ങളായിരുന്നു സങ്കേതമായി ഉപയോഗിച്ചതു്. ആകെക്കൂടിയുള്ള ചന്തത്തെക്കാൾ പ്രത്യേക ഭാഗങ്ങളുടെ ഭംഗിയ്ക്കു് പ്രാധാന്യം കൊടുക്കുന്ന ഒരു രീതി പ്രസ്തുത കാലത്തു് വളർച്ച പ്രാപിച്ചു. ചെങ്കിഷ്ഖാന്റെയും തൈമൂറിന്റെയും കൊട്ടാരങ്ങളിൽ ഉത്ഭവിച്ചതാണു് ആ സമ്പ്രദായം. ജീവിത ശക്തിയേയും വികാരപരമായ കഴിവിനേയും അതു് പ്രകടിപ്പിച്ചു.

സംഗീതം

പാശ്ചാത്യസംഗീതത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ഇന്ത്യൻ സംഗീതം ചൈനയിലെയും വിദൂര പൂർവ്വദേശത്തെയും ഒഴിച്ചുള്ള ഏഷ്യൻ രാജ്യങ്ങളിലെ സംഗീതത്തെ രൂപപ്പെടുത്തുന്നതിൽ വളരെയധികം സ്വാധീനത ചെലുത്തിയിട്ടുണ്ടു്. അറബിസംസ്കാരത്തിന്റെ നാട്ടും ഇന്ത്യയുമായുള്ള പ്രധാനബന്ധം സംഗീതത്തിലൂടെയാണു്. ഇന്ത്യൻ ജനങ്ങളുടെ ജീവിതത്തിലെ ഒരു അവിഭാജ്യ ഘടകമാണു് സംഗീതം. ഈശ്വരൻ നാദബ്രഹ്മമാണു്. എ.ഡി. ഏഴാം നൂററാണ്ടിൽ എഴുതപ്പെട്ട തേവാരത്തിൽ അതേപ്പററി വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. കുടിമിയാ മലയിലെ ശിലാരേഖകൾ ആ കാലഘട്ടത്തിൽ ഇന്ത്യയിൽ നല്ലൊരു സംഗീതരീതി നിലനിന്നിരുന്നു എന്നു് തെളിയിക്കുന്നുണ്ടു്.

ഇന്ത്യയിലെ ക്ലാസിക്കൽ സംഗീതം ദക്ഷിണേന്ത്യൻ ദേവാലയങ്ങളെ അനുസ്മരിപ്പിക്കും. വിവിധ സ്വരങ്ങൾതമ്മിലുള്ള യോജിപ്പാണു് അതിന്റെപ്രത്യേകത. ഉത്തരേന്ത്യൻ സംഗീതം ദക്ഷിണേന്ത്യയുടേതിൽ നിന്നും ഭിന്നമാണു്. ഒന്നു് മനോഹാരിതയ്ക്കു് പേരെ

ട്ടത്തതാണെങ്കിൽ മറേറതു് കെട്ടുറപ്പിനു് കീർത്തികേട്ട താണു്. കലാപരമായ സംഗീതം, ഭക്തിപരമായതു്, നൃത്തത്തിനുവേണ്ടിയുള്ളതു്, നാടകത്തോടുകൂടിയുള്ളതു്, സൈനികാവശ്യത്തിനുള്ളതു്, നാടോടി സംഗീതം എന്നിങ്ങനെ വ്യത്യസ്തമണ്ഡലങ്ങളിൽ സംഗീതത്തിനു ലഭിച്ച പ്രധാന്യം ഇന്ത്യൻ ജീവിതരീതിയോടു് സംഗീതം എന്തുമാത്രം ബന്ധപ്പെട്ടിട്ടുണ്ടു് എന്നു കാണി ക്കുന്നു. രാമസ്വാമിദീക്ഷിതരുടെ രാഗതാളമാലികയും മഹാവൈദ്യനാഥയ്യരുടെ എഴുപത്തിരണ്ടു് മേളരാഗ മാലികയും ലോകത്തിലെ ഏററവുംവലിയ സംഗീതകൃതി കളിൽ രണ്ടെണ്ണമാണു്. തേവാരം, ദിവ്യപ്രബന്ധം, തിരുപ്പുകഴ് എന്നിവയുടെ കർത്താക്കൾ ആയിരക്കണ ക്കിനു് ഭക്തിഗാനങ്ങൾ രചിച്ചിട്ടുണ്ടു്. പുരന്ധര ദാസൻ നാലേമുക്കാൽ ലക്ഷം ഗാനങ്ങൾ രചിച്ചിട്ടു ണ്ടത്രെ. ക്ഷേത്രയ്യ നാലായിരത്തിഒരുനൂറു പദങ്ങൾ രചിച്ചു. ത്യാഗരാജനും വളരെയധികം കൃതികൾ രചിച്ച ഒരു അനുഗൃഹീത ഗായകനായിരുന്നു. ഇവ യെല്ലാംതന്നെ ദക്ഷിണേന്ത്യൻ സംഗീതങ്ങളാണു്. ഉത്തരേന്ത്യയെ അപേക്ഷിച്ച ദക്ഷിണേന്ത്യാ അനേക വിധത്തിലുള്ള നൃത്തങ്ങൾക്കും സംഗീതങ്ങൾക്കും പേരു കേട്ടിട്ടുള്ളതാണു്. ഇവിടെ എല്ലാ ജമീന്ദാരി ഭവനങ്ങ ളിലും മഠങ്ങളിലും, ദേവാലയങ്ങളിലും പ്രതിഫലം പററുന്ന സ്ഥിരമായ സംഗീതജ്ഞന്മാരുമുണ്ടായിരുന്നു. തഞ്ചാ വൂരിൽ ഒരുകാലത്തു് മുന്നൂററിഅറുപതു് സംഗീത വിദഗ്ദ്ധന്മാർവരെ ഉണ്ടായിരുന്നതായി ചരിത്രം രേഖ പ്പെടുത്തുന്നു. അവരിൽ ഓരോരുത്തർക്കും ആണ്ടിൽ ഒരു ദിവസം തങ്ങളുടെ കഴിവു് രാജസദസ്സിൽ പ്രദർശി

പ്പിക്കുവാൻ അൻവാദം ലഭിക്കും. ബാക്കി ദിവസങ്ങൾ ആ ഒരു ദിവസത്തിനവേണ്ടി തയ്യാറെടുക്കുവാനായി അവർ ചിലവഴിക്കുന്നു. ദക്ഷിണേന്ത്യൻ ദേവാലയങ്ങളിലെ കൊത്തുപണികളിൽനിന്നും പ്രാചീനകാലത്തു് ഏതെല്ലാം സംഗീതോപകരണങ്ങളാണ് നടപ്പിലിരുന്നതു് എന്നു മനസ്സിലാക്കാം. മധുര, തിരുനൽവേലി, ആഴ്‌വാർതിരുനഗരി, കളക്കാട്ടു്, ശുചീന്ദ്രം, തിരുവനന്തപുരം, തിരുപ്പതി, തത്പത്രി, ലേപാക്ഷി, കമ്പ തുടങ്ങിയ സ്ഥലങ്ങളിലെ ക്ഷേത്രങ്ങളിൽ സംഗീതസ്വരം പുറപ്പെടുവിക്കുന്ന തൂണുകളും ചെമ്പക രാമനല്ലൂരിലെ സംഗീതസ്വരം പുറപ്പെടുവിക്കുന്ന കുഴലും പ്രാചീന സംഗീത പ്രേമത്തിന്റെ തെളിവുകളാണ്.

ദക്ഷിണേന്ത്യയിൽതന്നെ ഏററവുംപ്രധാനമായതു കർണ്ണാടക സംഗീതമാണ്. ആധുനിക കർണ്ണാടകസംഗീതം പ്രാചീന സംഗീതത്തിൽനിന്നും ഉരുത്തിരിഞ്ഞിട്ടുള്ളതാണ്. വിദേശീയ പ്രവണതകൾ താരതമ്യേന വളരെക്കുറച്ചുമാത്രമേ അതിൽ സ്വാധീനത ചെലുത്തിയിട്ടുള്ളു. കർണ്ണാടക സംഗീതത്തിന്റെ വളർച്ചയിൽ വീണ എന്ന സംഗീതോപകരണം വളരെ പ്രധാനമായ ഒരു ഭാഗം വഹിച്ചിട്ടുണ്ടു്. ഇരുപത്തിരണ്ടു ക്വാർട്ടർ ടോണുകളും കുറെ മൈക്രോടോണുകളും കൈകാര്യം ചെയ്യുന്നതിലും സ്വരങ്ങൾ അനുയോജ്യമായ ഗമകങ്ങളോടെ പാടുന്നതിലും അതു് തെളിഞ്ഞുകാണാം. ദക്ഷിണേന്ത്യയിലെ എല്ലാ മഹാന്മാരായ ഗായകരും ഗാന രചയിതാക്കളും തങ്ങളുടെ പ്രധാന സംഗീതോപകരണമായി വീണയെയാണ് സ്വീകരിച്ചിരുന്നതു്. കർണ്ണാടകസംഗീതം ഒരു സംഗീതസമ്പ്രദായമാണ്.

അതിന്നു പൊതുവെ സ്വീകരിച്ചിട്ടുള്ള ഒരു രാഗലക്ഷണവുമുണ്ട്.

പ്രതിമാ നിർമ്മാണം

ഇന്ത്യയിൽ വളരെ താമസിച്ചുമാത്രം ആരംഭിച്ച ഒരു കലയാണ് പ്രതിമാ നിർമ്മാണം. മതപരമായി പ്രതിമാനിർമ്മാണത്തോട് ഒരു എതിർപ്പ് ഇന്ത്യയിൽ ഉണ്ടായിരുന്നു. വേദങ്ങൾ പ്രതിമകളെ ആരാധിക്കുന്നതിനു എതിരായിരുന്നു. ബുദ്ധൻെറ നിർവാണത്തിനു വളരെക്കാലത്തിനുശേഷമാണ് ബുദ്ധവിഗ്രഹങ്ങളും ചിത്രങ്ങളും ഉണ്ടായതു്. കുഷാൻ കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട ഒരു ബോധിസത്വ പ്രതിമ ഇപ്പോൾ ഉത്തര മധുരയിലെ കാഴ്സൺ ബംഗ്ലാവിലുണ്ട്. ഒരുപക്ഷെ അതായിരിക്കാം ആദ്യത്തെ ബുദ്ധ പ്രതിമ. എലഫെൻറാ ഗുഹകളിൽനിന്നും നടരാജൻെറ ഒരു തകർന്ന പ്രതിമ കണ്ടുകിട്ടിയിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ വിമലപുരവും പുരാതന പ്രതിമകൾക്ക പേരെടുത്ത സ്ഥലമാണ്. ചീങ്കണ്ണിയുടെ പുറത്തു് എഴുന്നരുളുന്ന ഗംഗാദേവിയുടെ സമീപത്തു് ആമയുടെ പുറത്തു് എഴുന്നരുളുന്ന സഹോദരിയായ യമുനാദേവി ഇന്ത്യൻ പ്രതിമാനിർമ്മാണത്തിൻെറ അത്ഭുതകരമായ വിജയമാണ്. ഇന്ത്യൻ സ്ത്രീത്വത്തെ അതിൻെറ ഏററവും സുന്ദരമായ രീതിയിൽ ശിലയിൽ ആവിഷ്കരിച്ചിരിക്കുകയാണവിടെ.

എല്ലാ കലകളുടെയും വളർച്ചയിൽ രണ്ടുവിധത്തിലുള്ള അഭിരുചികളാണ് പങ്കെടുക്കുന്നതു്. അവ പരസ്പര വിരുദ്ധവുമാണ്. ഒന്ന് അലങ്കാരം, ചന്തം, മഹത്വം തുടങ്ങിയവയെ ലക്ഷ്യമാക്കുമ്പോൾ മറെറാന്ന്

ലഘുത്വം, ലാഘവം, മിതത്വം തുടങ്ങിയവയെയാണു് ലക്ഷ്യമാക്കുന്നതു്. ഒന്നു് ആകൃതിയുടെ സൗന്ദര്യവും മഹത്വവും ധാരാളിത്വവുംകൊണ്ടു് ആകർഷിക്കുവാൻ ശ്രമിക്കുമ്പോൾ മററതു് വസ്തുവിന്റെ മിതത്വവും ലഘുത്വവുംകൊണ്ടു് ആകർഷിക്കുന്നു. ആദ്യത്തേയിനം എല്ലാം പ്രകടിപ്പിച്ചുകൊണ്ടു് സൗന്ദര്യബോധത്തെ സൃഷ്ടിക്കുവാൻ വെമ്പുന്നു. രണ്ടാമത്തേതു് പലതും മൂടിവച്ചു് ചില സൂചനകൾകൊണ്ടു് സൗന്ദര്യബോധത്തെ സൃഷ്ടിക്കുന്നു. ആദ്യത്തേതു് അതിന്റെ നേട്ടങ്ങളുടെ ആകെത്തുക പ്രകടിപ്പിക്കുന്നു. രണ്ടാമത്തേതു് ഭാവനയ്ക്കു് ചിറകു വിരിക്കാവുന്ന ഒരു പശ്ചാത്തലം സൃഷ്ടിക്കുന്നു.

ഈ രണ്ടു പ്രകടന രീതികളും ജീവിതത്തിലെ രണ്ടു ഭിന്നാദർശങ്ങളെയാണു് സൂചിപ്പിക്കുന്നതു്. അവ തമ്മിൽ സമഞ്ജമായി സമ്മേളിക്കുമ്പോഴാണു് പൂർണ്ണത ദർശിക്കുന്നതു്.

"ഇന്ത്യയുടെ ശരീരത്തിൽ ഇസ്ലാമി ൻെറ ആത്മാവ് പ്രവേശിച്ചു അപ്പോൾ താജ്മഹൽ ജനിച്ചു."

(എം. ഗ്രോസെററ്)

ആറ്

ഇന്ത്യയും പേഷ്യയും

ഇന്ത്യൻ സംസ്കാരത്തിന്റെ വളർച്ചയിൽ തുടർച്ചയായ സ്വാധീനത ചെലുത്തിയ അപൂർവ്വം ചില രാജ്യങ്ങളിൽ ഏററവും പുരാതനവും പ്രധാനവുമായതു് പേഷ്യയാണ്. ആര്യന്മാരുടെ വരവിനു മുമ്പുതന്നെ ഇന്ത്യയും പേർഷ്യയുമായി ബന്ധപ്പെട്ടിരുന്നു. മദ്ധ്യ ഏഷ്യയിലെ ഒരു പൊതുജനവിഭാഗത്തിൽനിന്നാണ് ഇന്ത്യയിലേയ്ക്കും പേർഷ്യയിലേയ്ക്കും ആര്യന്മാരുടെ കുടിയേററം നടന്നതു്. അതിനാൽ ഇരു രാജ്യത്തേയും ജനതകൾ വർഗ്ഗപരമായും മതപരമായും ഭാഷാപരമായും ഒരു പൊതു പശ്ചാത്തലം ഉള്ളവരായിരുന്നു. വേദമതവും സൊരാഷ്ട്രിയാനിസവുംതമ്മിൽ പല സാധർമ്മ്യങ്ങളുമുണ്ടു്. വേദങ്ങളുടെ ഭാഷയായ സംസ്കൃതവും

"അവസ്ഥ"യുടെ ഭാഷയായ പഹലവിയും അതുപോലെ ബന്ധപ്പെട്ടതാണ്. ആര്യൻ ഭാഷകൾക്കു പൊതുവായ പല ധാതുക്കളും ഈ ഇരുഭാഷകളിലും കാണാം. എന്നാൽ ഈ രണ്ടു ജനവിഭാഗങ്ങളും കുടിയേറി താമസിച്ച രാജ്യങ്ങളിലെ കാലാവസ്ഥയുടെ വ്യത്യാസങ്ങളും ബന്ധപ്പെട്ട ജനതകളുടെ വൈവിദ്ധ്യങ്ങളുമാണ് അവരെ വ്യത്യസ്ഥങ്ങളായ രണ്ടു സംസ്കാരങ്ങളുടെ അധിനായകരാക്കി മാററിയതു്.

ഇന്ത്യയെപ്പോലെതന്നെ ഒരു ഉറച്ച സംസ്കാരത്തിൻെറ നാടായിരുന്നു പ്രചീന പേഷ്യ. പിന്നീട് ആ രാജ്യത്തെ ആക്രമിച്ചു കീഴ്പ്പെടുത്തിയ അറബികളെ അവർ സ്വന്തം സംസ്കാരംകൊണ്ടു പരാജയപ്പെടുത്തി. കോൺസ്റ്റാൻറിനേപ്പോൾ മുതൽ ഗോബിമണലാരണ്യംവരെ നീണ്ടുകിടക്കുന്ന ദക്ഷിണേഷ്യയിലെ സംസ്കാരത്തിൻെറ ഭാഷയായി ഒരുകാലത്തു് പേഷ്യൻ ഭാഷ പരിലസിച്ചു.

ഇന്ത്യയിൽ അഫ്ഗാൻ മുഗൾ കാലഘട്ടത്തിലാണ് പേഷ്യൻഭാഷ ഏററവും ശക്തമായ സ്വാധീനത ചെലുത്തിയതു്. അന്നു് അതു് ഇന്ത്യയുടെ രാജകീയ ഭാഷയായി മാറി. ബ്രിട്ടീഷ് ആധിപത്യംവരെ പ്രസ്തുത സ്ഥാനം അതിനു ലഭിക്കുകയും ചെയ്തു. എല്ലാ ആധുനിക ഇന്ത്യൻ ഭാഷകളിലും ധാരാളം പേഷ്യൻ പദങ്ങൾ കാണാം. ആര്യഭാഷകളെപ്പോലെ ദ്രാവിഡ ഭാഷകളിലും ഈ പേർഷ്യൻ സ്വാധീനത വ്യക്തമാണ്. പ്രാചീനകാലത്തു് പല പേഷ്യൻ കവികളും ഇന്ത്യയിലുണ്ടായിട്ടുണ്ടു്.

സിന്ധു നദീതട സംസ്കാരത്തിനു് അന്നത്തെ പേർഷ്യൻ സംസ്കാരത്തോടും മെസൊപ്പൊട്ടേമിയാ സംസ്കാരത്തോടും വളരെയധികം ബന്ധമുണ്ടായിരുന്നു എന്നു കരുതുന്നതിൽ തെററില്ല. അക്കീമിയൻ കാലഘട്ടത്തിനുമുമ്പു് പേർഷ്യയും ഇന്ത്യയും തമ്മിൽ ബന്ധമുണ്ടായിരുന്നു എന്നതിനു് പല തെളിവുകളും ഇന്നു ലഭിച്ചിട്ടുണ്ടു്. "അവസ്ഥ"യിൽ ഇന്ത്യയെപ്പററിയുള്ള പരാമർശനങ്ങളും ഉത്തരേന്ത്യയുടെ ഒരു ചെറിയ വിവരണംതന്നെയുമുണ്ടു്. ഋക്‌വേദത്തിൽ പേർഷ്യാക്കാരെ "പാർസവാസവന്മാർ" എന്നും തുടർന്നുള്ള ഗ്രന്ഥങ്ങളിൽ പാരസികന്മാർ എന്നും പ്രതിപാദിച്ചുകാണുന്നു. അതിൽനിന്നാണു് ആധുനിക പദമായ 'പാർസി' ഉത്ഭവിച്ചതു്. സൈറസ്സു് ചക്രവർത്തിയുടെ കാലത്തു് ഈ ബന്ധത്തിനു് പൂർവ്വാധികം ദൃഢതയുണ്ടായി. സൈറസ് ഇന്ത്യനതിർത്തിയിൽ കാബൂളിലും ബലൂചിസ്ഥാനിലുംവരെ എത്തുകയുണ്ടായി. ബി. സി. ആറാം നൂററാണ്ടിൽ ദാറിയൂസിൻെറ സാമ്രാജ്യത്തിൽ സിൻഡും പശ്ചിമപഞ്ചാബും ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന വിവിധ പ്രോവിൻസുകളിൽ ഏററവും ധനസമൃദ്ധിയുള്ളതും ഫലഭൂയിഷ്ഠമായതും ഇന്ത്യയായിരുന്നു. അന്നത്തെ സിൻഡു് ഒരു പക്ഷെ ഇന്നത്തേതിൽനിന്നും അക്കാര്യത്തിൽ തികച്ചും വ്യത്യസ്തമായിരുന്നിരിക്കാം. ഹെറോഡോട്ടസ്സ് എന്ന പുരാതന ഗ്രീക്ക ചരിത്രകാരൻ ദാറിയൂസ്സിൻെറ ഇന്ത്യൻ സാമ്രാജ്യത്തെപ്പററി വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. മുന്നൂററി അറുപതു് സ്വർണ്ണനാണയങ്ങൾ (ഇന്നത്തെ വിലയ്ക്കു് പത്തുലക്ഷം പവൻ) ദാറിയൂസ്സിൻ

ഇന്ത്യയിൽ നിന്നും നികുതിയായി ലഭിച്ചിരുന്നു. കൂടാതെ പേർഷ്യൻ സൈന്യത്തിൽ ഇന്ത്യാക്കാരുടെ അനേകം വിഭാഗങ്ങളുമുണ്ടായിരുന്നു.

ബി. സി. ഏഴാം നൂററാണ്ടിനു മുമ്പുമുതൽതന്നെ ബാബിലോണും ഇന്ത്യയുമായി പേർഷ്യൻ ഉൾക്കടൽ വഴി കച്ചവടം നടത്തിയിരുന്നു. സൈറസ്സിൻെറയും ദാറിയൂസിൻെറയും ആക്രമണങ്ങളിലൂടെ ആ ബന്ധം പുരോഗമിച്ചു. അലക്സാണ്ടറുടെ പേർഷ്യൻ ആക്രമണത്തിനുശേഷം വളരെക്കാലത്തേയ്ക്കു് പേർഷ്യാ ഗ്രീസിൻെറ ഭരണത്തിൻകീഴിലായിരുന്നു. ആ കാലഘട്ടത്തിൽ സാംസ്കാരികമായി ഇന്ത്യയും പേർഷ്യയും തമ്മിൽ പല ബന്ധങ്ങളും ഉത്ഭവിച്ചു. അശോകൻെറ കാലത്തെ ശില്പകലാരീതിയിലെ പേർഷ്യൻ സ്വാധീനതയെപ്പററി മുന്നൊരിടത്തു് പ്രസ്താവിച്ചുവല്ലോ. വടക്കു പടിഞ്ഞാറൻ ഇന്ത്യയിലും അഫ്ഗാനിസ്ഥാനിലുമായി വികസിച്ച ഗ്രീക്കോബുദ്ധിസ്റ്റ് അഥവാ ഗാന്ധാര കലാരീതിയിൽ പേർഷ്യൻ സംസ്കാരത്തിൻെറ സ്വാധീനത മററേതിനേക്കാളുമധികം വ്യക്തമാണ്. എ. ഡി. നാലും അഞ്ചും നൂററാണ്ടുകളിൽ ഗുപ്തരാജാക്കന്മാരുടെ കാലത്തു് പൗരാണിക ഇന്ത്യ സാംസ്കാരികമായി ഏററവും മുന്നണിയിൽ നിന്നപ്പോൾ പേർഷ്യയുമായി സാംസ്കാരികമായിത്തന്നെ ബന്ധപ്പെട്ടിരുന്നു.

ഇന്ത്യയുടേയും പേർഷ്യയുടേയും അതിർത്തിപ്രദേശങ്ങളായിരുന്ന കാബൂൾ, കാൻഡഹാർ, സെയിസ്റ്റഖാൻ തുടങ്ങിയ സ്ഥലങ്ങൾ ഈരണ്ടു സംസ്കാരങ്ങളുടെയും സമ്മേളന രംഗങ്ങളായിരുന്നു. പാർത്തിയന്മാരുടെ കാലത്തു് ഈ പ്രദേശത്തെ ധവളഭാരതം എന്നു വിളിച്ചിരുന്നു.

ഉത്തരേന്ത്യയിൽ വാണിജ്യവും തീർത്ഥാടനവും കരമാർഗ്ഗമായിരുന്നപ്പോൾ ദക്ഷിണേന്ത്യയിൽ അതു് ജലമാർഗ്ഗമായിരുന്നു. സാസാനിയന്മാരുടെകാലത്തു് പേർഷ്യയും ദക്ഷിണേന്ത്യയും പരസ്പരം സ്ഥാനപതികളെ അയച്ചിരുന്നു. തുർക്കി അഫ്ഗാൻ മുഗൾ ആക്രമണങ്ങൾ ഇന്ത്യയും പാശ്ചാത്യ ഏഷ്യയും തമ്മിലുള്ള ബന്ധത്തെ പൂർവ്വാധികം ദൃഢമാക്കി. പതിനഞ്ചാം നൂററാണ്ടിൽ സമർഖണ്ഡിലും ബൊക്കാറായിലും വളന്ന തൈമൂർ ശക്തിയുടെ സ്വാധീനത ഇന്ത്യയിലും പ്രതിഫലിച്ചു. തൈമൂർ വംശത്തിലെ ഒരു രാജാവായ ബാബർ ഡൽഹി സിംഹാസനം കരസ്ഥമാക്കി. ആ കാലഘട്ടത്തിൽ പേർഷ്യ സഫാവിസ്സിൻെറ നേതൃത്വത്തിൽ ഒരു സാംസ്കാരിക പുനരുദ്ധാരണത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. പേർഷ്യൻ ചരിത്രത്തിലെ സുവർണ്ണയുഗമായിരുന്നു അതു്. ഒരു സഫാവി സുൽത്താൻെറ പക്കലാണ് ഹുമയൂൺ സൈന്യസഹായം അഭ്യർത്ഥിച്ചതു്. മുഗൾ കാലഘട്ടത്തിൽ വളരെയധികം പേർഷ്യൻ പണ്ഡിതന്മാർ ഇന്ത്യയിൽ വരികയുണ്ടായി. പേർഷ്യൻ സംസ്ക്കാരത്തിൻെറ പ്രേരണയോടുകൂടി ഇന്ത്യയിൽ അക്കാലത്തു് ഒരു പുതിയ വാസ്തുശില്പവിദ്യ രൂപമെടുത്തു. അതിൻെറ ഫലമാണ് ഷാജഹാൻ പണികഴിപ്പിച്ച ടാജ്മഹൽ.

ഇന്ത്യൻ ജനതയും പേർഷ്യൻജനതയുമെന്നപോലെ ചരിത്രത്തിലുടനീളം ബന്ധപ്പെട്ട മററു ജനതകളെ ഒരുപക്ഷെ കാണുവാൻ കഴിഞ്ഞില്ലെന്നു വരാം. എന്നാൽ നിർഭാഗ്യവശാൽ അതിൻെറ അവസാനത്തെ കണ്ണി മൂന്നുനൂററാണ്ടുകൾക്കുമുമ്പു നടന്ന നാദിർഷായുടെ

നൂററിനാൽപ്പത്തിയെന്നു്

ആക്രമണമാണ്. അതിനുശേഷം ബ്രിട്ടീഷ് ഭരണ കാലത്ത് ഇന്ത്യയ്ക്ക് ഏഷ്യയിലെ ഇതര രാജ്യങ്ങളുമായി ഉണ്ടായിരുന്ന എല്ലാ ബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടു. പുതിയ സമുദ്രമാർഗ്ഗങ്ങൾമൂലം ഇംഗ്ലണ്ടും ഫ്രാൻസും മററും ഇന്ത്യയുടെ സമീപരാജ്യങ്ങളായി. എന്നാൽ പുരാതന പേർഷ്യയുമായി തുടർച്ചയായ ബന്ധം സ്ഥാപിക്കുവാൻ മറെറാരു മാർഗ്ഗം നമുക്കു ലഭിച്ചിട്ടുണ്ട്. പതിമൂന്നു നൂററാണ്ടുകൾക്കു മുമ്പ് ഇസ്ലാം ശക്തി പേർഷ്യയിൽ പ്രവേശിച്ചപ്പോൾ അനേകായിരം സൊരാഷ്ട്രീയൻ മതവിശ്വാസികൾ ഇന്ത്യയിൽ അഭയാർത്ഥികളായി വരികയുണ്ടായി. അവർക്ക് ഇവിടെ സ്വാഗതം ലഭിക്കുകയും ഇന്ത്യയുടെ പശ്ചിമ തീരത്ത് മററു ജനവിഭാഗങ്ങളുടെ ഉപദ്രവം കൂടാതെ സ്വന്തം സംസ്ക്കാരത്തെ സംരക്ഷിച്ചുകൊണ്ട് ജീവിക്കുവാൻ സാധിക്കുകയും ചെയ്തു. പാർസികൾ ഇന്ത്യയിൽ ഒരു പ്രത്യേക സമുദായമായി അവരുടെ ആചാരങ്ങളെ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് കഴിയുന്നുവെന്നത് ഒരു അത്ഭുതമാണ്. അവർ ഇന്ന് ഏതാനും ലക്ഷം മാത്രമേ ഇന്ത്യയിൽ ഉള്ളു എങ്കിലും ധനസമൃദ്ധിയിലും വ്യവസായത്തിലും വാണിജ്യത്തിലും മറേറതൊരു ജനതയുടെയും മുന്നിലാണ്. പുരാതന പേർഷ്യൻ സംസ്ക്കാരമാണ് ഇന്നും അവർ പുലർത്തിക്കൊണ്ടുപോരുന്നത്.

ഇസ്ലാമിൻെറ സംഭാവന

ആധുനിക ഇന്ത്യൻ സംസ്കാരത്തിൻെറ ആഭ്യന്തരവും ബാഹ്യവുമായ മണ്ഡലങ്ങളുടെ രൂപീകരണത്തിൽ ഇസ്ലാം മതവും അറബി അഫ്ഗാൻ തുർക്കി മുഗൾ സംസ്കാരങ്ങളും വളരെ പ്രധാനമായ പങ്ക് വഹി

ച്ചിട്ടുണ്ട്. പൗരാണിക ഇന്ത്യൻ സംസ്കാരവും ഈ നവീന സംസ്കാരങ്ങളും തമ്മിൽ ബന്ധപ്പെട്ടതിന്റെ ഫലമായി പല പുതിയ ചിന്താഗതികളും ആചാര രീതികളും ആദർശങ്ങളും മതവിശ്വാസങ്ങളും ഉയിർക്കൊണ്ടു. പുരാതന ഇന്ത്യൻ ചിന്താരീതിയുടെ ഏകാധിപത്യത്തിൽനിന്നും ഇന്ത്യ മോചനം പ്രാപിച്ചു. ഹിന്ദുമതവും ഇസ്ലാംമതവും തമ്മിലുള്ള അകൽച്ചയെ കുറയ്ക്കുവാൻ പല പുതിയ തത്വശാസ്ത്രങ്ങളും മതവിശ്വാസങ്ങളും രൂപമെടുത്തു. പക്ഷെ ഈ രണ്ടു മതങ്ങൾക്കും ആധാരമായ രണ്ടു ചിന്താഗതികൾ തമ്മിൽ പൂർണ്ണമായ ഒരു സംയോജനം സാദ്ധ്യമല്ല. നികത്താനാവാത്ത ഒരു വിടവ് അവ തമ്മിലുണ്ട്. അതിന്റെ ഫലമായി നഗരങ്ങളും ഗ്രാമങ്ങളും വ്യത്യസ്ത സംസ്കാരങ്ങളുടെ ഉടമകളായി. മുഗൾ ആധിപത്യത്തിന്റെ സ്വാധീനത കൂടുതലായി അനുഭവപ്പെട്ട നഗരങ്ങളിൽ അവ തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടായി. പുതിയ സംസ്കാരത്തിന്റെ സന്ദേശവാഹകർ എണ്ണത്തിൽ കുറവായിരുന്നെങ്കിലും രാഷ്ട്രീയാധികാരം അവർ കയ്യടക്കിയിരുന്നു. അറബി അഫ്ഗാൻ പ്രഭുത്വം ഇന്ത്യയിൽ പുതിയ ഒരു സംസ്കാരത്തിന്റെ കാവൽപടയാളികളായി. പക്ഷെ ഈ പുതിയ സംസ്കാരത്തിന്റെ അലയടികൾ അത്രവേഗത്തിൽ ഗ്രാമങ്ങളിൽ എത്തിയില്ല. അവിടെ പഴയ ഗ്രാമസ്വരാജ് തന്നെ നിലനിന്നു. ഗ്രാമസ്വരാജിന്റെയും അതിനോടുബന്ധപ്പെട്ട ആര്യസംസ്കാരത്തിന്റെയും പ്രസ്തുത ഉറച്ച നിലപാടു മൂലം തന്ത്രപരമായ ചില പരിവർത്തനങ്ങളും കാൽവയ്പുകളും രാഷ്ട്രീയലക്ഷ്യത്തെ മുൻനിറുത്തിയുള്ള കരുനീക്ക

ങ്ങളും പുതിയ സംസ്കാരത്തിന്റെ സന്ദേശവാഹകർ സ്വീകരിക്കുന്നതിന് അതു കാരണമായി. മതപരിവർത്തനപ്രസ്ഥാനം ശക്തിപ്പെട്ടതിന്റെ ഫലമായും അധികാരിവർഗ്ഗം മുസ്ലീങ്ങളായിരുന്നതിനാലും ഹിന്ദുപുരോഹിതവർഗ്ഗത്തിന്റെ ഏകാധിപത്യം സാമാന്യജനങ്ങൾക്ക് താങ്ങാൻ പാടില്ലാത്തവിധം വളർന്നതിനാലും നല്ലൊരു വിഭാഗം ഹൈന്ദവർ മുസ്ലീങ്ങളായി മാറി. എന്നാൽ മതത്തോടൊപ്പം അവരുടെ ജീവിതരീതിക്കും ആചാരക്രമത്തിനും സംസ്കാരത്തിനും മാററമുണ്ടായില്ല. അങ്ങനെ ആര്യൻ സംസ്കാരത്തിൽ വളർന്ന ഒരുവിഭാഗം മുസ്ലീങ്ങൾ ഇന്ത്യയിൽ ഉണ്ടായി. വിദേശീയ സംസ്കാരവുമായി ഇന്ത്യൻ സംസ്കാരം പൊരുത്തപ്പെടുവാൻ അതു കാരണമായി.

ഇന്ത്യയുടെ ചരിത്രപുസ്തകത്തിൽ ഈ രണ്ടു മതവിശ്വാസങ്ങളുംതമ്മിലുള്ള ഏററുമുട്ടലിന്റെ കഥയാണ് വിവരിച്ചിരിക്കുന്നതു്. എന്നാൽ അതേ കാലഘട്ടം കൊണ്ടു് ഈ രണ്ടുമതങ്ങളും അവയ്ക്കാധാരമായ തത്വശാസ്ത്രങ്ങളും സംസ്കാരങ്ങളും പരസ്പരം നടത്തിയ സ്വാധീനതയുടെയും അതുമൂലമുണ്ടായ പരിവർത്തനത്തിന്റെയും കഥ ഇന്ത്യൻ ചരിത്രകാരന്മാരുടെ പരിഗണനയ്ക്കു് വിധേയമായിട്ടില്ല. ഇന്ത്യാക്കാരൻ ചരിത്രം എഴുതി സൂക്ഷിക്കുന്നതിൽ പ്രാചീന കാലം മുതൽതന്നെ അക്ഷന്തവ്യമായ കൃത്യവിലോപമാണ് കാണിച്ചിട്ടുള്ളതു്. തന്മൂലം പ്രാചീന ഇന്ത്യയുടെ ചരിത്രത്തിന് വിശ്വസിക്കുവാൻപാടില്ലാത്ത പുരാണങ്ങളെയും സാഹിത്യകൃതികളിലെ സന്ദർഭവശാലുള്ള സൂചനകളെയും പുരാതന നാണയങ്ങൾ സാംസ്കാരികാവശിഷ്ടങ്ങൾ

തുടങ്ങിയവയേയും ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇവയെ ആശ്രയിച്ച് ആധുനിക കാലത്തുപോലും ഇന്ത്യൻ ചരിത്രം രചിക്കുന്നതിൽ ഇന്ത്യാക്കാരേക്കാൾ കൂടുതൽ ഔൽസുക്യം വിദേശീയരാണ് കാണിച്ചിട്ടുള്ളത്. അവർ വിരചിച്ച ചരിത്രം ഇവിടെ അവരുടെ ആധിപത്യം സുസ്ഥിരമാക്കുന്നതിനുവേണ്ട പശ്ചാത്തലത്തോടു കൂടിയതാണ്. അങ്ങനെ ഇന്ത്യൻ ചരിത്രത്തിന്റെ നിർമ്മാണത്തിൽ യാഥാർത്ഥ്യത്തേക്കാളധികം നിക്ഷിപ്തതാല്പര്യത്തിന്റെ സംരക്ഷണത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് മദ്ധ്യകാല ഇന്ത്യയുടെ ചരിത്രത്തിൽ ഇസ്ലാം സംസ്ക്കാരവും ഇന്ത്യൻ സംസ്ക്കാരവും തമ്മിൽ നടന്ന സംയോജനത്തിന്റെ കഥയെ വിവരിക്കാതെ ഹിന്ദുക്കളും മുഹമ്മദീയരുമായ ഭരണാധികാരികൾ തമ്മിൽ നടന്ന യുദ്ധങ്ങളെ വിവരിക്കുവാൻ ശ്രമിച്ചത്. രാജവംശങ്ങളുടെ ഉദയത്തിന്റേയും അസ്തമനത്തിന്റെയും കഥ അതിലുണ്ട്. പുതുതായി ഇന്ത്യയിൽ വന്ന വംശങ്ങളുടെയും അവയുടെ ഭരണത്തിന്റെയും കഥയുമുണ്ട്. എന്നാൽ സാമൂഹ്യസ്ഥാപനങ്ങളുടെയോ ആചാരങ്ങളുടെയോ വളർച്ചയുടെ കഥയില്ല. തന്മൂലം പ്രാചീന ഇന്ത്യൻ സംസ്ക്കാരം മദ്ധ്യകാല ഇന്ത്യൻ ചരിത്രത്തിലുണ്ടായവിദേശീയ ആക്രമണങ്ങളെ അതിജീവിച്ച് ഇന്നും ആ പുരാതന മഹത്വത്തോടുകൂടി തന്നെ നിലനിൽക്കുന്നു എന്നു വിശ്വസിക്കേണ്ടിവരുന്നു. അതുപോലെ മദ്ധ്യ ഏഷ്യയിൽനിന്ന് ഇവിടെ കുടിയേറിയ മുസ്ലീങ്ങളുടെ സംസ്ക്കാരം യാതൊരു പരിവർത്തനത്തിനും വിധേയമാകാതെ അതേ രൂപത്തിൽ ഇന്നും നിലകൊള്ളുന്നു എന്ന് വിശ്വസിക്കുന്നവരുമുണ്ട്.

ആര്യൻ സംസ്കാരവും ഇസ്ലാം സംസ്കാരവും പരസ്പരം നടത്തിയ സ്വാധീനതയുടെ ചരിത്രമില്ലാത്തതിനാൽ ഇരുകൂട്ടരും പ്രസ്തുത കാലഘട്ടത്തെ സംശയത്തോടെ വീക്ഷിക്കുന്നു. ഹിന്ദു-മുസ്ലീം ഭിന്നതയുടെ കാരണങ്ങളിൽ അതിപ്രധാനമായ ഒന്നു് ഈ സംശയമാണു്. ആധുനിക ഇന്ത്യയുടെ ചരിത്രത്തിൽ പ്രസ്തുത ഭിന്നിപ്പു് സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ ഹൃദയവേദനയോടുകൂടിയല്ലാതെ ഒരു മനുഷ്യനും സ്മരിക്കുക സാദ്ധ്യമല്ല.

മദ്ധ്യകാലശതകങ്ങളിൽ ഇന്ത്യയിൽസംഭവിച്ചതു് ചരിത്രത്തിൽ അധികം ആവർത്തിക്കപ്പെടാത്ത സംഭവമാണു്. ഇന്ത്യൻസംസ്കാരം ഇന്ത്യയിലെ ഒരുവിഭാഗം ജനങ്ങളുടെ മാത്രം കുത്തകയായിരുന്നില്ല. അതുപോലെ തന്നെ ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ബാധിക്കുന്ന സ്വന്തമായ അഭിപ്രായങ്ങൾ അതിനുണ്ടായിരുന്നു. മുസ്ലീങ്ങൾ ഇന്ത്യയിൽ പ്രത്യക്ഷപ്പെടുന്നതിനു മുമ്പുണ്ടായ താൽക്കാലിക നിശ്ചലതയിൽ ഇന്ത്യൻ സംസ്കാരത്തിന്റെ കെട്ടുറപ്പില്ലാത്ത ചില ഘടകങ്ങൾ കെട്ടഴിഞ്ഞുപോയിരുന്നു. ഒൻപതാംനൂററാണ്ടിന്റെ അവസാനത്തിൽ ഇന്ത്യൻ സംസ്കാരത്തിനു വ്യക്തമായ ഒരു തളച്ച് കാണുവാൻകഴിയും. രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ അഭാവം സാംസ്കാരികാധഃപതനത്തിനു് വഴിതെളിക്കുമെന്നതിനു് ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. എന്നാൽ വളർന്നുകൊണ്ടിരുന്ന ഒരു സംസ്കാരത്തിന്റെ ഉടമയ്ക്കു് രാഷ്ട്രീയ സ്വാതന്ത്ര്യം എങ്ങനെ നഷ്ടപ്പെട്ടു എന്നതു് ഒരു പ്രശ്നമാണു്. ഒരു ചെറിയ രാജ്യം സമീപസ്ഥമായ വലിയ രാജ്യത്തെ കൂടുതൽ പുരോഗമിച്ച യുദ്ധസമ്പ്രദായങ്ങൾ മൂലംകീഴടക്കി എന്നു

വരാം. പക്ഷെ ഇന്ത്യയെപ്പോലെ മഹത്തായ ഒരു സംസ്കാരത്തിന്റെ അവകാശികൾക്കുണ്ടായ ഈ അനുഭവത്തെ ഒരു തരത്തിലും വ്യാഖ്യാനിക്കുക സാദ്ധ്യമല്ല. വിദേശീയാക്രമണങ്ങൾക്കുമുമ്പുതന്നെ റോമാസാമ്രാജ്യം ആഭ്യന്തരക്കുഴപ്പങ്ങൾമൂലം തകർച്ചയുടെ വക്കിലെത്തിയിരുന്നു. അഥവാ പ്രസ്തുത ആഭ്യന്തരക്കുഴപ്പങ്ങളാണ് വിദേശീയരെ അങ്ങോട്ടു് ആകർഷിച്ചതു്. ഇന്ത്യയിൽ ശ്രീ ഹർഷവർദ്ധനനുശേഷമുള്ള കാലഘട്ടം ശിഥിലീകരണത്തിന്റെയും സാംസ്കാരികമായ തളർച്ചയുടെയും കാലമായിരുന്നു. എങ്കിലും സ്വന്തംവ്യക്തിത്വം നിലനിർത്തുകയും ആ കാലഘട്ടത്തിൽ ഇന്ത്യയിൽ വന്ന അറബികളുടെ സംസ്കാരത്തെ പരിവർത്തനവിധേയമാക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുവാനുള്ള കഴിവും ഇന്ത്യൻ സംസ്കാരത്തിന് അന്നുമുണ്ടായിരുന്നു. അറബികൾ സൈന്യബലംകൊണ്ടു് ഇന്ത്യയിൽ വിജയിച്ചു എങ്കിലും സാംസ്ക്കാരികമായ വിജയം നേടിയില്ല. ആര്യന്മാരുടെ ആക്രമണത്തിന് ദ്രാവിഡർ കീഴടങ്ങി എങ്കിലും സാംസ്ക്കാരികമായി ആര്യന്മാരെ അവർ കീഴടക്കിയതുപോലെതന്നെ മദ്ധ്യകാല ശതകങ്ങളിലും സംഭവിച്ചു. ഗ്രീസ്സിൽ മൈസീനിയൻനാഗരീകത യുദ്ധത്തിൽ പരാജയപ്പെട്ടു എങ്കിലും പില്ക്കാലഗ്രീക്കുസംസ്ക്കാരത്തിന്റെ വളർച്ചയിൽ മറേറതുസംസ്ക്കാരത്തേക്കാളും പ്രമുഖമായ സംഭാവന അതു നൽകി. റോം ഗ്രീസ്സിനെ കീഴ്പ്പെടുത്തിയെങ്കിലും ഗ്രീക്കു സംസ്ക്കാരം പല രംഗത്തും റോമൻ സംസ്ക്കാരത്തിന് നേതൃത്വംനൽകി. ഇന്ത്യയുടെ രാഷ്ട്രീയ രംഗത്തു് അറബികളും അഫ്ഗാന്മാരും മുകിലന്മാരും വിജയംനേടി എങ്കിലും ഇന്ത്യൻ സംസ്

ക്കാരത്തിന്റെ സ്വാധീനതയിൽ അവരുടെ സംസ്കാരം സ്വയം പരിവർത്തനവിധേയമായി.

അതിനാൽ മദ്ധ്യകാല ശതകങ്ങളിലെ ഇന്ത്യൻ ചരിത്രം ഈ രണ്ടു സംസ്കാരങ്ങൾതമ്മിൽ നടത്തിയ പരസ്പര സ്വാധീനതയുടെ കഥയാണ്. ഗുരുനാനാക്കും കബീറും രാമാനുജനും ചൈതന്യനും മററുമാണ് പ്രസ്തുത ചരിത്രത്തിലെ കഥാപുരുഷന്മാർ. അല്ലാവുദീനും അക്ബറും ഔറംഗസീബും അവിടെ രണ്ടാം സ്ഥാനമേ വഹിക്കുന്നുള്ളൂ. മഹാരാഷ്ട്രത്തിലെ ഭക്തി പ്രസ്ഥാനവും ബംഗാളിലെ വൈഷ്ണവ മതവും പ്രസ്തുത രണ്ടു സംസ്കാരങ്ങളുടെ ആദ്ധ്യാത്മികരംഗത്തെ യോജിപ്പിന്റെ ഫലമാണ്. സിക്കുമതമാണ് അതിന്റെ ഏററവും പ്രത്യക്ഷമായ ഉദാഹരണം. മുസ്ലീം മതസിദ്ധാന്തങ്ങളിൽ ഇന്ത്യൻ സംസ്കാരത്തിന്റെ സ്വാധീനത പ്രതിഫലിച്ചതിന്റെ ഫലമായുണ്ടായതാണ് സൂഫീസം. ആദ്ധ്യാത്മിക രംഗത്തിലെന്നപോലെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും തന്നെ പരസ്പര സഹകരണവും സംയോജനവും നടന്നു. അഫ്ഗാൻ സുൽത്താന്മാരും മുഗൾ ചക്രവർത്തിമാരും അതിനു മുൻകൈയെടുത്തു. വേഷവിധാനത്തിൽ ഇന്ത്യൻ അറബികൾ ഈ നാടിനു പററിയ ഒരു പുതിയ രീതി സ്വീകരിച്ചു. ഈ കാലഘട്ടത്തിൽ ഒരു പുതിയ ഭാഷ ഉയിർക്കൊണ്ടതായി മുമ്പു് പ്രസ്താവിച്ചുവല്ലോ. കലാരംഗത്തിൽ ഉണ്ടായ നവോദ്ധാനവും മുമ്പു് ചർച്ചാവിഷയമായിട്ടുണ്ടു്. ഇന്ത്യൻ തത്വശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും ഈ പുതിയ സംസ്കാരത്തിന്റെ സ്വാധീനതയെ സ്വീകരിച്ചു.

മദ്ധ്യശതകങ്ങളിലെ ഇസ്ലാമിന്റെ ദിഗ്വിജയത്തിന് പ്രേരണയും പ്രചോദനവും നല്കിയതു് അറബി സംസ്ക്കാരമാണ്. മഹമ്മദ് നബിയുടെ ജനനത്തിനു മുമ്പും അറേബ്യൻ മണലാരണ്യത്തിലെ ജനതയ്ക്കു് അഭിമാനിക്കാവുന്ന ഒരു സംസ്ക്കാരമുണ്ടായിരുന്നു. നബി തന്റെ പുതിയ ആദർശങ്ങളിലൂടെ അതിനൊരു നവ ചൈതന്യം പ്രദാനംചെയ്തു. അദ്ദേഹത്തിന്റെ കാലശേഷം ബാഗ്ദാദിലെ കാലിഫ്മാർ തങ്ങളുടെ രാജധാനി ശാസ്ത്രീയ വിജ്ഞാനത്തിന്റെ കേന്ദ്രമാക്കിമാററി. കാലിഫ്-അൽമൽസറിന്റെ കാലത്തു് ബാഗ്ദാദിൽ ഒരു ഗവേഷണകേന്ദ്രവും തർജ്ജിമ സംഘവും സ്ഥാപിക്കപ്പെട്ടു. ഗ്രീക്ക്, ലത്തീൻ, സുറിയാനി, സംസ്കൃതം തുടങ്ങിയ എല്ലാ പ്രധാന ഭാഷകളിലെയും പ്രമുഖ ഗ്രന്ഥങ്ങൾ അവിടെവച്ചു് തർജ്ജിമ ചെയ്യപ്പെട്ടു. ജ്യോതിഷവും ഔഷധശാസ്ത്രവും ഗണിതശാസ്ത്രവും ബാഗ്ദാദ് ഇന്ത്യയിൽനിന്നു കടംവാങ്ങി. പ്രസ്തുത സംസ്ക്കാരമാണ് പിന്നീട് അറബി അഫ്ഗാൻ മുഗൾ ആക്രമണങ്ങളിലൂടെ പ്രത്യക്ഷപ്പെട്ടതു്.

സാമ്പത്തികരംഗത്തും പഴയതും പുതിയതും തമ്മിലുള്ള സംയോജനമാണുനടന്നതു്. പഴയ കൃഷികപ്രധാനമായ സാമ്പത്തിക വ്യവസ്ഥിതിയിൽ പുതിയ സംസ്ക്കാരങ്ങളുടെ സ്വാധീനത ചില പരിവർത്തനങ്ങൾ സൃഷ്ടിച്ചു. അതിന്റെ ഫലമായി ഇന്ത്യയിൽ ജന്മിത്വത്തോടു് ഏതാണ്ട് സാദൃശ്യം വഹിക്കുന്ന ഒരു പുതിയ വ്യവസ്ഥിതി ഉടലെടുത്തു. എന്നാൽ അന്നും സാമൂഹ്യബോധം സാമാന്യജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നു. അല്ലാവുദീൻ അത്യാവശ്യ സാധനങ്ങളുടെ

വിലനിജപ്പെടുത്തി. മഹമ്മദ് തുഗ്ലക്ക് തുകൽനാണയം ഏർപ്പെടുത്തിയതു് അനവസരത്തിലായിരുന്നെങ്കിലും നാണയത്തിന്റെ ഉപയോഗത്തെപ്പററി ശരിയായ ബോധം അന്നുണ്ടായിരുന്നു എന്നതിനു് തെളിവാണതു്. രാഷ്ട്രീയവും സാമ്പത്തികവുമായ മണ്ഡലങ്ങൾ തമ്മിലുള്ള ബന്ധം ഏതൊരു ചരിത്ര വിദ്യാർത്ഥിക്കും മനസ്സിലാക്കുവാൻ വിഷമമില്ല. മുതലാളിത്ത വ്യവസ്ഥിതിയും ദേശീയ രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം ഇന്ത്യൻ ചരിത്രത്തിൽ വിസ്മരിക്കപ്പെട്ടിരിക്കുകയാണു്. അക്ബറുടെ ഭരണം മുതലാളിത്തം ഇന്ത്യയിൽ വളരുന്നതിനു അനുകൂലമായ ഒരു പശ്ചാത്തലം സൃഷ്ടിച്ചു. അദ്ദേഹം കൂലിയും ശമ്പളവും ഉൽപ്പന്നത്തിനുപകരം നാണയത്തിലാക്കി. സാധനങ്ങളുടെ പരസ്പര കൈമാററത്തിനു പകരം നാണയം വാണിജ്യരംഗത്തു് സ്ഥാനംപിടിച്ചതു് വാണിജ്യത്തിന്റെ വളർച്ചയ്ക്കു കാരണമായി. ഷെർഷാ ആരംഭിച്ച സർവ്വേ അദ്ദേഹം പൂർത്തിയാക്കി. ഇതെല്ലാം ഭാവിയിൽ ജന്മിത്വത്തിന്റെ സ്ഥാനത്തു് മുതലാളിത്തം സ്ഥാപിക്കപ്പെടുന്നതിനുള്ള ആദ്യ പടികളായിരുന്നു. പക്ഷെ അവ അപൂർണ്ണങ്ങളായിരുന്നു. വൻതോതിൽ ഉല്പാദനം സാധിക്കത്തക്കവിധത്തിൽ ശാസ്ത്രം പുരോഗമിക്കുകയോ ആ വഴിയുള്ള പരിശ്രമം നടക്കുകയോ ഉണ്ടായില്ല. ഇന്ത്യയിലെ സാമൂഹ്യ വ്യവസ്ഥിതി ശാസ്ത്രത്തിന്റെ പുരോഗതിക്കു് അനുകൂലമായിരുന്നില്ല.

രജപുത്രനേതൃത്വം

എല്ലാ സംസ്കാരങ്ങളുടെയും വളർച്ചയുടെ ഒരു ഘട്ടത്തിൽ വ്യക്തിയും സമൂഹവും തമ്മിൽ വ്യക്തമായ സംഘട്ടനം നടക്കുന്നതാണു്. ഇന്ത്യൻ സംസ്കാരത്തിന്റെ

ചരിത്രത്തിൽ അതു സംഭവിച്ചതു് മദ്ധ്യശതകങ്ങളിലായിരുന്നു. മദ്ധ്യ ഏഷ്യയുടെ സാമൂഹ്യവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകളും ഇന്ത്യയിൽ നടന്ന വിദേശീയാക്രമണങ്ങളും തമ്മിൽ അഭേദ്യമായബന്ധവുമുണ്ടു്. പ്രസ്തുത കാലഘട്ടത്തിൽ രജപുത്രശക്തി ഇന്ത്യയിൽ ഉത്ഭവിച്ചതും വളർന്നതും അതർഹിക്കുന്ന പ്രാധാന്യത്തോടെ ഇന്ത്യൻ ചരിത്രത്തിൽ പരിഗണിച്ചിട്ടില്ല. അറംഗസീബിനു മുമ്പുള്ള ആയിരം വർഷം രജപുത്രാധിപത്യം എന്നു് വ്യവഹരിക്കുന്നതിൽ തെററില്ല. ജനസംഖ്യയിലും രാഷ്ട്രീയബോധത്തിലും അധികാര ശക്തിയിലും അവർ ആ കാലഘട്ടത്തിൽ മററു പല ജനവിഭാഗങ്ങളുടെയും പിന്നണിയിലായിരുന്നുവെങ്കിലും ചരിത്രത്തിലെ പ്രസ്തുത ഘട്ടത്തിലെ നിയാമക ശക്തി അവരായിരുന്നു. എട്ടാം നൂററാണ്ടിനുമുമ്പുവരെ ഇന്ത്യയിലെ രാഷ്ട്രീയശക്തികേന്ദ്രം ഗംഗാനദീതടമായിരുന്നു. അശോകൻ മുതൽ ശ്രീ ഹർഷൻ വരെയുള്ള കാലഘട്ടത്തിൽ കിഴക്കുനിന്നാണു് ഇന്ത്യയ്ക്കു് രാഷ്ട്രീയ നേതൃത്വം ലഭിച്ചിരുന്നതു്. എന്നാൽ എട്ടാം നൂററാണ്ടിൽ അതിനു് ഒരു പരിവർത്തനം ഉണ്ടായി. ആയിരം വർഷത്തേയ്ക്കു് ഇന്ത്യയുടെ രാഷ്ട്രീയനേതൃത്വം ഡൽഹിക്കു ചുററുമായി മാറി. എട്ടാംനൂററാണ്ടുവരെയുള്ള ഇന്ത്യയുടെ വാണിജ്യം പ്രധാനമായും കിഴക്കൻ പ്രദേശങ്ങളുമായിട്ടായിരുന്നു. ഇന്ത്യയുടെ കോളനികളും കുടിയേററ സ്ഥലങ്ങളും അവിടെയായിരുന്നു. കിഴക്കു് ചൈനാ, ജപ്പാൻ വരെയുള്ള ഏഷ്യൻ രാജ്യങ്ങളുമായി ഇന്ത്യയ്ക്കു് അന്നു സമ്പർക്കമുണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ യൂറോപ്പുമായി വളരെ അപൂർവ്വമായിമാത്രമേ വാണിജ്യബന്ധമു

ണ്ടായിരുന്നുള്ളു. "എട്ടാം നൂററാണ്ടിൽ അറബികൾ ഇന്ത്യൻ വാണിജ്യരംഗത്തു് പ്രത്യക്ഷപ്പെട്ടതോടുകൂടി യാണു് ഇതിനു് വ്യത്യാസമുണ്ടായതു്. ഏഴാംനൂററാണ്ടുമുതൽതന്നെ ഇന്ത്യയും പശ്ചിമേഷ്യയുമായി കപ്പൽ മാർഗ്ഗം വാണിജ്യം നടന്നുകൊണ്ടിരുന്നതായും കേരളം അതിനു് പ്രധാനപങ്കുവഹിച്ചതായും ചരിത്രലക്ഷ്യങ്ങളുണ്ടു്. എട്ടാംനൂററാണ്ടിൽ വാണിജ്യപരമായ കാരണങ്ങളാൽതന്നെ അവർ സിൻഡു് ആക്രമിച്ചു. ഈ കച്ചവടത്തിന്റെ അന്നത്തെകേന്ദ്രം ഗുജറാത്തായിരുന്നു.

രജപുത്രന്മാർ ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചതും ഈ കാലത്താണു്. രാജപുട്ടാണ ഗുജറാത്തിൽനിന്നും ഡൽഹിയിലേയ്ക്കുള്ള മാർഗ്ഗമദ്ധ്യേയാണു് സ്ഥിതിചെയ്യുന്നതു എന്നതു് ഇവ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ഈ വാണിജ്യ മാർഗ്ഗം കീഴടക്കുന്നതു ഉത്തരേന്ത്യയിൽ ആധിപത്യമുറപ്പിക്കുന്നതിന്റെ പ്രഥമ പടിയായിരുന്നു. ഈ പ്രദേശങ്ങൾ ലഭിക്കുന്നതിനു വേണ്ടി രജപുത്രപ്രധാനികൾ നടത്തിയ സമരങ്ങളോടെ ആ കഥ ആരംഭിക്കുന്നു. മീവാറും ഡൽഹിയുമാണു് ആ സമരത്തിനുനേതൃത്വംവഹിച്ചതു്. അല്ലാവുദീന്റെ കാലംമുതൽ അക്ബറുടെ കാലം വരെയുള്ള ഉത്തരേന്ത്യൻ ചരിത്രം പ്രസ്തുത സമരത്തിന്റെ കഥയാണു്. പലപ്പോഴും മതപരവും വർഗ്ഗീയവുമായ വികാരങ്ങളെ ഇളക്കി തങ്ങളുടെ ലക്ഷ്യം നേടുവാൻ പലരും പരിശ്രമിച്ചുവെങ്കിലും സാമ്പത്തികമായിരുന്നു പ്രസ്തുത സമരങ്ങളുടെ എല്ലാം അടിസ്ഥാനം.

രജപുത്രശക്തി പൊടുന്നനവേ രംഗത്തു നിന്നും അപ്രത്യക്ഷമാകത്തക്കവിധത്തിൽ അവക്കു പരാജയം

നേരിടുന്നതും അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണു്. മുഗൾ ചക്രവർത്തിയായിരുന്ന ഔറംഗസീബ്, രാജാസിൻഹായ്ക്കെതിരായി നടത്തിയ സമരം ഡൽഹി മീവാർ സമരത്തോടൊപ്പം പ്രാധാന്യമുള്ളതാണു്. ബാബറും അക്ബറും രജപുത്രന്മാരെ വലിയ പ്രഹരങ്ങളേല്പിച്ചുവെങ്കിലും അവർ നിശ്ശേഷം പരാജയപ്പെടുകയുണ്ടായില്ല. അക്ബർ നയതന്ത്രവും സൈനികബലവും ഉപയോഗിച്ചു് തന്റെ സാമ്രാജ്യം വികസിപ്പിച്ചുവെങ്കിലും അന്നും രജപുത്രശക്തി അവഗണിക്കുവാൻ പാടില്ലാത്ത ഒന്നായിരുന്നു. അങ്ങനെ മുഗൾ ചക്രവർത്തിമാരുടെ പ്രതാപകാലത്തു് നശിപ്പിക്കുവാൻ കഴിയാതെപോയ രജപുത്രശക്തി ഔറംഗസീബിന്റെ ഭരണത്തിനുശേഷം പെട്ടന്നു് രംഗത്തുനിന്നും അപ്രത്യക്ഷമാകുവാനുണ്ടായ കാരണം സാമ്പത്തികമായിരുന്നു. ഇന്ത്യയ്ക്കു രാജപുട്ടാണായിലൂടെയും ഗുജറാത്തിലൂടെയും അറബികളുമായുണ്ടായ വാണിജ്യബന്ധം നശിക്കുകയും പകരം ഗുഡ്ഹോപ്പ് മുനമ്പു ചുററിവന്ന യൂറോപ്യന്മാർ ദക്ഷിണേന്ത്യയുമായി വാണിജ്യബന്ധം ആരംഭിക്കുകയും ചെയ്തതാണു് അതിന്റെ കാരണം. രജപുട്ടാണായുടെയും ഗുജറാത്തിന്റെയും പ്രാധാന്യം നഷ്ടപ്പെട്ടതോടെ രജപുത്രന്മാർക്കു് ഇന്ത്യൻ രാഷ്ട്രീയത്തിലുണ്ടായിരുന്ന സ്ഥാനവും നഷ്ടപ്പെട്ടു. ഈ കാലത്താണു് മഹാരാഷ്ട്രന്മാർ ഇന്ത്യയുടെ ചരിത്രത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചുതുടങ്ങിയതു്. പോർട്ടുഗീസ് ഡച്ചു ശക്തികൾ ഇന്ത്യയുടെ പശ്ചിമതീരവുമായി വ്യാപാരബന്ധം ആരംഭിച്ചപ്പോൾ മഹാരാഷ്ട്രത്തിനും പശ്ചിമതീരത്തിനും മുമ്പു് ഇല്ലാതിരുന്ന പ്രാധാന്യം കൈവന്നു.

യൂറോപ്യൻ വാണിജ്യത്തിന്റെ വളർച്ചയോടുകൂടി ഇന്ത്യയുടെ സാമ്പത്തിക കേന്ദ്രവും മാറി. കല്ക്കട്ടയും ബോംബെയും മദ്രാസും രംഗത്തു് പ്രത്യക്ഷപ്പെട്ടു.

വൈഷ്ണവ കവിത

ഇന്ത്യൻ സംസ്കാരവും അറബി സംസ്കാരവും തമ്മിൽ ദക്ഷിണേന്ത്യയിൽ വച്ചുണ്ടായ ഏററുമുട്ടലും അതിൻശേഷം അവ തമ്മിലുണ്ടായ ലയനവും ഒരു പുതിയ തത്വശാസ്ത്രത്തിനു അടിസ്ഥാനമിടുകയുണ്ടായി. ബുദ്ധിജീവികളുടെ ഇടയിലാണു് അതു് വളന്നതു്. ഹൃദയത്തേക്കാളധികം അതു് ബുദ്ധിയേയാണു് ആശ്രയിച്ചതു്. ബുദ്ധി അംഗീകരിച്ച സത്യങ്ങൾ ഉടനെ തന്നെ പ്രവത്തിയിൽ പ്രതിഫലിച്ചു എന്നു വരുന്നതല്ല. ബുദ്ധിപരമായ അംഗീകാരവും വികാരപരമായ യോജിപ്പും തമ്മിലുള്ള വ്യത്യാസം പലപ്പോഴും കണ്ടുവരാറുള്ളതാണു്. ഒരിയ്ക്കൽ ഒന്നു ബുദ്ധി അംഗീകരിച്ചു കഴിഞ്ഞാൽ ക്രമേണ ഹൃദയത്തെ സ്വാധീനപ്പെടുത്തുവാൻ ശ്രമിക്കും. അതിന്റെ അടിസ്ഥാനത്തിൽ ഭാവന വളരുകയും കലയിൽ പുതിയ പരീക്ഷണങ്ങൾക്കു് അതു് വഴി തെളിക്കുകയും ചെയ്യും. വൈഷ്ണവ സംഗീതവും ബംഗാളിലെ പാട്ടുകളും ഇന്ത്യൻ സംഗീതത്തിൽ അറബി പേഷ്യൻ സംഗീതത്തിന്റെ സ്വാധീനതമൂലമുണ്ടായതാണു്. പുരാതനകാലംമുതൽ തന്നെ ബംഗാൾ കലയിൽ മുൻപന്തിയിൽതന്നെ നിലനിന്നിരുന്നു. അറബി പേഷ്യൻ സംസ്കാരങ്ങളുടെ സമ്പക്കത്തോടുകൂടി പല പുതിയ പ്രവണതകളും അവിടെ പ്രത്യക്ഷപ്പെട്ടു. അക്കൂട്ടത്തിലൊന്നാണു് വൈഷ്ണവ കവിതാരീതി.

വിരുദ്ധ ഘടകങ്ങൾ തമ്മിലുള്ള സംയോജനത്തിന്റെ ഫലമാണ് ബംഗാളിലെ വൈഷ്ണവ കവിത. കർമ്മോന്മുഖമായ പാരമ്പര്യത്തിൽ അതിന് വിരുദ്ധമായ തത്വശാസ്ത്രം സ്വാധീനത ചെലുത്തിയതിന്റെ ഫലമാണതു്. പ്രവർത്തനത്തിൽനിന്നും വിമുക്തമാകുക എന്നതാണ് ഹിന്ദു തത്വശാസ്ത്രത്തിന്റെ ഒരുസ്വഭാവം. എന്നാൽ ഇസ്ലാം പുതിയോരാദർശത്തിന്റെ കർമ്മധീരതയോടു കൂടിയതാണ്. അവതമ്മിൽബന്ധപ്പെട്ടതിന്റെ ഫലങ്ങളിൽ ഒന്നാണ് വൈഷ്ണവ കവിതാരീതി. ഒരു വിപ്ലവ മനഃസ്ഥിതി ഇന്ത്യയിലെ ജനസാമാന്യത്തിലുളവാകുന്നതിന് പ്രസ്തുത ബന്ധം കാരണമായി. പക്ഷെ ആ വിപ്ലവ മനഃസ്ഥിതിയെ നിലനിർത്തിക്കൊണ്ടുപോകുവാനുള്ള കഴിവ് അന്ന് ഇന്ത്യൻ സംസ്കാരത്തിനുണ്ടായില്ല. അതിന്റെ ഫലമായി ലോകത്തോടു തന്നെ ഒരു വിരസത അനുഭവപ്പെട്ടു. ആദ്ധ്യാത്മീക മണ്ഡലത്തിനു കൂടുതൽ പ്രാധാന്യം ലഭിക്കുന്നതിന് അതു കാരണമായി. ലൗകീകരംഗത്തു് ഒരു കാലത്തു് ഇന്ത്യയ്ക്കുണ്ടായിരുന്ന നേട്ടങ്ങളെ വിസ്മരിച്ചു. പ്രാചീന ഇന്ത്യയുടെ മഹത്വത്തെക്കുറിച്ചു വളരെ ചുരുക്കമായി മാത്രമേ ഇന്നു അറിവുള്ളു.

പ്രേമമാണ് വൈഷ്ണവ കവിതയുടെ ലക്ഷ്യം. പ്രേമത്തിലൂടെ അതു് വ്യക്തിയുടെ സ്വാതന്ത്ര്യത്തെ അംഗീകരിച്ചു. പ്രേമം ശാരീരികമോ മാനസികമോ ആയ ഒരു അവസ്ഥയോ വികാരമോ അല്ല. ശരീരത്തിന്റെയും മനസ്സിന്റെയും അനിവാര്യമായ ഒരു ആവശ്യമാണ്. വ്യക്തിയുടെയും സമുദായത്തിന്റെയും കഴിവിനെ അതു പ്രതിഫലിപ്പിക്കുന്നു. യുക്തിവാദിക്കു വിശദീ

കരിക്കുവാനാവുന്ന ഒന്നല്ല അതു്. ശാരീരികം മാത്രമായ ഒരു ആവശ്യമായി അതിനെ പരിഗണിക്കുന്നവർ പരാജയപ്പെടും. ഭൂതകാലത്തിൽ നിന്നും വർത്തമാനകാലത്തിലേയ്ക്കുവന്ന വ്യക്തിയുടെ ഭാവിയിലേയ്ക്കുള്ള കാൽവയ്പാണതു്. അതു് കർമ്മോന്മുഖമാണ്. പരിശുദ്ധവുമാണ്. അതിൻെറ പ്രവർത്തനം മനുഷ്യനെ സ്വതന്ത്രനാക്കുകയും ജീവിതത്തെ ആനന്ദമയമാക്കുകയും ചെയ്യുന്നു. പ്രേമത്തെപ്പററിയുള്ള എല്ലാ വിശദീകരണങ്ങളും ആനന്ദത്തിലാണ് ചെന്നെത്തുന്നതു്. വൈഷ്ണവകവിതയിൽ ലീല എന്ന പദംകൊണ്ടാണ് അതു് കുറിക്കുന്നതു്. ആത്മാവിൻെറ ലീല പ്രവൃത്തിയുടെ ഏററവും പരിശുദ്ധതയാണ്. എന്നാൽ വൈഷ്ണവകവിതയിലെ ലീല പഴയ ആത്മീയ പ്രധാനമായ ചിന്താഗതിയുടെ അവശിഷ്ടങ്ങളെക്കൂടി കാണിക്കുന്നുണ്ടു്. വികാരങ്ങളുടെ വേലിയേററത്തിൽ കവി പ്രേമത്തിൻെറ പ്രവാചകനായിമാറുന്നു. എന്നാൽ ഒരിടത്തും അദ്ദേഹമല്ല പ്രേമിക്കുന്നതു്. അദ്ദേഹം പ്രേമിക്കപ്പെടുകയാണ്. മനുഷ്യാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധം ലയനത്തിൻേറതാകയാൽ അതു് അനിവാര്യമെന്നു് പ്രഥമദൃഷ്ടിയിൽതോന്നുന്നു. പക്ഷെ അതു് യഥാർത്ഥമല്ല. പരമമായ സത്യത്തെപ്പററിയുള്ള മനുഷ്യാത്മാവിൻെറ അന്വേഷണം സാധാരണ രീതിയിൽ ഈ മാതൃകയിലാണ്. അതു് ഒരു സിംബൽ മാത്രമാണ്. ആ നിലയിൽനിന്നും ഉയരുമ്പോൾ മനുഷ്യമനസ്സ് പരിമിതവും ബലഹീനവും എന്ന ധാരണ മാറുന്നു. ആ പരിതസ്ഥിതിയിൽ പ്രേമിക്കുന്നവനും പ്രേമിക്കപ്പെടുന്നവനും എന്ന വ്യത്യാസം ഇല്ലാതാകുന്നു.

അക്കാദമി

എന്നാൽ വൈഷ്ണവ കവിതയിൽ ആ വ്യത്യാസം നിലനില്ക്കുന്നുണ്ട്. മായാവാദത്തിന്റെ പിടിയിൽ നിന്നും അതു് പൂർണ്ണമായും മോചിക്കപ്പെട്ടിട്ടില്ല എന്നാണ് അതു് സൂചിപ്പിക്കുന്നതു്. പരിശുദ്ധമായ കർമ്മം അഥവാ ലീല എന്ന രീതിയിലാണ അതു് പ്രേമത്തെ സ്വീകരിക്കുന്നതു്.

ഇന്ത്യൻ ജീവിത വീക്ഷണ ഗതിയും മുസ്ലീം ജീവിത വീക്ഷണ ഗതിയും തമ്മിൽ നടന്ന സംയോജനത്തിന്റെ ഫലമാണ് വൈഷ്ണവ കവിത എന്നു പ്രസ്താവിച്ചുവല്ലോ. മദ്ധ്യശതകങ്ങൾക്കു മുമ്പുള്ള ഇന്ത്യൻ ജീവിത വീക്ഷണഗതി മായാവാദംകൊണ്ടു നിറംപിടിച്ചതായിരുന്നു. വ്യക്തിയ്ക്കു് അവിടെ തീരെ പരിഗണന ലഭിച്ചിരുന്നില്ല. മനുഷ്യനെ മററു ജീവജാലങ്ങളിൽനിന്നും വ്യത്യസ്തമായി അതു കാണുന്നില്ല. എന്നാൽ ഇസ്ലാം മനുഷ്യനെ ഏററവും ഉന്നതമായ സൃഷ്ടിയായി കണക്കാക്കുന്നു. ഇവ തമ്മിലുള്ള അസാദ്ധ്യമായ ഐക്യം വൈഷ്ണവ കവിതയിൽ കാണാം.

പുന്തിസാഹിത്യം

പ്രാചീന ഇന്ത്യൻ സംസ്കാരത്തിന്റെ വളർച്ചയിൽ കാഥികർ വഹിച്ച പങ്കിനെ മുന്നൊരിടത്തു വിവരിച്ചുവല്ലോ. സമൂഹത്തിലുത്ഭവിച്ച വിവിധ പ്രശ്നങ്ങൾക്ക് തത്വശാസ്ത്രം നൽകിയ ഉത്തരം അവർ ജനതയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. മദ്ധ്യശതകങ്ങളിൽ പുന്തിസാഹിത്യവും അതുപോലെയാണ് വളർച്ച പ്രാപിച്ചതു്. രാമായണത്തെയും മഹാഭാരതത്തെയും ഉപയോഗിച്ച് ഗ്രാമീണ ജനതയെ വിദ്യാഭ്യാസം ചെയ്യിക്കുകയും വിനോദിപ്പിക്കുകയും

ചെയ്യുന്ന ഒരുക്കൂട്ടം വിദൂഷകർ എന്ന നിലയിൽ കാഥികർ ചരിത്രത്തിൻെറ എല്ലാ ഘട്ടങ്ങളിലും ഇന്ത്യൻഗ്രാമങ്ങളിലുണ്ടായിരുന്നു. എന്നാൽ മദ്ധ്യകാലശതകങ്ങളിൽ മുസ്ലീം മത ഗ്രന്ഥത്തിൽനിന്നും ആവശ്യംപോലെ കഥകഠം സ്വീകരിക്കുവാൻ സാധിച്ചിരുന്നില്ല. ആദർശ പ്രധാനമായ പ്രസംഗങ്ങഠം കഥകളെപ്പോലെ ജനങ്ങഠംക്കു രുചിക്കുകയുമില്ല. മതസിദ്ധാന്തങ്ങളും ആദർശങ്ങളും കഥകളിലൂടെയാണ് സാധാരണക്കാരന് കൂടുതൽ സ്വീകാര്യം. പ്രേമകഥകഠംതൊട്ട് വീരസാഹസികകഥകഠംവരെ ഹിന്ദുപുരാണത്തിലുണ്ട്. ആ പാരമ്പര്യത്തിൽ വളന്ന ഭാരതത്തിൽ മുസ്ലീം മതത്തിനും അറബി പേഷ്യൻ സംസ്കാരങ്ങഠംക്കും നിലനില്പുണ്ടാകണമെങ്കിൽ ഹിന്ദുപുരാണങ്ങളോടൊപ്പം കഥാശേഖരം ആവശ്യമാണ്. അതാണ് പുന്തി സാഹിത്യത്തിൻെറ ആരംഭത്തിനും വളർച്ചയ്ക്കും കാരണമായതു്.

മററു പല രംഗങ്ങളിലെന്നപോലെ ഇവിടെയും അക്ബറാണ് ബോധപൂർവ്വം നേതൃത്വം കൊടുത്തതു്. അദ്ദേഹത്തിൻെറ കാലത്തിനു വളരെ മുമ്പുതന്നെ പുന്തീസാഹിത്യത്തിന് അടിസ്ഥാനമിട്ടിട്ടുണ്ടായിരുന്നുവെങ്കിലും അതിൻെറ ആവശ്യം മനസ്സിലാക്കി അതിനു പ്രോത്സാഹനം നഠംകിയതു് അദ്ദേഹമാണ്. അക്ബറുടെ രാജകീയ വിദൂഷകനായ ബർബാൽ മഹാഭാരതത്തിന് ഒരു മുസ്ലീം വിവത്തനം ചമയ്ക്കുകയുണ്ടായി.

ഇന്ത്യൻ സംസ്കാരത്തെ അതിൻേറതായ ആയുധങ്ങഠം കൊണ്ടുതന്നെ നേരിടുവാനാണ് ഇസ്ലാംതീരുമാനിച്ചതു്. ഇന്ത്യയ്ക്കു് രാമലക്ഷ്മണന്മാരുടെ സഹോദര

സ്നേഹത്തെപ്പററി പ്രകീർത്തിക്കുവാൻണ്ടെങ്കിൽ മുസ്ലീങ്ങൾക്ക് ഹസ്സൻെറയും ഹുസൈൻെറയും സഹോദരനായ അമീർ ഹനീഫായുടെ സ്നേഹത്തെപ്പററി പുകഴ്ത്താനുണ്ട്. ഭീമന്റെയും അർജ്ജുനന്റെയും വ്യക്തിത്വം യോജിച്ചുണ്ടായതാണ് ആലി എന്ന കഥാപാത്രം. ഹനുമാന് രാമനോടുള്ള ഭക്തിയെ അനുകരിച്ചതിൻെറ ഫലമാണ് അമീർ ഉമിയാ. ഹനുമാനെ സാധാരണക്കാരൻെറ മനസ്സിൽ പിടിച്ചു നിർത്തുന്നതു് ലങ്കാദഹനമാണെങ്കിൽ അമീർ ഉമിയായും അതുപോലെ തന്നെ സമുദ്രങ്ങൾ തരണം ചെയ്യുകയും നഗരങ്ങൾ നശിപ്പിക്കുകയും ചെയ്ത കഥാപാത്രമാണ്. രാമായണവും മഹാഭാരതവും പൗരാണിക ഹിന്ദുമതത്തിൻെറ രൂപീകരണത്തിൽ വഹിച്ച പങ്ക് പുന്തീ സാഹിത്യം ഇസ്ലാം മതത്തിൻെറ പ്രചരണത്തിൽ വഹിച്ചു. കഥാഘടനയിലും ചിത്രീകരണത്തിലും ദേശഭേദമനുസരിച്ചു ചില വ്യത്യാസങ്ങൾ അതിലുണ്ട്. ആദിമ ഇംഗ്ലീഷ് കവികൾ ക്രിസ്തുവിനെ ഒരു സൈന്യാധിപനായി ചിത്രീകരിച്ചതുപോലെ പുന്തീ സാഹിത്യത്തിലെ കഥകളും പ്രാദേശിക മനോഭാവമനുസരിച്ചു വ്യത്യാസപ്പെട്ടു പ്രചരിച്ചു. തുളസീദാസൻെറ രാമനും ബംഗാളിലെ നാടൻ കഥകളിലെ രാമനും തമ്മിലുള്ള വ്യത്യാസംപോലെയാണതു്. കിഴക്കൻ ബംഗാളിലെ കഥകളിലെ നായകന്മാർ അധികവും വണിക്ശ്രേഷ്ഠന്മാരായിരിക്കും. കച്ചവടക്കാരായ രാജകുമാരന്മാർ ധാരാളമായി അന്യനാട്ടിൽ പോയി കച്ചവടം ചെയ്തു വിജയിച്ച കഥകൾ ഗുജറാത്തിലുണ്ട്.

ഏഴു്.

കേരള സാഹിത്യ അക്കാദമി

യൂറോപ്യൻ സംസ്കാരം

യൂറോപ്യൻ സംസ്കാരം ഇന്ത്യയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഇവിടെ അന്നുവരെ ഏററുമുട്ടിക്കൊണ്ടിരുന്ന സാംസ്കാരിക ശക്തികൾ തമ്മിൽ ഏതാണ്ടൊരു രമ്യത അനുഭവപ്പെട്ടിരുന്നു. വൈഷ്ണവ മതം, ശൈവ മതം, സിക്കുമതം തുടങ്ങിയവ ആ ഒത്തുതീർപ്പിന്റെ ഫലങ്ങളാണു്. ജാതി സമ്പ്രദായത്തിന്റെ രൂക്ഷത കുറഞ്ഞു് മുഗൾ ഭരണത്തിന്റെ അവസാന ഘട്ടത്തിൽ രാഷ്ട്രീയവും സാമ്പത്തികവുമായ മണ്ഡലങ്ങളിൽ ഒരു ശാന്തത കളിയാടി. പക്ഷെ പ്രസ്തുത ശാന്തത താല്ക്കാലികമായിരുന്നു. യൂറോപ്യന്മാരുടെ വരവു് ഒരു പുതിയ ഘടകത്തെക്കൂടി ഇന്ത്യൻ സംസ്കാരത്തിനു സംഭാവന ചെയ്തു. അതിന്റെ അടിസ്ഥാനത്തിലുള്ള പരിവർത്തനവും

ആരംഭിച്ചു. എന്തിനോടും പൊരുത്തപ്പെടുവാനുള്ള ഇന്ത്യൻ സംസ്കാരത്തിന്റെ കഴിവിനുനേരെ ഒരു വെല്ലുവിളിയായിരുന്നു അതു്. അതിനു മുമ്പ് ഇന്ത്യയിൽവന്ന വിദേശീയരുടെ സംസ്കാരം ഇന്ത്യൻ സംസ്കാരത്തിൽ ലയിക്കുകയാണുണ്ടായതു്. എന്നാൽ യൂറോപ്യന്മാർ സ്വന്തം രാജ്യങ്ങളിൽ സ്ഥിരവാസമുറപ്പിച്ചുകൊണ്ടു് ഇന്ത്യയെ അവരുടെ ചൂഷണരംഗമാക്കുവാനാണു് ശ്രമിച്ചതു്. ഈ നാടുമായി ബന്ധപ്പെടുവാൻ അവർ തയ്യാറായില്ല. തന്മൂലം വിപുലമായ ഇന്ത്യൻ സംസ്കാരത്തിൽനിന്നും മാറി സ്വന്തം വ്യക്തിത്വം ഭാരതത്തിന്റെ മണ്ണിൽ പുലർത്തുവാൻ അവരുടെ സംസ്കാരത്തിനു കഴിഞ്ഞു. അതിന്റെ സ്വാധീനത ഇന്ത്യൻ സംസ്കാരത്തെ പരിവർത്തനപ്പെടുത്തിയതല്ലാതെ നമ്മുടെ സംസ്കാരംമൂലം യാതൊരു വ്യതിയാനവും പാശ്ചാത്യ യൂറോപ്യൻ സംസ്കാരത്തിനുണ്ടായില്ല. പാശ്ചാത്യർ ഇവിടെ എന്നും വിദേശീയരായി തന്നെ കഴിഞ്ഞു.

ഇന്ത്യയും പാശ്ചാത്യ യൂറോപ്യരുമായുള്ള ബന്ധം ആദ്യകാലങ്ങളിൽ വാണിജ്യപരം മാത്രമായിരുന്നു. ക്രമേണ അതു് സാമ്പത്തികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിലേയ്ക്കുകൂടി കടന്നു. സാധനങ്ങളും പരസ്പരം കൈമാറിയിരുന്നെങ്കിലും ആശയങ്ങളും ആദ്യം കൈമാറ്റത്തിനു് വിധേയമായിരുന്നില്ല. പക്ഷേ അങ്ങനെ ഒരു നിലപാടു് അധികനാൾ തുടരുക സാദ്ധ്യമല്ല. മനുഷ്യൻ ഒരു സാമ്പത്തിക ജീവിയാണു്. അതിലുപരിയായി മറ്റെന്തൊ ചിലതുംകൂടിയാണു്. ആ ബന്ധം സാമൂഹ്യവും സാംസ്കാരികവുമായ മണ്ഡലങ്ങ

[illegible]

ളിലേയ്ക്കുകൂടി വ്യാപിച്ചു. ചരിത്രപരമായ സംഭവങ്ങളും അതിന് പ്രോത്സാഹജനകവുമായിരുന്നു. പരിതഃസ്ഥിതികളുടെ ആനുകൂല്യംമൂലം കച്ചവടത്തിനു വന്നവർ ഈ രാജ്യത്തിന്റെ മേധാവികളായിത്തീരുകയാണല്ലോ ഉണ്ടായത്.

ഗ്രാമീണ സാമ്പത്തിക വ്യവസ്ഥിതിയിൽനിന്നും സ്വയം വികസിക്കുവാൻ ഇന്ത്യാ ആരംഭിച്ചപ്പോഴാണ് യൂറോപ്യൻ കച്ചവടക്കാർ ഇവിടെ എത്തിയത്. അന്നും ഇന്ത്യൻ ജീവിതക്രമത്തിന്റെ കേന്ദ്രം കുടുംബവും ഗ്രാമവുമായിരുന്നു. പ്രസ്തുത സംസ്ക്കാരത്തിന്റെ സമ്പർക്കം ദൂരവ്യാപകമായ ഒരു പരിവർത്തനം ഇന്ത്യൻ സംസ്ക്കാരത്തിൽ സൃഷ്ടിച്ചു. വിപ്ലവകരമെങ്കിലും നിശബ്ദവും ലക്ഷ്യരഹിതവുമായ പ്രസ്തുത പരിവർത്തനം കഴിഞ്ഞ രണ്ടു നൂററാണ്ടുകളായി ഇന്ത്യയിൽ നടന്നുവരികയാണ്. പഴയ അധികാരാവകാശങ്ങളോടൊപ്പം പ്രാചീന മൂല്യങ്ങളും തന്മൂലം തകർന്നു. സമുദായത്തിന്റെ ഘടനതന്നെ വ്യത്യാസപ്പെട്ടു. പതിനെട്ടാം നൂററാണ്ടിൽ അംഗീകൃതങ്ങളായിരുന്നവ പത്തൊൻപതാം നൂററാണ്ടിൽ തിരസ്കൃതങ്ങളായി. ആയിരത്തിഎഴുനൂററിഎഴുപത്തിനാലിനു മുമ്പ് ബംഗാളിലെ സാമൂഹ്യവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ മണ്ഡലങ്ങളിലെ ഉയർന്ന ജനവിഭാഗം മഹമ്മദ് മതക്കാരായിരുന്നു. ഒരു നല്ല കുടുംബത്തിലെ മുസ്ലീമിനു തൊഴിലില്ലാത്തവനോ വിദ്യാവിഹീനനോ ദരിദ്രനോ ആകുക സാദ്ധ്യമായിരുന്നില്ല എന്ന് ആ കാലഘട്ടത്തെപ്പററി സർ വില്യം ഹണ്ടർ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ വെറും എഴുപതുകൊല്ലംകൊണ്ട് ഈ സ്ഥിതിക്ക്

പാടെ വ്യതിയാനംവന്നു. മുസ്ലീം റവന്യൂ അധികാരികളുടെ സ്ഥാനത്ത് ഹിന്ദുക്കളെ പ്രതിഷ്ഠിക്കുക എന്ന വാറൻ ഹേസ്റ്റിംഗ്സിന്റെ നയവും അതിനൊരു കാരണമായി ചൂണ്ടിക്കാണിക്കുവാനുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് ഇസ്ലാം മതാനുയായികൾ കാണിച്ച വെറുപ്പ് മറെറാരു കാരണമാണ്. സർ സെയ്ദ് അഹമ്മദ്ഖാൻ ഇംഗ്ലീഷ് വിദ്യാഭ്യാസംമൂലം ലഭിക്കാവുന്ന ആനുകൂല്യങ്ങളെപ്പററി മുസ്ലീങ്ങളുടെ ഇടയിൽ പ്രചരണം നടത്തുന്നതുവരെ സ്ഥിതിഗതികൾ ആ വിധത്തിൽ തുടന്നു. ഹിന്ദുക്കൾക്ക് മുസ്ലീങ്ങളെക്കാൾ യൂറോപ്യന്മാരുടെ സഹായത്തോടുകൂടി ഉയരുവാൻ ആ സാഹചര്യം പ്രയോജനപ്പെട്ടു. പിന്നീട് ഒരു മുസ്ലീമിന് തൊഴിൽ ലഭിക്കുക എന്നതും ധനവാനാകുകയെന്നതും സാദ്ധ്യമല്ലാതായിത്തീർന്നു എന്ന് സർ വില്യം ഹണ്ടർതന്നെ പറയുന്നു.

പരിവർത്തനങ്ങൾ ഏതെങ്കിലും ഒരു സമുദായത്തെയോ ജീവിതത്തിന്റെ ഏതെങ്കിലും പ്രത്യേക മണ്ഡലത്തെയോ മാത്രമല്ല ബാധിക്കുന്നതു്. എല്ലാ പഴയ വിശ്വാസങ്ങളും മൂല്യങ്ങളും ആദർശങ്ങളും വിമർശനവിഷയങ്ങളായി. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ സ്ഥാപനങ്ങൾ അധഃപതിച്ചു. ഈ ഘട്ടത്തിൽ മിഷനറിമാരുടെ പ്രവർത്തനഫലമായി ഇന്ത്യൻ മതസമൂഹങ്ങളുടെ കൂട്ടത്തിൽ ക്രിസ്തുമതം കൂടി ചേർക്കപ്പെട്ടു. ഒന്നാം നൂററാണ്ടിൽതന്നെ ക്രിസ്തുമതം കേരളത്തിൽ പ്രചരിച്ചുവെങ്കിൽതന്നെയും വാസ്കോഡിഗാമയ്ക്കു ശേഷമാണ് സംഘടിതമായരൂപത്തിൽ ക്രിസ്തുമതപ്രചരണം ഇന്ത്യയിൽ ആരംഭിച്ചതു്. ഏ. ഡി. ഒന്നാംനൂററാണ്ടിൽ ബുദ്ധമതത്തിന്റെ ലേബലിലാണു്

ഇവിടെ ക്രിസ്തുമതം പ്രചരിച്ചതു് എന്നു് മറെറാരു അഭിപ്രായംകൂടിയുണ്ടു്. ആദർശങ്ങളിൽ ഈ രണ്ടു മതങ്ങൾക്കുമുള്ള സാധർമ്മ്യം അതിൻപോൽബലകമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ക്രിസ്തുവിൻെറ പന്ത്രണ്ടു ശിഷ്യന്മാരിലൊരാളായ സെൻറു് തോമസ് കേരളത്തിൽവന്നു് മതപ്രചരണം നടത്തി എന്നും മൈലാപ്പൂരിൽ വച്ചു മരിച്ചതായും ഐതിഹ്യമുണ്ടു്. അതല്ലാ സെൻറു് തോമസ് ഗുണ്ടഫർരാജാവിൻെറ രാജധാനിയിൽ എത്തിയതായി മറെറാരു ഐതിഹ്യവും ഉണ്ടു്. തക്ഷശില തലസ്ഥാനമാക്കി അരക്കോഷ്യ, കാബൂൾ, സെയ്സ്ഥാൻ, പഞ്ചാബ്, എന്നീ പ്രദേശങ്ങൾ ഭരിച്ചിരുന്ന ഒരു പാർത്ത്യൻ രാജാവാണ് ഗുണ്ടഫർ.

യൂറോപ്യൻ സംസ്കാരം ഇന്ത്യയ്ക്കു് തികച്ചും വിദേശിയമായിരുന്നില്ലാ എന്നതു് യൂറോപ്യൻ സംസ്കാരവുമായി പൊരുത്തപ്പെടുവാൻ സഹായകമായിരുന്നു. അലക്സാണ്ടറുടെ ആക്രമണംമൂലം ഇന്ത്യയും ഗ്രീസ്സുമായുണ്ടായ സമ്പർക്കത്തിലൂടെയും അറബി പേഷ്യൻ സംസ്കാരങ്ങളിലൂടെയും ഗ്രീക്കു സംസ്കാരത്തിൻെറ സ്വാധീനത ഇന്ത്യയിൽ നേരത്തെ എത്തിയിരുന്നു. തന്മൂലം ഗ്രീക്കു സംസ്കാരംതന്നെ മറെറാരു രൂപത്തിൽ യൂറോപ്പിൽനിന്നും ഇന്ത്യയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അതിനോടു പൊരുത്തപ്പെടുവാൻ ഒരു പരിധിവരെ ഇന്ത്യയ്ക്കു് സാധിച്ചു. പുരാതന ഇസ്രായേൽ സംസ്കാരത്തിൻെറയും ഗ്രീക്കു റോമൻ സംസ്കാരങ്ങളുടെയും സംയോജനഫലം ആധുനിക പരിവർത്തനങ്ങൾക്കുവിധേയമായതാണു് യൂറോപ്യൻ സംസ്കാരം. സെമിററിക് സംസ്കാരങ്ങൾ എന്ന നിലയിൽ

ഇസ്രായേൽ സംസ്ക്കാരത്തിനു് അറബി സംസ്ക്കാരവുമായി അഭേദ്യമായ ബന്ധമുണ്ടു്. ഗ്രീക്കസംസ്ക്കാരം തന്നെ പാശ്ചാത്യ യൂറോപ്പിലെത്തിയതു് ആഫ്രിക്കയിലൂടെ സ്പെയിനിൽ ചെന്ന അറബികൾവഴിയാണ്. പ്രാചീന ഇന്ത്യൻ സംസ്ക്കാരത്തിൻെറ സ്വാധീനത ബുദ്ധമതത്തിലൂടെ അറേബ്യായിലെത്തിയിരുന്നുവെന്നു് മുന്നൊരിടത്തു് പ്രസ്താവിച്ചുവല്ലോ. അങ്ങനെ ഇന്ത്യൻ സംസ്ക്കാരം നേരത്തെതന്നെ പാശ്ചാത്യയൂറോപ്പിൽ എത്തിയിരുന്നു. മുതലാളിത്തവും ശാസ്ത്രീയ നേട്ടങ്ങളുമാണ് ഇവ കൂടാതെ പാശ്ചാത്യ യൂറോപ്പിനു് സ്വന്തമായുണ്ടായിരുന്നതു്.

യൂറോപ്യൻ സംസ്കാരത്തിൻെറ പ്രചരണത്തിനു് ഇന്ത്യയിൽ ക്രിസ്തീയ മിഷനറിമാർ നടത്തിയ ശ്രമം വിസ്മരിക്കാവതല്ല. ആദ്യകാല മിഷനറിമാർ ഇന്ത്യാക്കാരെ ക്രിസ്തുമതത്തിലേയ്ക്കു് പരിവർത്തനം ചെയ്യിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി പ്രവർത്തിച്ചു. പക്ഷെ അതിൽ പ്രതീക്ഷിച്ചത്ര വിജയം കാണാതായപ്പോൾ സാമൂഹ്യ രംഗങ്ങളിലേയ്ക്കു് തങ്ങളുടെ സ്വാധീനത അവർ വ്യാപിപ്പിച്ചു. വിദ്യാഭ്യാസ പ്രവർത്തനം അവർ സ്വയം ഏറ്റെടുത്തു് പുതിയ തലമുറയെ യൂറോപ്യൻ സംസ്കാരത്തിൻെറ വളർത്തുമക്കളാക്കിത്തീർക്കുവാൻ പരിശ്രമിച്ചു. മെക്കാളെ പ്രഭുവിൻെറ വിദ്യാഭ്യാസ പദ്ധതി സ്വീകരിച്ചവർക്കുണ്ടായ സാമ്പത്തിക മെച്ചം യൂറോപ്പിലുത്ഭവിച്ചവയെല്ലാം അഭികാമ്യമെന്ന ചിന്താരീതിക്കു് പ്രചരണവുംനല്കി. അതിന്റെഫലമായി പാശ്ചാത്യരെ അന്ധമായി അനുകരിക്കുവാൻ വെമ്പുന്ന ഒരു വിഭാഗം യുവാക്കന്മാർ ഇന്ത്യയിൽഉണ്ടായി. പക്ഷെഅനുകരണം

കൊണ്ടു് ഒരു രാജ്യത്തിനും ഒരു സംസ്കാരത്തിനും വളരുവാൻ കഴിഞ്ഞിട്ടില്ലാ എന്നതു് ഒരു ചരിത്ര സത്യമാണു്. താല്ക്കാലികമായ ആവേശത്തെ പിടിച്ചുനിർത്തുവാൻ അതിനു കഴിഞ്ഞു എന്നുവരാം. എന്നാൽ അധികം താമസിയാതെതന്നെ അനുകരണംമൂലമുണ്ടാകുന്ന സംതൃപ്തി അസംതൃപ്തിയായിമാറും. പുതിയതിനുവേണ്ടിയുള്ള അടങ്ങാത്ത ദാഹം മനുഷ്യനിലുണ്ടാകും. തന്മൂലം ഈ അനുകരണഭ്രമം അധികകാലം നിന്നില്ല. ഭൗതികമണ്ഡലങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തിയിരുന്ന യൂറോപ്യൻ സംസ്കാരത്തിനു് ഇന്ത്യാക്കാരൻെറ ആന്തരിക ജിജ്ഞാസയെ ശമിപ്പിക്കുവാൻ കഴിഞ്ഞില്ല. വിവിധ യൂറോപ്യൻ സംസ്കാരങ്ങൾതമ്മിലുള്ള മത്സരം അവയുടെ എല്ലാ പോരായ്മകളേയും മനസ്സിലാക്കുവാനുള്ള സൗകര്യം ഇന്ത്യാക്കാർക്ക് നൽകി. പ്രാചീന ഇന്ത്യൻ സംസ്കാരത്തിൻെറ മെച്ചത്തെ യൂറോപ്യൻ സാംസ്കാരികനേതാക്കന്മാർ പ്രകീർത്തിച്ചു. ഈ തകിടംമറിച്ചിൽ ഇന്ത്യയുടെ ശാന്തമായ സാമൂഹ്യജീവിതത്തെ തകർത്തു. ഇന്ത്യയുടെമണ്ണിൽ ഒരു പുതിയയൂറോപ്പിനെ കെട്ടിപ്പടുക്കുവാനുള്ള പരിശ്രമത്തിൻെറ പരാജയം പല പുതിയ പ്രശ്നങ്ങളെയും ഇവിടെ അവതരിപ്പിച്ചു.

മെക്കാളെ പ്രഭുവിൻെറ വിദ്യാഭ്യാസ വിപ്ലവം ഇന്ത്യയെ രണ്ടായി വിഭജിച്ചു. ഇവിടത്തെ ആവശ്യത്തെ പരിഗണിക്കാതെ അതു് ഇന്ത്യയുടെ മേൽ അടിച്ചേല്പിക്കുകയാണു് ചെയ്തതു്. നൂററാണ്ടുകളായി ഇവിടെ നിലനിന്ന വിദ്യാഭ്യാസ രീതി ഇവിടത്തെ ഗ്രാമീണ കർഷക ജനവിഭാഗത്തിൻെറ യഥാസ്ഥിതിക നിലനിൽപ്പിനു് അനുയോജ്യമായതായിരുന്നു. ഒരു കാലത്തു് ദക്ഷിണപൂർവ്വേഷ്യയിലെ എല്ലാ രാജ്യങ്ങളിൽ

നിന്നും ഉന്നത വിദ്യാഭ്യാസത്തിനായി ഇന്ത്യയിൽ വിദ്യാർത്ഥികൾ എത്തിക്കൊണ്ടിരുന്നു. നളന്ദ, തക്ഷശില തുടങ്ങിയ പ്രാചീന ഇന്ത്യൻ സർവ്വകലാശാലകൾ നശിച്ചുപോയിരുന്നെങ്കിലും ആ പാരമ്പര്യം ഇന്ത്യൻ ഗ്രാമങ്ങൾ പുലർത്തിപ്പോന്നു. പക്ഷെ അത് ഇംഗ്ലീഷുകാരുടെ താല്പര്യത്തിന് ഹാനികരമായിരുന്നു. ഇന്ത്യയുടെ കഴിവുകളെ പൂർണ്ണമായി ചൂഷണംചെയ്യുന്നതിനും തങ്ങളുടെ കച്ചവടതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി ഒരു സംഘം മദ്ധ്യവർത്തികളെ അവർക്ക് ഇവിടെ ആവശ്യമായിവന്നു. അതിലേയ്ക്കായി അവർ സൃഷ്ടിച്ച മാർഗ്ഗമാണ് ഇംഗ്ലീഷ് വിദ്യാഭ്യാസ രീതി. വാറൻ ഹേസ്റ്റിംഗ്സിന്റെ കാലത്താണ് ഇംഗ്ലീഷ് വിദ്യാഭ്യാസം ആദ്യമായി ഇന്ത്യയിൽ ആരംഭിച്ചത്. 1787-ൽ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ മദ്രാസിൽ സ്ഥാപിതമായി. 1816-ൽ ഡേവിഡ് ഹെയറിന്റെയും രാജാറാംമോഹൻറായിയുടെയും പരിശ്രമഫലമായി ഒരു ഹിന്ദുകോളേജ് കല്ക്കട്ടായിൽ ഉൽഘാടനം ചെയ്തു.

ഭാഷയ്ക്ക് അമിതപ്രാധാന്യം നൽകിയതോടെ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശംതന്നെ മാറി. ഇന്ത്യയുടെ വാണിജ്യവും വ്യവസായവും നശിപ്പിക്കുന്നതിന് ഇവിടത്തെ സാങ്കേതിക വിദ്യാഭ്യാസം നിർത്തലാക്കുകയാണ് ഇംഗ്ലീഷുകാർ ചെയ്തത്. വിദ്യാഭ്യാസരീതി സാഹിത്യപരമാകുകയും ഇന്ത്യാക്കാർ അവരുടെ ശാസ്ത്രീയാഭിരുചിയെതന്നെ വിസ്മരിക്കുകയും ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസം ശ്രമരഹിതവും ആകർഷണീയവുമായ ഗവണ്മെന്റ് ഉദ്യോഗങ്ങൾക്ക് പ്രയോജനപ്പെടുമെന്നായപ്പോൾ കാർഷികരംഗത്ത് നിരക്ഷര കക്ഷികൾ

മാത്രം അവശേഷിച്ചു. അങ്ങനെ വിദ്യാഭ്യാസവും രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയും തമ്മിലുള്ള ബന്ധം അവസാനിച്ചതു് പല പ്രത്യാഘാതങ്ങൾക്കും കാരണമായി. അഭ്യസ്തവിദ്യർ ഗവണ്മെൻറ് ഉദ്യോഗങ്ങൾ ഒഴിച്ചുള്ള എല്ലാ തൊഴിലുകളെയും നികൃഷ്ടമായി എണ്ണി. സാധാരണക്കാരിൽനിന്നും വ്യത്യസ്തരായി അവർ സ്വയം പരിഗണിച്ചു. അങ്ങനെ ഒരു വിഭജനം കൃത്രിമമായി സമൂഹത്തിൽ ഉണ്ടായി. ബ്രിട്ടീഷ് ജീവിതരീതിയും ആദർശങ്ങളും അവരെ ആകർഷിച്ചു. അവർ ക്രമേണ നഗരങ്ങളിൽ സ്ഥിരതാമസമായി. തന്മൂലം ഗ്രാമങ്ങൾ വിദ്യാവിഹീനരുടെ കേന്ദ്രമായി. പ്രാചീന ഇന്ത്യയിൽ ഗ്രാമങ്ങളും നഗരങ്ങളും തമ്മിൽ ഈ വ്യത്യാസമില്ലായിരുന്നു. പക്ഷെ പുതിയ അന്തരീക്ഷത്തിൽ അവ തമ്മിൽ അകന്നു. അഭ്യസ്തവിദ്യരുടെ ദൃഷ്ടിയിൽ ഇന്ത്യൻ സംസ്കാരംതന്നെ പിൻതിരിപ്പനായി. പാശ്ചാത്യ സംസ്കാരത്തിന്റെ മൂല്യങ്ങളെ അവർ സ്വീകരിച്ചു. ഇന്ത്യൻ ജീവിതക്രമത്തിൽ മതത്തിനുള്ള സ്ഥാനം തന്മൂലം നഷ്ടപ്പെട്ടു. ഒരുവശത്തു് പുരോഗമനം സിദ്ധിച്ചവരല്ലെങ്കിലും ഇന്ത്യയുടെ സംസ്കാരത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണ ജനത. മറുവശത്തു് ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച ന്യൂനപക്ഷം ഉദ്യോഗസ്ഥവൃന്ദം. അവർ തമ്മിലുള്ള ബന്ധം അനുക്രമം കുറഞ്ഞുവന്നു.

ഇന്ത്യൻ ദേശീയബോധം

ബ്രിട്ടീഷ് മുതലാളിത്വത്തിന്റെ സ്വാധീനത ഇന്ത്യൻ ദേശീയബോധത്തിന്റെ വളർച്ചയെ വളരെ

അധികം സഹായിച്ചു. ഇന്ത്യയിൽ വന്ന ആദ്യത്തെ യൂറോപ്യന്മാർ ഇന്ത്യാക്കാരെ മനുഷ്യരായിത്തന്നെയാണു കണ്ടതു്. എന്നാൽ അതു് അവരുടെ വ്യാപാരതാല്പര്യങ്ങളെ വിഘാതപ്പെടുത്തുമെന്നു കണ്ടപ്പോൾ ഇന്ത്യാക്കാരോടു് നീതി പാലിക്കേണ്ടതില്ലാ എന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നു. അരിസ്റ്റോട്ടലിന്റെ ജനാധിപത്യവ്യവസ്ഥിതിയിൽ അടിമകൾക്കും ഒരു സ്ഥാനമുള്ളതുപോലെയാണു് യൂറോപ്യന്മാർ ഇന്ത്യാക്കാരോടിടപെട്ടതു്. ഇന്ത്യാക്കാരുമായി അടുത്തു ബന്ധപ്പെടാതിരിക്കുവാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. മനഃപൂർവ്വമായ ഒരു അവഗണനയാണു് ഇന്ത്യാക്കാരനു് തങ്ങളുടെ ഭരണാധികാരികളിൽനിന്നും ലഭിച്ചതു്. അതു് സ്വന്തം നിലപാടിനെപ്പററി ചിന്തിക്കുവാൻ ഇന്ത്യയെ പ്രേരിപ്പിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം അതിനു പ്രോത്സാഹജനകമായിത്തീർന്നു. പാശ്ചാത്യമായ എന്തും നല്ലതെന്ന ഇംഗ്ലീഷ് ചിന്താഗതിയും പ്രവർത്തനരീതിയും ഇന്ത്യാക്കാരെ ശുണ്ഠിപിടിപ്പിച്ചു. അതിന്റെ ഫലമായി ഇന്ത്യൻ ദേശീയബോധം ഉടലെടുത്തു. യൂറോപ്പിൽനിന്നാണു് ഇന്ത്യ ദേശീയത്വത്തെ സ്വീകരിച്ചതെങ്കിലും യൂറോപ്പിന്റേതായ എല്ലാം തിരസ്കരിക്കുവാൻ അതു് ഇന്ത്യയെ പ്രേരിപ്പിച്ചു.

ഇന്നു് ദേശീയത്വം അന്തർദേശീയത്വവുമായി ഏററുമുട്ടി പരാജയപ്പെട്ട ഒരു സിദ്ധാന്തമാണെങ്കിലും ഒരു കാലത്തു് ഇന്ത്യയിൽ അതു് പുരോഗമനപരമായിരുന്നു. പക്ഷെ ചരിത്രപരമായ അതിന്റെ കർത്തവ്യം അവസാനിച്ചതിനുശേഷവും അതിനെ ഉപേക്ഷിക്കുവാൻ മടിക്കുന്ന കുറെ നേതാക്കന്മാർ നമുക്കുണ്ടു്. ഇന്ത്യ

യിൽ ദേശീയത്വത്തിന്റെ രാഷ്ട്രീയരൂപം കോൺഗ്രസ്സും അതിന്റെ ലക്ഷ്യം സ്വാതന്ത്ര്യസമ്പാദനവുമായിരുന്നു. അതുകൊണ്ടാണു് 1947 ആഗസ്റ്റ് 15-നു് കോൺഗ്രസ്സ് സംഘടന പിരിച്ചുവിടുവാൻ ഗാന്ധിജി ഉപദേശിച്ചതു്. പക്ഷെ പൊതുജനങ്ങളുടെ യാഥാസ്ഥിതിക മനോഭാവത്തെ ചൂഷണം ചെയ്തുകൊണ്ടു് നിക്ഷിപ്തതാല്പര്യങ്ങളെ പരിരക്ഷിക്കുവാൻ വെമ്പുന്നവർ എക്കാലത്തും ഉണ്ടായിട്ടുണ്ടു്. അവരുടെ കയ്യിൽ ഒരു ഉപകരണമായി ഇന്നു് കോൺഗ്രസ്സും ദേശീയബോധവും കൈകാര്യം ചെയ്യപ്പെടുന്നു.

ദേശീയബോധത്തിനു് ഇന്ത്യയിൽ സ്ഥാനം ലഭിച്ചതു് വിദേശ മുതലാളിത്വത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും അമിതമായ ചൂഷണാസക്തിമൂലമാണു്. തദ്ദേശ മുതലാളിത്വത്തിന്റെ പിന്തുണ അതിനു് (ദേശീയബോധത്തിനു്) പ്രോത്സാഹജനകമായിരുന്നു. മുതലാളിത്വം ഉല്പാദനോപകരണങ്ങളുടെ സ്വകാര്യ ഉടമയിലാണു് അധിഷ്ഠിതമായിരിക്കുന്നതു്. സ്വകാര്യ ഉടമ ഉല്പാദനം നടത്തുന്നതു് ആവശ്യത്തേക്കാളധികം ആദായത്തെ മുൻനിർത്തിയാണു്. അപ്പോറം മുതലാളിത്വത്തിന്റെ വിജയരഹസ്യം വിദേശമാക്കറ്റുകളാണു്. അവിടെ സ്വകാര്യ ഉടമ നടത്തുന്ന ചൂഷണത്തിൽനിന്നും ജനങ്ങളുടെ ശ്രദ്ധ തിരിക്കുവാനുള്ള ഒരു അടവാണു് ദേശീയബോധം. യൂറോപ്പിൽ അതു് അനാവശ്യമായ പല മത്സരങ്ങറംക്കും ഇടയാക്കി.

എന്നാൽ ഇന്ത്യയിൽ ഭൂതകാലത്തെങ്ങും സാക്ഷാൽമാകാതിരുന്ന ഐക്യത്തിനുവേണ്ടിയുള്ള പ്രവണതയെ വളർത്തുവാൻ അതുപയ്യാപ്തമായി. പ്രകൃത്യാ പ്രത്യേകം വേർതിരിക്കപ്പെട്ട ഒരുഭൂവിഭാഗമെന്നനിലയിൽ ഏകീ

കൃതമായ ഒരു രാഷ്ട്രീയഘടകമാകുവാൻ ചരിത്രാതീതകാലം മുതൽ ഇന്ത്യപരിശ്രമിച്ചുപോന്നിട്ടുണ്ട്. അന്നെല്ലാം ഗതാഗതത്തിന്റെയും വാർത്താ വിനിമയത്തിന്റെയും അസൗകര്യവും ജനങ്ങളുടെ അനൈക്യവുമായിരുന്നു അതിനെതിരായി നിന്നതു്. ആധുനിക ശാസ്ത്രീയ നേട്ടങ്ങൾ അവയെ നീക്കി. ചരിത്രത്തിലാദ്യമായി രാഷ്ട്രീയ ഐക്യത്തിനുവേണ്ടിയുള്ള ഒരു പശ്ചാത്തലം സൃഷ്ടിക്കപ്പെട്ടു. അതൊന്നും ബ്രിട്ടീഷുകാർ ഈ രാജ്യത്തിനു നല്കിയ സേവനമല്ല. ഉർവ്വശീശാപംപോലെ അവരുടെ ചൂഷണത്തിൽനിന്നും ഇന്ത്യയ്ക്കു ലഭിച്ച നേട്ടങ്ങളാണു്.

1857-ൽ ഇന്ത്യയിൽപൊട്ടിപ്പുറപ്പെട്ട സൈനികവിപ്ലവം മൃഗീയമായവിധത്തിൽ അടിച്ചമർത്തിയതു് തളർന്നുകിടന്ന ഇന്ത്യൻ ദേശീയബോധത്തെ ഉണർത്തുവാൻ പര്യാപ്തമായി. അന്നുവരെ വിദേശീയ മേധാവിത്വത്തെപ്പററി ഇന്ത്യയിലെ സാധാരണക്കാരൻ ബോധവാനായിരുന്നില്ല. എന്നാൽ വിപ്ലവത്തിൽ മരണമടഞ്ഞതു് അധികവും ഇടത്തരക്കാരായ പട്ടാളക്കാരായിരുന്നു. വിപ്ലവത്തിൽ കൂടുതൽനഷ്ടം തങ്ങൾക്കാണെന്ന ബോധം മുസ്ലീങ്ങൾക്കുമുണ്ടായി.

ഭൂമിശാസ്ത്രപരമായ ദേശീയബോധത്തിന്റെ ആശയം ആധുനികകാലത്തുണ്ടായതാണ്. ഇന്ത്യ ഇതിനുമുമ്പൊരിക്കലും ഭൂമിശാസ്ത്രപരമായ ദേശീയാടിസ്ഥാനത്തിൽ ചിന്തിച്ചതായി ചരിത്രത്തിൽ കാണുന്നില്ല. സാംസ്കാരിക രംഗത്തു് കെട്ടുറപ്പില്ലാത്ത ഒരു ഐക്യം ഇന്ത്യ ഒട്ടാകെ നിലനിന്നിരുന്നു. യൂറോപ്യൻ ജനാധിപത്യരീതിയും ഈ ദേശീയബോധത്തെവളർത്തി. ഇന്ത്യ

യിൽ ദേശീയസ്വാതന്ത്ര്യത്തിന്റെ ഉത്ഭവം യൂറോപ്യൻ ശക്തികളുടെ ആഗമനത്തിനു മുമ്പുതന്നെ ഉണ്ടായതാണ്. അഫ്ഗാൻകാരുടെയും മുഗൾ ചക്രവർത്തിമാരുടെയും കീഴിൽ ബംഗാളി കവിത വളർന്നു. മഹാരാഷ്ട്രരുടെ ഭക്തിപ്രസ്ഥാനവും ആ കാലഘട്ടത്തിൽതന്നെ ഇന്ത്യയിൽ വികസിച്ചു. കബീറും അദ്ദേഹത്തിന്റെ അനുയായികളും ആധുനിക കാലഘട്ടത്തിന് വളരെ മുമ്പുതന്നെ ഇന്ത്യയിൽ തങ്ങളുടെ ആദർശങ്ങൾ പ്രചരിപ്പിച്ചു. തുളസീദാസന്റെ രാമായണം ജനങ്ങളുടെ ദൈനംദിന സംഭാഷണവിഷയങ്ങളിൽ ഒന്നായിരുന്നു. പുതിയ സാമൂഹ്യശക്തികൾ അഴിച്ചുവിടപ്പെട്ടതിന്റെ ഫലമായി അപരിചിതവും നവവുമായ ഒരു സാഹിത്യവിഭാഗം വളർന്നു. സാമ്പത്തികവും സാമൂഹ്യവുമായ പരിവർത്തനങ്ങൾ അതിന്റെ വളർച്ചയെ ത്വരിതപ്പെടുത്തി. ബംഗാളിലെ പഴയ ശാന്തത ഭഞ്ജിക്കപ്പെട്ടു. ഇടത്തരക്കാരന്റെ വളർച്ച കലയിൽ ശ്രദ്ധ ചെലുത്തുവാൻ സൗകര്യമുള്ള ഒരു ജനവിഭാഗത്തെ സൃഷ്ടിച്ചു. ലോകൈകകലാകാരനായ രവീന്ദ്രനാഥ ടാഗോറിന്റെ അവതാരം അങ്ങനെയാണുണ്ടായത്.

ബംഗാളി സാഹിത്യത്തിന്റെ വളർച്ചയിൽ ഇംഗ്ലീഷ് കവിത വളരെയധികം സ്വാധീനത ചെലുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് കവിതയുടെ വ്യക്തിപ്രാമാണ്യവാദം ഇടത്തരക്കാരന് അഭികാമ്യമായ ഒരു ആദർശമാണ്.

ഇടത്തരക്കാർ

ദേശീയബോധത്തോടൊപ്പം ആധുനിക ഇന്ത്യയിൽ ഉടലെടുത്ത മറ്റൊരു പ്രത്യേകത ഇടത്തരക്കാരന്റെ

വളർച്ചയാണ്. മുതലാളിത്വത്തിന്റെ വളർച്ചയുടെ ഫലമായി സ്വയം രൂപംകൊള്ളുന്ന ഒരു വിഭാഗമാണ് ഇടത്തരക്കാർ. എന്നാൽ ഇന്ത്യയിൽ മുതലാളിത്വം വികസിക്കാതെതന്നെ ഇടത്തരക്കാർ ഉരുത്തിരിഞ്ഞു. ഇവിടെ അവർ ബ്രിട്ടീഷ് മുതലാളിത്വത്തിന്റെ കൃത്രിമ സന്താനങ്ങളാണ്. താരതമ്യേന സമൂഹത്തിൽ അവനു് ലഭിച്ച മെച്ചപ്പെട്ടസ്ഥാനം ആ വർഗ്ഗത്തിലേയ്ക്കു കൂടുതൽപേരെ ആകർഷിച്ചു. അതിനാൽ അവർ ഇന്ത്യൻ മുതലാളിത്വത്തിന്റെ വളർച്ചയ്ക്കു് ഒരു വിലങ്ങുതടിയായി എന്നു മാത്രമല്ല ഇന്ത്യയിൽ സ്വയം വളരേണ്ടിയിരുന്ന മുതലാളിത്വത്തിന്റെ പ്രത്യേകതകളെ പരിഗണിക്കാതെ ബ്രിട്ടീഷ് പാരമ്പര്യത്തിനു അനുയോജ്യമായിട്ടാണ് ഇവിടെ അവർ വളന്നതു്. ലോകത്തിലൊട്ടാകെ അസംതൃപ്തരും വിമർശനോന്മുഖരും വ്യക്തിത്വത്തിന്റെ പ്രവാചകരുമാണ് അവർ. സാമ്പത്തികമായി അവർ അരക്ഷിതരാണ്. പുരോഗമനേച്ഛ അവരിൽ പലരേയും സ്വയം മുതലാളിമാരായി അഭിനയിക്കുവാൻ ശീലിപ്പിച്ചു. സ്വന്തം കഴിവിനതീതമായ ഒരു ജീവിതത്തോതു് സംരക്ഷിക്കുവാൻ ഇടത്തരക്കാരൻ എപ്പോഴും നിർബ്ബന്ധിക്കപ്പെടുന്നു. അവരുടെ ജീവിതവീക്ഷണഗതിയെ ഈ അനിശ്ചിതാവസ്ഥ വളരെയധികം സ്വാധീനപ്പെടുത്തി. മുതലാളിക്കു് സ്വന്തം നിലപാടിനെ ഉറപ്പിക്കേണ്ടതില്ല. തൊഴിലാളി സ്വന്തം നിലപാടിനെ അംഗീകരിക്കുന്നവനുമാണ്. എന്നാൽ ഇടത്തരക്കാരൻ എപ്പോഴും പുരോഗമനോത്സുകനും അസംതൃപ്തനുമാണ്. അതിന്റെ ഫലമായി അവൻ മററുള്ളവരെ വിമർശിച്ചുകൊണ്ടു് സ്വയം സാധൂകരിക്കുവാൻ ശ്രമിക്കുന്നു.

ഇടത്തരക്കാരന്റെ ഈ വിമർശന മനോഭാവം മററുള്ളവരിൽ മാത്രമല്ല അവനിലും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. ഇടത്തരക്കാർക്ക് ഒരിക്കലും അവരുടേതായ ഒരു ഐക്യം കെട്ടിപ്പടുക്കുക സാദ്ധ്യമല്ല. അവരിൽ കാണുന്നതുപോലെ ഭിന്നാഭിപ്രായം മറെറാരു ജനവിഭാഗത്തിലും കാണുകയില്ല. ഒരു ഭാഗത്ത് തൊഴിലാളികളാകാതിരിക്കാൻ ശ്രമിക്കുന്നവർ മറുഭാഗത്ത് മുതലാളിമാരിൽനിന്നും ഭിന്നരല്ലെന്നു കാണിക്കുവാൻ വെമ്പുന്നവർ. മുതലാളിയെ ദൂഷണംചെയ്തും തൊഴിലാളിയുടെ നേതൃത്വം കൈക്കലാക്കിയും ജീവിക്കുവാൻ ശ്രമിക്കുന്നവരാണ് പലരും. വ്യക്തിപരിഗണന അതിന്റെ എല്ലാസീമകളെയും അതിലംഘിച്ചുകൊണ്ടു ഇടത്തരക്കാരനിൽ പ്രവർത്തിക്കുന്നു.

പാശ്ചാത്യ യൂറോപ്യൻ സംസ്ക്കാരത്തിന്റെ സ്വാധീനത മററുവിധത്തിലും ഇന്ത്യയുടെ സാമൂഹ്യപരിവർത്തനത്തെ ത്വരിതപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ ചിലപ്പൊഴെല്ലാം അവയുടെ ഫലങ്ങൾ പരസ്പര വിരുദ്ധങ്ങളുമാണ്. ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥിതിയിൽ നിന്നും ഭിന്നമായ യൂറോപ്യൻ സാമൂഹ്യ വ്യവസ്ഥിതിയുടെ സമ്പർക്കംമൂലം ജനതയ്ക്കു് ഏതെങ്കിലും പ്രത്യേകമായ ഒരു സാമൂഹ്യ വ്യവസ്ഥിതിയോ അതിന്റേതായ മൂല്യങ്ങളോ അനിവാര്യമാണെന്നുള്ള ബോധം തന്നെ നശിച്ചു. അവസരത്തിനൊത്തു കഴിയുക എന്നതിൽ കവിഞ്ഞ ഒരു ലക്ഷ്യവുമില്ലാതെയായി. അതു് യുവജനങ്ങളെ വളരെയേറെ വഴിതെററിച്ചു. നഗരങ്ങളിലും ഗ്രാമങ്ങളിലും പണ്ടുണ്ടായിരുന്ന ഐക്യവും ശാന്തിയും

നശിച്ചു. പൊതുവേ സാമ്പത്തികാസ്ഥിരതയും അസംതൃപ്തിയും വർദ്ധിച്ചു. പഴയ ലംല്യജീവിത സമ്പ്രദായം ജനങ്ങളിൽനിന്നും മാറി.

അതുപോലെതന്നെ ജാതിസമ്പ്രദായത്തിൻെറ പ്രാധാന്യം അവസാനിച്ചു. ജോലിയന്വേഷിച്ച് ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേയ്ക്കു് പോയ ജനങ്ങൾ ജാതിയെ പരിഗണിക്കാതെ ഏതു തൊഴിലിലും ഏർപ്പെട്ടു. ഒരു പുതിയ ജീവിതവീക്ഷണഗതിയും പ്രവർത്തന ക്രമവും ക്രമേണ സംജാതമായി.

വർത്തമാനകാലത്തെ വിസ്മരിച്ചുകൊണ്ടു് ഭാവിയെപ്പററി ചിന്തിക്കുന്നതാണ് ഇന്ത്യയ്ക്കിഷ്ടം. ലോകത്തിലെ നശ്വരമായ സുഖങ്ങളേക്കാൾ സ്വർഗ്ഗത്തിലെ അനശ്വര സമാധാനം ഇന്ത്യൻ ജനത ഇഷ്ടപ്പെട്ടു. എന്നാൽ ഇംഗ്ലീഷ് ജനത താൽക്കാലിക സുഖത്തിനാണ് പ്രാധാന്യം നൽകിയതു്. ഈ രണ്ടു ചിന്താഗതികളും തമ്മിൽ ബന്ധപ്പെട്ടപ്പോൾ അതു് ഇരുകൂട്ടർക്കും പ്രയോജനപ്രദമായി. ഇന്ത്യയുടെ ധനസമൃദ്ധിയെ ചൂഷണം ചെയ്യുന്നതിൽ ഇംഗ്ലണ്ടു് പ്രകടിപ്പിച്ചതാല്പര്യം പരലോകസുഖം നേടുന്നതിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന ഇന്ത്യയ്ക്കു് അനിഷ്ടകരമായിരുന്നില്ല. എന്നാൽ ക്രമേണ ഇംഗ്ലീഷുകാരുടെ ജീവിത സൗകര്യങ്ങൾ ഇന്ത്യാക്കാരെ സ്വന്തം ചിന്താഗതിയെ വിമർശിക്കുവാൻ പ്രേരിപ്പിച്ചു. അതിൻെറ ഫലമായി ഒരു ചഞ്ചലത ഇന്ത്യൻ മനഃസാക്ഷിയെബാധിച്ചു. എന്നാൽ അതേസമയം പാരമ്പര്യമായി വിശ്വസിച്ചും ആചരിച്ചും പോന്നതു് തെററാണ് എന്നു പറയുവാൻ ഒരു വിഷമവും അനുഭവപ്പെട്ടു.

പ്രസ്തുത വിഷമത്തിൽനിന്നും രക്ഷപെടുവാൻ നടത്തിയ പരിശ്രമം പല പുതിയ ചിന്തകന്മാരെയും ഇന്ത്യയ്ക്കു സംഭാവന ചെയ്തു. ഇടത്തരക്കാരന്റെ വളർച്ചയാണ് അവരെ പ്രസവിച്ചതു്. അവരുടെ അസംതൃപ്തിയാണ് ചോദ്യങ്ങൾക്കും സംശയങ്ങൾക്കും അടിത്തറപാകിയതു്. ചോദ്യങ്ങളും സംശയങ്ങളും അന്വേഷണത്തിനും വിമർശനത്തിനും കാരണമായി. തകൎന്നുകൊണ്ടിരിക്കുന്ന ഇന്ത്യൻ പാരമ്പര്യത്തിൽ നിന്നും യുക്തി നിർദ്ദേശിക്കുന്നവ മാത്രം ഭാവിയുടെ കലവറയിലേയ്ക്കു് സ്വീകരിക്കുവാൻ ഇന്ത്യയുടെ യുവചിന്തകന്മാർ തയ്യാറായി. അങ്ങനെ വളരുന്ന തലമുറയുടെ വിപ്ലവ മനഃസ്ഥിതി ആധുനിക ഇന്ത്യടെ ശ്രദ്ധാർഹമായ ഒരു പരിവൎത്തനമാണ്. ഏതെങ്കിലും സമുദായത്തിലോ വൎഗ്ഗത്തിലോ ഭൂവിഭാഗത്തിലോ മാത്രമായി ഒതുങ്ങി നില്ക്കാതെ അതു് ഇന്ത്യയെ ഒന്നാകെയാണ് ബാധിച്ചിരിക്കുന്നതു്. ഇന്ത്യൻ കൎഷകന്റെ പാരമ്പര്യമായ യാഥാസ്ഥിതിക മനോഭാവം അടുത്തതലമുറയിൽ കാണുമെന്നു് പ്രതീക്ഷിക്കേണ്ടതില്ല. ഇന്ത്യൻ തൊഴിലാളികൾ ജീവിതത്തോതിന്റെ വൎദ്ധനവിനുവേണ്ടി അനവരതം മുറവിളി കൂട്ടുകയാണ്. വിദ്യാൎത്ഥികൾ അച്ചടക്കം ഉപേക്ഷിച്ചു വിദ്യാഭ്യാസരീതിക്ക് ഒരു പരിവൎത്തനം ആവശ്യപ്പെടുന്നു. സ്ത്രീ,പുരുഷനോടൊപ്പം എല്ലാ മണ്ഡലങ്ങളിലും സ്വാതന്ത്ര്യം സമ്പാദിക്കുന്നു. വളരുന്ന തലമുറ ഭൂതകാലത്തിന്റേതായ എല്ലാ ചങ്ങലകളെയും ഉപേക്ഷിച്ചു പുതിയതിനായി ആവേശം കൊള്ളുന്നു. എന്തും സംശയിക്കപ്പെടുകയും നിരീക്ഷിക്കപ്പെടുകയും വിമൎശിക്കപ്പെടുകയും ചെയ്യുന്നു.

എന്നാൽ യാഥാസ്ഥിതികത്വത്തിന്റെ സൂക്ഷിപ്പുകാരായ അധികാരിവർഗ്ഗം ഇതിനെയെല്ലാം അപകടത്തിന്റെ സൂചനയായിട്ടും അച്ചടക്ക ലംഘനമായിട്ടുമാണ് കാണുന്നത്. അവരുടെ ഭീതിയ്ക്കും ചരിത്രപരമായ യാതൊരു സാധൂകരണവുമില്ലാ എന്ന വസ്തുത അവർ മറന്നുപോകുന്നു. പഴയ രാഷ്ട്രീയാധികാരങ്ങൾ പിൻവാങ്ങി. സാമൂഹ്യാചാരങ്ങളുടെ ശക്തി കൊഴിഞ്ഞു. സാമ്പത്തിക വ്യവസ്ഥിതി പുനരുദ്ധരിക്കുവാൻ പാടില്ലാത്തവിധം തകർന്നു. മതത്തിന് ജീവിതത്തിലുണ്ടായിരുന്ന അമിത പ്രാധാന്യം നഷ്ടമായി. ചിന്തയുടെ എല്ലാ മണ്ഡലങ്ങളിലും ചഞ്ചലത പ്രത്യക്ഷപ്പെട്ടു. ഈ പശ്ചാത്തലത്തിൽ വളരുന്ന തലമുറയുടെ വിപ്ലവബോധം സ്വയം രൂപം കൊണ്ടതാണ്.

അതുപോലെതന്നെ അധികാരം കയ്യടക്കിവച്ചിരിക്കുന്ന പഴയ തലമുറയുടെ ഭീതിയും അസ്ഥാനത്തല്ല. അവർ കേന്ദ്രീകൃതമായ ഒരു സമുദായത്തിലാണ് ജനിച്ചതും വളർന്നതും. ആ കേന്ദ്രീകരിക്കപ്പെട്ട അധികാരം തങ്ങളുടെ കൈകളിലേയ്ക്ക് മാറുമെന്ന പ്രതീക്ഷയിലാണ് അവർ ഇതേവരെ ജീവിച്ചത്. ഈ ഘട്ടത്തിൽ അതിന്റെ വികേന്ദ്രീകരണം അവർക്ക് മനസ്സിലാവുകയില്ല. രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവുമായ രംഗങ്ങളിൽ അവരുടെ കാലത്ത് ഒരു പ്രത്യേക ക്രമം ഉണ്ടായിരുന്നു. ആ ക്രമം നഷ്ടപ്പെട്ടപ്പോൾ എല്ലാം നഷ്ടപ്പെട്ടതുപോലെ അവർക്ക് തോന്നുന്നു. മതത്തിന്റെ ഇരുമ്പു ചട്ടക്കൂട്ടിനകത്താണ് അവർ ജീവിച്ചത്. ഇന്ന് ആ ചട്ടക്കൂടുകളെല്ലാം മെഴുകുപോലെ ഉരുകുകയാണ്. ഇസ്ലാമിന്റെ ജനാധിപത്യമാണ് അവ

ളുടെ കാലത്തു് അധികാരത്തിന്റെ കുത്തകയ്ക്കെതിരായി പ്രവർത്തിച്ച ഏക ശക്തി. പക്ഷെ അധികാര കേന്ദ്രീകരണവും യാഥാസ്ഥിതികത്വവും ക്രമേണ അതിലും കടന്നുകൂടി. ഇന്ത്യയുടെ പഴയ പാരമ്പര്യത്തിനു് അനുയോജ്യമായ വിധത്തിൽ ഇസ്ലാം പരിവർത്തനപ്പെടുകയാണുണ്ടായതു്. അധികാരത്തിനു മുൻപിൻ നോക്കാതെ തലകുനിക്കുവാനാണു് പഴയ തലമുറ പഠിപ്പിച്ചതു്. ഈ പശ്ചാത്തലത്തിൽ പുതിയ വിപ്ലവ മനഃസ്ഥിതിയുടെനേരെ അസംതൃപ്തിയും ഭീതിയും അവർക്കുണ്ടാകാതിരുന്നാലാണ് അത്ഭുതപ്പെടേണ്ടതു്. പഴയതു് സമൂലം മാറി തൽസ്ഥാനത്തു് പുതിയതു് ഉറച്ചുകഴിഞ്ഞാൽ മാത്രമേ ഈ ഭീതിയും അസംതൃപ്തിയും അവരെ വിട്ടുപോകുകയുള്ളു. അന്നു് പുതിയതിന്റെ ശക്തിയേറിയ സംരക്ഷകർ അവരായിരിക്കും. പക്ഷെ പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ ഏതായാലും അവർ പഴയതിനോടൊത്തുമാത്രമേ നിലകൊള്ളുകയുള്ളു.

"യഥാർത്ഥ സംസ്കാരത്തിന്റെ പ്രചോദനം ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നും ലഭിക്കുന്നു. എന്നാൽ അതു് ജനതയിൽനിന്നും വളരണം."

(പണ്ഡിററ് നെഹറു)

എട്ട്

ഇന്ത്യൻ സംസ്കാരം

ഇംഗ്ലീഷുകാർക്കെന്നല്ല ഒരു സാമ്രാജ്യശക്തിക്കും നശിപ്പിക്കുവാനാവാത്ത ചൈതന്യത്തിന്റെ കേന്ദ്രമാണ് ഇന്ത്യൻ സംസ്കാരം. അതിനാൽ ഇന്നും നാല്പതുകോടി ജനങ്ങൾക്ക് അഭിമാനിക്കാവുന്ന ഒരു നില സാംസ്കാരിക രംഗത്തു് ഇന്ത്യയ്ക്കുണ്ടു്. കഴിഞ്ഞ അയ്യായിരത്തിലധികം വർഷമായി അതു് പരിവർത്തനവിധേയമായിക്കൊണ്ടിരിക്കുകയായിരുന്നു. ഇന്നും അതു് രൂപപ്പെട്ടുകൊണ്ടിരിക്കുകയാണു്.

ഇന്ത്യൻ സംസ്കാരം ഭാരത ജനതക്കു സമ്മാനിച്ച പാരമ്പര്യത്തിന്റെ ഘടകങ്ങൾ നാലാണ്. സൗന്ദര്യബോധത്തോടു കൂടിയുള്ള വിജ്ഞാനസമ്പാദനാഗ്രഹം; വൈവിദ്ധ്യത്തിലെ ഏകതാഭാവം, താളക്രമത്തിലുള്ള വളർച്ച, തുടർച്ചയായ നിലനില്പു്.

പുരാതന ഭാരതത്തിലെ മഹർഷിമാർതൊട്ടു് ആധുനികകാലഘട്ടത്തിൽ ഗാന്ധിജിയും വിനോബാഭാവെയും വരെ ഇന്ത്യൻ സാംസ്കാരിക ചരിത്രത്തിൻെറ എല്ലാ ഘട്ടങ്ങളിലും വിജ്ഞാന സമ്പാദനത്തിനായും അതിന്റെ പ്രചരണത്തിനായും മാത്രം ജീവിതം നയിച്ച ഒരുകൂട്ടം മഹാന്മാരെ കാണുവാൻ കഴിയും. അവരായിരുന്നു എന്നും ഇന്ത്യയുടെ മനഃസാക്ഷിയായി വർത്തിച്ചിരുന്നതു്. ഒരു കാലത്തു് ആ ഭാഗം അഭിനയിച്ചതു് ബുദ്ധനും അശോകനും ആയിരുന്നെങ്കിൽ പിന്നീടൊരിക്കൽ അതു് ടാഗോറും ഗാന്ധിയുമാണ് നടത്തിയതു്. കബീറും ഗുരുനാനാക്കും വിവേകാനന്ദനും ശ്രീരാമ പരമഹംസനും ശ്രീനാരായണ ഗുരുവും ആ പട്ടികയിലെ പേരുകളാണ്. ഇന്ത്യൻ സാംസ്കാരിക രംഗത്തു് അതാതു കാലഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന യുഗസഹജമായ എല്ലാ സാഹസിക പ്രവർത്തനങ്ങളെയും നിയന്ത്രിച്ചു് ക്രമാനുഗതമായ പുരോഗതിക്കു് നേതൃത്വം നല്കുവാൻ ചരിത്രത്തിൻെറ എല്ലാ ഘട്ടങ്ങളിലും അവർ ജീവിച്ചിരുന്നു. പ്രസ്തുത അപൂർവ്വ പുരുഷന്മാരുടെ നേട്ടങ്ങളെ അതാതു കാലഘട്ടത്തിൽതന്നെ ജനതയിലേയ്ക്കു് പകർത്തിയതുമൂലം ഇന്ത്യൻ സംസ്കാരം ഒരു ഘട്ടത്തിലും സമൂലമായ പരിവർത്തനത്തിനു് വിധേയമാകേണ്ടിവന്നിട്ടില്ല.

ഓരോ മണ്ഡലത്തിലും പ്രാമുഖ്യം സമ്പാദിച്ചവരായിരുന്ന പ്രസ്തുത അപൂർവ്വപുരുഷന്മാരെങ്കിലും അവരെ പൊതുവേ ബന്ധിക്കുന്ന ഒരു ലക്ഷ്യമുണ്ടായിരുന്നു. അതായിരുന്നു വൈവിദ്ധ്യങ്ങളിലൂടെ ഇന്ത്യ കെട്ടിപ്പടുത്ത ഏകതാഭാവം. ഇന്ത്യൻ സംസ്കാരത്തിൻെറ

ഇന്നുവരെയുള്ള നിലനില്പിന് കാരണമായതു് ഈ ഏകതാഭാവംതന്നെയാണ്. നല്ലതെന്നുതോന്നുന്ന ഒന്നിനേയും അതു് എത്രതന്നെ വൈദേശികവും വിരുദ്ധവുമായിരുന്നാലും ഇന്ത്യ സ്വീകരിക്കാതിരുന്നിട്ടില്ല. വൈദേശികമായിരുന്നതിനെ എല്ലാം സ്വകീയമാക്കുവാനുള്ള കൈവിരുതു് ഇന്ത്യയ്ക്കുണ്ടായിരുന്നു.

ഇന്ത്യൻ ജനതയുടെ സംസ്കാരത്തിന്റെ വളർച്ച ക്രമപ്രവൃദ്ധമായ രീതിയിലായിരുന്നു. ചരിത്രത്തിന്റെ ചില കാലഘട്ടങ്ങളിൽ ഉറങ്ങിക്കിടന്നതിനുശേഷം മത്സരത്തിൽ ആമയോടു് പരാജയപ്പെട്ട മുയലിനെപ്പോലെ മുന്നേറേണ്ട ദൗർഭാഗ്യം ഇന്ത്യൻ സംസ്കാരത്തിനുണ്ടായിട്ടില്ല. ഏതെങ്കിലും ഒരുരംഗത്തു് ഇന്ത്യാ എന്നും പുരോഗമിച്ചുകൊണ്ടേയിരുന്നു. സാമ്പത്തികരംഗത്തു് പരാജയപ്പെട്ടപ്പോൾ ഒരുപക്ഷെ അതു് ധാർമ്മികരംഗത്തു് വിജയിക്കുകയായിരുന്നു. സാംസ്കാരികരംഗത്തു് മുന്നേറിയപ്പോൾ രാഷ്ട്രീയരംഗത്തു് അടിമത്വം അനുഭവിക്കുകയായിരുന്നിരിക്കാം. പക്ഷെ ആ വളർച്ചയ്ക്കു് ഒരു താളക്രമമുണ്ടായിരുന്നു. അതിനാൽ എല്ലാ വിപരീത ശക്തികളേയും അതിജീവിക്കുവാൻ അതിനുകഴിഞ്ഞു. ഏതാണ്ടു് ഇന്ത്യൻ സംസ്കാരത്തോടൊപ്പം ആരംഭിച്ച ബാബിലോൺ, ഈജിപ്റ്റ് തുടങ്ങിയ സംസ്കാരങ്ങൾ ഏറെത്താമസിയാതെ നശിച്ചുപോയെങ്കിലും ഇന്ത്യൻസംസ്കാരം ഇന്നും ലോകത്തിലെ മററു് ഏതൊരു സംസ്കാരത്തെയും വെല്ലുവിളിക്കത്തക്ക വിധത്തിൽ നിലനില്ക്കുന്നു.

പുരാതന ഇന്ത്യൻ സംസ്കാരത്തിൽനിന്നും ലഭിച്ച ഈ നാലു സംഭാവനകളെയും സംരക്ഷിച്ചുകൊണ്ടു്

ആധുനിക യുഗത്തിന്റെ പ്രത്യേകതകൾക്കൊത്ത് ഒരു മാനവസംസ്കാരത്തിന്റെ രൂപീകരണത്തിനായി മുന്നേറുക എന്നതാണ് ഇന്ത്യൻ ജനതയ്ക്കിന്ന് നിർവഹിക്കുവാനുള്ള ചരിത്രപരമായ കർത്തവ്യം.

ആധുനിക ഇന്ത്യ

സാമൂഹ്യ ജീവിതം സുരക്ഷിതമാക്കിത്തീർക്കുന്ന ഘടനയാണ് നാഗരികത. സുരക്ഷിതമായ സാമൂഹ്യ ജീവിതത്തിൽനിന്ന് രൂപംകൊള്ളുന്ന ജീവിതക്രമവും ധർമ്മബോധവും മാനുഷിക മൂല്യങ്ങളും ജീവിത നേട്ടവും ചേർന്നതാണു സംസ്കാരം. എന്നാൽ ഇന്ത്യയിൽ ഇന്ന് ജീവിതംതന്നെ സുരക്ഷിതമല്ല. സാമ്പത്തിക മണ്ഡലത്തിൽ മാത്രമല്ല സാമൂഹ്യവും രാഷ്ട്രീയവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ എല്ലാ മണ്ഡലങ്ങളിലും വ്യക്തമായ ലക്ഷ്യങ്ങളോ പ്രസ്തുത ലക്ഷ്യങ്ങളെ പ്രാപിക്കുന്നതിലേക്ക് മനുഷ്യനെ നയിക്കുന്ന ശക്തികളോ അല്ല ഇന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പണിയെടുക്കുന്നവരെന്നും അധികാരം കയ്യടക്കിയിരിക്കുന്നവരെന്നും വ്യക്തമായ രണ്ടു വിഭാഗങ്ങളാണ് ഇന്ന് ഇന്ത്യയിലുള്ളത്. വയലുകളിലെയും വ്യവസായശാലകളിലെയും തൊഴിലാളികൾ, അദ്ധ്യാപകന്മാർ, കച്ചവടക്കാർ, ക്ലാർക്കന്മാർ ഇടത്തരക്കാർ തുടങ്ങിയ വിഭാഗങ്ങളുടെ അന്തമററ ശക്തിയേയും കഴിവിനെയും അവകാശങ്ങളെയും പററി അവർക്കുതന്നെ ബോധമില്ല. അവകാശങ്ങളെപ്പററിയുള്ള സ്മരണയിൽക്കൂടി മാത്രമേ കർത്തവ്യത്തെപ്പററിയുള്ള ബോധവും മനുഷ്യനുണ്ടാകയുള്ളു. തങ്ങളുടെ ശക്തിയും ആത്മമൂല്യം തങ്ങളുടെ അവകാശവും എന്താണെന്ന് അറിയാത്തവർ തങ്ങളുടെ

കർത്തവ്യത്തെപ്പററിയും അജ്ഞരാണ്. പ്രസ്തുത അജ്ഞതയുടെ മറവിലൂടെ ബഹുഭൂരിപക്ഷം പേരെയും അവകാശത്തിൽനിന്നും മാററിനിർത്തി പണത്തിൻെറയും ഭരണത്തിൻെറയും അവകാശം ചുരുക്കംചിലർ കയ്യടക്കിയിരിക്കുകയാണ്.

തെററായ പല ധാരണകളും ഇന്ത്യയുടെ സാമൂഹ്യവ്യവസ്ഥിതിക്ക് കോട്ടം വരുത്തിയിട്ടുണ്ട്. അതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് അലസതയ്ക്ക് ഇന്ത്യയിൽ ലഭിച്ചിരിക്കുന്ന സ്ഥാനം. പണിയെടുക്കാത്തവനെ മാനിക്കുന്ന പാരമ്പര്യമാണ് ഇന്ന് ഇന്ത്യയിലുള്ളത്. തൊഴിലാളിക്കു സമൂഹത്തിൽ ലഭിച്ചിരിക്കുന്ന സ്ഥാനം ഏററവും താഴെയും. മഹർഷികളുടെയും സന്യാസികളുടെയും നാടായ ഇന്ത്യയിൽ മനുഷ്യ പ്രയത്നം സീമാതീതമായ വിധത്തിലാണ് നഷ്ടപ്പെട്ടിട്ടുള്ളത്. പണത്തിൻെറയും അധികാരത്തിൻെറയും കുത്തകക്കാർ അലസത ഒരു ഭൂഷണമായി കരുതുന്ന ഇന്നത്തെ വ്യവസ്ഥ ഈ പാരമ്പര്യത്തിൽനിന്നും ഉളവായതാണ്. പ്രാചീന ഇന്ത്യയുടെ ഒരു നേട്ടമായ ജാതി സമ്പ്രദായം ഇന്ത്യൻ സാമൂഹ്യരംഗത്ത് വളരെയധികം ദുഷിച്ച പാരമ്പര്യങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്. അദ്ധ്വാനിക്കുന്ന വൈശ്യനും ശൂദ്രനും ഇന്നും ആ ശൃംഖലയിലെ താഴത്തെ കണ്ണികളാണ്. അവരുടെ അദ്ധ്വാനഫലത്തെ വേദത്തിൻെറയും ദൈവത്തിൻെറയും പേരിൽ ചൂഷണംചെയ്ത് ജീവിക്കുന്ന ബ്രാഹ്മണൻ അതിലെ ഒന്നാമത്തെ കണ്ണിയും. ഈ വ്യവസ്ഥ നമ്മുടെ എല്ലാ പുരോഗതിയുടേയും അടിത്തറ മാന്തുകയാണ് ചെയ്തത്. സ്വകാര്യഭിക്ഷാടനത്തെ അതു കായികാദ്ധ്വാനത്തെക്കാൾ ബഹുമാന്യമായി പ്രതി

കേരള സാഹിത്യ അക്കാദമി

ഷ്ടിച്ചു. കമണ്ഡലുവും കാഷായവസ്ത്രവുമായി നടന്ന് തൊഴിലാളികളുടെയും കഷകരുടെയും പ്രയത്നഫലത്തെ ചൂഷണംചെയ്യുന്ന സന്യാസിവര്യർ ഇന്നും ഭാരതത്തിൽ ഉണ്ടു്.

ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതാണു് മോക്ഷസമ്പാദനത്തിനുള്ള മാർഗ്ഗം എന്നതത്വം പ്രയത്നത്തിന്റെയും അത്തുമൂലമുണ്ടാകേണ്ട എല്ലാ പുരോഗതിയുടേയും പാതയിൽനിന്നും ജനതയെ പിന്തിരിപ്പിച്ചു. പാശ്ചാത്യ സംസ്കാരത്തിൻെറ സമ്പക്കത്തിൻെറ ഫലമായുണ്ടായ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം ഈ ദൂഷ്യങ്ങളെ മൂർഛിപ്പിച്ചു. സമുദായത്തിൻെറ മേലേക്കിടയിലുള്ള എല്ലാവരുംതന്നെ ആജ്ഞാപിക്കുകയും പ്രസംഗിക്കുകയും ചെയ്യുക എന്ന ജോലി സ്വയം ഏറെറടുത്തു. ഉദ്യോഗച്ചട്ടങ്ങളും സാട്ടാക്കച്ചവടങ്ങളും കഴിവിൻെറ ഒരു ലക്ഷണമായി എണ്ണി. അതിൻെറ ഫലമായി വ്യവസായത്തിലും കഷകവൃത്തിയിലും ഏപ്പെട്ടിരിക്കുന്നവരുടെ പ്രയത്നഫലം അലസതകൊണ്ടു് കഴിയുന്ന ഉദ്യോഗച്ചട്ടക്കാർക്ക് ചൂഷണംചെയ്യുവാനുള്ള സന്ദർഭം കിട്ടി. സക്കാരിൻെറ ഭരണസംവിധാനം ഈ വാസനയെ ഒന്നുകൂടി പ്രോത്സാഹിപ്പിച്ചു. സാധാരണക്കാരനു് അഭിപ്രായം പ്രകടിപ്പിക്കുവാൻ സാദ്ധ്യമല്ലാത്തവിധം സങ്കീണ്ണമായ ഒരുഭരണരീതി സ്ഥാപിതമായി. ഈ പരിതസ്ഥിതിയിൽ സാമ്പത്തിക രംഗത്തുമാത്രമല്ല സാംസ്കാരികവും സാമൂഹ്യവും രാഷ്ട്രീയവുമായ മറെറല്ലാ രംഗങ്ങളിലും ഒരുപുനരുദ്ധാരണം ആവശ്യമായി വന്നിട്ടുണ്ടു്. ഇന്നലെവരെ കെട്ടുറപ്പോടുകൂടി വളന്ന ഒരു സംസ്കാരം ഇന്നു് ക്ഷതമഴിഞ്ഞുകിടക്കുകയാണു്. പ്രാചീനങ്ങളായ

പലതും അതിൽനിന്നും കൊഴിഞ്ഞുപോയി. പുതിയതും വൈദേശികവുമായ പലതും അതിനോടുചേർന്നു. പക്ഷെ ഇന്നലത്തേതായ ആ കെട്ടുറപ്പു് ഇന്നതിനില്ല.

“സ്ഥലപരിമിതിമൂലം പന്നിക്കൂട്ടകംപോലും ഭവനങ്ങളായി സ്വീകരിക്കുന്ന മനുഷ്യർ താമസിക്കുന്ന ഒരു രാജ്യത്തു്—വിശപ്പിന്റെ ആധിക്യം മനുഷ്യരെ മൃഗങ്ങളാക്കി മാററുന്ന ഒരു രാജ്യത്തു്—ഒരു നേരത്തെ ഭക്ഷണത്തിനുള്ളതു് സമ്പാദിക്കുവാൻ എല്ലാ സത്യസന്ധതയും ധാർമ്മികമൂല്യങ്ങളും ഉപേക്ഷിക്കേണ്ടിവരുന്ന ഒരു രാജ്യത്തു് സംസ്കാരത്തെപ്പററി സംസാരിക്കുന്നതു തന്നെ ക്രൂരവും അപഹാസ്യവുമാണു്. ഭക്ഷണം ദൈവത്തെപ്പോലെ സുന്ദരവും അപ്രാപ്യവുമായി അനുഭവപ്പെടുന്ന മനുഷ്യന്റെ ചെവിയിൽ വ്യക്തിസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും ജനാധിപത്യവും പ്രസംഗിക്കുന്നതു് കടുത്ത കൊലപാതകത്തിനു് തുല്യമാണു്. എന്നാൽ സംതൃപ്തമായവയററിന്റെ ഒരു ആഭരണമാണു് സംസ്കാരം എന്ന ആശയം അതുപോലെതന്നെ അബദ്ധവുമാണു്. എല്ലാ ഭൗതികാവശ്യങ്ങളും തൃപ്തിയായതിനുശേഷം മാത്രം സംസ്കാരത്തെപ്പററി അന്വേഷിക്കുക എന്നതു് അസാദ്ധ്യമാണു്.........”

ഇന്ത്യയ്ക്കു ലഭിച്ച രാഷ്ട്രീയ സ്വാതന്ത്ര്യം സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും അതോടൊപ്പം സാംസ്കാരിക സ്വാതന്ത്ര്യത്തിന്റെയും മുന്നണിയായിരിക്കും എന്ന പ്രതീക്ഷ ഇന്നു് അസ്ഥാനത്തായിരിക്കുകയാണു്. സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യം കൂടാതെ രാഷ്ട്രീയ സ്വാതന്ത്ര്യം നിലനില്ക്കുകയില്ല. ഇന്ത്യയിലെ ആധുനിക ജനാധിപത്യത്തിന്റെ ഏററവും വലിയ

പരീക്ഷണമാണതു്. "ഇന്ത്യയുടെ ഭരണതലത്തിൽ നിന്നു് വെള്ളക്കാർ മാറി തൽസ്ഥാനത്തു് ഇന്ത്യാക്കാർ പ്രവേശിച്ചതുകൊണ്ടുമാത്രം ഈ രാജ്യം സ്വാതന്ത്ര്യം പ്രാപിക്കുകയില്ല" എന്നു് സ്വാതന്ത്ര്യസമരകാലത്തു് നടത്തിയ പ്രഭാഷണങ്ങളെല്ലാം ഇന്നു് അന്തരീക്ഷത്തിൽ ലയിച്ചുപോയി. ഇംഗ്ലീഷുകാരുടെ ആധിപത്യത്തിൻ കീഴിൽ ഞെങ്ങി ഞെരുങ്ങി നശിച്ചുകൊണ്ടിരുന്ന ഇന്ത്യൻ സംസ്കാരത്തെ മോചിപ്പിച്ചു സ്വതന്ത്രമായ വളർച്ചയ്ക്കവസരം നല്കുക എന്നതും സ്വാതന്ത്ര്യസമരത്തിൽ ജീവൻ ആഹുതിചെയ്തവരുടെ ലക്ഷ്യങ്ങളിലൊന്നായിരുന്നു. വിദേശികളുടെ രാഷ്ട്രീയ മേധാവിത്വവും സമ്മർദ്ദവും ഇന്നു് അപ്രത്യക്ഷമായെങ്കിലും ഇന്ത്യൻ സംസ്കാരത്തിന്റെ വളർച്ചയ്ക്കു രൂപം കൊടുക്കേണ്ട സാധാരണക്കാരന്റെ സാമ്പത്തിക പരാധീനത ഇന്നു് ആ ലക്ഷ്യപ്രാപ്തിയുടെ ഏറ്റവും വലിയ വിലങ്ങുതടിയായി നില്ക്കുകയാണു്.

സോഷ്യലിസം

ഇന്നു് ഇന്ത്യയിലെ ജനസാമാന്യവും ബഹുഭൂരിപക്ഷം രാഷ്ട്രീയപാർട്ടികളും അംഗീകരിച്ചിരിക്കുന്ന ലക്ഷ്യം സോഷ്യലിസമാണു്. എന്നാൽ സോഷ്യലിസത്തിന്റെ നിർവ്വചനത്തിൽ അവർതമ്മിൽ അഭിപ്രായവ്യത്യാസമുണ്ടു്. അതുപോലെതന്നെ സോഷ്യലിസത്തിന്റെ സ്ഥാപനത്തിൽ ജനാധിപത്യമാണു് മാർഗ്ഗമായി പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നതെങ്കിലും ജനാധിപത്യത്തിന്റെ വ്യാഖ്യാനത്തിൽ ജനസമൂഹങ്ങൾ തമ്മിൽ അജഗജാന്തരമുണ്ടു്. മാനവസംസ്കാരത്തിന്റെ വളർച്ചയിൽ യൂറോപ്പ് മൂന്നുനൂറ്റാണ്ടുകൾ

കൊണ്ടു് കടന്നുപോയ എല്ലാ പരിവർത്തനഘട്ടങ്ങളെയും ഇന്ത്യ കഷ്ടിച്ചു് ഒരു നൂററാണ്ടുകൊണ്ടു് തരണം ചെയ്യേണ്ടതായിവന്നു. ഇന്ത്യയിൽ മുതലാളിത്വം വളരാതെ അനവസരത്തിൽ അലസിപ്പോകുവാനുണ്ടായ പ്രധാനകാരണവും അതാണു്. മുതലാളിത്വത്തിൻെറ ദൂഷ്യങ്ങൾക്കു് യൂറോപ്പു് കണ്ടുപിടിച്ച അനേകം ചികിത്സാവിധികളിൽ പ്രധാനമായ ഒന്നാണു് സോഷ്യലിസം. രോഗത്തിനു മുമ്പു് ചികിത്സ എന്ന പദ്ധതിയാണു് ഇന്ത്യ ആക്കാര്യത്തിൽ സ്വീകരിച്ചതു്.

സോഷ്യലിസത്തിന്റെ വളർച്ചയിൽവെറി പൂണ്ട സമൂഹശത്രുക്കൾ ദേശീയത്വംകൊണ്ടു് അതിനെ തടയുവാൻ പരിശ്രമിച്ചു. ഒരു പരിധിവരെ അതു് യൂറോപ്പിൽ വിജയിക്കുകയും ചെയ്തു. പക്ഷെ പ്രസ്തുത ദേശീയബോധംതന്നെ യൂറോപ്പിൻെറ സാമ്രാജ്യബോധത്തിനു ഒരു കണ്ടകോടാലിയായിമാറി. അങ്ങനെയാണു് ഇന്ത്യ സ്വാതന്ത്ര്യം സമ്പാദിച്ചതു്. എന്നാൽ ഇവിടെ ഇന്നു് ദേശീയത്വവും മുതലാളിത്വവും സോഷ്യലിസവും ഒരുമിച്ചു് പ്രയോഗിക്കുവാനാണു് പരിശ്രമിക്കുന്നതു്. അതിൻെറ ഫലമായി അവയെല്ലാം ഇവിടെ പരാജയപ്പെടുകയാണു്. അതേസമയം യൂറോപ്പിൻെറ കാലടികളെ പിന്തുടന്നു് ദേശീയത്വത്തിനു ശേഷം മുതലാളിത്വം മുതലാളിത്വത്തിന്റെ ദൂഷ്യങ്ങളെ അകററുവാൻ സോഷ്യലിസം സോഷ്യലിസത്തെ നിയന്ത്രിക്കുവാൻ വീണ്ടും ദേശീയത്വം എന്ന വ്യഥാശ്രമവും നടക്കുന്നുണ്ടു്. യൂറോപ്പിൽ മുതലാളിത്വം വിജയിച്ചതു് സാമ്രാജ്യത്വത്തോടുകൂടിയാണു് എന്ന പരമാത്ഥം വിസ്മരിച്ചുകൊണ്ടുള്ള ആ പരിശ്രമം പരാജയപ്പെടുകതന്നെ ചെയ്യും.

ഇന്ന് ദേശീയത്വം അനവസരത്തിലാണ്. ഇതു് അന്തർദ്ദേശീയത്വത്തിന്റെ കാലമാണ്. ഇന്ത്യ ഇംഗ്ലീഷുകാരന്റെ കോളനിയായിരുന്നപ്പോൾ ദേശീയത്വം ഇവിടെ അത്യാവശ്യവും പുരോഗമനപരവുമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുള്ള മാനവസംസ്ക്കാരത്തിന്റെ വളർച്ച ദേശീയത്വത്തിന്റെ എല്ലാ ആകർഷണീയതയേയും നശിപ്പിച്ചു. ഇന്നു് ദേശീയബോധത്തേക്കാൾ ആവശ്യം അന്തർദ്ദേശീയ ബോധമാണ്. ദേശീയബോധംകൊണ്ടു് ഒന്നും നേടുവാൻ സാദ്ധ്യമല്ലാത്ത പരിതസ്ഥിതി ആവിർഭവിച്ചുകഴിഞ്ഞു. അന്തർദ്ദേശീയത്വം കൊണ്ടു് മറ്റൊന്നും നേടുവാൻ കഴിഞ്ഞില്ലെങ്കിലും സമൂലമായ മനുഷ്യവർഗ്ഗത്തിന്റെ നാശത്തിൽനിന്നും രക്ഷപെടുവാൻ ഇന്നു് അതു് ആവശ്യമാണ്.

മുതലാളിത്വം ലോകമൊട്ടാകെ പരാജയപ്പെട്ടു. മുതലാളിത്വത്തിന്റെ വളർച്ചയ്ക്കു് വെള്ളവും വളവും പ്രദാനം ചെയ്ത സാമ്രാജ്യത്വം തകർന്നതോടുകൂടി മുതലാളിത്വത്തിനു് നിലനില്ക്കുവാൻ കഴിയാതെയായി. ദ്വിതീയലോകമഹായുദ്ധത്തിനുശേഷംഏഷ്യാഭൂഖണ്ഡം സാമ്രാജ്യത്വത്തിന്റെമേൽ ഏററവും കനത്ത പ്രഹരം ഏല്പിച്ചു. അതു് ആഫ്രിക്കയെക്കൂടി തട്ടിയുണർത്തി. സാമ്രാജ്യത്വത്തിന്റെ ശവപ്പെട്ടിയുടെമേൽ അടിച്ച അവസാനത്തെ ആണിയും ഏതാണ്ടു് ഉറച്ചുകഴിഞ്ഞു എന്ന സ്ഥിതിയാണ് ഇന്നത്തേതു്. രണ്ടു ലോകമഹായുദ്ധങ്ങൾ വിദേശമുതലാളിത്വത്തിന്റെയും ദേശീയത്വത്തിന്റെയും പരസ്പര വൈരുദ്ധ്യം തുറന്നു കാട്ടി. യൂറോപ്പിൽ സോഷ്യലിസം, സഹകരണം തുടങ്ങിയ

പ്രസ്ഥാനങ്ങളുടെ ആവിർഭാവം മുതലാളിത്തത്തിന്റെ അടിത്തറ മാന്തി.

അപ്പോഴാണ് ഇന്ത്യൻ ജനത സോഷ്യലിസത്തിൽ തങ്ങളുടെ പ്രത്യാശ മുഴുവനും നിക്ഷേപിച്ചത്. നാസിസത്തിനും ഫാസിസത്തിനുമെതിരായി യൂറോപ്പിൽ സോഷ്യലിസം കൈവരിച്ച വിജയം അതിന് അന്തർദ്ദേശീയ പ്രശസ്തി നൽകി. ലോകത്തിന്റെ തന്നെ ഭാവി സോഷ്യലിസത്തിന്റെ വളർച്ചയിലാണു നിലനില്ക്കുന്നത് എന്നുപോലും ശങ്കിക്കപ്പെട്ടു. പക്ഷേ ഭാരതപ്പൊയ്കയിലെ ജലം പിന്നെയും വളരെയധികം ഒഴുകിയതിനുശേഷമാണ് ഇന്ത്യൻ ജനതയും ഇവിടത്തെ അധികാരവർഗ്ഗവും കണ്ണു തുറന്നത്.

എല്ലാ സിദ്ധാന്തങ്ങൾക്കും വളർച്ചയുടേതായ ഒരു കാലഘട്ടമുണ്ട്. ആ കാലത്തിൽ എത്ര വ്യാപകമായി അതിനു പ്രചരിക്കുവാൻ കഴിയുമോ അത്രയും അതിനു വികസിക്കുവാനും കഴിയും. ഒരിടത്ത് അത് വളർച്ച മുററി മുരടിക്കുമ്പോൾ മറെറാരിടത്ത് അതു വളരും എന്നു പ്രതീക്ഷിക്കുകവയ്യാ. ലോകചരിത്രത്തിൽ ഉത്ഭവിച്ച എല്ലാ സിദ്ധാന്തങ്ങളുടെയും ഗതി ഇതുതന്നെയാണ്. ക്രിസ്തുമതം മദ്ധ്യശതകങ്ങളിൽ യൂറോപ്പിൽ പ്രചരിച്ചു. അതായിരുന്നു ക്രിസ്തുമതത്തിന്റെ നല്ലകാലം. അന്ന് എവിടെയെല്ലാം അതിനു പ്രചരിക്കുവാൻ കഴിഞ്ഞുവോ അവിടെയെല്ലാം നല്ലനിലയിൽ അതിന് വേരുറയ്ക്കുവാനും സാധിച്ചു. യൂറോപ്പിലെ ക്രിസ്തുമതത്തിന്റെ പരാജയത്തിനുശേഷം മററുപല സ്ഥലങ്ങളിലും അതിനെ പ്രചരിപ്പിക്കുവാൻ നടത്തിയ എല്ലാ പരിശ്രമങ്ങളും പരാജയപ്പെടുകയാണുണ്ടായത്. മിഷനറി

മരുടെ കഠിനപ്രയത്നംമൂലം കുറേപ്പേർ മതം മാറി,
എങ്കിൽതന്നെയും ക്രിസ്തുമത തത്വങ്ങളുടെ നൈസർഗ്ഗിക
മായ പ്രചരണം മദ്ധ്യശതകങ്ങൾക്കുശേഷം ഉണ്ടായി
ട്ടില്ല. ബുദ്ധമതത്തെ സംബന്ധിച്ചും ഇസ്ലാമിനെക്കു
റിച്ചും ഇതുതന്നെയാണവസ്ഥ. അശോകൻെറയും കനി
ഷ്കൻെറയും ഭരണത്തിനിടക്കുള്ള കാലഘട്ടത്തിനുശേഷം
ബുദ്ധമതം കൃത്രിമമായി മാത്രമേ വളർന്നിട്ടുള്ളു. ഈ
പൊതുതത്വത്തിൽനിന്നും സോഷ്യലിസവും വ്യത്യസ്ത
മായിരുന്നില്ല. സോഷ്യലിസത്തിൻെറ പേരിൽ പ്രചാരം
സിദ്ധിച്ച കമ്മ്യൂണിസത്തിൻെറ നല്ലകാലം 1919 മുതൽ
1953 വരെയുള്ള കാലഘട്ടമായിരുന്നു. ആ കാലത്തി
നുള്ളിൽ എവിടെയെല്ലാം അതിന് പ്രചരിക്കുവാൻ
സാധിച്ചുവോ അവിടെയെല്ലാം അതിന് സ്ഥാനം ഉറ
പ്പിക്കുവാനും കഴിഞ്ഞു.

ഇന്ത്യയിൽ ഈ കാലഘട്ടത്തിൽ കമ്മ്യൂണിസ
ത്തിന് വിരുദ്ധമായ ദേശീയ ചിന്താഗതിയാണ് പ്രബ
ലപ്പെട്ടതു്. കമ്മ്യൂണിസവും ദേശീയബോധവും തമ്മിൽ
ഇവിടെ പൊരുത്തപ്പെട്ടില്ല. 1942-ലെ സ്വാതന്ത്ര്യ
സമരംപോലെയുള്ള അനുഭവങ്ങൾ അവ തമ്മിൽ കൂട്ട
തൽ അകലുവാൻ കാരണമായി. തന്മൂലം സ്വാതന്ത്ര്യ
ലബ്ധിവരെ കമ്മ്യൂണിസത്തിന് കാത്തുനില്ക്കേണ്ടിവന്നു.
1947-ൽ ഇന്ത്യ സ്വാതന്ത്ര്യം സമ്പാദിച്ചു കഴിഞ്ഞ
പ്പോൾ റഷ്യയിൽ കമ്മ്യൂണിസത്തിൻെറ പരാജയലക്ഷ
ണങ്ങൾ കണ്ടുതുടങ്ങി. 1953-ൽ സ്റ്റാലിൻെറ മരണ
ത്തോടുകൂടി അതു് യഥാർത്ഥമായി അങ്ങനെയാണ ഇന്ത്യ
അനുകൂലസാഹചര്യങ്ങളെല്ലാമുണ്ടായിരുന്നിട്ടും കമ്മ്യൂണി
സത്തിന് അടിപ്പെടാതിരുന്നതു്. ഇന്ത്യൻ ദേശീയ

ചിന്താഗതിയും ഗാന്ധിജി നല്കിയ സംഭാവനയും ഇവി ടത്തെ അധികാരത്തിന്റെ നിക്ഷിപ്ത താല്പര്യക്കാർ തിരസ്കരിച്ചതിന്റെ ഫലമായി ജനസാമാന്യത്തിനു ണ്ടായ അസംതൃപ്തിയിൽനിന്നും അതിനുശേഷം മുതലെ ടുത്തു് കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി അധികാര ത്തിലേറി എങ്കിലും അതു് കമ്യൂണിസത്തിന്റെ വിജ യമായിരുന്നില്ല. ഇന്ത്യയുടെ അയൽരാജ്യമായ ചൈന യിൽ വിദേശീയാധിപത്യം നിലവിലില്ലാതിരുന്നതുമൂലം ദേശീയ ചിന്താഗതിക്കു് ഇന്ത്യയിൽ ലഭിച്ചതുപോലെ യുള്ള അംഗീകാരമുണ്ടായില്ല. ഈ രണ്ടു ചിന്താഗതി കളും തമ്മിലുള്ള മത്സരത്തിൽ അവിടെ കമ്യൂണിസം കൂടുതൽ ആകർഷണീയത സമ്പാദിച്ചു.

അങ്ങനെ കമ്യൂണിസത്തിന്റെ പരാജയം ഇവിടെ സോഷ്യലിസത്തിന്റെകൂടി പരാജയമായി മാറിയിരി ക്കുകയാണു്. സോഷ്യലിസത്തിന്റെ മേൽവിലാസ ത്തിലാണു് എവിടെയും കമ്യൂണിസം പ്രചരിച്ചതു്. തന്മൂലം സോഷ്യലിസം സ്വന്തം മേൽവിലാസത്തിൽ വന്നാലും അതു് പരാജയപ്പെടുന്ന ഘട്ടത്തിലെത്തിക്ക ഴിഞ്ഞു. ഇന്ത്യയിൽ സോഷ്യലിസം ദേശീയ ലക്ഷ്യ മായി അംഗീകരിച്ചതു് 1953-നു ശേഷമാണു് എന്നതു പ്രത്യേകം അർത്ഥവത്താണു്. ആധുനിക ഇന്ത്യയുടെ ഭരണചക്രം തിരിക്കുന്നവർ ആ ലക്ഷ്യത്തിൽ തികഞ്ഞ ആത്മാർത്ഥത കാണിച്ചില്ല എന്നതാണു് അതു് കുറിക്കുന്നതു്.

സർവ്വോദയം

സോഷ്യലിസത്തിനു് ഇന്ത്യയിൽ സംഭവിച്ച പരാ ജയത്തെ പരിഹരിക്കുവാനും തന്മൂലം ഉണ്ടായ ശൂന്യത

നികത്തുവാനും സർവ്വോദയത്തിനു് സാധിക്കുമെന്നു് സ്വപ്നം കാണുന്നവരുണ്ടു്. സർവ്വോദയം ഒരു സിദ്ധാന്തമെന്നനിലയിൽ ഇനിയും ലോകത്തിന്റെ ശ്രദ്ധയ്ക്കു് വിഷയീഭവിച്ചിട്ടില്ല എന്നതാണു് വാസ്തവം. ആധുനിക ലോകത്തിന്റെ പ്രശ്നങ്ങൾക്കു സ്വന്തമായ പരിഹാര നിർദ്ദേശങ്ങൾ നല്കുവാൻ സർവ്വോദയത്തിനു കഴിഞ്ഞിട്ടില്ല. ആധുനിക ശാസ്ത്രീയ നേട്ടങ്ങളുമായി പൊരുത്തപ്പെടുവാനും ഒരു സാർവ്വദേശീയ വീക്ഷണഗതി സ്വീകരിക്കുവാനും അതിനു് സാധിച്ചിട്ടില്ല. ഈ കുറവുകൾ പരിഹരിക്കുവാൻ കഴിഞ്ഞാൽ ഒരു പക്ഷെ സർവ്വോദയവും ഈ രംഗത്തു് പരീക്ഷിക്കപ്പെടാവുന്ന ഒരു സിദ്ധാന്തമാണു്.

ക്രിസ്തുവിന്റെ ആദർശങ്ങൾക്കു് സംഘടിതരൂപം നല്കുവാനും പ്രചരിപ്പിക്കുവാനും ഒരു സെൻറു് പോൾ ഉണ്ടായിരുന്നു. ശ്രീബുദ്ധനു് ഒരു അശോകനുണ്ടായിരുന്നു. മാർക്സിന്റെ ആദർശങ്ങൾ പ്രയോഗത്തിലാക്കിയതു് ലെനിൻ ആണു്. മുഹമ്മദുനബിക്കു് കാലിഫും ഉണ്ടായിരുന്നു. എന്നാൽ മഹാത്മാഗാന്ധിയ്ക്കു് അങ്ങനെയൊരു അനുയായി ഉണ്ടായിരുന്നില്ല. അദ്ദേഹം അനുയായികളാൽ വഞ്ചിക്കപ്പെട്ട ഒരു നേതാവും ചിന്തകനുമാണു്. അദ്ദേഹത്തിന്റെ ആദർശങ്ങൾക്കു് പ്രായോഗികരൂപം നല്കുവാനും സംഘടിതമായ പ്രചരണം നല്കുവാനും ഉത്തരവാദപ്പെട്ട പണ്ഡിററു് നെഹറു അദ്ദേഹത്തിന്റെ മരണശേഷം ഏററവും നിരുത്തരവാദിത്വത്തോടുകൂടി പെരുമാറി. പരാജയപ്പെട്ട സോഷ്യലിസത്തിന്റെ പുറകെപോകുകയാണു് അദ്ദേഹം ചെയ്തതു്. അന്ധമായ പാശ്ചാത്യാനുകരണംമൂലം അദ്ദേഹം പരാ

ജയപ്പെട്ടു. അതുതന്നെയാണു് സർവ്വോദയത്തിന്റെയും പരാജയത്തിന്റെ പ്രധാന കാരണം.

ഓരോ പ്രസ്ഥാനവും നശിച്ചുകഴിയുമ്പോഴും ലോകത്തിനുപൊതുവായി അതിന്റേതായി എന്തെങ്കിലും നല്കിയിരിക്കും. ആ സംഭാവന എന്നെന്നും നിലനില്ക്കുവാൻ അർഹതയുള്ളതുമായിരിക്കും. ഗ്രീക്കു സംസ്കാരത്തിന്റെ സൗന്ദര്യബോധവും റോമൻ സംസ്കാരത്തിന്റെ നീതിനിർവ്വഹണ വ്യഗ്രതയും ക്രിസ്തുമതത്തിന്റെ സമസൃഷ്ടിസ്നേഹവും ബുദ്ധമതത്തിന്റെ അഹിംസയും സോഷ്യലിസത്തിന്റെ സമത്വവുമെല്ലാം അങ്ങനെ ലോക സംസ്കാരത്തിന്റെ പൊതു ഭണ്ഡാഗാരത്തിലേയ്ക്കു് വിവിധ പ്രസ്ഥാനങ്ങൾ യഥാവസരം സംഭാവന ചെയ്തുവയാണു്. സർവ്വോദയത്തിൽനിന്നും ആ വിധത്തിൽ ഒരു സംഭാവന പ്രതീക്ഷിക്കുവാനില്ല. അഥവാ പുതുതായി ലോകത്തിനു് ഒന്നും നല്കുവാനില്ലാത്ത ഒരു സിദ്ധാന്തമാണതു്. പല ഘട്ടങ്ങളായി ലോകത്തിനു ലഭിച്ച നേട്ടങ്ങളെ പരസ്പരം കോർത്തിണക്കുവാനാണു് ഗാന്ധിജി പരിശ്രമിച്ചതു്. അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിൽ തന്മൂലം മുഴച്ചുനില്ക്കുന്നതു് ബുദ്ധമതത്തിന്റെ അഹിംസയും ക്രിസ്തുമതത്തിന്റെ സമസൃഷ്ടിസ്നേഹവും പോലെയുള്ള ആദർശങ്ങളാണു്. ബൈബിളും ഖുറാനും ഗീതയും ഗാന്ധിജി ഒരുപോലെ പ്രേരണ സ്വീകരിച്ച ഗ്രന്ഥങ്ങളാണു്. അതുകൊണ്ടുതന്നെയാണു് പ്രത്യേകമായി നിലനില്ക്കുവാനുള്ള അർഹത സർവ്വോദയത്തിനു് നഷ്ടപ്പെട്ടതു്.

മാനവസംസ്കാരം

ചരിത്രാതീതകാലംമുതൽ ലോകത്തിൽ അനേകം സംസ്കാരങ്ങൾ ഉദിക്കുകയും വളരുകയും അസ്തമിക്കു

കയും ചെയ്തിട്ടുണ്ടു്. എന്നാൽ അവ എല്ലാംതന്നെ പ്രാദേശിക സംസ്കാരങ്ങളായിരുന്നു. പ്രാചീന ഇന്ത്യൻ സംസ്കാരം ഇന്ത്യയുടേതു മാത്രമായിരുന്നു. ഗ്രീക്ക റോമൻ സംസ്കാരങ്ങൾ മെഡിററേനിയൻ കടലിൻ ചുററുമായിട്ടാണ് വികസിച്ചതു്. ചൈനയ്ക്കു പുറത്തു് ചൈനയുടെ സംസ്കാരത്തിന്റെ സ്വാധീനത തുലോം ചെറുതായിരുന്നു. അറബി സംസ്കാരം പോലും പശ്ചിമേഷ്യയും ഉത്തരാഫ്രിക്കയും കിഴക്കൻ യൂറോപ്പും കടന്നു് എങ്ങും പ്രചരിച്ചില്ല. എന്നാൽ ഇന്നു് ആധുനിക ശാസ്ത്രീയനേട്ടങ്ങൾ ഒരു മാനവസംസ്കാരത്തിന്റെ വളർച്ചയ്ക്കനുകൂലമായ പരിതസ്ഥിതി സൃഷ്ടിച്ചുകഴിഞ്ഞു. മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിൽ ഇദംപ്രഥമമായി ഉണ്ടായ ഒരുസ്ഥിതിവിശേഷമാണതു്.

സാമൂഹ്യനീതിയ്ക്കുവേണ്ടിയുള്ള ആവേശമാണ് പ്രസ്തുത മാനവസംസ്കാരത്തിന്റെ വളർച്ചയ്ക്കു് സഹായകമായി പൊതുവേകാണുന്ന മുഖ്യഘടകം. അസമത്വത്തിനെതിരായ ഒരു മനോഭാവം ലോകജനതയിൽ ഇതിനകംതന്നെ പ്രകടമായിക്കഴിഞ്ഞു. വിവിധ നിക്ഷിപ്തതാല്പര്യക്കാർ ആ മനോഭാവത്തെ സ്വന്തം ഉദ്ദേശപ്രാപ്തിക്കുവേണ്ടി ഇന്നും ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ് എന്ന പരമാർത്ഥം വിസ്മരിക്കാവുന്നതല്ല. എങ്കിലും സാമ്രാജ്യത്വവും അടിമത്വവും എവിടെയും പ്രതിഷേധത്തിനു കാരണമായിട്ടുണ്ടു്. മുതലാളിത്വം തന്നെ സോഷ്യലിസത്തിന്റെ ലേബലൊട്ടിച്ചാണു് ഇന്നു് വില്പനയ്ക്കു വച്ചിരിക്കുന്നതു്. മനുഷ്യൻ മനുഷ്യനെ ഇനിമേൽ അടിമയായി വച്ചുകൊണ്ടിരിക്കുവാൻ പാടില്ലാ എന്നു് അടിമകൾ ഒററക്കെട്ടായി നിന്നു് സ്വരമുയർ

ത്തുന്നു. അങ്ങനെ മോചനം പ്രാപിക്കുന്ന അടിമ സൃഷ്ടിക്കുന്ന ശൂന്യത നികത്തുവാൻ പ്രകൃതിയുടെ നിഗൂഢതയിൽനിന്നും മനുഷ്യൻ പല രഹസ്യങ്ങളേയും കണ്ടെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരുപുതിയ വ്യവസ്ഥിതിയുടെ ആവിർഭാവം എവിടെയും പ്രസ്പഷ്ടമായിക്കഴിഞ്ഞു.

മനുഷ്യന്റെ കഴിവുകളിലുള്ള വിശ്വാസമാണ് പ്രസ്തുത മാനവസംസ്ക്കാരത്തിന്റെ വളർച്ചയ്ക്കു പ്രേരകമായ മറെറാരു ഘടകം. ശാസ്ത്രത്തിന്റെ അഭൂതപൂർവ്വമായ വളർച്ച പല പ്രതീക്ഷകൾക്കും മനുഷ്യനെ പ്രാപ്തനാക്കി. പ്രതീക്ഷകളെ എല്ലാം അതിലംഘിക്കുന്ന പല സംഭാവനകളും ശാസ്ത്രം അവനു സമ്മാനിച്ചു. തന്മൂലം പരിമിതമാണ് ഇന്നു മനുഷ്യന്റെ കഴിവെങ്കിലും അപരിമിതമായ കഴിവിലേയ്ക്കുള്ള ക്രമാനുഗതമായ പുരോഗമനമാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നതു്.

മനുഷ്യൻ സ്വീകരിച്ചിരിക്കുന്ന ശാസ്ത്രീയ ചിന്താഗതിയാണ് അതിലേയ്ക്കുള്ള മറെറാരു ഘടകം. അബദ്ധസങ്കല്പങ്ങൾക്കുപകരം അജ്ഞതയെ അറിഞ്ഞുകൊണ്ടു സമ്മതിക്കുവാനുള്ള മനക്കരുത്തു് ഇന്നത്തെ മനുഷ്യനു് കൈവന്നിട്ടുണ്ടു്. അജ്ഞതമൂലം ഭാവനയിൽ രൂപമെടുത്ത സങ്കല്പങ്ങളും ആചാരങ്ങളും നിരീക്ഷണ പരീക്ഷണങ്ങൾക്ക് വിധേയമാക്കുക എന്ന ശാസ്ത്രീയരീതി ചിന്താമണ്ഡലത്തിലും കടത്തിവിട്ടു.

അതിന്റെ എല്ലാം ഫലമായി അഭിപ്രായവ്യത്യാസങ്ങൾ ഏററുമുട്ടലുകളിലേയ്ക്കു മാത്രം വഴിതെളിക്കുന്ന പഴയ പാരമ്പര്യം മാറി. പണത്തിന്റെ സ്വാധീനത

ത്തേററിനെ ശരിയാക്കാറായി. ജനതകൾ തമ്മിലുള്ള പരസ്പര വിശ്വാസവും പൊതു പ്രവൎത്തനവുമാണ് ഇനിയും ആവശ്യമായിട്ടുള്ളതു്. രാഷ്ട്രങ്ങൾ തമ്മിൽ കൃത്രിമമായ അഭിപ്രായവ്യത്യാസങ്ങൾ സൃഷ്ടിച്ചുകൊണ്ടു് ദേശീയ പരമാധികാരത്തിൻെറ പേരിൽ സ്വന്തം നിക്ഷിപ്തതാല്പൎയ്യങ്ങളെ പരിരക്ഷിക്കുവാൻ ദേശീയ ഭരണാധികാരികൾ ഇന്നു് ഒരു അന്തർദ്ദേശീയ ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കുകയാണു്. എന്നാൽ ലോക ജനത ഇന്നു് കാംക്ഷിക്കുന്നതു് ശാശ്വത സമാധാനവും ജീവിത പുരോഗതിയുമാണു്. പ്രസ്തുത ആഗ്രഹങ്ങൾ രണ്ടും സാധിതപ്രായമാകണമെങ്കിൽ കൂട്ടായ പ്രവൎത്തനം അടിയന്തിരാവശ്യമാണു്. ദേശീയ ഭരണാധികാരികളേക്കാൾ ദേശീയജനതകളാണ് അതിനു മുൻകൈയെടുക്കേണ്ടതു്. അഥവാ ഇന്നത്തെ അന്തൎദ്ദേശീയസംഘടന ഗവൺമെൻറുകളെയല്ലാ ജനതകളെയാണ് പ്രതിനിധീകരിക്കേണ്ടതു്. ഏഷ്യയിലേയും ആഫ്രിക്കയിലേതുമായ മനുഷ്യവൎഗ്ഗത്തിൻെറ മൂന്നിൽ രണ്ടുഭാഗം ജനങ്ങളെയും മാററിനിൎത്തിക്കൊണ്ടു് മൂന്നിലൊരുഭാഗം ജനത ജീവിത പുരോഗതിയ്ക്കും ശാശ്വത സമാധാനത്തിനും വേണ്ടി നടത്തുന്ന പരിശ്രമം ഫലപ്രാപ്തിയിലെത്തുക പ്രയാസമാണു്.

മാനവസംസ്ക്കാരത്തിൻെറ രൂപീകരണമാണ് ലോകജനതയെ പ്രസ്തുത അടിയന്തിരാവശ്യത്തിലേയ്ക്കു് നയിക്കുവാൻ കഴിയുന്ന പ്രേരകശക്തി. ഒരു രാജ്യത്തിൻെറ അഭ്യന്തര കാൎയ്യങ്ങളെ കൈകാൎയ്യം ചെയ്യുന്നതുപോലെ അന്തർദ്ദേശീയ പ്രശ്നങ്ങളെ സമീപിക്കുവാൻ ലോക ഗവൺമെൻറും മാനവ സംസ്ക്കാരവുമാണ് ആവശ്യമായിട്ടുള്ളതു്.

ൻററിതൊണ്ണൂററിയാറു്

ഇന്നു് യൂറോപ്പും അമേരിക്കയും ചേൎന്നു്, ഐശ്വൎയ്യത്തിന്റെയും സമൃദ്ധിയുടേതുമായ ലോകത്തിന്റെ മൂന്നിലൊന്നുഭാഗം ഏഷ്യയിലേയും ആഫ്രിക്കയിലേയും പട്ടിണികിടക്കുന്ന ജനവിഭാഗത്തിൽനിന്നും മാറിനില്ക്കുകയാണു്. ഈ രണ്ടുലോകത്തേയും ഒരു മേൽക്കൂരയുടെ കീഴിലേക്കാനയിക്കുവാൻ മാനവസംസ്കാരത്തിനല്ലാതെ മററൊന്നിനും കഴിയുകയില്ല. ഏഷ്യയിലേയും ആഫ്രിക്കയിലേയും പുതുതായി സ്വാതന്ത്ര്യം സമ്പാദിച്ചതും, ഇന്നു് സ്വാതന്ത്ര്യത്തിനുവേണ്ടി സമരം നടത്തിക്കൊണ്ടിരിക്കുന്നതുമായ ജനതകളുടെ നേതൃത്വം ഇന്ത്യയ്ക്കാണു് ലഭിച്ചിരിക്കുന്നതു്. അപ്പോൾ ദാരിദ്ര്യത്തിന്റെ ജനതയെ സമൃദ്ധിയുടെ ജനതയുമായി പൊരുത്തപ്പെടുത്തുവാനുള്ള ഉത്തരവാദിത്വവും ആ നേതൃത്വത്തിലുണ്ടു്. സമൃദ്ധിയുടെ ജനത മുതലാളിത്വത്തിന്റെയും കമ്യൂണിസത്തിന്റെയും പേരിൽ ഭിന്നിച്ചു നില്ക്കുകയാണു്. ആ രണ്ടു് ആദൎശങ്ങളുംഅവരെ തൃപ്തരാക്കിയിട്ടില്ലാ എന്നു് സമീപകാല സംഭവങ്ങൾ തെളിയിച്ചുകഴിഞ്ഞു. അതിനാൽ കൂടുതൽ തൃപ്തികരമായ ഒരു ആദൎശത്തിന്റെ അടിസ്ഥാനത്തിൽ—ഒരു പുതിയ സംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ അവരെ തമ്മിൽ യോജിപ്പിച്ചു് ലോകജനതയെ ഒരു മാനവസംസ്കാരത്തിലേയ്ക്കു്—ആഗോളസംസ്കാരത്തിലേയ്ക്കു് ആനയിക്കുവാൻ ഇന്ത്യയ്ക്കു കഴിയണം.

ആധുനിക ഇന്ത്യൻ സംസ്കാരത്തിന്റെ ചരിത്രപരമായ കൎത്തവ്യമാണതു്. ഇന്നലെ ഈ നാട്ടിൽ വളൎന്ന സംസ്കാരത്തിന്റെ വിശദമായ പശ്ചാത്തലത്തെപ്പററി സമഗ്രമായ ബോധം കൈവരിക്കുകയും അവധാനപൂൎവ്വം മുന്നോട്ടു നീങ്ങുകയും വേണം.

തിരുത്തു്

പേജ്്	വരി	അബദ്ധം	സുബദ്ധം
viii	1	സാമ്പികരംഗത്തെ	സാമ്പത്തികരംഗത്തെ
പതിനഞ്ച്	1	മായിക്കവാൻ	വായിക്കവാൻ
ഇരുപതു്	7	പ്രാപിച്ചതാണ ഇൗ	പ്രാപിച്ചതാണ്. ഇൗ
ഇരുപത്തിയാറു്	21	പ്രദേശവും	പ്രദേശവും.
നാൽപ്പത്തിഒന്നു്	6	പ്രകടമായി	പ്രകടമായി.
നാൽപ്പത്തിമൂന്നു്	12	കർഷകദത്താദായ	കാർഷികാദായ
അൻപത്തിഎട്ടു്	3	നശിപ്പിച്ച.	നശിപ്പിച്ചും
,,	4	വച്ച	വച്ചും
എഴുപത്തിയഞ്ച്	18	സിദ്ധാന്തം	സിദ്ധാന്തങ്ങളും
നൂററിയൻപത്തിഒന്നു്	9	പത്യം	പത്യകാലം
നൂററിതൊണ്ണൂററിഏഴ്്	25	കർത്തവ്യമാണതു്	കർത്തവ്യമാണതു്. അതിലേയ്ക്കു നാം

കൂടാതെ പതിനാറാമത്തെ പേജിൽ 3-ാമത്തെ വരിയിൽ ‘‘സംസ്കാരത്തിന്റെ’’ എന്നതിനുശേഷം 11-ാമത്തെ വരിയിൽ ‘‘നിദർശനങ്ങളാണ്’’ എന്ന ഭാഗം തുടങ്ങി വായിക്കുക.

ഈ ലേഖനരചനക്കു് സഹായിച്ച
ഗ്രന്ഥങ്ങൾ

*

Out line of History	H. G. Wells
Early History of India	A. Vincent Smith
Discovery of India	Pandit J. Nehru
The Glimpses of World History	”
Fragments of Worldmind	Dr. R. M. Lohia
Wheel of History	”
Brief History of Civilization	John S. Holyland
Geographical Factors in Indian History	K. M. Panicker
Our Heritage	Humayun Kabir
Mugal Rule in India	S. M. Edward
People and Problems in India	T. U. Holderness
History of Medival India	Ishwari Prasad
India, What can it teach us	Max Muller
India through Ages	Jadunath Sarkar
Democratic Socialism	Asoka Mehta
The National Culture of India	Dr. Abid Husian

സോഷ്യലിസ്റ്റ് ഇന്ത്യ

എൻ. കെ. ജോസ്

കേരള സാഹിത്യ അക്കാദമി

സോഷ്യലിസം, ഇന്ത്യ, സോഷ്യലിസ്റ്റ് ഇന്ത്യാ എന്ന മൂന്നു അദ്ധ്യായങ്ങളിലായി ജനാധിപത്യസോഷ്യലിസത്തിന്റെ ഉത്ഭവത്തെയും വളർച്ചയേയും ഇന്ത്യയുടെ സാമ്പത്തികവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽ അതിന്റെ വിജയ സാദ്ധ്യതയേയും പററി കൂലംകഷമായ ഒരു പഠനം.

തയ്യാറായിവരുന്നു

ഹോബി പബ്ലിഷേഴ്സ്,

വെച്ചൂർ.

കേരള സാഹിത്യ
അക്കാദമി